ഇ ഡി അന്വേഷണം രാഷ്ട്രീയ മൈൻ! | ഭാസുരസങ്കൽപ്പങ്ങളും കുറെ യാഥാർത്ഥ്യങ്ങളും | സാഹിത്യത്തിളക്കവും സംഗീതഗരിമയും | കാലത്തിന്റെ കാവ്യപാഠാവലി | ഒരു രാജവംശത്തിന്റെ പിറവി, രാജ്യത്തിന്റെയും

JUNE | VOL.05 | ISSUE 06

മലയാളി.com magazine



## വി ഡി സതീശൻ

# ജനങ്ങളുടെ മുഖ്യമന്ത്രി

## വാനോളം പ്രതീക്ഷ !

### തമിഴകം
### സ്വപ്നവും യാഥാർത്ഥ്യവും

### വിഎച്ച് നിഷാദിന്റെ ചെറുകഥ
### ആത്മകഥകൾക്ക് ഒരാമുഖം



### 'അമ്മ അറിയാൻ' കാനിൽ
### അവധൂതന്റെ തിരിച്ചു വരവ്!

### കോക്രോച്ച് ജനതാപാർട്ടി
### പാറ്റകളുടെ പോരാട്ടം



# സ്വർണ്ണം വിൽക്കാൻ ഏറ്റവും നല്ലത് നമ്മുടെ അച്ചായൻസ് തന്നെ

SINCE 2005

21 Year Legacy of Trust & Quality

40+ BRANCHES

KERALA'S NO.1 GOLD BUYER

# അച്ചായൻസ് ഗോൾഡ്

916 HALLMARKED JEWELLERY

എറണാകുളം, കോട്ടയം
ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ, കൊല്ലം

**85900 46 916 | 90613 50 916**

www.achayansgold.in

വിദേശ പഠനം / ജോലി
തുടങ്ങിയ ആവശ്യങ്ങൾക്കായി
സ്വർണ്ണം വിൽക്കുമ്പോൾ*
**BRANDED TROLLEY BAG**
സമ്മാനമായി നൽകുന്നു.
*(4 Lakhs and above*)*




**FOR SPECIAL**
**NRI SERVICES**
CONTACT: Mr. Shinil Kurian
**90723 88 173**

മലയാളി.com Magazine
DIGITAL MAGAZINE
2026
JUNE
VOL/05
ISSUE/6
Contact: mag@emalayalee.com | www.emalayalee.com

# വെല്ലുവിളികളും സാധ്യതകളും

കേരളത്തിൽ മുഖ്യമന്ത്രിയായി അധികാരമേറ്റ വി ഡി സതീശൻ കോൺഗ്രസ് നേതൃത്വം നൽകുന്ന യു ഡി എഫ് സർക്കാരിനെയാണ് നയിക്കുന്നതെങ്കിലും മുൻഗാമികളിൽ നിന്നു വ്യത്യസ്തമായി അദ്ദേഹത്തിനു ഭൂതകാലത്തിന്റെ ഭാരമില്ല. മുഖ്യമന്ത്രി സ്ഥാനത്തേക്കുള്ള തെരഞ്ഞെടുപ്പിൽ തന്നെ പാർട്ടി വ്യത്യാസമില്ലാതെ പൊതു ജനം പിന്തുണച്ച നേതാവാണ് അദ്ദേഹം.വി ഡി സതീശൻ നെഹ്രുവിയൻ പാരമ്പര്യത്തിൻറെ അവകാശിയായി സ്വയം വിശേഷിപ്പിക്കുന്നു .നെഹ്റു ആയില്ലെങ്കിലും ഒരു അച്യുത മേനോൻ എങ്കിലും ആകാൻ അദ്ദേഹത്തിനു കഴിയുമോ എന്നതാണ് ചോദ്യം .മാത്രമല്ല അവർക്ക് രണ്ടാൾക്കും ഇല്ലാത്ത ഭാഗ്യം വി ഡി സതീശനുണ്ട് ..ഒരു വികസിത കേരളത്തെ മുന്നേറ്റത്തിലേക്ക് നയിക്കാനുള്ള നിയോഗമാണ് അദ്ദേഹത്തിന് ലഭിച്ചിരിക്കുന്നത്. അതെ പോലെ സാമ്പത്തികമായി വൻതോതിൽ പണമൊഴുകുന്ന ഒരു കാലഘട്ടത്തിലാണ് അദ്ദേഹം സ്ഥാനം ഏറ്റെടുത്തിരിക്കുന്നത്. ധനകാര്യവും കയ്യിൽ ആണെന്നതിനാൽ അദ്ദേഹത്തിനു സംസ്ഥാനത്തിന് പുതിയ സാമ്പത്തിക അച്ചടക്കവും വികസന കുതിപ്പും നല്ല ദിശാബോധവും നൽകാൻ കഴിയും .അതിനു വേണ്ടത് വലിയ സ്വപ്നങ്ങൾ കാണുകയാണ് .പരിമിതികൾ മനസ്സിലാക്കി ഒരു മികച്ച ഉപദേശക വൃന്ദത്തിന്റെ സഹായത്തോടെ പുതിയ കേരളം കെട്ടിപ്പടുക്കുകയാണ് .

സാമ്പത്തികമായി കേരളം കടക്കെണിയിൽ ആകാമെങ്കിലും (ധവളപത്രം അതിനു ഉത്തരം നൽകും ) സംസ്ഥാനത്തിൻറെ ഗ്രാഫ് എല്ലാ മേഖലകളിലും ഉയർന്നതാണ് .കടുത്ത പട്ടിണിയിൽ നിന്ന് കേരളം മോചിതമായി എന്ന് കണക്കുകൾ പറയുന്നു .പക്ഷെ നാട് തോറുമുള്ള കൂരകളും ദയനീയമായ മുഖങ്ങളും ആശങ്ക ഉയർത്തുന്നു .എങ്കിലും കേരളം ഒരു മധ്യവർഗ പറുദീസയാണ് .സമ്പന്നരുടെ സംഖ്യയും വർദ്ധിച്ചിരിക്കുന്നു .സർക്കാരിനേക്കാൾ ഗൾഫിൽനിന്നും മറ്റുമുള്ള പണമൊഴുക്കാണ് നമ്മുടെ സമൃദ്ധിയുടെ പിന്നിൽ .അത് നിലക്കുമോ എന്ന ഭീതിയും യുദ്ധത്തിൻറെ കാർമേഘങ്ങളും നിലനിൽക്കുന്നു എങ്കിലും കേരളം ഇതിനെയും അതിജീവിക്കും എന്ന് വേണം കരുതാൻ .അതിലും പ്രധാനമായ പ്രശ്നം കേരളത്തിൽ വൻതോതിൽ ധനം സൃഷ്ടിക്കപ്പെടുന്നില്ല എന്നതാണ്. വിപണിയിലും കച്ചവടത്തിലും ഒഴുകുന്ന പണം സ്ഥലം മുറിച്ചു വിറ്റത് കൊണ്ടോ പൂർവിക സമ്പാദ്യം പൊട്ടിക്കുന്നത് കൊണ്ടോ ആണ് . ഒരു വലിയ സമൂഹത്തിനു നൽകുന്ന ക്ഷേമ പെന്ഷനുകൾ സമൂഹത്തിനു മൊത്തം ഗുണം ചെയ്യുമെങ്കിലും അത് സർക്കാരിൻറെ സുസ്ഥിരതയെ ബാധിക്കും . ഇനി തൊഴിലുറപ്പിനും വൻതുക കണ്ടെത്തേണ്ട നിലയാണ്. ഇതിനിടെയാണ് കിഫ്ബി പോലെയുള്ളവ സൃഷ്ടിക്കുന്ന ബാധ്യതകൾ.

ഗവർണ്ണറുടെ നയപ്രഖ്യാപനം ഒരു ചുണ്ടു പലകയായി എടുത്താൽ ഈ സർക്കാർ ഇന്ദിര ഗാരന്റിയുമായി മുന്നോട്ടു പോകുമെന്ന് വ്യക്തമാണ്. പൊതു സമൂഹത്തിൽ ചെലവു ചെയ്യപ്പെടുന്ന തുകയാണ് ഇത് എന്ന നിലക്ക് ഇതു സാധാരണക്കാർക്ക് ആശ്വാസകരമാണ് .ആരോഗ്യ ഇൻഷുറൻസ് ശരിയായ രീതിയിൽ നടപ്പാക്കിയാൽ അതും ആരോഗ്യകരമായ കേരളത്തിന് സഹായകരമാകും. പക്ഷെ അത് ഗുണകരം ആകണമെങ്കിൽ താലുക്ക് തലം തൊട്ടു നമ്മുടെ ആരോഗ്യ മേഖല ഉടച്ചു വാർക്കണം .ഇൻഷുറൻസ് കമ്പനികളുടെ ഔദാര്യത്തിൽ ആകരുത് നമ്മുടെ ആരോഗ്യ സുരക്ഷ. ഇപ്പോൾ തന്നെ സർക്കാർ ഉദ്യോഗസ്ഥർക്കുള്ള ഇന്ഷുറന്സ് ആയ മെഡിസെപ് വലിയ ആക്ഷേപം കേൾക്കുന്നു .സ്ഥാപനങ്ങളെ കൊഴുപ്പിക്കുനതിനു പകരം സാധാരണക്കാരന് പരിരക്ഷ കിട്ടുന്ന വിധം ആകണം അത് രൂപപ്പെടുത്തേണ്ടത് .സ്ത്രീകൾക്കുള്ള സൗജന്യ യാത്ര അവർക്ക് തൊഴിൽ രംഗത്ത് കുടുതൽ അവസരങ്ങൾ ഒരുക്കുന്ന ഒരു നടപടിയായി മാറണം .തൊഴിൽ രംഗത്ത് അവർക്ക് സർക്കാർ സംവരണം പ്രഖ്യാപിച്ചാലും തരക്കേടില്ല സ്ത്രീ തൊഴിലാളികളുടെ വർദ്ധന നമുടെ സമ്പദ് വ്യവസ്ഥയെ ഇളക്കി മറിക്കും .

കേരളത്തിലിന്നും തൊഴിൽ ഇല്ലായ്മ രൂക്ഷമായി തുടരുന്നു എന്നതാണ് ഇപ്പോഴത്തെ ദയനീയ പ്രശ്നം .സ്ഥലദൌർലഭ്യവും പാരിസ്ടിതിക പ്രശ്ങ്ങളും തുറിച്ചു നോക്കുന്ന സംസ്ഥാനത്ത് പുതിയ വ്യവസായങ്ങൾക്ക് സാധ്യത കുറവാണ് . ആ നിലക്ക് കുടുതൽ തൊഴിൽ അവസരങ്ങൾ കൊണ്ടു വരുന്ന അടിയന്തിര നടപടികൾ വേണം .എന്ത് കൊണ്ടു ഐ ടിയിൽ വയനാട് ഒരു മിനി ബാംഗളൂര് ആക്കി മാറ്റി കൂടാ .പരിസ്ഥിതി തകർക്കാതെ ഒരു സ്വിസ് മാതൃകയിൽ ഉള്ള വ്യാവസായിക ലോകം എന്ത് കൊണ്ടു നമുക്ക് രൂപപ്പെടുത്തി കൂടാ ? 25 വർഷത്തെ കാഴ്ചപ്പാടിൽ വേണം ഇതെല്ലം നടപ്പാക്കാൻ ഇതോടൊപ്പം നമ്മുടെ ശാപങ്ങളെ ശക്തിയാക്കാനും നമുക്ക് കഴിയണം .ആധുനികമായ മാർഗങ്ങളിൽ കൂടി രൂപീകരിക്കുന്ന നവീനവും പുരോഗമനപരവുമായ സ്ഥാപനങ്ങൾ വഴിയെ നമുക്ക് ഇനി മുന്നോട്ടു പോകാനാകൂ. നോളജ് എക്കോണമി ഒരു വലിയ സാധ്യതയാണ്.അതേപോലെ ടൂറിസം അപാരമായ സാധ്യതയാണ് നമുക്ക് തുറക്കുന്നത് .നമ്മുടെ കടലും കായലും നദികളും പരമാവധി ഉപയോഗപ്പെടുത്തുന്ന ഒരു സമീപനം നാം സ്വീകരിക്കണം .വേഗ റയിൽ ഒരു സാധ്യത ആണെങ്കിലും അതിനു വേണ്ടി ചെലവഴിക്കുന്ന തുക കൊണ്ടു കേരളത്തിന്റെ അടിസ്ഥാന സൌകര്യത്തിൽ വലിയ മാറ്റം നമുക്ക് വരുത്താൻ കഴിയുമെന്ന് നാം മറന്നു കൂടാ.കേരളം ചെറിയ ഒരു വലിയ രാജ്യം ആണെന്ന് കരുതി വേണം നാം നമ്മുടെ വികസന ഗോളുകൾ തയാറാക്കാൻ .

തീർച്ചയായും മുനമ്പം പോലെയുള്ള രാഷ്ട്രീയ പ്രശ്ങ്ങളുടെ ഭാരത്തിൽ താഴെ വീഴാതെ സർക്കാർ മുന്നോട്ടു പോകണം .അത്തരം പ്രശ്നങ്ങളുടെ പരിഹാരത്തിനു ഒരു രീതിയും നിരന്തരമായ് സംവിധാനവും ഉണ്ടാകണം .എങ്കിലേ കേരളത്തിനു ഈ നൂറ്റാണ്ടിൽ മുന്നോട്ടു പോകാൻ കഴിയൂ .

*സ്നേഹത്തോടെ,*

ഇ-മലയാളി പത്രാധിപസമിതി


EDITORIAL BOARD

**George Joseph** Editor-in-Chief | **Sunil Tristar** Managing Editor | **P.S. Joseph** Executive Editor | **Antony Kanayamplackal** Senior Editor | **Anju** Design | **Abhi** Cover

# CONTENTS








05 കേരളം
വി ഡി സതീശൻ സർക്കാർ
ജനങ്ങളുടെ മുഖ്യമന്ത്രി :
പ്രതീക്ഷകളും കടമ്പകളും
പി എസ് ജോസഫ്

09 ഇ ഡി അന്വേഷണം
രാഷ്ട്രീയ മൈൻ!

12 കോളം: കാഴ്ചപ്പാടുകൾ
രാഷ്ട്രീയ കുടിലതകൾ
അരങ്ങു വാഴുന്നു !
എം കെ നാരായണ മൂർത്തി

17 ദേശീയ രാഷ്ട്രീയം
കോക്ക്രോച്ച് ജനതാപാർട്ടി
പാറ്റകളുടെ പോരാട്ടം
എസ് സുന്ദർദാസ്

21 തമിഴകം
ഭാസുരസങ്കൽപ്പങ്ങളും
കുറെ യാഥാർത്ഥ്യങ്ങളും
പി കെ ശ്രീനിവാസൻ

25 കോളം അച്യുതം
ഹരിത മുഖ്യമന്ത്രി
മാങ്ങാട് രത്നാകരൻ

29 ചെറുകഥ
ആത്മകഥകൾക്ക് ഒരാമുഖം
വി എച്ച് നിഷാദ്

35 സിനിമ :അമ്മ അറിയാൻ കാനിൽ
ജോൺ എബ്രഹാം
അവധൂതന്റെ രണ്ടാം വരവ്
ഒ കെ ജോണി

42 കവിത
ഓർമ്മകളിൽ വീണ്ടും ജോൺ
ഡോ . ഐ രാജൻ

43 സിനിമ /എന്റെ സംഗീത വഴികൾ
സാഹിത്യത്തിളക്കവും
സംഗീതഗരിമയും
എസ് രാജേന്ദ്രബാബു

49 ചെറുകഥ
ചിത്രം വരയ്ക്കുന്ന കുട്ടികൾ
ശ്രീലേഖ എൽ കെ

55 പ്രത്യേക അഭിമുഖം
കാലത്തിന്റെ കാവ്യപാഠാവലി
ഇന്ദുലേഖ /പ്രദീപ് പനങ്ങാട്

59 ചെറുകഥ
രണ്ട് പെൺകുട്ടികളുടെ അച്ഛൻ
ശ്രീകുമാർ ഭാസ്കരൻ

65 യാത്ര: സിക്കിം 6 – 7
ഒരു രാജവംശത്തിന്റെ പിറവി,
രാജ്യത്തിന്റെയും
സുഭാഷ് വലവൂർ

73 ചെറുകഥ
രാജൻ പുല്ലമ്പലം എഴുതിയ കത്ത്
വിശ്വനാഥൻ പി വി

79 നോവൽ
നിഗൂഢതകളുടെ തടവറ – 3
അജയും അതുലും
പി എസ് ജോസഫ്

89 കവിത
അരുതാത്തൊരിടം
സോയാ നായർ

90 ആര് നീ?
വക്കം ജയചന്ദ്രൻ


91 ഗീത വ്യഖ്യാനം – 8
അക്ഷരബ്രഹ്മയോഗം
സുധീർ പണിക്കവീട്ടിൽ

93 പുസ്തകലോകം
ഒ കെ ജോണി : അപഹരിക്കപ്പെട്ട
സ്വപ്നങ്ങൾ
നിഷ്പക്ഷനായ ചരിത്രകാരൻ
എം കെ നാരായണ മൂർത്തി


97 ടി ഡി രാമകൃഷ്ണൻ: കോരപ്പാപ്പാനു
സ്തുതിയായിരിക്കട്ടെ
കുന്ദംകുളത്തിന്റെ ഇതിഹാസകാരൻ
പി എൻ നാസർ


99 ആൻസി സാജൻ: ഭാനുമതി
ജീവിതം തന്നെ എഴുത്ത്
നിർമ്മല

100 ചിത്രലോകം
വി കെ രാജന്റെയും ജോൺ
മാത്യുവിന്റെയും ശിൽപങ്ങൾ







# വി ഡി സതീശൻ

# ജനങ്ങളുടെ മുഖ്യമന്ത്രി : പ്രതീക്ഷകളും കടമ്പകളും

**എത്ര കാലം അധികാരത്തിൽ എന്നതല്ല എങ്ങനെ ഭരിച്ചു എന്നതാണ് ഒരു നല്ല ഭരണാധികാരിയുടെ ലക്ഷണം .കോൺഗ്രസ് രാഷ്ട്രീയത്തിൽ നല്ല മെയ് വഴക്കത്തോടെ പ്രവർത്തിച്ചു ജനങ്ങളുടെ ആർപ്പുവിളികളുമായി അധികാരത്തിൽ എത്തിയ വി ഡി സതീശൻ അതനുസരിച്ചു പ്രവർത്തിക്കുമെന്ന് കരുതണം**

**പി എസ് ജോസഫ്**

വി വി ഡി സതീശനെ പോലെ , കേരളത്തിൽ ഒരു മുഖ്യമന്ത്രിയും ഭരണത്തിൻറെ ആദ്യവാരത്തിൽ തന്നെ പ്രതിഷേധങ്ങളുടെയും പ്രശ്നങ്ങളുടെയും നടുവിൽ പെട്ടിട്ടുണ്ടാകില്ല.പത്തു വർഷമായി അധികാരത്തിൽ ഇരുന്ന എൽ ഡി എഫ് സർക്കാർ ഒരു സുപ്രഭാതത്തിൽ കടപുഴകി വീഴുമ്പോൾ അങ്ങനെ നടന്നില്ലെങ്കിൽ അതിശയമില്ല . ഒരു പക്ഷെ ഇനി തിരികെ വരാൻ പോലുമാവില്ല എന്ന തോന്നൽ നൽകിയ തെരഞ്ഞെടുപ്പു പരാജയം ഇടതുമുന്നണിയെ ആകെ ഉലച്ചുവെങ്കിലും അതിൻറെ ആഘാതം ഏറ്റവും കുടുതൽ ബാധിച്ചത് മുന്നണിക്ക് നേതൃത്വം നൽകുന്ന സി പി എമ്മിനെയും അതിന്റെ എകച്ഛത്രാധിപതിയായ മുൻമുഖ്യമന്ത്രി പിണറായി വിജയനെയും ആണ്. തെരഞ്ഞെടുപ്പു പരാജയത്തിൻറെ പേരിൽ പാർട്ടി യോഗങ്ങളിൽ കടുത്ത വിമർശനം നേരിട്ട പ്രതിപക്ഷ നേതാവിനു വലിയ ഉർജ്ജമായിരിക്കുകയാണ് മകൾ വീണയുടെ കമ്പനി എക്സാലോജിക്കിലെ നിയമ വിരുദ്ധമായ ഇടപാടുകളുടെ

**ഇ ഡി– വി ഡി അവിശുദ്ധ കൂട്ടുകെട്ടാണ് ഇന്ന് സി പി എമ്മിന്റെ വലിയ ശത്രു . മാത്രമല്ല റൈഡ് കഴിഞ്ഞു ഇറങ്ങിയ ഇ ഡി ഉദ്യോഗസ്ഥർക്ക് നേരെ ഉണ്ടായ് ആക്രമണം തടുക്കാൻ കഴിയാഞ്ഞതിന്റെ പേരിൽ വി ഡി സതീശൻ സർക്കാർ പ്രതിരോധത്തിലായിരിക്കുകയും ചെയ്യുന്നു**



പേരിൽ അദ്ദേഹത്തിൻറെ വസതിയിൽ ഇ ഡി നടത്തിയ റൈഡ് .അതെ തുടർന്നു സംസ്ഥാന വ്യാപകമായി നടന്ന പ്രതിഷേധങ്ങളും ഇ ഡി വാഹന വ്യൂഹത്തിനു നേരെ നടന്ന ആക്രമണവും പിണറായി ആയുധമാക്കി .ഇ ഡി– വി ഡി അവിശുദ്ധ കൂട്ടുകെട്ടാണ് ഇന്ന് പ്രതിപക്ഷത്തിൻറെ വലിയ ശത്രു .മാത്രമല്ല റൈഡ് കഴിഞ്ഞു ഇറങ്ങിയ ഇ ഡി ഉദ്യോഗസ്ഥർക്ക് നേരെ ഉണ്ടായ് ആക്രമണം തടുക്കാൻ കഴിയാഞ്ഞതിന്റെ പേരിൽ വി ഡി സതീശൻ സർക്കാർ പ്രതിരോധത്തിലായിരിക്കുകയും ചെയ്യുന്നു ..രാഷ്ട്രീയം സാധ്യതകളുടെ കല അല്ലെന്നു ആരാണ് പറഞ്ഞത് !

കേന്ദ്രത്തിൽ കേരളത്തിനു വേണ്ടി പുതിയ ധനാഗമന മാർഗ്ഗങ്ങൾ നേടി മുഖ്യമന്ത്രി വി ഡി സതീശൻ പ്രധാന മന്ത്രി മോദിയെ സന്ദർശിക്കുമ്പോഴായിരുന്നു പിണറായിയുടെ വസതിയിൽ ഇ ഡി റൈഡ്. കോടതി ഇ ഡി അന്വേഷണം ശരി വെച്ചതിനെ തുടർന്നായിരുന്നു കേരളത്തിലെ പത്തിടങ്ങളിലും പുറമേ രണ്ടിടങ്ങളിലും റൈഡ് നടന്നത് . വീണയുടെ ബാംഗളൂരിലെ എക്സാലോജിക് ഓഫീസിലും കരിമണൽ കർത്ത എന്നറിയപ്പെടുന്ന ശശിധരൻ കർത്തായുടെ വീട്ടിലും ഓഫീസുകളിലും പിണറായിയുടെ ധർമ്മടത്തെ വീട്ടിലും മരുമകൻ റിയാസിന്റെ കോഴിക്കോട്ടെ വീട്ടില് റൈഡ് നടന്നു.സ്വാഭാവികമായ തടിച്ചു കൂട്ടം എന്നാണ് സി പി എം നേതാവ് പി ജയരാജൻ സി പി എം അണികളുടെ ഒത്തു ചേരലിനെ വിശേഷിപ്പിച്ചത് പക്ഷെ തിരുവനന്തപുരത്തു അവർ അക്രമാസക്തമായി .സംസ്ഥാന പോലിസ് പ്രതിക്കൂട്ടിലും ആയി ..ആഭ്യന്തരം കയ്യാളുന്നത് രമേഷ് ചെന്നിത്തല ആണെങ്കിലും മുഖ്യമന്ത്രി തന്നെ പ്രതിരോധത്തിലായി. മന്ത്രിസഭയിൽ പെട്ടവരുടെ വീട്ടിൽ തന്നെ റൈഡ് നടന്നേക്കാമെന്ന ഒളിയമ്പുകൾ കരക്കമ്പികളായി .സംസ്ഥാനത്തെ മൂന്നു മന്ത്രിമാരുടെ പേരുകൾ കർത്തായുടെ നോട്ട് ബുക്കിൽ ഉണ്ടായിരുന്നു എന്ന് വാർത്തകൾ പറയുന്നു. എന്നാൽ അവ രാഷ്ട്രീയ സംഭാവന ആയി സ്വീകരിക്കപ്പെട്ടതെന്നാണ് ന്യായം.അവരെയും മുൾമുനയിൽ നിർത്തുകയായിരുന്നുവോ ഇ ഡി ?

**മുഖ്യമന്ത്രി വി ഡി സതീശൻ പ്രധാന മന്ത്രി മോദിയെ സന്ദർശിക്കുമ്പോഴായിരുന്നു പിണറായിയുടെ വസതിയിൽ ഇ ഡി റയിഡ് . .കോടതി ഇ ഡി അന്വേഷണം ശരി വെച്ചതിനെ തുടർന്നായിരുന്നു മകൾ . വീണയുടെ ബാംഗളൂരിലെ എക്സാലോജിക് ഓഫീസിലും കരിമണൽ കർത്ത എന്നറിയപ്പെടുന്ന ശശിധരൻ കർത്തായുടെ വീട്ടിലും ഓഫീസുകളിലും പിണറായിയുടെ ധർമ്മടത്തെ വീട്ടിലും മരുമകൻ റിയാസിന്റെ കോഴിക്കോട്ടെ വീട്ടില് റയിഡ് നടന്നത്**

വീണ തൈക്കണ്ടിക്കെതിരെയുള്ള ഇ ഡി യുടെ ആരോപണം ഈ ആക്രമസംഭവങ്ങളിൽ ആവിയായി പോകാനിടയില്ല .അല്ലെങ്കിൽ കേന്ദ്രം രാഷ്ട്രീയമായി തിരിച്ചു ചിന്തിക്കണം.ശശിധരൻ കർത്തായുടെ കമ്പനി കൊച്ചിൻ മിനറൽസ് ആൻഡ് റൂട്ടെയിൽസ് എന്ന കമ്പനിയുടെ -അതിൽ കെ എസ് ഐ ഡിസി ക്കും ഓഹരി പങ്കാളിത്തമുണ്ട് -130 കോടി രൂപ രാഷ്ട്രീയക്കാരെയും മറ്റും സ്വാധീനിക്കാനായി ദുരുപയോഗം ചെയ്തു എന്ന കണ്ടെത്തലിനെ തുടർന്നാണ് അതിന്റെ ഗുണഭോക്താക്കൾക്കെതിരെ അന്വേഷണം നടത്തിയത് .അതിൽ ഒ സി ,പിവി ,ആർ സി, കെ കെ തുടങ്ങിയവർ ഉൾപ്പെട്ടിരുന്നു. കൌതുകകരമെന്നു പറയട്ടെ അന്നു മുഖ്യമന്ത്രിയായിരുന്ന പിണറായി വിജയൻറെ മകൾ വീണക്കും കമ്പനി ഐ ടി സർവീസിന്റെ പേരിൽ മാസം അഞ്ചു ലക്ഷം രൂപ വീതം നൽകി .ഇത് 1.76 കോടി വരും (ഒരു ഫ്ലാറ്റ് വാങ്ങാൻ ഈ തുക പോരാ എന്ന് ചിലർ )ഈ മാസപ്പടി കൂടാതെ അമ്പത് ലക്ഷം കടവും .അതിൽ നാല് ലക്ഷം തിരികെ നൽകി .ഇതിനു പകരം അവർ യാതൊരു സർവീസും നൽകിയില്ല എന്ന് കമ്പനി ഉദ്യോഗസ്ഥർ ആദായ നികുതി വകുപ്പിനെ ചോദ്യം ചെയ്യലിൽ അറിയിച്ചു .അങ്ങനെയാണ്



വിഷയം സീരിയസ് ഫ്രോഡ് ഇൻ വെസ്റ്റിഗേഷൻ ഓഫീസിനു മുന്നിൽ വരുന്നത് .പിന്നിട് നിരവധി ചോദ്യം ചെയ്യലുകൾ ഉണ്ടായി .അതിനെല്ലാം എതിരെ കമ്പനി കേസിനു പോയി. കോടതി അനുമതി അവസാനം ലഭിച്ചപ്പോഴായിരുന്നു റയിഡ്

വീണ സി പി എം അംഗമോ പോഷകസംഘടനകളിലെ പ്രവർത്തകയോ അല്ലെങ്കിലും പിണറായിയുടെ മകൾ എന്ന നിലക്ക് പാർട്ടി അവരെ പ്രതിരോധിക്കുകയാണ് .അന്വേഷണം പിണറായിയിൽ എത്തുമോ എന്ന ഭയം ഒരു കാരണമാകാം .പാർട്ടിയുടെ തകർച്ച ബി ജെ പിക്കായിരിക്കും അവസരം നൽകുക എന്ന തിരിച്ചറിവ് നേതൃത്വത്തിൽ ചിലർക്ക് എങ്കിലും ഉണ്ട് താനും .ഇത്തരം ഒരു കേസ് സൃഷ്ടിക്കുന്ന ധാർമിക പ്രശ്നങ്ങളേക്കാൾ അതിനെ വെറുമൊരു കോർപ്പറേറ്റ് നാപടിയായി ന്യായീകരിക്കുകയാണ് മുൻ ധന മന്ത്രി തോമസ് ഐസക്കിനെ പോലെയുള്ളവർ .

വാങ്ങിയ പണത്തിനു നികുതിയും ജി എസ് ടി യും അടച്ചു എന്നും അതിനാൽ അത് നിയമവിധേയവുമാണ് എന്നാണ് അവരുടെ വാദം. കമ്പനികൾ ദാനം ചെയ്യുമ്പോൾ പോലും ഓഹരി ഉടമകളുടെ അനുമതി വാങ്ങണം എന്നാണു വെയ്പ്പ്. അടുത്തയിടെ പ്രത്യേക പലിശ നൽകിയതിനു എച്ച് ഡി എഫ് സി

**ശശിധരൻ കർത്തായുടെ കമ്പനി കൊച്ചിൻ മിനറൽസ് ആൻഡ് റൂട്ടെയിൽസ് എന്ന കമ്പനിയുടെ –അതിൽ കെ എസ് ഐ ഡിസിക്കും ഓഹരി പങ്കാളിത്തമുണ്ട് –130 കോടി രൂപ രാഷ്ട്രീയക്കാരെയും മറ്റും സ്വാധീനിക്കാനായി ദുരുപയോഗം ചെയ്തു എന്ന കണ്ടെത്തലിനെ തുടർന്നാണ് അതിന്റെ ഗുണഭോക്താക്കൾക്കെതിരെ അന്വേഷണം നടത്തിയത്**

ബാങ്ക് പ്രതിക്കൂട്ടിൽ ആയതു ഇവിടെ പ്രസക്തമാണ് .ഇവിടെ കേരള സർക്കാർ തന്നെ ഓഹരി ഉടമ ആയ സ്ഥാപനമാണ് ഇങ്ങനെ പണം ദുരുപയോഗം ചെയ്തത് .

കടലാസ് കമ്പനികളുടെ പേരിൽ കള്ളപ്പണം നിക്ഷേപിക്കുന്നത് പണം കള്ളപ്പണം വെളുപ്പിക്കൽ കേസാണ് എന്ന് അറിയാത്തവർ അല്ല അവർ. തുകയുടെ വലുപ്പം ചെറുതാണ് എങ്കിലും മുഖ്യമന്ത്രിയുടെ മകളാണ് പ്രതി എന്നത് പ്രശ്നം വഷളാക്കുന്നു.കേരളത്തിന്റെ തീരപ്രദേശത്തെ അപൂർവ്വ ധാതു ശേഖരം വിൽപ്പന നടത്തുന്ന കമ്പനി നമ്മുടെ തീരദേശത്തെ തന്നെ അപായത്തിലാക്കുന്നു. ആലപ്പാട് പോലെയുള്ള ഗ്രാമങ്ങൾ ഇല്ലാതാകുമെന്ന മുറവിളികൾ ഇടക്കിടെ സമൂഹ മാധ്യമങ്ങളിൽ ഉണ്ടാകാറുണ്ട് .ആലപ്പാട് ഗ്രാമം അഞ്ചിൽ ഒന്നായി ചുരുങ്ങി എന്ന് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു .അവ സംരക്ഷിക്കേണ്ട ഭരണാധികാരികളോ അവരോടു അടുപ്പമുള്ളവരോ ആണ് പ്രതികൾ .പിണറായി വിജയനോട് സൗമ്യ സമീപനം സ്വീകരിച്ചിരുന്ന കേന്ദ്ര സർക്കാർ ഈ അവസരത്തിൽ എന്തിനു നടപടിയെടുത്തു എന്നത് സ്വാഭാവികമായ ചോദ്യമാണ് .സി പി എമ്മിന്റെ തകർച്ച അവരുടെ കേരളത്തിലെ മോഹങ്ങളെ സഹായിക്കുമെന്നു തീർച്ച .പക്ഷെ തൽക്കാലത്തേക്ക് എങ്കിലും ഇത് പാർട്ടിയെയും പിണറായിയെയും ശക്തിപ്പെടുത്തി എന്നത് സത്യം. പക്ഷെ കേസുമായി മുന്നോട്ടു പോയാൽ സ്ഥിതിഗതികൾ വഷളായി മാറാം .യു ഡി എഫിലേക്കും അന്വേഷണം കടന്നു ചെല്ലാം .ചില മാധ്യമ പ്രവർത്തകരും വലയിൽ കുടുങ്ങാം. പക്ഷെ ബി ജെ പിയുടെ രാഷ്ട്രീയ മോഹങ്ങൾ അനുസരിച്ചായിരിക്കും ഈ നടപടികൾ എല്ലാം .

ഇ ഡി റയിഡും അക്രമ സംഭവ



ങ്ങളും ഒരു അശനിപാതം പോലെ വി ഡി സതീശന് മേൽ പതിച്ചതാണ് എങ്കിൽ മുനമ്പം വിഷയം അദ്ദേഹത്തിനു കാലാവധി കഴിയുന്ന വഖഫ് ബോർഡ് എട്ടിൽ കൊടുത്ത പണിയായി .കാര്യക്കാരൻ എന്ന നിലയിൽ മുനമ്പത്തു ലത്തീൻ കത്തോലിക്കർക്ക് ഫാറൂഖ് കോളേജ് വിറ്റ ഭൂമി വഖഫ് ഭൂമി ആണെന്നു വാദം ഉയർന്നതോടെ പിണറായി സർക്കാർ ഒരു കമ്മീഷനെ നിയോഗിച്ചതാണ് .അത് ഭൂമി വാങ്ങിയവർക്ക് അനുകൂലമായിരുന്നു. എന്നാൽ വി ഡി സതീശൻ സർക്കാർ അധികാരം ഏറ്റതിന് ഒരു ദിവസം മുൻപേ എൽ ഡി എഫ് നിയമിച്ച വഖഫ് ബോർഡ് ചെയർമാൻ അത് ഉമൈദു പോർട്ടലിൽ വഖഫ് ഭൂമിയായി രെജിസ്റ്റർ ചെയ്തു .അതിൽ ഉൾപ്പെടുത്തിയ ഭൂമിയെ ഒഴിവാക്കാൻ സാധ്യമല്ല എന്ന പ്രശ്നമാണ് സതീശന് മുന്നിലുള്ളത് .രണ്ടു ന്യൂനപക്ഷങ്ങളുടെയും ഇടയിൽഞാണിന്മേൽ നടത്തുന്ന അദ്ദേഹത്തിനു ഇത് പരിഹരിക്കാൻപെട്ടെന്ന് കഴിയില്ല .

ഇത് പോലെ തന്നെയാണ് കിഴക്കമ്പലത്തെ കുടിയൊഴിപ്പിക്കലും.കഴിഞ്ഞ സർക്കാരിൻറെ കാലത്തെ പ്രശ്നം ഇന്നൊരു സമരായുധമാക്കുകയായിരുന്നു സി പി എം .

സർക്കാരിനു ഒരു മധുവിധു കാലം ഉണ്ടാകില്ല എന്നാണു ഇതിനർത്ഥം .മാത്രമല്ല പുതിയ പ്രശ്നങ്ങൾ





**നയപ്രഖ്യാപന പ്രസംഗ വേളയിൽ വന്ദേ ഭാരതം ഭാഗികമായി മാത്രം ആലപിച്ചു വി ഡി എസ് ഒരു നിലപാട് എടുത്തിരിക്കുന്നു .ഗവർണ്ണർ അത് പ്രോട്ടോക്കോൾ ലംഘനമായി മുദ്രകുത്തി സ്പീക്കറോടു പരാതിപ്പെട്ടു .വരാനിരിക്കുന്ന കേന്ദ്ര – സംസ്ഥാന സംഘർഷങ്ങളുടെ സൂചനയാണോ ഇത് . എന്തായാലും നയപ്രഖ്യാപനപ്രസംഗത്തിൽ കേന്ദ്രത്തിനെതിരെ ഒളിയമ്പുകൾ ഒന്നും ഉണ്ടായില്ല .**

ഉയർന്നു വരുകയും ചെയ്യുന്നു . നയപ്രഖ്യാപന പ്രസംഗ വേളയിൽ വന്ദേ ഭാരതം ഭാഗികമായി മാത്രം ആലപിച്ചു ഒരു നിലപാട് അദ്ദേഹം എടുത്തിരിക്കുന്നു .ഗവർണ്ണർ അത് പ്രോട്ടോക്കോൾ ലംഘനമായി മുദ്രകുത്തി സ്പീക്കറോടു പരാതിപ്പെട്ടു. വരാനിരിക്കുന്ന കേന്ദ്ര –സംസ്ഥാന സന്ഘർഷങ്ങളുടെ സൂചനയാണോ ഇത് .എന്തായാലും നയപ്രഖ്യാപന പ്രസംഗത്തിൽ കേന്ദ്രത്തിനെതിരെ ഒളിയമ്പുകൾ ഒന്നും ഉണ്ടായില്ല .

നയപ്രഖ്യാപന പ്രസംഗം വരാനിരിക്കുന്ന നടപടികളുടെ സൂചനയായി എടുത്താൽ വലിയ നടപടികൾ ആകും കേരളത്തിൽ ഉണ്ടാകുക . എന്തായാലും സർക്കാർ ഇന്ദിര ഗാരന്റി ഉറപ്പു നൽകുന്നു കുടുംബങ്ങൾക്ക് 25 ലക്ഷത്തിന്റെ ആരോഗ്യ പരിരക്ഷയും സൗജന്യ കെ എസ് അആർ ടി സി യാത്രയും കുടുതൽ ക്ഷേമ പെൻഷനും .പക്ഷെ ഇതിനു എവിടെ നിന്നു പണം കണ്ടെത്തും ?ഇതു കൊണ്ടു നാട്ടിൽ എന്ത് മാറ്റം ഉണ്ടാകും എന്നൊന്നും വ്യക്തമല്ല .ബജറ്റ് ഉത്തരം നൽകുമായിരിക്കും .

വി ഡി എസ് ഭരണത്തിൽ പുതുമുഖമാണ് അത് കൊണ്ടു തന്നെ അദ്ദേഹത്തിനു ഒരു ക്ലീൻ സ്ലേറ്റിൽ എല്ലാം തുടങ്ങാനാകും എന്നതാണ് ആശ്വാസകരം .പക്ഷെ മന്ത്രിസഭയിലെ അതികായരെ എങ്ങനെ നിയന്ത്രിക്കുമെന്നതും അദ്ദേഹത്തിനു വലിയ പ്രശ്നമാകും .കേന്ദ്രത്തിലെ ബി ജെ പി സർക്കാർ പദ്ധതികൾക്ക് തടയിടുമെന്ന ഭീഷണിയും അദ്ദേഹത്തിനു മുന്നിലുണ്ട് .ജനങ്ങൾ വലിയ പ്രതീക്ഷകൾ വച്ചു പുലർത്തുന്നു .. അതനുസരിച്ച് അദ്ദേഹത്തിന് ഉയരാൻ കഴിയുമോ ?

എത്ര കാലം അധികാരത്തിൽ എന്നതല്ല എങ്ങനെ ഭരിച്ചു എന്നതാണ് ഒരു നല്ല ഭരണാധികാരിയുടെ ലക്ഷണം .കോൺഗ്രസ് രാഷ്ട്രീയത്തിൽ നല്ല മെയ് വഴക്കത്തോടെ പ്രവർത്തിച്ചു ജനങ്ങളുടെ ആർപ്പുവിളികളുമായി അധികാരത്തിൽ എത്തിയ വി ഡി സതീശൻ അതനുസരിച്ചു പ്രവർത്തിക്കുമെന്ന് വേണം കരുതാൻ .

# ഇ ഡി അന്വേഷണം
# രാഷ്ട്രീയ മൈൻ!

**ഒറ്റനോട്ടത്തിൽ നിയമവിധേയമെന്നു തോനുന്ന നടപടികളിലൂടെയാണ് സി എം ആർ എൽ . വീണയുടെ എക്സാ ലോജിക്കിനു പണം കൈമാറുന്നത്.**



വീണ വിജയനെതിരെയുള്ള ഇ ഡി കേസ് ഔദ്യോഗിക പദവികളിൽ ഇരിക്കുന്ന ഭരണാധികാരികൾക്കൊരു മുന്നറിയിപ്പാണ്. ചങ്ങാത്ത മുതലാളിത്തവുമായി അടുത്തിടപഴകുന്നവർ വലിയ ചതിക്കുഴിയിലേക്കാണ് പതിക്കുക എന്ന യാഥാർത്ഥ്യം.എല്ലാവർക്കും ഇത് അറിയാമെങ്കിലും അതൊന്നും അറിയാത്ത വിധത്തിലാണ് പലരും പെരുമാറുക .ഒറ്റനോട്ടത്തിൽ നിയമവിധേയമെന്നു തോനുന്ന നടപടികളിലൂടെയാണ് സി എം ആർ എൽ .വീണയുടെ എക്സാ ലോജിക്കിനു പണം കൈമാറുന്നത്.അതിന്റെ മൂല്യമാകട്ടെ ഇന്നത്തെ കണക്കിൽ ഇരുനൂറു പവനോ അതിൽ കുടുതലേ വരൂ. അത് കൈപ്പറ്റിയതിനു പകരം നൽകിയ ഐ ടി സേവനങ്ങളെ കുറിച്ചു രേഖകൾ ഇല്ല .നേരിൽ സംസാരിച്ചു ഉപദേശം നൽകി എന്നാണു വാദം .കേരള സർക്കാർ കൂടി ഓഹരി ഉടമയായ9(13.5 %) കമ്പനിയാണിത് എന്നത് ഇവിടെ പ്രസക്തം .

അത് കൊണ്ടു മാനങ്ങൾ വർദ്ധിക്കുന്നു.കോടതിയിലെ വാദങ്ങളും വിധിയും യാഥാർത്ഥ്യം വ്യക്തമാക്കുന്നു .കമ്പനിയും വീണയും മാത്രമല്ല മറ്റു പലരും സംശയത്തിൻറെ നിഴലിൽ ആകും എന്ന് വാദങ്ങൾ സൂചിപ്പിക്കുന്നു .അല്ലെങ്കിൽ ഭരണത്തിലുള്ള ബി ജെ പി സർക്കാർ കനിയണം . പാർട്ടിയെയും അണികളെയും എന്തായാലും ഈ കേസ് സമ്മർദ്ദത്തിലാക്കും ’

കള്ളപ്പണം വെളുപ്പിക്കൽ നിരോധന നിയമപ്രകാരം ഇ.ഡി രജിസ്റ്റർ ചെയ്ത പ്രാഥമിക അന്വേഷണ റിപ്പോർട്ടും അതിന്റെ ഭാഗമായി തങ്ങൾക്ക് അയച്ച സമൻസുകളും റദ്ദാക്കണമെന്ന് ആവശ്യപ്പെട്ടാണ് കൊച്ചിൻ മിനറൽസ് ആൻഡ് റൂട്ടൈൽ ലിമിറ്റഡ് കമ്പനിയും(സി എം ആർ എൽ ) ( അതിന്റെ മനേജിംഗ് ഡയറക്ടറും സി.എഫ്.ഒയും ), മറ്റ് മുതിർന്ന ഉദ്യോഗസ്ഥർരും ഹൈക്കോടതിയെ സമീപിച്ചത്.

ആദായനികുതി പരിശോധനയിൽ കമ്പനി തങ്ങളുടെ ചിലവുകൾ കമ്പനി 133.82 കോടി രൂപയോളം വ്യാജമായി കൂട്ടി കാണിച്ചതായി കണ്ടെത്തി. ഇങ്ങനെ ഉണ്ടാക്കിയ പണം രാഷ്ട്രീയക്കാർക്കും, പാർട്ടികൾക്കും, മാധ്യമങ്ങൾക്കും, ഉദ്യോഗസ്ഥർക്കും നിയമവിരുദ്ധമായി കൈക്കൂലി നൽകാൻ

**ആദായനികുതി പരിശോധനയിൽ കമ്പനി തങ്ങളുടെ ചിലവുകൾ കമ്പനി 133.82 കോടി രൂപയോളം വ്യാജമായി കൂട്ടി കാണിച്ചതായി കണ്ടെത്തി. ഇങ്ങനെ ഉണ്ടാക്കിയ പണം രാഷ്ട്രീയക്കാർക്കും, പാർട്ടികൾക്കും, മാധ്യമങ്ങൾക്കും, ഉദ്യോഗസ്ഥർക്കും നിയമവിരുദ്ധമായി കൈക്കൂലി നൽകാൻ ഉപയോഗിച്ചുവെന്ന് കമ്പനി അധികൃതർ സമ്മതിച്ചിട്ടുണ്ട്.**

ഉപയോഗിച്ചുവെന്ന് കമ്പനി അധികൃതർ സമ്മതിച്ചിട്ടുണ്ട്.

ഇതുകൂടാതെ, മുഖ്യമന്ത്രിയുടെ മകൾ വീണ വിജയന്റെ 'എക്സാലോജിക് സൊല്യൂഷൻസ്' എന്ന കമ്പനിക്ക് ഒരു സേവനവും നൽകാതെ തന്നെ 1.72 കോടി രൂപ വ്യാജ സോഫ്റ്റ്‌വെയർ സേവന ക്കരാർ കാണിച്ച് നൽകിയതായും ഇ.ഡി ആരോപിച്ചു. ആദായനികുതി വകുപ്പ് നൽകിയ ഇളവ് നികുതി കേസുകൾക്ക് മാത്രമാണെന്നും കള്ളപ്പണം വെളുപ്പിക്കൽ കേസിന് അത് ബാധകമല്ലെന്നും ഇ.ഡി വ്യക്തമാക്കി.

2020 നവംബറിൽ കമ്പനി ഇൻകം ടാക്സ് സെറ്റിൽമെന്റ് കമ്മീഷനെ സമീപിച്ചു. തുടർന്ന് 2023 ജൂണിൽ, 2013-14 മുതൽ 2019-20 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ ആദായനികുതി നിയമ പ്രകാരമുള്ള നടപടികളിൽ നിന്ന് കമ്പനിക്ക് പൂർണ്ണമായ പ്രോസിക്യൂഷൻ ഇളവ് അനുവദിച്ചുകൊണ്ട് ഉത്തരവായി.

എന്നാൽ ഷോൺ ജോർജ് നൽകിയ പരാതിയെ തുടർന്ന്, കമ്പനി കാര്യ മന്ത്രാലയം ഈ കമ്പനിയുടെ ഇടപാടുകളെക്കുറിച്ച് അന്വേഷിക്കാൻ ഉത്തരവിടുകയും 2024 ജനുവരിയിൽ ഈ അന്വേഷണം സീരിയസ് ഫ്രോഡ് ഇൻവെസ്റ്റിഗേഷൻ ഓഫീസിന് കൈമാറുകയും ചെയ്തു.

ഇതിനിടയിൽ, 'എക്സാലോജിക് സൊല്യൂഷൻസ്' എന്ന കമ്പനിയുമായി ബന്ധപ്പെട്ട് ഇ.ഡി കേസ് രജിസ്റ്റർ ചെയ്തതായി മാധ്യമങ്ങളിൽ വാർത്ത വന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സി എം ആർ എഎൽ കമ്പനി ഉദ്യോഗസ്ഥർക്ക് നേരിട്ട് ഹാജരാകാൻ ഇ.ഡി സമൻസ് അയച്ചു. ഇ.ഡിക്ക് ഇതിൽ ഇടപെടാൻ അധികാരമില്ലെന്ന് കാണിച്ച് കമ്പനി ഉദ്യോഗസ്ഥർ 2024 ഏപ്രിലിൽ ഹൈക്കോടതിയിൽ ഈ ഹർജി ഫയൽ ചെയ്തു.

ആദായനികുതി ഇളവ്കള്ളപ്പണം വെളുപ്പിക്കൽ കേസുകളിൽ നിന്നും സംരക്ഷണം നൽകില്ലെന്ന് കോടതി വിധി പറയുന്നു . ആദായനികുതി നിയമത്തിലെ സെക്ഷൻ 245 ഏച്ചു പ്രകാരം, 2007 ജൂണിന് ശേഷം നൽകുന്ന അപേക്ഷകളിൽ ആദായനികുതി കമ്മീഷന് മറ്റ് കേന്ദ്ര നിയമങ്ങളിൽ നിന്നുള്ള പ്രോസിക്യൂഷൻ ഒഴിവാക്കാൻ അധികാരമില്ല. ഇവിടെ കമ്പനി അപേക്ഷ നൽകിയത് 2020-ൽ ആയതിനാൽ ഈ ഇളവ് ആദായ

> **മുഖ്യമന്ത്രിയുടെ മകൾ വീണ വിജയന്റെ 'എക്സാലോജിക് സൊല്യൂഷൻസ്' എന്ന കമ്പനിക്ക് ഒരു സേവനവും നൽകാതെ തന്നെ 1.72 കോടി രൂപ വ്യാജ സോഫ്റ്റ്‌വെയർ സേവനക്കരാർ കാണിച്ച് നൽകിയതായും ഇ.ഡി ആരോപിച്ചു. ആദായനികുതി വകുപ്പ് നൽകിയ ഇളവ് നികുതി കേസുകൾക്ക് മാത്രമാണെന്നും കള്ളപ്പണം വെളുപ്പിക്കൽ കേസിന് അത് ബാധകമല്ലെന്നും ഇ.ഡി വ്യക്തമാക്കി.**

നികുതി കേസുകൾക്ക് മാത്രമേ ബാധകമാകൂ , കള്ളപ്പണം വെളുപ്പിക്കൽ കേസിന് ബാധകമല്ല

ഈ കേസിൽ വിധി പറയാൻ മാറ്റിവെച്ച സമയത്ത്, ഇ.ഡി കോടതിയിൽ പുതിയൊരു സത്യവാങ്മൂലം സമർപ്പിച്ചിരുന്നു . അതിൽ, 2025 ഏപ്രിൽ 3-ന് കമ്പനിക്കെതിരെ SFIO ഔദ്യോഗികമായി കോടതിയിൽ ക്രിമിനൽ പരാതി ( തട്ടിപ്പ് കേസ്) ഫയൽ ചെയ്തതായി ഇ.ഡി അറിയിച്ചു. ഇത് കള്ളപ്പണം വെളുപ്പിക്കൽ നിയമപ്രകാരം ഒരു പ്രധാന കുറ്റകൃത്യത്തിന്റെ പരിധിയിൽ വരുന്നതാണ്.

ആദായനികുതി ഇളവ് ഈ കേസിന് ബാധകമല്ലാത്തതിനാലും, നിലവിൽ എസ് എഫ് ഐ ഒ യുടെ ക്രിമിനൽ പരാതി ഉള്ളതിനാലും ഹർജിക്കാരുടെ വാദങ്ങളെല്ലാം തള്ളിക്കൊണ്ട് ഹൈക്കോടതി ഈ റിട്ട് ഹർജി പൂർണ്ണമായും തള്ളിക്കളഞ്ഞു ഉത്തരവിടുകയായിരുന്നു

ഇതിനെ തുടർന്നായിരുന്നു വീണ വിജയൻ താമസിച്ചിരുന്ന തിരുവനന്തപുരത്തെ പിണറായിയുടെ വീട്ടിൽ ഇ ഡി രഹസ്യ റൈഡ് നടത്തിയത് .

സി ആർ പി എഫ് സേനയെ മാത്രം നിയോഗിച്ചു കൊണ്ടുള്ള അന്വേഷണത്തിനു ഒടുവിൽ തിരികെ പോകെ തിരുവനന്തപുരത്ത് വെച്ചു ഇ ഡി സംഘത്തെ സി പി എം പ്രവർത്തകർ ആക്രമിച്ചു അതിൽ അറസ്റ്റിൽ ആയതു 25 പേർ ; കേസ് അങ്ങനെ സി പി എമ്മിന്റെ കൂടി പ്രെസ്ടീജ് പ്രശ്നമായി മാറി

റയിഡ് വഴി ഇ ഡി ഈ കേസിൽ കമ്പനിയുടെ യും മറ്റും 242 അക്കൌണ്ടാണ് മരവിപ്പിച്ച്ത് .18.36 കോടി രൂപ .അതിൽ വീണ വിജയൻറെ അക്കൌണ്ടിൽ ഉള്ള 1.42 ലക്ഷം രൂപയും പെടുന്നു ഇതിനിടെ അവരുടെ ലോക്കറും ഇ ഡി പരിശോധിക്കുമെന്ന് സൂചനയുണ്ട്.

വീണക്കു വിദേശത്തു പണം ലഭിച്ചുവോ എന്നും അന്വേഷണവും ഉണ്ടാകും .ഹൈകോടതി സ്റ്റേയിൽ ആണ് ഇപ്പോൾ പ്രതീക്ഷ

അന്വേഷണത്തിൻറെ സ്വഭാവം നോക്കുമ്പോൾ രാഷ്ട്രീയ മാനം ഒഴിച്ചു നിർത്തിയാൽ കേസ് കർത്തയിലെക്കും വീണയിലെക്കും മാത്രം ഒതുങ്ങും .മന്ത്രിമാർക്കെതിരെ അന്വേഷണം വന്നാൽ അത് വലിയ ഒച്ചപ്പാടു ഉണ്ടാക്കും .ആ നിലക്ക് ഇതൊരു രാഷ്ട്രീയ മൈൻ ആണ് .എപ്പോൾ വേണമെങ്കിലും അത് പൊട്ടിത്തെറിക്കാം .ചില പ്പോൾ ഏറെക്കാലം അത് സജീവമായി നിൽക്കും .പൊട്ടിത്തെറിക്കാൻ കാത്തു കൊണ്ടു .




Abel's Garden PVT LTD Karimannoor P.O.
Thodupuzha, Idukki, Kerala, India PIN. 685581
Email: hello@abelsgarden.in
Phone: +917034413000, +917034643000, +919778050077

കാഴ്ചപ്പാടുകൾ



# രാഷ്ട്രീയ കുടിലതകൾ അരങ്ങു വാഴുന്നു !

എം.കെ നാരായണമൂർത്തി

ഉത്തരേന്ത്യയിൽ പരീക്ഷിക്കുന്ന രാഷ്ട്രീയ കുടിലതകൾ കേരളത്തിന്റെ മണ്ണിൽ പ്രയോഗിക്കാനിറങ്ങിയ ബി.ജെ.പിയ്ക്ക് പറ്റിയ ഏറ്റവും വലിയ അബദ്ധമാണ് കേരളത്തിൽ നടത്തിയ ഇ.ഡി റെയ്ഡ് നാടകം.പോളിറ്റ്ബ്യൂറോ മുതൽ ബ്രാഞ്ച്തലം വരെ ചർച്ചകൾ പൊടിപൊടിക്കുമ്പോഴും തെരഞ്ഞെടുപ്പ് തോൽവിയുടെ ആലസ്യത്തിൽ ഉറങ്ങുകയായിരുന്ന സി.പി.എമ്മിന്റെ അണികളേയും വർഗ്ഗ സംഘടനകളേയും ഒറ്റ ദിവസം കൊണ്ട് ഉണർത്താനും പൊതു സമൂഹത്തിലേക്ക് എത്തിക്കാനും എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥന്മാർക്ക് കഴിഞ്ഞു. അവരുടെ തടി സംരക്ഷിക്കാൻ സി.പി.എം നേതാക്കളുടെ ഔദാര്യം യാചിക്കുന്ന കാഴ്ചയും



കേരളം കണ്ടു.ഒടുവിൽ തങ്ങളുടെ റെയ്ഡിൽ ഒന്നും ലഭിച്ചില്ലെന്ന് സീഷർ മഹസർ എഴുതി നൽകുകയും അത് മൈക്കിലൂടെ സി.പി.
എം നേതാക്കൾ അണികൾക്കും നാട്ടുകാർക്കും വായിച്ചു കൊടുക്കുന്നതും ലൈവായി മാധ്യമങ്ങൾ മാലോകർക്ക് കാണിച്ചു കൊടുക്കുകയും ചെയ്തു.തങ്ങളുടെ കൈയ്യിലുള്ള രേഖകൾക്കപ്പുറം ഒന്നും ഇനി ലഭിക്കാനില്ലെന്ന് അറിഞ്ഞിട്ടും പിന്നെയെന്തിനായിരുന്നു ഈ

**തിരുവനന്തപുരത്തെ സമരം അക്രമാസക്തമായപ്പോൾ അത് നിയന്ത്രിക്കാനെത്തിയ ഐ.പി.എസ് റാങ്കിലുള്ള ഉദ്യോഗസ്ഥർ ഒരു കാര്യം പഠിച്ചു. അക്കാഡമിയിൽ പഠിച്ചത് കൊണ്ടു മാത്രം ക്രമസമാധാനം പാലിക്കാൻ കഴിയില്ല എന്നതാണ് അവർ പഠിച്ച വലിയ പാഠം. ബീഹാറിലും ഉത്തർപ്രദേശിലും സമരങ്ങളെ നേരിടുന്ന രീതിയിൽ കേരളത്തിലെ സമരത്തെ നേരിടാൻ കൈയ്യിലുള്ള തോക്കും ലാത്തിയും മാത്രം പോരാ. ഏറ്റവും മിനിമം അവരവർ ജോലി ചെയ്യുന്ന ജില്ലകളിലെ പ്രധാനപ്പെട്ട രാഷ്ട്രീയ നേതാക്കളെയെങ്കിലും തിരിച്ചറിയാൻ കഴിയണം.**

റെയ്ഡ് നാടകമെന്ന ചോദ്യത്തിന് ഇതുവരെയും ഉത്തരം ലഭിച്ചിട്ടില്ല.

ഇനി അങ്ങനെ എന്തെങ്കിലും രേഖകൾ ഉണ്ടെങ്കിൽ ഭരണം നഷ്ടമായെന്ന് ബോധ്യപ്പെട്ട നിമിഷത്തിൽ തന്നെ നശിപ്പിക്കപ്പെട്ടു കാണുമെന്ന സാമാന്യബോധം ഇല്ലാത്തവരെയാണ് ഇ.ഡിയിൽ നിയമിച്ചിരിക്കുന്നതെങ്കിൽ ഇനിയും കരംപിരിക്കുന്ന കാശിൽ നിന്നും ഇവർക്ക് ശമ്പളം കൊടുക്കരുത്. നാളിതു വരെ ഇ.ഡി അന്വേഷിച്ച കേസുകളിൽ ബഹുഭൂരിപക്ഷവും വിചാരണക്കൊടുവിൽ തള്ളപ്പെടുന്നതിന്റെ കാരണം ഇത്തരം ബുദ്ധിശൂന്യരായ ഉദ്യോഗസ്ഥരാണ്.കേന്ദ്രം ഭരിക്കുന്ന പാർട്ടിയുടെ ചട്ടുകമായി പ്രവർത്തിക്കാൻ പൊതുഖജനാവിലെ കാശെടുക്കുന്നത് തികഞ്ഞ ജനാധിപത്യവിരുദ്ധതയല്ലേ? രണ്ടറ്റം കൂട്ടിമുട്ടിക്കാൻ പാടുപെടുന്ന സാമാന്യജനത്തിനെ നോക്കിയാണ് ലക്ഷങ്ങൾ ശമ്പളം വാങ്ങുന്ന ഇക്കൂട്ടർ കൊഞ്ഞനം കുത്തുന്നത്. തിരുവനന്തപുരത്തെ സമരം അക്രമാസക്തമായപ്പോൾ അത് നിയന്ത്രിക്കാനെത്തിയ ഐ.പി.എസ് റാങ്കിലുള്ള ഉദ്യോഗസ്ഥർ ഒരു കാര്യം പഠിച്ചു. അക്കാഡമിയിൽ പഠിച്ചത് കൊണ്ടു മാത്രം ക്രമസമാധാനം പാലിക്കാൻ കഴിയില്ല എന്നതാണ് അവർ പഠിച്ച വലിയപാഠം.

ബീഹാറിലും ഉത്തർപ്രദേശിലും സമരങ്ങളെ നേരിടുന്ന രീതിയിൽ കേരളത്തിലെ സമരത്തെ നേരിടാൻ കൈയ്യിലുള്ള തോക്കും ലാത്തിയും മാത്രം പോരാ. ഏറ്റവും മിനിമം അവരവർ ജോലി ചെയ്യുന്ന ജില്ലകളിലെ പ്രധാനപ്പെട്ട രാഷ്ട്രീയ നേതാക്കളെയെങ്കിലും തിരിച്ചറിയാൻ കഴിയണം. സംസ്ഥാന പോലീസിനെ മുഴുവൻ അവിശ്വസിച്ചു കൊണ്ട് റെയ്ഡിനിറങ്ങുന്ന ഇ.ഡി ഉദ്യോഗസ്ഥർ ഇനിയെങ്കിലും കേരളത്തിലെങ്കിലും അത് ചെയ്യാതിരിക്കുക. കണ്ണൂരിൽ പി.ജയരാജനും


Press Release
27.05.2026

1. Directorate of Enforcement (ED), Kochi Zone conducted search on 27.05.2026 on M/s Cochin Minerals and Rutile Limited (CMRL), its directors Shri S. N. Sasidharan Kartha, Shri Saran S. Kartha, Smt Veena (daughter of Sh. P. Vijayan, Ex CM of Kerala) and her company M/s Exalogic Solutions Private Limited. The searches were conducted at 12 premises across various premises in Kottayam, Ernakulam, Kannur, Trivandrum and Bangalore.

2. CMRL is a public listed company in which 48.75% shares are held by general public and also 13.41 % shares are held by the Kerala state PSU M/s Kerala State Industrial Development Corporation (as on 31.03.2023).

3. CMRL was searched by Income Tax Department in January 2019 during which certain fake expenses to the extent of about Rs. 130 crore was identified. The fake expenses were also admitted by CMRL before the Income Tax Settlement Commission (ITSC). The ITSC in its order has given a finding of various bribes given to various persons by CMRL and the admissions made by CMRL personnel. A complaint was made before SFIO (Serious Fraud Investigation Office) based on the income tax department findings and Ministry of Corporate Affairs directed investigations by SFIO. Accordingly, SFIO started investigations. ED had initiated investigations under PMLA based on the investigations initiated by SFIO. However, the same was challenged before the Kerala High Court by CMRL on the ground that there was no predicate offence and the court had issued 'no coercive action' by ED in this case on 13-04-2024.

The SFIO filed Prosecution Complaint on 03.04.2025 for corporate fraud ...

**ഇക്കാര്യത്തിൽ കേരളത്തിലെ ആഭ്യന്തരമന്ത്രിയേയും ഡി.ജി.പിയേയും വകുപ്പ് സെക്രട്ടറിയേയും വിശ്വസിച്ചാൽ ഇനിയവർ അവിടെ തുടരണോയെന്ന് അവർ തന്നെ തീരുമാനിക്കണം. റെയ്ഡ് വിവരം തങ്ങൾ അറിഞ്ഞിട്ടില്ലെന്നാണ് അവർ മാധ്യമങ്ങളോട് തുറന്ന് പറഞ്ഞത്. ഒരു സംസ്ഥാനത്തെ പ്രതിപക്ഷനേതാവിന്റേയും എം.എൽ.എയുടേയും വീടുകളിൽ റെയ്ഡ് ചെയ്യാൻ ഇ.ഡി തയ്യാറെടുക്കുന്നു എന്ന് മനസ്സിലാക്കാൻ കഴിയാത്തവരല്ല കേരള പോലീസിന്റെ ഇന്റലിജൻസുകാർ.**

കെ.കെ രാഗേഷും നിയന്ത്രിച്ചത് കൊണ്ടാണ് പിണറായി വിജയന്റെ വീട്ടിൽ നിന്നും തടിയൂരാൻ കഴിഞ്ഞത്. കോഴിക്കോട്ട് മുഹമ്മദ് റിയാസിന്റെ ഉപ്പയും ഉമ്മയും അണികളോട് അഭ്യർത്ഥിച്ചത് കൊണ്ടാണ് അവിടെ ഇ.ഡിക്കാരുടെ വാടകവണ്ടിക്ക് പോകാൻ കഴിഞ്ഞത്. തിരുവനന്തപുരത്ത് ശിവൻകുട്ടി മുതൽ ബിനീഷ് കോടിയേരി വരെയുള്ളവർ ആൾക്കൂട്ടത്തെ നിയന്ത്രിച്ചത് കൊണ്ടാണ് പോലീസ് നോക്കുക്കുത്തിയായിട്ടും മൂന്ന് കാറിന്റെ ചില്ലു തകരുന്നതിൽ മാത്രം കാര്യങ്ങൾ അവസാനിച്ചത്.തങ്ങളെ വിശ്വാസത്തിലെടുക്കാത്ത ഇ.ഡിയെ സംരക്ഷിക്കാൻ തങ്ങളില്ലെന്ന മനോഭാവമായിരുന്നു റെയ്ഡ് ദിനത്തിൽ കേരളത്തിലെ പോലീസ് ഉദ്യോഗസ്ഥരുടെ സമീപനം. സേനയും അച്ചടക്കവും എല്ലാം ആയിരിക്കുമ്പോഴും ആത്മാഭിമാനം എന്നത് എല്ലാവർക്കുമുണ്ടെന്നത് ഇ.ഡിയുടെ സിലബസിൽ ഉൾപ്പെടുത്തിയാൽ ഇത്തരം സന്ദർഭങ്ങളിൽ ഉപകാരപ്പെടും.

ഇക്കാര്യത്തിൽ കേരളത്തിലെ ആഭ്യന്തരമന്ത്രിയേയും ഡി.ജി.പിയേയും വകുപ്പ് സെക്രട്ടറിയേയും വിശ്വസിച്ചാൽ ഇനിയവർ അവിടെ തുടരണോയെന്ന് അവർ തന്നെ തീരുമാനിക്കണം. റെയ്ഡ് വിവരം തങ്ങൾ അറിഞ്ഞിട്ടില്ലെന്നാണ് അവർ മാധ്യമങ്ങളോട് തുറന്ന് പറഞ്ഞത്.ഒരു സംസ്ഥാനത്തെ പ്രതിപക്ഷനേതാവിന്റേയും എം.എൽ.എയുടേയും വീടുകളിൽ റെയ്ഡ് ചെയ്യാൻ ഇ.ഡി തയ്യാറെടുക്കുന്നു എന്ന് മനസ്സിലാക്കാൻ കഴിയാത്തവരല്ല കേരള പോലീസിന്റെ ഇന്റലിജൻസുകാർ. ഇവരാരാരും അറിയാതെയാണ് റെയ്ഡ് നടത്താൻ വെറും ഉദ്യോഗസ്ഥന്മാർ മാത്രമായവർ തയ്യാറായതെങ്കിൽ അവർ ഒരു സംസ്ഥാനത്തെ ഭരണസംവിധാനത്തെയാണ് ഇരുട്ടിൽ നിറുത്തിയത്. ഫെഡറൽ തത്വങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ ബാധ്യതയുള്ള ഒരു ദേശീയ ഏജൻസിയാണ് ഇ.ഡി. ഫെഡറൽ സംവിധാനം എന്നത് ജനാധിപത്യത്തിന്റെ നേർക്കാഴ്ചയാണ്. അങ്ങനെയെങ്കിൽ ജനാധിപത്യ സംവിധാനത്തെ അട്ടിമറിക്കുകയല്ലേ ബി.ജെ.പിയാൽ നയിക്കപ്പെടുന്ന ഇ.ഡി? ഇവർക്കെതിരെ നിയമനടപടി സ്വീകരിക്കാൻ സംസ്ഥാന സർക്കാരിന് ഉത്തരവാദിത്വമില്ലേ?

പുതിയ മന്ത്രിസഭയിലെ ആരും തന്നെ മോശക്കാരല്ല. പരിചയക്കുറവും രാഷ്ട്രീയ നേട്ടത്തിനായി നേരത്തെ പറഞ്ഞു പോയ ചില കാര്യങ്ങളും അവരെ കുഴയ്ക്കുന്നുണ്ട്. വഖഫ് പ്രശ്നം അങ്ങനെയൊ



ന്നാണ്. ഞങ്ങൾ അധികാരത്തിലെത്തിയാൽ പത്ത് മിനിട്ട് കൊണ്ട് പ്രശ്നപരിഹാരമുണ്ടാക്കാമെന്ന് പറഞ്ഞതിൽ മുഖ്യമന്ത്രിയ്ക്കിപ്പോൾ ഉരുണ്ടുകളിക്കേണ്ടി വരുന്നത് മതിയായ ഹോംവർക്ക് ഇല്ലാതെ നടത്തിയ രാഷ്ട്രീയ പ്രസ്താവനകളുടെ ബാക്കിയാണ്. സാധാരണഗതിയിൽ നന്നായി ഗൃഹപാഠം ചെയ്ത് കാര്യങ്ങൾ പറയുന്നയാളാണ് വി.ഡി സതീശൻ പ്രതിപക്ഷനേതാവായിരിക്കുമ്പോൾ നിയസഭയിൽ വളരെ നന്നായി അദ്ദേഹം വിഷയാവതരണം നടത്തുന്നതിന് ഈ ലേഖകൻ പല തവണ സാക്ഷിയായിട്ടുണ്ട്.ഭരണത്തിന്റെ തുടക്കത്തിൽ അത്തരമൊരു രീതി കാണുന്നേയില്ല. കോടതികളായ കോടതികളൊക്കെ ബാക്കി കിടക്കുന്ന ഒരു വിഷയമാണ് മുനമ്പത്തെ വഖഫ് ഭൂമി പ്രശ്നം. ഇന്ത്യൻ കോടതികളിലെ സിവിൽ വ്യവഹാരങ്ങളുടെ സ്ഥിതി നമുക്ക് അറിയാവുന്നതാണ്. ആ വിഷയത്തിലാണ് 'ടെൻമിനിട്സ്' ഫോർമുലയുമായി മുഖ്യമന്ത്രി രംഗത്ത് വന്നത്.യു.ഡി.എഫിലെ പ്രബലശക്തിയായി മുസ്ളീംലീഗ് ഉള്ളപ്പോൾ ഈ വിഷയത്തിന്റെ മാനങ്ങളും മാറും.ഉടനടി മുഖ്യമന്ത്രി ഈ പ്രശ്നത്തിൽ കൂടുതൽ കുരുങ്ങാനാണ് സാധ്യത.

മന്ത്രിസഭയിലെ സാമുദായിക പങ്കാളിത്തം ഏറെക്കുറെ ബാലൻസ് ചെയ്യാൻ യു.ഡി.എഫിനായിട്ടുണ്ട്. കെ.സി വേണുഗോപാൽ ഇപ്പോഴെടുത്തിരിക്കുന്ന സമീപനം കാത്തിരുന്നു കാണുക എന്നതാണ്. ഫിഷറീസ് വകുപ്പ് ലത്തീൻ

**കോടതികളായ കോടതികളൊക്കെ ബാക്കി കിടക്കുന്ന ഒരു വിഷയമാണ് മുനമ്പത്തെ വഖഫ് ഭൂമി പ്രശ്നം. ഇന്ത്യൻ കോടതികളിലെ സിവിൽ വ്യവഹാരങ്ങളുടെ സ്ഥിതി നമുക്ക് അറിയാവുന്നതാണ്. ആ വിഷയത്തിലാണ് 'ടെൻമിനിട്സ്' ഫോർമുലയുമായി മുഖ്യമന്ത്രി രംഗത്ത് വന്നത്. യു.ഡി.എഫിലെ പ്രബലശക്തിയായി മുസ്ളീംലീഗ് ഉള്ളപ്പോൾ ഈ വിഷയത്തിന്റെ മാനങ്ങളും മാറും. ഉടനടി മുഖ്യമന്ത്രി ഈ പ്രശ്നത്തിൽ കൂടുതൽ കുരുങ്ങാനാണ് സാധ്യത.**

വിഭാഗക്കാരെ ഏൽപ്പിക്കാത്തതിൽ ലത്തീൻസഭ അവരുടെ എതിർപ്പ് ഉന്നയിച്ചു കഴിഞ്ഞു. അവർ കൂടുതൽ എതിർക്കുന്നത് അത് മുസ്ളീംലീഗിന് നൽകിയതിലാണ്. യു.ഡി.എഫ് സംവിധാനത്തിലും കോൺഗ്രസിന്റെ രീതികളിലും രാഹുൽഗാന്ധിയുടെ ഇടപെടൽ നിർണ്ണായകമായതു കൊണ്ട് മിക്കവാറും തീരുമാനങ്ങൾ ഡൽഹിയിൽ നിന്നാണ് വരുന്നത്.വലിയ പ്രതിസന്ധിഘട്ടങ്ങളിൽ കോൺഗ്രസ്സിനെ തുണച്ചതും യു.ഡി.എഫിനെ പിടിച്ചുനിറുത്തിയതും മുസ്ളീംലീഗാണ്. പാണക്കാട് തങ്ങൾമാരുടെ അകമഴിഞ്ഞ പിന്തുണ ഗാന്ധികുടുംബത്തിനുണ്ട് താനും. അതു കൊണ്ടാണ് തൽക്കാലം ലത്തീൻ സഭയ്ക്ക് വഴങ്ങേണ്ടതില്ലെന്ന് കോൺഗ്രസ് നേതൃത്വം തീരുമാനിച്ചത്.മാത്രമല്ല അടുത്തൊന്നും കേരളത്തിൽ ഒരു തെരഞ്ഞെടുപ്പും നടക്കാനുമില്ല. കെ.മുരീധരൻ തിരുവനന്തപുരത്തെ സഭാ ആസ്ഥാനത്തെത്തി ബിഷപ്പുമാരുമായി സംസാരിക്കുകയും ചെയ്തതിലൂടെ സഭയുടെ ഭാഗത്തുനിന്നും ഇപ്പോൾ വലിയ ഒച്ചപ്പാടില്ല.

സാമ്പത്തികമേഖല എങ്ങനെയാണ് കോൺഗ്രസ് കൈകാര്യം ചെയ്യാൻ പോകുന്നതെന്നാണ് എല്ലാവരും ഉറ്റുനോക്കുന്നത്. ഇന്ദിരാഗ്യാരണ്ടികൾ നടപ്പാക്കാൻ വേണ്ട തുക വളരെ വലുതാണ്. ധവളപത്രം പുറത്തിറക്കി ഖജനാവിൽ ഒന്നുമില്ലെന്ന് പറഞ്ഞ് തലയൂരാൻ ഇവർക്ക് കഴിയുകയുമില്ല. സ്ത്രീകളുടെ സൗജന്യ ബസ് യാത്ര നടപ്പാക്കുമ്പോൾ പ്രതിദിനം മൂന്ന് കോടി രൂപയാണ് കെ.എസ്.ആർ.ടി.സിയ്ക്ക് വരാൻ പോകുന്ന നഷ്ടം. പ്രതിമാസം ഏതാണ്ട് 90 കോടി രൂപ കെ.എസ്.ആർ.ടി.സിയ്ക്ക് സർക്കാർ നൽകേണ്ടി വരും. അല്ലാത്തപക്ഷം അവിടെ ശമ്പളവും പെൻഷനും മുടങ്ങും. ഇന്ധനപ്രതിസന്ധി അതിരൂക്ഷമായിരിക്കുന്ന ഈ കാലത്ത് ഉയരുന്ന ഇന്ധനവില കെ.എസ്.ആർ.ടി.സിയെ വലിയ പ്രതിസന്ധിയിലേക്കായിരിക്കും നയിക്കുക. ഗതാഗതമന്ത്രി സി.പി ജോണും വലിയ ആശങ്കയിലാണ്.പരിമിതമായ തോതിൽ ഈ സൗജന്യം നൽകു

ന്നതായിരിക്കും ബുദ്ധിയെന്നാണ് ധനകാര്യ വിദഗ്ധൻ കൂടിയായ സി.പി ജോണിന് ലഭിച്ചിരിക്കുന്ന വിദഗ്ദോപദേശം. ഈ സൗജന്യം നിലവിൽ വരുമ്പോൾ സ്വകാര്യബസ്സുകാരും വലിയ പ്രതിസന്ധിയിലാകും. അവരുടെ പ്രശ്നങ്ങളെ എങ്ങനെ പരിഹരിക്കുമെന്നതിന് കൃത്യായ ഒരു ഉത്തരം ഗതാഗതവകുപ്പ് പറഞ്ഞിട്ടില്ല.പരസ്യവരുമാനം കൂട്ടിയും കുറിയർ സർവീസ് പോലുള്ള സർവീസുകൾ കാര്യക്ഷമമായി വർദ്ധിപ്പിച്ചും ഈ തൊണ്ണൂറ് കോടിയുടെ പ്രതിമാസനഷ്ടം പരിഹരിക്കാനുള്ള നിർദ്ദേശങ്ങളും ഉദ്യോഗസ്ഥ തലത്തിൽ നിന്നുണ്ടായിട്ടുണ്ടെന്ന് മനസ്സിലാക്കുന്നു.

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഏറ്റവും മോശമായി കൈകാര്യം ചെയ്തിരുന്ന വകുപ്പാണ് ആരോഗ്യവകുപ്പ്. മുൻ മന്ത്രി . വീണാ ജോർജ്ജ് വാചക കസർത്ത് നടത്തിയതല്ലാതെ കെ.കെ ശൈലജ ഏറ്റവും മികച്ചതായി കൈകാര്യം ചെയ്തിരുന്ന ആ വകുപ്പിൽ യാതൊന്നും ചെയ്തില്ല. ചെറിയ പനിക്ക് പോലും സ്പെഷ്യലിസ്റ്റിനെ ആശ്രയിക്കുന്ന ജനതയാണ് കേരളത്തിലേത്. അതു കൊണ്ട് തന്നെ ഈ മേഖലയിൽ മികച്ച ഇടപെടൽ കെ.മുരളീധരന് നടത്തേണ്ടി വരും. കെട്ടിടത്തിന് മുന്നിൽ മെഡിക്കൽ കോളേജ് എന്നെഴുതി വച്ചാൽ മാത്രം പോര, അവിടെ സംവിധാനങ്ങളും ഒരുക്കണം.


അടിസ്ഥാനസൗകര്യമില്ലാതെ ബോർഡ് വയ്ക്കൽ മാത്രം ഇപ്പോൾ നടക്കുമെന്ന് തോന്നുന്നുമില്ല. പണ്ട്, വി.എസ് ശിവകുമാർ ആരോഗ്യ വകുപ്പ് കൈകാര്യം ചെയ്തിരുന്നപ്പോൾ തിരുവനന്തപുരം ജനറൽ ആശുപത്രിയെ തിരുവനന്തപുരത്തെ രണ്ടാം മെഡിക്കൽ കോളേജാക്കാൻ ശ്രമിച്ച് പരാജയപ്പെട്ട അനുഭവം കെ.മുരളീധരൻ അദ്ദേഹത്തോട് ചോദിക്കുന്നത് നല്ലതായിരിക്കും. അതു പോലെ വയനാട് മെഡിക്കൽകോളേജിനേയും ഉയർന്ന നിലവാരത്തിലേക്ക് എത്തിക്കാനുള്ള സമ്മർദ്ദം മുരളീധരനു മേൽ ഇപ്പോൾ തന്നെ ശക്തമാണ്. പ്രിയങ്ക ഗാന്ധി പ്രതിനിധാനം ചെയ്യുന്ന ലോക്സഭാ മണ്ഡലമെന്ന നിലയിൽ ആ മേഖലയിലെ ഏറ്റവും വലിയ പ്രശ്നമായ ആരോഗ്യമേഖല ശ്രദ്ധിക്കേണ്ടത് കോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം രാഷ്ട്രീയമായ ആവശ്യം കൂടിയാണ്.

**പണ്ട്, വി.എസ് ശിവകുമാർ ആരോഗ്യ വകുപ്പ് കൈകാര്യം ചെയ്തിരുന്നപ്പോൾ തിരുവനന്തപുരം ജനറൽ ആശുപത്രിയെ തിരുവനന്തപുരത്തെ രണ്ടാം മെഡിക്കൽ കോളേജാക്കാൻ ശ്രമിച്ച് പരാജയപ്പെട്ട അനുഭവം കെ.മുരളീധരൻ അദ്ദേഹത്തോട് ചോദിക്കുന്നത് നല്ലതായിരിക്കും. അതു പോലെ വയനാട് മെഡിക്കൽകോളേജിനേയും ഉയർന്ന നിലവാരത്തിലേക്ക് എത്തിക്കാനുള്ള സമ്മർദ്ദം മുരളീധരനു മേൽ ഇപ്പോൾ തന്നെ ശക്തമാണ്. പ്രിയങ്ക ഗാന്ധി പ്രതിനിധാനം ചെയ്യുന്ന ലോക് സഭാ മണ്ഡലമെന്ന നിലയിൽ ആ മേഖലയിലെ ഏറ്റവും വലിയ പ്രശ്നമായ ആരോഗ്യമേഖല ശ്രദ്ധിക്കേണ്ടത് കോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം രാഷ്ട്രീയമായ ആവശ്യം കൂടിയാണ്.**

ദേവസ്വം മന്ത്രിയ്ക്കും കഠിന പരീക്ഷണങ്ങളുടെ നാളുകളാണ് വരാൻ പോകുന്നത്. ഇക്കഴിഞ്ഞ ഇടതുഭരണകാലത്ത്  ഏറ്റവും മോശമാക്കിയ വകുപ്പാണത്. ഓരോ മൂലയിലും ദൈവം മാത്രമല്ല അഴിമതിയും  ഒളിച്ചിരിക്കുന്നുണ്ട്. ദൈവത്തിന്റെ മുതൽ കട്ടുമുടിക്കുന്നതിൽ പ്രത്യേക പ്രാവീണ്യം നേടിയവർ കൊടികുത്തി വാഴുന്ന ദേവസ്വം ബോർഡുകൾ സർക്കാരിന് തലവേദനയാകുന്നത് രണ്ടു തരത്തിലാണ്. നിയമ പ്രശ്നങ്ങൾക്കൊപ്പം അവിടെ നടക്കുന്ന ഏതു തിരിമറിയും ബി.ജെ.പി ദേശീയ തലത്തിൽ ആയുധമാക്കും.തിരുവനന്തപുരത്തെ ശ്രീപദ്മനാഭ ക്ഷേത്രത്തിൽ നിന്നും സ്വർണ്ണവും മറ്റ് വിലപിടിപ്പുള്ള സാധനങ്ങളും കവടിയാർ കൊട്ടാരത്തിലെ ആശ്രിതർ കടത്തി കൊണ്ടു പോയെന്ന റിപ്പോർട്ട് സംസ്ഥാന ഡി.ജി.പി ആഭ്യന്തവകുപ്പിന് കൈമാറിയിട്ടുണ്ട്. ഇതെല്ലാം മഞ്ഞുമലയുടെ മുകൾഭാഗം മാത്രമാണ്. ശബരിമല പ്രശ്നങ്ങൾ അവിടെ തന്നെ കിടപ്പുണ്ട്. ചുരുക്കത്തിൽ പുതിയ മന്ത്രിമാർ കണ്ണിലെണ്ണയൊഴിച്ച് ഉറങ്ങാതിരുന്നില്ലെങ്കിൽ ഭരണം അത്ര സുഖകരമായിരിക്കില്ല.




Shirley A. Abraham
Award Winning
Real Estate Broker
1-516-712-9262
shirley@nycrb.us | www.nycrb.us
NYCRB
Commercial • Investment • Advisory
Long Island | NYC | New York State
Specializing in investment sales and advisory services in Long Island, New York City, and the entire State of New York.



അവൻ , ന്യൂജെൻസ്
ഏതു രൂപത്തിലും ഏത് സമയത്തും
എവിടെയും പ്രത്യക്ഷപ്പെട്ടേക്കാം.
ഭരണകൂടങ്ങളേ,
രാഷ്ട്രീയകക്ഷികളേ ജാഗ്രത!

# കോക്രോച്ച് ജനതാപാർട്ടി
# പാറ്റകളുടെ പോരാട്ടം


എസ് സുന്ദർദാസ്



ആക്രമണകാരിയല്ലാത്തതും എന്നാൽ കേവലമായ സാന്നിധ്യംകൊണ്ടുതന്നെ നമ്മെ അലോസരപ്പെടുത്തുകയും അസ്വസ്ഥമാക്കുകയും ചെയ്യുന്ന ഒരു ക്ഷുദ്രജീവിയാണ് പാറ്റ. പ്രതികൂല സാഹചര്യങ്ങളെ നേരിടുന്നതിൽ അപാരമായ അതിജീവനശേഷി അത് പ്രകടമാക്കുന്നു. കോക്രോച്ച് ജനതാ പാർട്ടി എന്ന ഇന്ത്യയിലെ ‘അലസരും തൊഴിൽരഹിതരും‘;ആയ യുവാക്കളുടെ ഓൺലൈൻ കൂട്ടായ്മ അടിച്ചമർത്താനാവാത്ത അതിജീവനശേഷിയും പോരാട്ടവീര്യവും പ്രകടമാക്കുന്നത് ഭരണകൂടത്തെ അമ്പരപ്പിക്കുകയും പൊതുസമൂഹത്തെ വിസ്മയിപ്പിക്കുകയും ചെയ്യുന്നു.

ഇന്ത്യയിലെ തൊഴിലില്ലായ്മ, രാഷ്ട്രീയ അസ്ഥിരത, ഭരണകൂടത്തിന്റെ കഴിവില്ലായ്മ , വ്യാപകമായ അഴിമതി എന്നിവയ്ക്കെതിരെ ഉയർന്നുവന്ന യുവജനരോഷത്തിന്റെ പ്രതീകമായി ദിവസങ്ങൾകൊണ്ടുതന്നെ അത് മാറിയിരിക്കുന്നു. സർക്കാരിന്റെ കഴിവുകേടും ജാഗ്രതക്കുറവും യുവാക്കളെ എത്രത്തോളം മാരകമായി ബാധിക്കുന്നു എന്ന് വ്യക്തമാക്കുന്ന രണ്ട് സമീപകാല സംഭവങ്ങളാണ് നീറ്റ് പരീക്ഷ ചോദ്യപേപ്പർ ചോർച്ചയും സി ബി എസ് സി പരീക്ഷ മൂല്യനിർണയത്തിലെ പിഴവുകളും. ഈ സംഭവങ്ങൾക്കെതിരെ ന്യൂജെൻസിന്റെ ഭാഗത്തുനിന്നുണ്ടായ ശക്തമായ രോഷപ്രകടനത്തിന് വേദിയായത് കോക്രോച്ച് ജനതാ പാർട്ടിയുടെ (സി ജെ പി ) സൈബറിടമാണ്. ജാതി- മത- കക്ഷി ഭേദമില്ലാത്ത പ്രതിഷേധസ്വരമായിരുന്നു അത്. വ്യാവസ്ഥാപിത രാഷ്ട്രീയ കക്ഷികൾക്ക് നിയന്ത്രിക്കാനോ പ്രതിരോധിക്കാനോ കഴിയാത്തവിധം ആ പ്രതിഷേധം ശക്തി പ്രാപിച്ചു. ചോദ്യപ്പേപ്പർ ചോർച്ച, മൂല്യനിർണയവിവാദം എന്നിവ മുൻനിർത്തി കേന്ദ്ര വിദ്യാഭ്യാഅസമന്ത്രി രാജി വെക്കണമെന്ന ആവശ്യം സി ജെ പി ഉയർത്തിയപ്പോഴാണ് കാര്യങ്ങളുട ഗൗരവം സർക്കാരിന് ബോധ്യമായത്. സാധാരണ ഇത്തരം സന്ദർഭങ്ങളിൽ പ്രതിപക്ഷം മന്ത്രിയുടെ രാജി ആവശ്യം ഉന്നയിക്കുകയും സർക്കാർ അത് പതിവ് ലാഘവത്തോടെ തള്ളിക്കളയുകയുമാണ് ചെയ്യാറുള്ളത്.

എന്നാൽ ന്യൂജെൻസിന്റെ പ്രതിഷേധത്തെ അങ്ങനെ തള്ളിക്കളയാനാവില്ലെന്ന് കേന്ദ്രം കരുതുന്നു. വിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങൾക്കുപുറമെ ദിവസേന എന്നോണം ഉള്ള പെട്രോൾ വിലവർദ്ധനവും അതിന്റെ ഫലമായുണ്ടായ പൊതുവായ വിലക്കയറ്റവും യുവാക്കളെ ബാധിക്കുന്നതാണ്. യുവാക്കളെ തണുപ്പിക്കാൻ എന്തുചെയ്യണം എന്ന ആലോചനയിലാണ് ഇപ്പോൾ സർക്കാർ.




**ഇന്ത്യയിലെ തൊഴിലില്ലായ്മ, രാഷ്ട്രീയ അസ്ഥിരത, ഭരണകുടത്തിന്റെ കഴിവില്ലായ്മ , വ്യാപകമായ അഴിമതി എന്നിവയ്ക്കെതിരെ ഉയർന്നുവന്ന യുവജനരോഷത്തിന്റെ പ്രതീകമായി ദിവസങ്ങൾകൊണ്ടുതന്നെ കോക്രോച്ച് ജനതാ പാർട്ടി മാറിയിരിക്കുന്നു**

എന്തുകൊണ്ട് സർക്കാർ സി ജെ പിയെ ഭയക്കുന്നു? സൈബറിടങ്ങളിലെ പ്രതിഷേധം തെരുവിലെത്തിയാൽ വലിയ പ്രശ്നമാകും. സമീപരാജ്യങ്ങളിൽ പലതിലും ഇത്തരം ന്യൂജെൻസ് പ്രതിഷേധങ്ങൾ ഭരണകൂടങ്ങളെ അട്ടിമറിക്കുന്ന നിലയിലേക്കുപോലും എത്തിയിട്ടുണ്ട്.

കഴിഞ്ഞ ദിവസങ്ങളിൽ സി ജെ പി നേടിയ വളർച്ച (പിന്തുണ/പങ്കാളിത്തം) അമ്പരപ്പുളവാക്കുന്നതാണ്. 2026 മെയ് 16-ന് ആം ആദ്മി പാർട്ടിയുടെ മുൻ സോഷ്യൽ മീഡിയ സ്ട്രാറ്റജിസ്റ്റ് ആയിരുന്ന അഭിജീത് ദിപ്കെയാണ് ഈ പ്രസ്ഥാനം സ്ഥാപിച്ചത് 2026 മെയ് 15-ന് സുപ്രീം കോടതിയിൽ ഒരു വാദത്തിനിടെ, ഇന്ത്യയുടെ ചീഫ് ജസ്റ്റിസ് സൂര്യകാന്ത് തൊഴിലില്ലാത്ത യുവാക്കളെ 'പാറ്റകളോട്'(cockroaches) ഉപമിച്ചുകൊണ്ട് നടത്തിയ പരാമർശം വൻ പ്രതിഷേധത്തിന് കാരണമായിരുന്നു. ഈ പരാമർശത്തിനുള്ള മറുപ

ടിയായാണ് അഭിജീത് ദിപ്കെ 'കോക്രോച്ച് ജനതാ പാർട്ടി' എന്ന ആശയവുമായി രംഗത്തെത്തിയത്. അലസരുടെയും തൊഴിലില്ലാത്തവരുടെയും ശബ്ദം (Voice of the Lazy &amp Unemployed) എന്നതാണ് ഈ പ്രസ്ഥാനത്തിന്റെ മുദ്രാവാക്യം. അംഗത്വം: തുടക്കത്തിൽ 48 മണിക്കൂറിനുള്ളിൽ 40,000-ത്തിലധികം രജിസ്റ്റർ ചെയ്ത അംഗങ്ങളെ ലഭിച്ചു.

സോഷ്യൽ മീഡിയ: ഇൻസ്റ്റാഗ്രാമിൽ രണ്ട് കോടി ഇരുപത്തിഏഴ് ലക്ഷം ഫോളോവേഴ്സും എക്സിൽ (ട്വിറ്റർ) 1,50,000-ലധികം ഫോളോവേഴ്സുമുള്ള ഈ പ്രസ്ഥാനം വലിയൊരു ഓൺലൈൻ സ്വാധീനമായി മാറിയിരിക്കുന്നു.

സി ജെ പിയുടെ സമൂഹമാധ്യമ അക്കൗണ്ടുകൾ പൂട്ടിക്കാൻ സർക്കാർ ശ്രമിച്ചതാണ്. എന്നാൽ അത് പ്രയോഗികമല്ലെന്നു താമസിയാതെ വ്യക്തമായി. ദക്ഷിണേഷ്യയിലെ ചില രാജ്യങ്ങളിൽ ഇത്തരത്തിൽ യുവാക്കളിൽ പ്രകടമായിരുന്നു അസ്വസ്ഥത തെരുവിൽ പ്രതിക്ഷേധമായും തുടർന്ന് കലാപമാണ് മാറുകയുണ്ടായി. ഇത് നമുക്കും നമ്മുടെ സർക്കാറിനും ഒരു പാഠമായിരിക്കേണ്ടതാണ്.

ഡിജിറ്റൽ പ്ലാറ്റുഫോമുകളിൽ നിന്ന് യുവജനരോഷം തെരുവുകളിലേക്ക് തുളുമ്പിവീഴാൻ അധികസമയം വേണ്ട.എന്താണ് സമീപവർഷങ്ങളിൽ നമ്മുടെ അയല്രാജ്യങ്ങളായ ശ്രീലങ്കയിലും ബംഗ്ളാദേശിലും നേപ്പാളിലും സംഭവിച്ചത്? ഈ രാജ്യങ്ങളിലെ പൊതുവായ അവസ്ഥ എന്തായിരുന്നു? വ്യാപകമായ അഴിമതി, വർദ്ധിച്ചുവരുന്ന സാമ്പത്തിക അസമത്വം, ഭരണകൂടത്തിൻറെ പാലിക്കപ്പെടാത്ത മോഹനവാഗ്ദാനങ്ങൾ എന്നിവയൊക്കെ ന്യൂ ജെൻസ് രോഷത്തിന് കാരണമായി. ഉന്നതഭരണാധികാരികൾക്ക് ഒളിവിൽ പോകുകയോ രാജ്യത്തു നിന്നുതന്നെ ഒളിച്ചോടുകയോ ചെയ്യേണ്ടിവന്നു. 2022 -ൽ ശ്രീലങ്കയിലായിരുന്നു ആദ്യ ഊഴം. പിന്നീട് 2024 -ൽ ബംഗ്ളാദേശിലും 2025 -ൽ നേപ്പാളിലും യുവരോഷം തെരുവിൽ പടർന്നു. തീർച്ചയായും നമുക്ക് പഠിക്കാൻ ചില പാഠങ്ങൾ ഈ സംഭവങ്ങളിലുണ്ട്.

**തുടക്കത്തിൽ 48 മണിക്കൂറിനുള്ളിൽ 40,000 – ത്തിലധികം രജിസ്റ്റർ ചെയ്ത അംഗങ്ങളെ ലഭിച്ചു. സോഷ്യൽ മീഡിയ: ഇൻസ്റ്റാഗ്രാമിൽ രണ്ട് കോടി ഇരുപത്തിഏഴ് ലക്ഷം ഫോളോവേഴ്സും എക്സിൽ (ട്വിറ്റർ) 1,50,000 – ലധികം ഫോളോവേഴ്സുമുള്ള ഈ പ്രസ്ഥാനം വലിയൊരു ഓൺലൈൻ സ്വാധീനമായി മാറിയിരിക്കുന്നു. സി ജെ പിയുടെ സമൂഹ മാധ്യമ അക്കൗണ്ടുകൾ പൂട്ടിക്കാൻ സർക്കാർ ശ്രമിച്ചതാണ്. എന്നാൽ അത് പ്രയോഗികമല്ലെന്നു താമസിയാതെ വ്യക്തമായി.**

ഉദാഹരണത്തിന് ശ്രീലങ്കയിൽ പ്രസിഡന്റ് രാജപക്സെ 2021 -ൽ രാസവളം നിരോധിക്കുകയും ജൈവകൃഷി ചെയ്യാൻ കർഷകരോട് ആവശ്യപ്പെടുകയും ചെയ്തു. ആശയം നല്ലതെന്ന് തോന്നാം. എന്നാൽ അധികം താമസിയാതെ തന്നെ കാർഷികരംഗത്ത് ഉത്പാദനം ഗണ്യമായികുറയുകയും അത് ജനങ്ങളെ വല്ലാത്ത പട്ടിണിയിലേക്ക് തള്ളിവിടുകയുമായിരുന്നു. ഇവിടെ, ഇന്ത്യയിൽ ഇത്തരം നിയമൊന്നും കൊണ്ടുവന്നിട്ടില്ലെങ്കിലും രാസവളം ഉപേക്ഷിച്ച് ജൈവകൃഷിയിലേക്ക് നീങ്ങാൻ പ്രധാനമന്ത്രി കർഷകരെ ഉപദേശിച്ചത് കഴിഞ്ഞ ദിവസമാണ്.

സമകാലീന ഇന്ത്യൻ രാഷ്ട്രീയത്തെ കളിയാക്കുന്നതരത്തിലും എന്നാൽ വിമർശനത്തിന്റെ കൂർത്തമുനകളോടെയും ആണ് സി ജെ പി ചില ഡിമാന്റുകൾ ഉന്നയിച്ചിരിക്കുന്നത്. വിരമിച്ച ശേഷം ഒരു ചീഫ് ജസ്റ്റിസിനും രാജ്യസഭ സീറ്റ് നൽകാൻ പാടില്ല; വോട്ടർമാരുടെ പേര് പട്ടികയിൽ നിന്ന് നീക്കം ചെയ്യുന്നത് തീവ്രവാദമായി കണക്കാക്കി, ഉത്തരവാദികളായ തിരഞ്ഞെടുപ്പ് കമ്മീഷണർമാരെ യു എ പി എ പ്രകാരം അറസ്റ്റ് ചെയ്യണം; പാർലമെന്റിലും ക്യാബിനറ്റിലും സ്ത്രീകൾക്ക് 50% സംവരണം നൽകണം.

കൂറുമാറുന്ന എംപിമാർക്കും എംഎൽഎമാർക്കും 20 വർഷത്തേക്ക് തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് വിലക്കേർപ്പെടുത്തണം തുടങ്ങിയ സി ജെ പിയുടെ ആവശ്യങ്ങൾ ശ്രദ്ധിക്കുക.

ആദ്യം ഒന്ന് അമ്പരന്നുപോയ, കേന്ദ്രത്തിലെ ഭരണകക്ഷിയായ ബി ജെപി ക്ഷണവേഗത്തിൽ സി ജെ പിയെ തള്ളിപ്പറഞ്ഞു. അരാഷ്ട്രീയവാദമായാണ് അതിനെ അവർ കണ്ടത്. കോൺഗ്രസ് അടക്കമുള്ള പ്രതിപക്ഷകക്ഷികൾ കലങ്ങിയവെള്ളത്തിലിറങ്ങി മീൻ പിടിക്കുകയല്ലാതെ മറ്റെന്തുചെയ്യാൻ?

വൻ തെരഞ്ഞെടുപ്പ് തോൽവിക്ക് ശേഷം നിശബ്ദനായ പിണറായി വിജയൻ പോലും വലിയവായിൽ സി ജെ പി യെ പിന്തുണച്ച് പ്രസ്താവന ഇറക്കി.

ശശി തരൂർ, മഹുവ മൊയ്ത്ര, കീർത്തി ആസാദ് തുടങ്ങിയ പ്രമുഖ രാഷ്ട്രീയ നേതാക്കൾ ഈ പ്രസ്ഥാനത്തിന് പിന്തുണ പ്രഖ്യാപിച്ചിട്ടുണ്ട്. പ്രമുഖ രാഷ്ട്രീയ നിരീക്ഷകർ സി ജെ പിയുടെ രംഗപ്രവേശത്തെ പല വിധങ്ങളിൽ വ്യാഖ്യാനിക്കാൻ ശ്രമിക്കുന്നുണ്ട്. ശശി തരൂർ യുക്തിഭദ്രവും അർത്ഥവത്തുമായ വിശദീകരണം ഈ പുതിയ പ്രതിഭാസത്തിന്

നൽകിയത് ശ്രദ്ധേയമാണ്. സി ജെ പിയുടെ തഹാൻഡിലെ തടയപ്പെട്ടപ്പോൾ തരൂർ പറഞ്ഞത് ഒരു ശരിയായ ജനാധിപത്യവ്യവസ്ഥയിൽ ആക്ഷേപഹാസ്യത്തിനും പ്രതിഷേധത്തിനും യുവതയുടെ അസ്വസ്ഥതക്കും സ്ഥാനമുണ്ട് എന്നാണ്.

എന്നാൽ ഭരണ-പ്രതിപക്ഷ കക്ഷികൾ അടങ്ങുന്ന നമ്മുടെ രാഷ്ട്രീയക്കാർ ശ്രദ്ധിക്കാതെപോയ ഒരു കാര്യമുണ്ട്. ഇന്ത്യയിൽ ന്യൂജെൻസ് രോഷം പ്രവർത്തിച്ചുതുടങ്ങിയിരിക്കുന്നു. സമീപകാലത്ത് തമി



**വിരമിച്ച ശേഷം ഒരു ചീഫ് ജസ്റ്റിസിനും രാജ്യസഭ സീറ്റ് നൽകാൻ പാടില്ല; വോട്ടർമാരുടെ പേര് പട്ടികയിൽ നിന്ന് നീക്കം ചെയ്യുന്നത് തീവ്രവാദമായി കണക്കാക്കി, ഉത്തരവാദികളായ തിരഞ്ഞെടുപ്പ് കമ്മീഷണർമാരെ യുഎപിഎ പ്രകാരം അറസ്റ്റ് ചെയ്യണം; പാർലമെന്റിലും ക്യാബിനറ്റിലും സ്ത്രീകൾക്ക് 50% സംവരണം നൽകണം. കൂറുമാറുന്ന എംപിമാർക്കും എംഎൽഎമാർക്കും 20 വർഷത്തേക്ക് തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് വിലക്കേർപ്പെടുത്തണം തുടങ്ങിയ സി ജെ പിയുടെ ആവശ്യങ്ങൾ ശ്രദ്ധിക്കുക**

ഴ്നാട്ടിലും കേരളത്തിലും അത് പ്രകടമായിരുന്നു. ഒരാൾക്കൂട്ടത്തെ മുൻനിർത്തി എങ്ങനെയാണ് സുസജ്ജമായ പാർട്ടി ഘടനാസംവിധാനമുള്ള ഡി എം കെ പോലുള്ള കക്ഷികളെ തറപറ്റിച്ച് നടൻ ജോസഫ് വിജയ് അധികാരം പിടിച്ചെടുത്തത്? ന്യൂജെൻസിന്റെ പിന്തുണതന്നെ കാര്യം.

വോട്ടവകാശമില്ലാത്ത കുട്ടികൾ തങ്ങളുടെ രക്ഷിതാക്കളെ നിർബന്ധിച്ച് സൂപ്പർതാരത്തിന് (കുട്ടികളുടെ വിജയ് മാമ) വോട്ടുചെയ്യിച്ചുവത്രെ.

കേരളത്തിൽ യു ഡി എഫിന്റെ വിജയശില്പിയായ വി ഡി സതീശനെ മുഖ്യമന്ത്രിയാക്കാൻ ന്യൂജെൻസ് അതിന്റെ നിർണായക പങ്ക് വഹിച്ചിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട എം എൽ എ മാരിൽ വലിയ ഭൂരിപക്ഷമുണ്ടായിട്ടും ഹൈക്കമാന്റിന്റെ ശക്തമായ പിന്തുണയുണ്ടായിട്ടും കെ സി വേണുഗോപാലിന്റെ ചുണ്ടിൽനിന്നും ആ കപ്പ് തെറിപ്പിച്ചത്. അവരാണ്. സതീശനുവേണ്ടി സംസ്ഥാനത്തുടനീളം നടന്ന പ്രതിഷേധ വിലാപങ്ങൾ കണ്ട് എപ്പോഴും ന്യൂജെൻസിന്റെ പൾസ് പിടിച്ചുനോക്കുന്ന രാഹുൽ ഗാന്ധി അന്തംവിട്ടുപോയി.


അതുകൊണ്ട് അവൻ , ന്യൂജെൻസ് ഏതു രൂപത്തിലും ഏത് സമയത്തും എവിടെയും പ്രത്യക്ഷപ്പെട്ടേക്കാം. ഭരണകൂടങ്ങളേ, രാഷ്ട്രീയകക്ഷികളേ ജാഗ്രത!




# ഭാസുരസങ്കൽപ്പങ്ങളും കുറെ യാഥാർത്ഥ്യങ്ങളും

പി കെ ശ്രീനിവാസൻ

തമിഴകത്തിൻെറ ദ്രാവിഡകുത്തക സംസ്കാരത്തിൻെറ കടയ്ക്കൽ കത്തിവച്ചുകൊണ്ട് അധികാരക്കസേരയിൽ കയറിയിരുന്ന നടൻ സി ജോസഫ് വിജയ് തമിഴ് വെട്രികഴകം (ടിവികെ) അത്ഭുതങ്ങൾ സൃഷ്ടിക്കുമെന്ന് ആരും വിശ്വസിക്കുന്നില്ല. എന്നാൽ നിലവിലുള്ള വിശ്വാസങ്ങളെ അമ്പരപ്പിക്കാൻ വിജയ്ന് കഴിഞ്ഞിരിക്കുന്നു. 59 വർഷം ഭരണത്തിൽനിന്ന് മാറിനിൽക്കേണ്ടിവന്ന തമിഴ്നാട്ടിലെ കോൺഗ്രസിന്



ഒരിക്കലും ഭരണപങ്കാളിത്തം കൈവരിക്കാനാവില്ലെന്ന ചിന്താഗതിക്ക് മാറ്റം വന്നു. അധികാരത്തോടുള്ള ഡിഎംകെയുടെ ആർത്തിയെയാണ് വിജയ് സർക്കാർ അട്ടിമറിച്ചിരിക്കുന്നത്. കോൺഗ്രസിൻെറ അടിത്തറ തകർത്ത ശേഷം നാൽപ്പത്തൊമ്പത് വർഷം മാറിമാറി ഭരിച്ച ദ്രാവിഡകക്ഷികൾ ഇതുവരെ കോൺഗ്രസിനെ വെറും തുറുപ്പുശീട്ടുകളാക്കി മാറ്റുകയായിരുന്നു. വിജയ്ൻെറ മന്ത്രിസഭയിൽ രണ്ട് കോൺഗ്രസ് മന്ത്രിമാർ കടന്നുവരുന്നതോടെ തമിഴക രാഷ്ട്രീയഭൂപടത്തിൽ പുതിയ വിശ്വാസങ്ങളും വിതാനങ്ങളും അരങ്ങേറുകയാണ്. ‘‘കേന്ദ്രഭരണം കോൺഗ്രസിന് സംസ്ഥാന ഭരണം ഞങ്ങൾക്ക്’’ എന്ന

അലിഖിത മുദ്രാവാക്യവുമായി വർഷങ്ങളായി മുന്നേറിക്കൊണ്ടിരിക്കുന്ന ദ്രാവിഡ സംസ്കാരത്തിന് നേരെ വിരൽ ചൂണ്ടി നിൽക്കുകയാണ് കോൺഗ്രസ്.

വിസികെ, മുസ്ലിംലീഗ് തുടങ്ങിയ കക്ഷികൾ വിജയ് സർക്കാരിനെ പിന്തുണയ്ക്കുകയും ഭരണത്തിൽ പങ്കാളികളാവുകയും ചെയ്തതോടെ തമിഴക രാഷ്ട്രീയത്തിൽ അസാധാരണമായ മുന്നേറ്റമാണ് സംഭവിക്കുന്നത്. മോഡിക്കെതിരെ കെട്ടിപ്പൊക്കിയ ഇന്ത്യാമുന്നണിയുടെ തകർച്ചയാണ് ഇപ്പോൾ നാം കാണുന്നത്. ദ്രാവിഡകക്ഷികളുടെ അഹന്തയാണ് ഇവിടെ പതഞ്ഞുപൊങ്ങുന്നത്. തെരഞ്ഞെടുപ്പിനു മുമ്പുതന്നെ വിജയിച്ചുകഴിഞ്ഞാൽ ഘടകകക്ഷികൾക്ക് ഭരണത്തിൽ പങ്കാളിത്തം നൽകില്ലെന്ന വാശിയിലായിരുന്നു ഡിഎംകെ. വെറും അടിമകളെപ്പോലെ നിൽക്കാൻ തങ്ങൾ തയ്യാറല്ലെന്ന് കോൺഗ്രസ് പ്രഖ്യാപിച്ചതോടെ ഇന്ത്യാസഖ്യം മുട്ടിടിച്ചുവീണു. വിജയ്ന്റെ പാർട്ടിയാണ് കോൺഗ്രസിനെ ഈ ദുരന്തത്തിൽനിന്ന് മോചിപ്പിച്ചത്.

തമിഴകത്ത് തികച്ചും ഒരു മതേതരഭരണത്തിന്റെ തുടക്കം ആരംഭിച്ചിരിക്കുകയാണ്. 35 മന്ത്രിമാരുടെ പട്ടിക നോക്കിയാൽ ത്തന്നെ ആശാവഹമായ മുന്നേറ്റമാണ് കണുന്നത്. 22 മന്ത്രിമാരിൽ 50 വയസ്സിനു താഴെയുള്ളവരാണ് അധികവും. 15 വർഷമായി വയസ്സന്മാരുടെ കൂത്തരങ്ങായിരുന്നു തമിഴക മന്ത്രിസഭകൾ. 51 വയസ്സുള്ള വിജയ്ന്റെ സഭയിൽ മന്ത്രിമാരുടെ ആവറേജ് വയസ്സ് 44.6 ആണ്. 2021 ലെ സ്റ്റാലിൻ മന്ത്രിസഭയിലാകട്ടെ അത് 61.3 ആയിരുന്നു. ഇപ്പോഴത്തെ മന്ത്രിമാരിൽ ഒൻപതു പേർ മുപ്പതുകളിൽ നിൽക്കുന്നവരാണ്. അതിൽ രണ്ടു വനിതകളും. പ്രായം കുറഞ്ഞവർ അഴിമതിയിൽ പിന്നിലായിരിക്കുമെന്ന ചിന്തയാണ്




ഇവിടെ പ്രകടമാകുന്നത്. ടിവികെ മന്ത്രിസഭയിൽ 70–80 വയസ്സിൽപ്പെട്ടവരിൽ ഒരാൾ മാത്രം- എഐഎഡിഎംകെയിൽനിന്ന് ടിവികെയിൽ എത്തിയ കെഎ സെങ്കോട്ടിയൻ. എട്ട് പേർ ദളിത് വിഭാഗത്തിലുള്ളവരാണ്. ഇതൊരു പുരോഗമനപരമായ നീക്കമാണ്.

ജനങ്ങളുടെ വിശ്വാസമാർജ്ജിക്കാനും അവരുടെ പ്രതീക്ഷകൾക്ക് ആക്കം വർദ്ധിപ്പിക്കാനുമുള്ള

**59 വർഷം ഭരണത്തിൽനിന്ന് മാറിനിൽക്കേണ്ടിവന്ന തമിഴ്നാട്ടിലെ കോൺഗ്രസിന് ഒരിക്കലും ഭരണ പങ്കാളിത്തം കൈവരിക്കാനാവില്ലെന്ന ചിന്താഗതിക്ക് മാറ്റം വന്നു. അധികാരത്തോടുള്ള ഡിഎംകെയുടെ ആർത്തിയെയാണ് വിജയ് സർക്കാർ അട്ടിമറിച്ചിരിക്കുന്നത്. കോൺഗ്രസിന്റെ അടിത്തറ തകർത്ത ശേഷം നാൽപ്പത്തൊമ്പത് വർഷം മാറിമാറി ഭരിച്ച ദ്രാവിഡകക്ഷികൾ ഇതുവരെ കോൺഗ്രസിനെ വെറും തുറുപ്പുശീട്ടുകളാക്കി മാറ്റുകയായിരുന്നു. വിജയ്ന്റെ മന്ത്രിസഭയിൽ രണ്ട് കോൺഗ്രസ് മന്ത്രിമാർ കടന്നുവരുന്നതോടെ തമിഴക രാഷ്ട്രീയഭൂപടത്തിൽ പുതിയ വിശ്വാസങ്ങളും വിതാനങ്ങളും അരങ്ങേറുകയാണ്**

ശ്രമങ്ങളാണ് തുടക്കത്തിൽ തന്നെ ടിവികെ സർക്കാർ ആരംഭിച്ചിരിക്കുന്നത്. തമിഴ്നാട്ടിലെ നാലായിരത്തോളം മദ്യഷാപ്പുകളിൽ 717 എണ്ണം അടച്ചുപൂട്ടാനുള്ള തീരുമാനമാണ് ജനങ്ങളെ ആദ്യം ആഹ്ലാദിപ്പിച്ചത്. സ്കൂളുകളുടെയും ആരാധനാലയങ്ങളുടെയും ബസ്സ്റ്റാൻഡുകളുടെയും സമീപത്തുള്ള മദ്യഷാപ്പുകളാണ് അടച്ചുപൂട്ടാൻ പോകുന്നത്. മുൻസർക്കാരാകട്ടെ 50 മീറ്റർ അകലെ എന്ന നയമാണ് സ്വീകരിച്ചിരുന്നത്. വിജയ് അത് 500 മീറ്ററായി ഉയർത്തിയിരിക്കുന്നു. കഴിഞ്ഞദിവസം ലഹരിമരുന്ന് വിൽപ്പനയിലും മറ്റും ഏർപ്പെട്ടിരുന്ന 133 പേരെ അറസ്റ്റുചെയ്തതോടെ പുതിയൊരു അധ്യായത്തിന് തുടക്കം കുറിച്ചിരിക്കുകയാണ്.

പ്രകടനപത്രിയിൽ പ്രഖ്യാപിച്ചിരുന്ന പല വാഗ്ദാനങ്ങളും നടപ്പിലാക്കാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുതുടങ്ങി. മുഖ്യമന്ത്രി ആയിരുന്ന കാലത്ത് സാധാരണക്കാർക്ക് വേണ്ടി ജയലളിത ആരംഭിച്ചിരുന്ന ''അമ്മ ഉണവകം'' (അമ്മ ഭക്ഷണാലയം) സ്റ്റാലിന്റെ ഭരണകാലത്ത് പരിമിതികളുടേയും അഴിമതികളുടേയും കുത്തൊഴുക്കിൽ പെട്ടുപോയിരുന്നു. സാധാരണക്കാർക്ക് കുറഞ്ഞ വിലയ്ക്ക് മൂന്നുനേരം ആഹാരം നൽകുന്ന പ്രസ്ഥാനമായിരുന്നു അമ്മ ഉണവകം. അതിന്റെ ഗു

ണനിലവാരം മെച്ചപ്പെടുത്താനും വിജയ് സർക്കാർ മുൻകൈയെടുക്കുന്നു.

വർഷങ്ങളായി തമിഴ്നാട്ടിലെ ഏറ്റവും വലിയ പ്രശ്നം തൊഴിലില്ലായ്മയാണ്. അതിനൊരു പരിഹാരം കാണാതെ രക്ഷയില്ലെന്ന് നിലപാട് പല വിദഗ്ധരും ഉന്നയിച്ചിട്ടുള്ളതുമാണ്. അതിൻെറ അടിസ്ഥാനത്തിലാണ് ടിവികെ പ്രകടനപത്രികയിൽ അതുമായി ബന്ധപ്പെട്ട പുതിയ ചില ആശയങ്ങൾ ആവിഷ്കരിച്ചത്. ''നമത് ഊരിൽ നമ്മക്കാക വേലൈവായ്പ്പ്'' (നമ്മുടെ നാട്ടിൽ നമുക്ക് ജോലി), വെട്രി സ്കിൽ ട്രെയിനിങ് ഉറപ്പ് പദ്ധതി എന്നിവയൊക്കെ തമിഴ് യുവാക്കളെ ജീവിതത്തിൻെറ മുൻനിരയിൽ എത്തിക്കാനുള്ള ശ്രമങ്ങളുടെ ഭാഗമാണ്. വിദ്യാഭ്യാസലോണുകൾ, തൊഴിൽ രഹിതർക്കുള്ള ധനസഹായം തുടങ്ങിയ നിരവധി പദ്ധതികൾ നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചിരിക്കുന്നു.

ടിവികെയുടെ പ്രകടനപത്രികയിൽ ഏറ്റവുമധികം ശ്രദ്ധ കേന്ദ്രീകരിച്ചത് സ്ത്രീകളുടെ പ്രശ്നങ്ങളിലാണ്. കുടുംബത്തിൻെറ നെടുംതൂണുകൾ സ്ത്രീകളാണെന്നും അവരുടെ ഉന്നമനത്തിലൂടെ മാത്രമേ ഒരു സമൂഹത്തെ ഉയർത്താൻ കഴിയൂ എന്നും പലപ്പോഴും നമ്മുടെ സർക്കാരുകൾ മറന്നു പോകാറുണ്ട്. ഏറ്റവുമധികം ദളിതർ കഷ്ടത അനുഭവിക്കുന്ന സംസ്ഥാനമാണ് തമിഴ്നാട്. അവരുടെ അവസ്ഥ മോശമായതു കൊണ്ടാണ് ഉന്നത ജാതിയിൽ നിന്ന് അവർക്ക് മോശപ്പെട്ട ഇടപെടലുകളും സമീപനങ്ങളും നേരിടേണ്ടി വരുന്നതെന്ന് ടിവികെ സംഘം കണ്ടെത്തിയിരുന്നു. അതിനാൽ സ്ത്രീകളുടെ ഉയർച്ചയ്ക്ക് വേണ്ടി നിരവധി കാര്യങ്ങൾ ചെയ്യാൻ വിജയ് ഇപ്പോൾ മുന്നോട്ടു വരികയാണ്.

**35 മന്ത്രിമാരുടെ പട്ടിക നോക്കിയാൽത്തന്നെ ആശാവഹമായ മുന്നേറ്റമാണ് കണുന്നത്. 22 മന്ത്രിമാരിൽ 50 വയസ്സിനു താഴെയുള്ളവരാണ് അധികവും. 15 വർഷമായി വയസ്സന്മാരുടെ കൂത്തരങ്ങായിരുന്നു തമിഴക മന്ത്രിസഭകൾ. 51 വയസ്സുള്ള വിജയ്ൻെറ സഭയിൽ മന്ത്രിമാരുടെ ആവറേജ് വയസ്സ് 44.6 ആണ്. 2021 ലെ സ്റ്റാലിൻ മന്ത്രിസഭയിലാകട്ടെ അത് 61.3 ആയിരുന്നു. ഇപ്പോഴത്തെ മന്ത്രിമാരിൽ ഒൻപതു പേർ മുപ്പതുകളിൽ നിൽക്കുന്നവരാണ്. അതിൽ രണ്ടു വനിതകളും. എട്ട് പേർ ദളിത് വിഭാഗത്തിലുള്ളവരാണ്. ഇതൊരു പുരോഗമനപരമായ നീക്കമാണ്.**

കുടുംബത്തിൻെറ ചുമതല വഹിക്കുന്ന 60 വയസ്സിന് താഴെയുള്ള കുടുംബിനികൾക്ക് പ്രതിമാസം 2500 രൂപയും പ്രായം ചെന്നവർക്കും വിധവകൾക്കും അംഗവൈകല്യമുള്ളവർക്കും പ്രതിമാസം 3000 രൂപ അലവൻസും കൊടുക്കുമെന്ന് സർക്കാർ ഉറപ്പുനൽകുന്നു. അന്നപൂരണി സൂപ്പർ എന്ന വിഭാഗത്തിൽ ഒരു കുടുംബത്തിന് വർഷം ആറ് ഗ്യാസ് സിലിണ്ടറുകൾ സൗജന്യമായി നൽകാനും പദ്ധതികൾ ആരംഭിച്ചിരിക്കുന്നു. അണ്ണൻ തീർ തിട്ടം പദ്ധതി അനുസരിച്ച് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പെൺകുട്ടികളുടെ വിവാഹത്തിന് 8 ഗ്രാം സ്വർണവും സിൽക്ക് സാരിയും സർക്കാർ സമ്മാനമായി നൽകും. സ്ത്രീകളുടെ സ്വയംസഹായ ഗ്രൂപ്പുകൾക്ക് പലിശയില്ലാതെ 5 ലക്ഷം രൂപ വരെ ലോൺ നൽകും. തൊഴിൽ രഹിതരായ ബിരുദധാരികൾക്ക് 4000 രൂപയും ഡിപ്ലോമോ / ഐടിഐ സർട്ടിഫിക്കറ്റ് ലഭിച്ചവർക്ക് 2500 രൂപയും പ്രതിമാസം ധനസഹായവും ലഭിക്കും. പുതുതായി 5 ലക്ഷം പേർക്ക് സർക്കാർ ജോലി നൽകും.

വിജയ് പ്രകടനപത്രികയിലൂടെ പ്രഖ്യാപിച്ചിരിക്കുന്ന പദ്ധതികൾക്ക് മാത്രം ഒരു ലക്ഷം കോടി രൂപ വേണ്ടിവരും എന്നാണ് കണക്കാക്കപ്പെടുന്നത്. കഴിഞ്ഞ സ്റ്റാലിൻ സർക്കാർ 65000 കോടിയാണ് ഇത്തരം പദ്ധതികൾക്ക് ചിലവിട്ടിരുന്നത്. ഇന്നത്തെ വരുമാനം ഇല്ലാത്ത അവസ്ഥയും പരിഗണിക്കേണ്ടതാണ്. 2025-26 ലെ ജിഎസ്ഡിപി






മൂന്ന് ശതമാനം ആയിരുന്നത് 3.5– 4 ശതമാനംവരെ ഉയരാനും സാധ്യത കാണുന്നുണ്ട്. കൂടാതെ സർക്കാർ ജീവനക്കാർക്ക് ശമ്പള വർദ്ധനവും പ്രഖ്യാപിച്ചിട്ടുണ്ട്. ടിവി കേക്ക് വ്യക്തമായ ധാരണയില്ലാതെയാണ് ഇത്തരം സാമ്പത്തിക സഹായങ്ങൾ പ്രഖ്യാപിച്ചിരിക്കുന്നത് എന്നാണ് സാമ്പത്തിക വിദഗ്ധർ പറയുന്നത്. അതിവിശാലമായ ഇത്തരം പ്രഖ്യാപനങ്ങൾ സാമ്പത്തികമായ തലകുത്തി വീണിരിക്കുന്ന ഒരു സംസ്ഥാനത്തിന് താങ്ങാൻ പറ്റുമോ എന്ന് അവർ ആശ്ചര്യപ്പെടുന്നു. തെരഞ്ഞെടുപ്പിന് മുൻപ് വിജയ് നൽകിയ ഇത്തരം മോഹന വാഗ്ദാനങ്ങൾ ആണ് ടിവികെയുടെ വിജയം ഉറപ്പിച്ചത്. സ്ത്രീകളിലും പുതിയ വോട്ടർമാരായ യുവതീയുവാക്കളിലും ഇതെല്ലാം വൻതോതിലുള്ള മനംമാറ്റത്തിന് കാരണമായിരുന്നു.

മുകൾത്തട്ടിൽ നിന്നുള്ള ഭരണ പരിഷ്കാരങ്ങൾക്ക് സർക്കാർ ശ്രമം ആരംഭിച്ചു കഴിഞ്ഞു. പോലീസിന്റെ തലപ്പത്ത് തന്നെ വമ്പൻ അഴിച്ചുപണി തുടങ്ങി. ഉയർന്ന പോലീസ് ഉദ്യോഗസ്ഥരെ പലരെയും സ്ഥലം മാറ്റിക്കഴിഞ്ഞു. അതേപോലെ വികസനവുമായി ബന്ധപ്പെട്ട പല വകുപ്പുകളിലും കാതലായ മാറ്റങ്ങൾ വരുത്തിത്തുടങ്ങിയിരിക്കുന്നു. സ്റ്റാലിൻ ഭരണകൂടത്തോട് മമത കാണിച്ചവരെ മാറ്റിനിർത്തിയാൽ മാത്രമേ ഭരണം

**വിജയ് പ്രകടനപത്രികയിലൂടെ പ്രഖ്യാപിച്ചിരിക്കുന്ന പദ്ധതികൾക്ക് മാത്രം ഒരു ലക്ഷം കോടി രൂപ വേണ്ടിവരും എന്നാണ് കണക്കാക്കപ്പെടുന്നത്. കഴിഞ്ഞ സ്റ്റാലിൻ സർക്കാർ 65000 കോടിയാണ് ഇത്തരം പദ്ധതികൾക്ക് ചിലവിട്ടിരുന്നത്. ഇന്നത്തെ വരുമാനം ഇല്ലാത്ത അവസ്ഥയും പരിഗണിക്കേണ്ടതാണ്. 2025–26 ലെ ജിഎസ്ഡിപി മൂന്ന് ശതമാനം ആയിരുന്നത് 3.5– 4 ശതമാനംവരെ ഉയരാനും സാധ്യത കാണുന്നുണ്ട്. കൂടാതെ സർക്കാർ ജീവനക്കാർക്ക് ശമ്പള വർദ്ധനവും പ്രഖ്യാപിച്ചിട്ടുണ്ട്. ടിവി കേക്ക് വ്യക്തമായ ധാരണയില്ലാതെയാണ് ഇത്തരം സാമ്പത്തിക സഹായങ്ങൾ പ്രഖ്യാപിച്ചിരിക്കുന്നത് എന്നാണ് സാമ്പത്തിക വിദഗ്ധർ പറയുന്നത്.**

സുതാര്യമാകൂ എന്ന് വിജയ് വിശ്വസിക്കുന്നുണ്ടാകണം. സമൂഹത്തിൽ പ്രശ്നങ്ങൾ ഉണ്ടായാൽ ബന്ധപ്പെട്ടവരെ അറിയിക്കാനും പരിഹാര നടപടികൾ സ്വീകരിക്കാനും പൊതുജനങ്ങൾക്കായി ചില ആപ്ലിക്കേഷനുകൾ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.


അഴിമതിയില്ലാത്ത ഒരു ഭരണകൂടത്തിന് മാത്രമേ സംസ്ഥാനത്തെ മുൻനിരയിൽ എത്തിക്കാൻ കഴിയൂ എന്ന് ടിവികെ സർക്കാർ വിശ്വസിക്കുന്നു. മികച്ച ഭരണസംഘത്തെ അതിനായി സജ്ജമാക്കുകയാണ് ഇപ്പോഴത്തെ വിജയ്‌ന്റെ ലക്ഷ്യം. സ്റ്റാലിൻ ഭരണകൂടത്തിൽ പരിചയസമ്പന്നരായ നിരവധി മന്ത്രിമാർ ഉണ്ടായിരുന്നു. എന്നാൽ വിജയ് സർക്കാരിൽ വേണ്ടത്ര മുൻപരിചയമുള്ളവർ കുറവാണ്. അത് ഈ സർക്കാരിന്റെ പ്രകടനങ്ങളെ എത്രത്തോളം ബാധിക്കും എന്നാണ് വിദഗ്ധർ ചിന്തിക്കുന്നത്.



# ഹരിത മുഖ്യമന്ത്രി

**ഇപ്പോൾ കേരളത്തിലുള്ള ഒമ്പതുലക്ഷത്തോളം ഹെക്ടർ വനങ്ങളിൽ രണ്ടു ലക്ഷത്തോളം ഹെക്ടർ അച്യുതമേനോന്റെ സംഭാവനയാണെന്നു പറയുന്നതിൽ തെറ്റുണ്ടെന്നു തോന്നുന്നില്ല. എന്തെന്നാൽ ഇവ ഒരു പൈസപോലും നഷ്ടപരിഹാരം നൽകാതെയാണ് സർക്കാരിലേക്ക് മുതൽക്കൂട്ടിയത്."**

*ഫോട്ടോ:* പുനലൂർ രാജൻ
*എഴുത്ത്:* മാങ്ങാട് രത്നാകരൻ




അച്യുതമേനോൻ പ്രസംഗിക്കുന്നു

മാർക്സിസവും പരിസ്ഥിതിയും തമ്മിൽ മോരും മുതിരയും പോലെ ചേരാത്തവയാണെന്നായിരുന്നു നീണ്ടകാലം നിലനിന്ന സങ്കല്പം. മാർക്സ് മനുഷ്യനെയാണ് കേന്ദ്രസ്ഥാനത്തുനിർത്തിയതെന്നും പ്രകൃതി മനുഷ്യനു ചൂഷണം ചെയ്യാനുള്ളതാണെന്നുമാണ് 'സ്റ്റാലിനിസ്റ്റ് മാർക്സിസ്റ്റ്' ചിന്തകന്മാർ സ്ഥാപിച്ചുകൊണ്ടിരുന്നത്. പഴയ സോവിയറ്റ് യൂണിയന്റെ വികസനസങ്കല്പങ്ങളിൽ പ്രകൃതിക്കും പരിസ്ഥിതിക്കും യാതൊരു സ്ഥാനവുമുണ്ടായില്ല. പക്ഷേ, ശരീരം കൊണ്ടും ആത്മാവുകൊണ്ടും തലച്ചോറുകൊണ്ടും നമ്മൾ പ്രകൃതിയുടെ ഭാഗമാണെന്നായിരുന്നു മാർക്സിന്റെയും എംഗൽസിന്റെയും വ്യക്തവും കൃത്യവുമായ നിലപാട്. വളരെ വൈകിയാണ് മാർക്സിസ്റ്റ് പണ്ഡിതന്മാർ മാർക്സിന്റെ രചനകളിലെ പരിസ്ഥിതിദർശനം അന്വേഷിക്കുന്നതും വീണ്ടെടുക്കുന്നതും.

സി.അച്യുതമേനോനെക്കുറിച്ചുള്ള ഈ പംക്തിയിൽ ഇങ്ങനെയൊരു മുഖവുരയെഴുതാൻ കാരണമുണ്ട്. അച്യുതമേനോന്റെ ജീവിതത്തെ പുതിയൊരു കാഴ്ചപ്പാടിലൂടെ വീക്ഷിക്കുന്ന ഒരു ജീവചരിത്രം, 'അച്യുതമേനോൻ ഹരിത മുഖ്യമന്ത്രി' (പ്രഭാത് ബുക്ക് ഹൗസ്, 2018) ഈയിടെ വായിക്കാനിടയായി. പ്രമുഖ ശാസ്ത്രസാഹിത്യകാരനും, കേരളത്തിലെ വനങ്ങളുടെ ചരിത്രകാരനുമായ സി.കെ.കരുണാകരനാണ് ഗ്രന്ഥകാരൻ. വനംവകുപ്പിൽ ജോലിചെയ്തിരുന്ന കരുണാകരൻ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററായാണ്

> **ശരീരം കൊണ്ടും ആത്മാവുകൊണ്ടും തലച്ചോറുകൊണ്ടും നമ്മൾ പ്രകൃതിയുടെ ഭാഗമാണെന്നായിരുന്നു മാർക്സിന്റെയും എംഗൽസിന്റെയും വ്യക്തവും കൃത്യവുമായ നിലപാട്. വളരെ വൈകിയാണ് മാർക്സിസ്റ്റ് പണ്ഡിതന്മാർ മാർക്സിന്റെ രചനകളിലെ പരിസ്ഥിതിദർശനം അന്വേഷിക്കുന്നതും വീണ്ടെടുക്കുന്നതും.**



**അച്യുതമേനോനും സുഹൃത്തുക്കളും**

വിരമിച്ചത് (1991). അതുകൊണ്ടു തന്നെ താൻ പ്രതിപാദിക്കുന്ന വിഷയങ്ങളെക്കുറിച്ച്, കൃത്യമായ കണക്കുകളോടെയും വിശദാംശങ്ങളോടെയും ആധികാരികമായാണ് അദ്ദേഹം എഴുതുന്നത്.

പ്രകൃതിയെക്കുറിച്ച് അഗാധമായ ആത്മീയ കാഴ്ചപ്പാടുണ്ടായിരുന്ന മഹദ്വ്യക്തിയായിരുന്നു മഹാത്മാഗാന്ധി. ''പ്രകൃതിയിൽ മനുഷ്യന്റെ ആവശ്യത്തിനായുള്ള എല്ലാമുണ്ട്, അത്യാർത്തിക്കായുള്ളതില്ല,'' എന്നായിരുന്നു ഗാന്ധിജിയുടെ വിഖ്യാതമായ അഭിപ്രായം. പക്ഷേ, ഗാന്ധിജി ഭരണാധികാരിയായിരുന്നില്ല. ഗാന്ധിജിയുടെ അനുഗ്രഹാശിസ്സുകളോടെ അധികാരത്തിലേറിയവരാകട്ടെ, പുരോഗതിയെയും വികസനത്തെക്കുറിച്ചുള്ള ചിന്തയിൽ പരിസ്ഥിതിക്ക് കാര്യമായ പ്രാധാന്യം നൽകിയതുമില്ല. രാജ്യത്തിന്റെ പ്രകൃതിയും പരിസ്ഥിതിയും ശോഷിക്കുകയായിരുന്നു ഇതിന്റെ ആത്യന്തിക ഫലം.

**പ്രകൃതിയെക്കുറിച്ച് അഗാധമായ ആത്മീയ കാഴ്ചപ്പാടുണ്ടായിരുന്ന മഹദ്വ്യക്തിയായിരുന്നു മഹാത്മാ ഗാന്ധി. "പ്രകൃതിയിൽ മനുഷ്യന്റെ ആവശ്യത്തിനായുള്ള എല്ലാമുണ്ട്, അത്യാർത്തിക്കായുള്ളതില്ല," എന്നായിരുന്നു ഗാന്ധിജിയുടെ വിഖ്യാതമായ അഭിപ്രായം. പക്ഷേ, ഗാന്ധിജി ഭരണാധികാരിയായിരുന്നില്ല. ഗാന്ധിജിയുടെ അനുഗ്രഹാശിസ്സുകളോടെ അധികാരത്തിലേറിയവരാകട്ടെ, പുരോഗതിയെയും വികസനത്തെക്കുറിച്ചുള്ള ചിന്തയിൽ പരിസ്ഥിതിക്ക് കാര്യമായ പ്രാധാന്യം നൽകിയതുമില്ല.**

അച്യുതമേനോൻ കേരളത്തിലെ വനമേഖലയ്ക്കും പരിസ്ഥിതിക്കും നൽകിയ വലിയ സംഭാവനകൾ ഗ്രന്ഥകാരൻ ആമുഖത്തിൽത്തന്നെ അടിവരയിട്ടു പറയുന്നു. ''സ്വകാര്യവനങ്ങൾ ദേശസാൽക്കരിച്ചതും കണ്ണൻദേവൻ മിച്ചഭൂമി ഏറ്റെടുത്തതും അച്യുതമേനോന്റെ സ്വന്തം പരിശ്രമം മൂലമാണെന്നുള്ള വസ്തുത അവിതർക്കിതമാണ്. ഇവ രണ്ടുംകൂടിയുള്ള വിസ്തൃതി രണ്ടുലക്ഷം ഹെക്ടറോളം ഉണ്ട്. അങ്ങനെ ഇപ്പോൾ കേരളത്തിലുള്ള ഒമ്പതുലക്ഷത്തോളം ഹെക്ടർ വനങ്ങളിൽ രണ്ടു ലക്ഷത്തോളം ഹെക്ടർ അച്യുതമേനോന്റെ സംഭാവനയാണെന്നു പറയുന്നതിൽ തെറ്റുണ്ടെന്നു തോന്നുന്നില്ല. എന്തെന്നാൽ ഇവ ഒരു പൈസപോലും നഷ്ടപരിഹാരം നൽകാതെയാണ് സർക്കാരിലേക്ക് മുതൽക്കൂട്ടിയത്.''



**ഇ എം എസ്**

എന്നുമാത്രമല്ല, ക്രാന്തദർശിത്വത്തോടെ സംസ്ഥാനത്ത് ആദ്യമായി ഒരു വനഗവേഷണസ്ഥാപനത്തിന് അച്യുതമേനോൻ രൂപം നൽകുകയും ചെയ്തു. പരിസ്ഥിതിയെക്കുറിച്ച് ഇപ്പോഴത്തെപ്പോലെ ശാസ്ത്രജ്ഞരും പൊതുജനങ്ങളും ബോധവാന്മാരല്ലാതിരുന്ന എഴുപതുകളിലാണ് ഒരു ശാസ്ത്ര സാങ്കേതിക പരിസ്ഥിതി സ്ഥാപനം രൂപീകരിക്കുന്നതെന്ന് ഓർക്കണം (ഇന്നത്തെ സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി ആൻഡ് എൻവയൺമെന്റ്, KSCSTE).

ഇക്കാര്യത്തിൽ അച്യുതമേനോനിൽ ബാല്യകാലം തൊട്ട് അന്തർലീനമായിരുന്ന പ്രകൃതിസ്നേഹമാണ് പ്രവർത്തിച്ചതെന്ന് ഗ്രന്ഥകാരൻ എഴുതുന്നു. ഏതു പുതിയ പദ്ധതി ആവിഷ്കരിക്കുമ്പോഴും അവ സൃഷ്ടിച്ചേക്കാവുന്ന പാരിസ്ഥിതിക ആഘാതത്തെക്കുറിച്ച് അച്യുതമേനോൻ ആ



**പുനലൂർ രാജൻ**

**ക്രാന്തദർശിത്വത്തോടെ സംസ്ഥാനത്ത് ആദ്യമായി ഒരു വനഗവേഷണ സ്ഥാപനത്തിന് അച്യുതമേനോൻ രൂപം നൽകി.. പരിസ്ഥിതിയെക്കുറിച്ച് ഇപ്പോഴത്തെപ്പോലെ ശാസ്ത്രജ്ഞരും പൊതുജനങ്ങളും ബോധവാന്മാരല്ലാതിരുന്ന എഴുപതുകളിലാണ് ഒരു ശാസ്ത്ര സാങ്കേതിക പരിസ്ഥിതി സ്ഥാപനം രൂപീകരിക്കുന്നതെന്ന് ഓർക്കണം (ഇന്നത്തെ സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി ആൻഡ് എൻവയൺമെന്റ്, KSCSTE).**

രംഗത്തെ വിദഗ്ധരുമായി കൂടിയാലോചിച്ചിരുന്നു.

അച്യുതമേനോന് പ്രകൃതിയോടുണ്ടായിരുന്ന ഈ സഹജാവബോധം തുടർന്നുവന്ന മുഖ്യമന്ത്രിമാർക്കോ മന്ത്രിമാർക്കോ ഉണ്ടായിരുന്നില്ല. എന്തിന്, തന്റേ തന്നെ പാർട്ടിയിലെ സർവാദരണീയരായ നേതാക്കന്മാർ പോലും പരിസ്ഥിതിക്ക് രണ്ടാംസ്ഥാനം മാത്രമേ നൽകിയിരുന്നുള്ളൂ.

പി.കെ.വാസുദേവൻ നായർ വൈദ്യുതിവകുപ്പ് മന്ത്രിയായിരിക്കെയാണ് സൈലന്റ് വാലി പദ്ധതി നടപ്പിലാക്കാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടത്തിയത്. അത്യപൂർവമായ മഴക്കാടാണ് അതെന്നും സസ്യജാലങ്ങളുടെയും പക്ഷിമൃഗാദികളുടേയും ആവാസകേന്ദ്രമാണെന്നും ചൂണ്ടിക്കാട്ടി പദ്ധതി ഉപേക്ഷിക്കണമെന്ന് പരിസ്ഥിതി പ്രവർത്തകർ ആവശ്യപ്പെട്ടു. കേന്ദ്രസർക്കാരും ഇതേ ആവശ്യം ഉന്നയിച്ചു. അപ്പോഴും പി.കെ.വിയും കെ.എസ്.ഇ.ബിയും പദ്ധതിക്കു പിന്നിൽ ഉറച്ചുനിൽക്കുകയാണു ചെയ്തത്. പദ്ധതിക്ക് അന്നത്തെ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയും എതിരായിരുന്നു. ഇന്ദിരാഗാന്ധിയുടെ ഇടപെടൽ കാരണമാണ് സൈ

**പൊതുജീവിതത്തിലെ തികഞ്ഞ ആർജ്ജവവും സത്യസന്ധതയും പ്രകടിപ്പിച്ചിരുന്ന പി.കെ.വാസുദേവൻ നായർ ആത്മകഥയിൽ എഴുതി: "ഞങ്ങളുടെ ഉദ്ദേശ്യശുദ്ധിയെ ആരും ചോദ്യം ചെയ്തില്ല. എന്നാൽ പിന്തിരിഞ്ഞുനോക്കുമ്പോൾ അന്നത്തെ ഞങ്ങളുടെ നിലപാട് ശരിയായിരുന്നില്ല എന്നുകാണാം. പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ച് എന്നെപ്പോലുള്ള മന്ത്രിമാർക്ക് വേണ്ടത്ര അവബോധം അന്നുണ്ടായിരുന്നില്ല. അതുകൊണ്ടാണ് പരിസ്ഥിതിയുടെ പേരിൽ സൈലന്റ്‌വാലി പദ്ധതി ഉപേക്ഷിക്കണമെന്ന് കേന്ദ്രസർക്കാർ പറഞ്ഞിട്ടും നടപ്പിലാക്കണമെന്ന് ഞങ്ങൾ വാശിപിടിക്കാനിടയായത്."**

ലന്റ്‌വാലി ഇന്നും നിത്യഹരിതവനമായി നിലനിൽക്കുന്നതുതന്നെ.

പൊതുജീവിതത്തിലെ തികഞ്ഞ ആർജ്ജവവും സത്യസന്ധതയും പ്രകടിപ്പിച്ചിരുന്ന പി.കെ.വാസുദേവൻ നായർ ആത്മകഥയിൽ എഴുതി: ''ഞങ്ങളുടെ ഉദ്ദേശ്യശുദ്ധിയെ ആരും ചോദ്യം ചെയ്തില്ല. എന്നാൽ പിന്തിരിഞ്ഞുനോക്കുമ്പോൾ അന്നത്തെ ഞങ്ങളുടെ നിലപാട് ശരിയായിരുന്നില്ല എന്നുകാണാം. പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ച് എന്നെപ്പോലുള്ള മന്ത്രിമാർക്ക് വേണ്ടത്ര അവബോധം അന്നുണ്ടായിരുന്നില്ല. അതുകൊണ്ടാണ് പരിസ്ഥിതിയുടെ പേരിൽ സൈലന്റ്‌വാലി പദ്ധതി ഉപേക്ഷിക്കണമെന്ന് കേന്ദ്രസർക്കാർ പറഞ്ഞിട്ടും നടപ്പിലാക്കണമെന്ന് ഞങ്ങൾ വാശിപിടിക്കാനിടയായത്.'' (പി.കെ.വിയുടെ ആത്മകഥ', പ്രഭാത് ബുക്ക്ഹൗസ്, തിരുവനന്തപുരം, 2010)


കേരളത്തിലെ പ്രഥമ മുഖ്യമന്ത്രിയും മാർക്സിസ്റ്റ് ചിന്തകനുമായിരുന്ന ഇ.എം.എസ്.നമ്പൂതിരിപ്പാടിന്റെ പരിസ്ഥിതി ചിന്തകൾ കൂടി, അച്യുതമേനോന്റെയും പി.കെ.വിയുടെയും വിവേകപൂർണമായ കാഴ്ചപ്പാടുമായി തട്ടിച്ചുനോക്കുന്നതു നന്നായിരിക്കും.

ആദ്യ മന്ത്രിസഭയിൽ ഇ.എം.എസിന്റെ പൊളിറ്റിക്കൽ സെക്രട്ടറി കൂടിയായിരുന്ന സുബ്രഹ്മണ്യ ശർമ്മ എന്ന ശർമ്മാജി അയച്ച ഒരു കത്തിൽ (7-09-1996) ഉന്നയിച്ച പരിസ്ഥിതി സംബന്ധമായ ചോദ്യങ്ങൾക്ക് ഇ.എം.എസ്. ഇങ്ങനെ മറുപടി നൽകി:

''പരിസ്ഥിതിപ്രശ്നം പ്രധാനമാണെന്ന നിങ്ങളുടെ അഭിപ്രായത്തോട് ഞാൻ യോജിക്കുന്നു. പക്ഷേ പരിസ്ഥിതിയാണ് ഏകപ്രശ്നം എന്ന പരിസ്ഥിതിവാദികളുടെ നിലപാട് എനിക്കു സ്വീകാര്യമല്ല. ആ നിലപാട് നിമിത്തമാണ് കേരളത്തിലെ വൈദ്യുതിപ്രശ്നം ഇത്ര മൂർച്ഛിച്ചിട്ടുള്ളത്.

സൈലന്റ്‌വാലി തൊട്ട് പരിസ്ഥിതിവാദക്കാർ നടത്തിയിരുന്ന പ്രക്ഷോഭങ്ങൾ നമ്മുടെ വികസനത്തെ പിറകോട്ടടിച്ചിട്ടുണ്ടെന്ന ഉറച്ച അഭിപ്രായമാണ് എനിക്കുള്ളത്.

അവരുടെ നിലപാടിനോട് ഒത്തുകൊണ്ടുള്ള ഒരു കേരളവികസനമാതൃകയാണ് നിങ്ങൾ നിർദ്ദേശിക്കുന്നത്. അതിനോട് ഞാൻ പൂർണമായും വിയോജിക്കുന്നു. ('ശർമ്മാജി 1916-1997', ബാലവിഹാർ, തിരുവനന്തപുരം, 2011).


മാങ്ങാട് രത്നാകരൻ

ചെറുകഥ




# ആത്മകഥകൾക്ക് ഒരാമുഖം

വി എച്ച് നിഷാദ്

വര:
മറിയം ജാസ്മിൻ

ആത്മകഥകൾ പ്രസിദ്ധീകരിച്ചു വിൽക്കുന്ന ഒരു പുസ്തകശാലയാണ് ഞങ്ങളുടേത്. നാനാദേശങ്ങളിലും ഭാഷകളിലും വർഗങ്ങ ളിലുമുള്ള വ്യത്യസ്തതരായ ആളുകളെ കണ്ടെത്തിപ്പിടിച്ച് അവരുടെ ജീവിതത്തെ ഒരു സൂക്ഷ്മദർശിനിക്കുഴലിൽ കൂടിയെന്നവണ്ണം പരിശോധിച്ച് അളന്നു തിട്ടപ്പെടുത്തി മറ്റൊരു വലിയ ജീവിതമായി അവതരിപ്പിക്കുകയാണു ഞങ്ങൾ. അങ്ങനെ സമഗ്രവും വൈവിധ്യമാർന്നതുമായ അവരുടെ ജീവി

തത്തെ ഞങ്ങൾ ചരിത്രത്തിന്റെ പേജുകളിലേക്ക് ഒന്നൊന്നായി അടുക്കിവക്കുന്നു. കഠിനാനുഭവ ങ്ങൾ ചികഞ്ഞ് കടലാസിൽ പകർ ത്തി ഇഹലോകജീവിതത്തിന്റെ ഉപ്പും കണ്ണീരും പുരട്ടി ആത്മകഥക ളായി അവതരിപ്പിക്കുന്നു.


ഈ പുസ്തകശാലയുടെ കഥ നിങ്ങൾ കേൾക്കണം.

ഇക്കാണുന്ന പുസ്തകശാല യും അതിനോടനുബന്ധിച്ചുള്ള പ്രസാധകസംഘവും മുമ്പ് നടത്തി ക്കൊണ്ടിരുന്നത് 'കുറുപ്പുമാഷ് ' എന്ന് ആൾക്കാർ വിളിച്ചിരുന്ന എന്റെ അച്ഛനായിരുന്നു. ഏതെങ്കി

**അച്ഛന്റെ മരണശേഷമാണ് ഈ പുസ്തകശാല ഞാൻ ഏറ്റെടു ക്കുന്നത്. തുലോം പരിതാപക രമായിരുന്നു അപ്പോഴതിന്റെ അവസ്ഥ. സത്യസന്ധനായ എന്റെ അച്ഛൻ ഗ്രന്ഥകർത്താക്കളിൽ നിന്നും യാതൊരുവിധ കരാറും ഒപ്പിട്ടുവാങ്ങാതെയാണ് അവർക്ക് പണം നൽകിപ്പോന്നിരുന്നത്. എഴുത്തുകാരെ ദൈവതുല്യം സ്നേഹിച്ച് ആരാധിച്ചിരുന്ന അദ്ദേ ഹം, തന്റെ മരണശേഷം അവർ എന്തെല്ലാം പൊല്ലാപ്പുതീർക്കുമെ ന്ന് എങ്ങനെ ചിന്തിക്കും?**

ലും പള്ളിക്കൂടത്തിൽ വാധ്യാരാ യിരുന്നോ അങ്ങേർ എന്ന കാര്യം വ്യക്തമായി എനിക്കറിഞ്ഞുകൂടാ. ഏതായാലും ഒരു കാര്യം ഉറപ്പാണ്. ഖദർ വസ്ത്രങ്ങളിൽ ശരീരമിറ ക്കിവച്ച ആ മനുഷ്യൻ സ്വജീവിത ത്തിൽ ഒരു അധ്യാപകന്റെ തേജസ്സ് എന്നും നിലനിർത്തിപ്പോന്നിരുന്നു.

ആദ്യകാലത്ത് നോവലുകളും ഡിറ്റക്ടീവ് കഥകളും മാത്രമായി രുന്നു ഈ പുസ്തകശാലയിൽ പ്രസിദ്ധീകരിച്ചിരുന്നത്. അത്ത രം കൃതികൾക്കുള്ള ജനപ്രിയത




എന്റെ അച്ഛന് അന്ന് കണ്ടെത്താ നായിരുന്നു എന്ന് ചുരുക്കം. ഗ്രാ മഗ്രാമാന്തരങ്ങളിലൂടെ സഞ്ചരിച്ച് തന്റെ തോൾസഞ്ചിയിൽ നിറച്ച പുസ്തകങ്ങളുമായി വായനക്കാ രെ തേടിച്ചെന്ന് കുറുപ്പുമാഷെന്ന എന്റെ അച്ഛൻ വായനയുടെ മണ്ണി നെയും അതുവഴി ഞങ്ങളുടെ പുസ്തശാലയെയും ഫലഭൂയിഷ്ട മാക്കി.

കുറുപ്പുമാഷിന്റെ പുസ്തക ങ്ങൾക്കായി വായനക്കാർ കാത്തി രിക്കുന്ന ഒരു കാലം തന്നെയുണ്ടാ യിരുന്നു.

അച്ഛന്റെ മരണശേഷമാണ് ഈ പുസ്തകശാല ഞാൻ ഏറ്റെടു ക്കുന്നത്. തുലോം പരിതാപകരമാ യിരുന്നു അപ്പോഴതിന്റെ അവസ്ഥ. സത്യസന്ധനായ എന്റെ അച്ഛൻ ഗ്രന്ഥകർത്താക്കളിൽനിന്നും

യാതൊരുവിധ കരാറും ഒപ്പിട്ടുവാങ്ങാതെയാണ് അവർക്ക് പണം നൽകിപ്പോന്നിരുന്നത്. എഴുത്തുകാരെ ദൈവതുല്യം സ്നേഹിച്ച് ആരാധിച്ചിരുന്ന അദ്ദേഹം, തന്റെ മരണശേഷം അവർ എന്തെല്ലാം പൊല്ലാപ്പുതീർക്കുമെന്ന് എങ്ങനെ ചിന്തിക്കും?

തങ്ങൾക്കുള്ള റോയൽറ്റിത്തുക ഇനിയും കിട്ടിത്തീർന്നിട്ടില്ലെന്ന് പറഞ്ഞ് പണത്തിനായി എഴുത്തുകാരും അവരുടെ മക്കളും ബഹളം കൂട്ടിയതാണ് ഈ പുസ്തകശാല ഏറ്റെടുത്തുടൻ ഞാൻ നേരിട്ട ഏറ്റവും വലിയ പ്രശ്നം. ഒരു ചെറുതുപോലെ ഞാൻ നിസ്സഹായനായിപ്പോയ ഒരവസ്ഥയായിരുന്നു അത്. മാത്രമല്ല, അവസാന കാലത്ത് അച്ഛന് വന്നുപെട്ടിരുന്ന രോഗാവസ്ഥകൾമൂലം പുസ്തകശാലയിൽ വേണ്ടത്ര ശ്രദ്ധകിട്ടാതെ വല്ലാത്തൊരു കടക്കെണിയിലുമായിരുന്നു ഞങ്ങളുടെ ആസ്തികൾ .

പൈങ്കിളിയും കുറ്റാന്വേഷണങ്ങളും വിൽക്കാതെ കെട്ടിക്കിടക്കുന്ന കാലമായിരുന്നു. 'വായന മരിക്കുന്നോ' എന്ന് പലവട്ടം ഞങ്ങൾ ശങ്കിച്ചു. അപ്പോഴാണ് പുസ്തകശാലയെ രക്ഷിക്കാനായി ആത്മകഥകൾ പ്രസിദ്ധീകരിക്കുന്ന ഒരു പുതിയ പദ്ധതി ജീവനക്കാരുടെയടുത്ത് ഞാൻ മുന്നോട്ടുവച്ചത്. അവരതിനെ ഒന്നടങ്കം പിന്താങ്ങി. ഞങ്ങളുടെ പ്രസാധകസംഘം ആത്മകഥകൾ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കാനാരംഭിച്ചു.

വൈവിധ്യമുള്ള മഹാജീവിതങ്ങളാണ് ഞങ്ങളുടെ പുസ്തകങ്ങളുടെ വിഷയം എന്ന് ആദ്യമേ പറഞ്ഞുവല്ലോ. അക്ഷരാർഥത്തിൽ ശരിയാണത്. ആത്മകഥാപ്രസിദ്ധീകരണത്തിന്റെ ആശങ്കപേറുന്ന ആദ്യ ഘട്ടത്തിൽപോലും ഞങ്ങൾ പ്രസിദ്ധീകരിച്ചിരുന്ന ചില കൃതികൾ പരിശോധിച്ചാൽ അതു മനസ്സിലാകും. വളരെയേറെ ചർച്ചകൾ നടത്തി കൂട്ടിക്കിഴിച്ചും ഗുണിച്ചും ഹരിച്ചുമൊക്കെയാണ് ആദ്യപരമ്പരയിലുള്ള അഞ്ച് ആത്മകഥാ പുസ്തകങ്ങൾ ഞങ്ങൾ പുറത്തിറക്കിയത്.

'ഉസ്മാന്റെ ആത്മകഥ' എന്ന ഞങ്ങളുടെ ആദ്യകൃതി തന്നെ നോക്കുക. ഏറെ വ്യത്യസ്തമായിരുന്നു ആ പുസ്തകം. ഇവിടെ കോഴിക്കോട്ടുകാരനായ ഉസ്മാൻ എന്ന ഫയൽവാന്റെ അചിന്ത്യവും ഐതിഹാസികവുമായ ജീവിതം ഹൃദ്യമായി ആവിഷ്ക്കരിച്ചിരിക്കു ന്നു. 'എല്ലാ ഫയൽവാന്മാരും ആദ്യം തോൽക്കുന്നത് ഭാര്യമാരുടെ ഗോദയിലാ'ണെന്ന് ഇതിൽ ഉസ്തുമാൻ എഴുതുന്നുണ്ട് . അത്രമേൽ ആത്മാവിൽ തൊട്ടുകൊണ്ടുള്ള ഒരെഴുത്താണത് എന്നറിയുക. പ്രസ്തുത ആത്മകഥയിൽ ഒരിടത്ത് ഇലക്ട്രിക് മൈതീൻ എന്ന ഗുസ്തിക്കാരനുമായി ഉസ്മാൻ നടത്തുന്ന ഗുസ്തിപിടുത്തത്തിന്റെ വിവരണമുണ്ട്. ഒരു ടി.വി. സ്ക്രീനിലെന്നപോലെ ജീവസ്സുറ്റതായി അത് വായനക്കാർ അനുഭവിക്കും. ഹോ... എന്നിട്ടും ജീവിതത്തിൽ വിധിയുടെ അടുത്തൂൺപറ്റി മസിൽ ചാക്കോയെന്ന അത്രയൊന്നും പ്രശസ്തനല്ലാത്ത ഒരു ഫയൽവാന്റെ ഇടിയിൽ അയാൾ തകർന്നു പോയല്ലോ!

**പൈങ്കിളിയും കുറ്റാന്വേഷണങ്ങളും വിൽക്കാതെ കെട്ടിക്കിടക്കുന്ന കാലമായിരുന്നു. 'വായന മരിക്കുന്നോ' എന്ന് പലവട്ടം ഞങ്ങൾ ശങ്കിച്ചു. അപ്പോഴാണ് പുസ്തകശാലയെ രക്ഷിക്കാനായി ആത്മകഥകൾ പ്രസിദ്ധീകരിക്കുന്ന ഒരു പുതിയ പദ്ധതി ജീവനക്കാരുടെയടുത്ത് ഞാൻ മുന്നോട്ടുവച്ചത്. അവരതിനെ ഒന്നടങ്കം പിന്താങ്ങി. ഞങ്ങളുടെ പ്രസാധകസംഘം ആത്മകഥകൾ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കാനാരംഭിച്ചു.**

വെള്ളി എന്ന ആദിവാസി സ്ത്രീയുടെ കഥയാണ് 'വെള്ളിയുടെ ആത്മകഥ' എന്ന രണ്ടാമത്തെ പുസ്തകം. ജീവിതത്തിൽ അഞ്ച് ഭർത്താക്കന്മാരെവരെ അനുഭവിച്ചവളാണവൾ. അഞ്ചുപേരും ഒന്നിന്റെപോലും ഗുണം ചെയ്തിട്ടില്ലെന്ന് വെള്ളി സങ്കടപ്പെടുന്നു. മനസ്സിൽ തടംകെട്ടിയ കനവുകൾ നെയ്തുതീരുന്നതുവരെ, മുളമ്പാട്ടുകൾ പാടി തൊണ്ട പൊട്ടുന്നതുവരെ തനിക്ക് കൂട്ടിരിക്കാൻ ആരുണ്ടെന്ന് വെള്ളി ലോകത്തോട് വെല്ലുവിളിക്കുന്നിടത്താണ് അവളുടെ ആത്മ കഥ തീരുന്നത്.

'രാമചന്ദ്രന്റെ ആത്മകഥ'യിലെ വാചകങ്ങൾ വായനക്കാരുടെ മനസ്സിലേക്ക് ചിരി കോരിക്കോരിയൊഴിക്കുന്നു. ഒരു ഹാസ്യനോവൽ പോലെ അത്യന്തം ആഹ്ളാദകരമായ ജീവിതം. രാമചന്ദ്രൻ എന്ന മുഴുക്കുടിയൻ തനിക്ക് വന്നുപെട്ട അമളികൾ സുതാര്യമായി വായനക്കാർക്ക് നൽകുകയാണ്. ആറാം വയസ്സിൽ കള്ളിന്റെ രുചിയറിഞ്ഞ തനിക്ക് 'അമ്മിഞ്ഞപ്പാലിന്റെ രുചി എന്നോ കളഞ്ഞുപോയി' എന്ന് ആമുഖത്തിൽ കുടിയൻ രാമചന്ദ്രൻ വേപഥുകൊള്ളുന്നുണ്ട്. തത്ത്വ ചിന്തകൾക്കുമീതെ പറക്കുന്ന മഹാരസികൻ ജീവിതമായിരുന്നു തന്റേതെന്നും ചിലപ്പോൾ പിണങ്ങിയും ചിലപ്പോൾ ഇണങ്ങിയുമൊക്കെ കഴിയുന്ന ഈ പ്രകൃതം തനിക്കുതന്നെ നുണഞ്ഞുരസിക്കാൻ ഇഷ്ടമാണെന്നുമൊക്കെ ഈ കുടിയനാശാൻ സ്വന്തം കഥയിൽ എഴുതുന്നു. ഇത് വായിക്കുന്നവർ ഒരു ശരീരം മുഴുവൻ ചിരിച്ചു തന്നെ തീർക്കാതിരിക്കില്ല.

തിരുവനന്തപുരത്ത് കരമന എന്ന സ്ഥലത്തുള്ള ശിവസാവിത്രി വിലാസം ഹോട്ടലിന്റെ ക്യാഷ് കൗണ്ടറിലിരിക്കുന്ന സ്ത്രീ

ഒരാത്മകഥയെഴുതുമെന്ന് ആരു വിചാരിക്കാനാണല്ലേ? എന്നാൽ അങ്ങനെ വിചാരിച്ചതായിരുന്നു ഞങ്ങളുടെ പുസ്തകശാലയുടെ വിജയം. പിച്ചക്കാരിയായിരുന്ന സാവിത്രി എന്ന തമിഴത്തിപെൺകുട്ടി സാവിത്രിയക്കയെന്ന ഹോട്ടൽ മുതലാളിച്ചിയായി വളർന്ന കഥയാണ് 'സാവിത്രിയക്കയുടെ ആത്മകഥ (ശിവാണ്ണന്റെയും)' എന്ന നാലാമത്തെ പുസ്തകം. കറുത്തുമെലിഞ്ഞ സാവിത്രി എന്ന തമിഴ്പെൺകൊടി ശിവൻ എന്ന കരുവീട്ടിപോലുള്ള യുവാവിനെ പ്രണയിച്ച ഒരു കാൽപനിക പൈങ്കിളിക്കഥയാണിത്. കഠിനാധ്വാനത്തിന്റെയും ആത്മ സമർപ്പണത്തിന്റെയും മാതൃകകളായി പ്രണയവഴിയിൽ ഒന്നിച്ച ഇവരുടെ ജീവിതകഥ ഞങ്ങളുടെ പ്രസാധക സംഘത്തിന് ഒരു മുതൽകൂട്ടായിരുന്നുവെന്ന് പറയേണ്ടതില്ലല്ലോ?

രാജൻ എന്ന മോഷ്ടാവിന്റെ ആത്മകഥയാണ് ഈ പരമ്പരയിൽ ഞങ്ങൾ ഒടുവിലായി പ്രസിദ്ധീകരിച്ചത്. 'ഒരു മോഷ്ടാവിന്റെ ആത്മകഥ' എന്ന് പതിവുരീതിയിൽനിന്ന് വ്യത്യസ്തമായി ഞങ്ങളീ കൃതിക്ക് പേരുകൊടുത്തു. കുറിപ്പുരാജൻ എന്ന ഇരട്ടപ്പേരിൽ അറിയപ്പെടുന്ന മോഷ്ടാവിന്റെ ജീവിതസമസ്യകൾ ഇതൾനിവർത്തുന്നതാണ് ഇതിലെ ഓരോ താളും. മോഷ്ടിച്ചു കഴിഞ്ഞശേഷം വീട്ടുകാരെ സമാശ്വസിപ്പിച്ചുകൊണ്ട് 'സ്നേഹപൂർവം, രാജൻ' എന്ന പേരിൽ ഒരു കുറിപ്പെഴുതിവക്കുന്ന ഈ മനുഷ്യൻ യഥാർഥത്തിൽ മനുഷ്യസ്നേഹിയായ ഒരു തസ്ക്കരനാണ്. 'ആദ്യമായി മോഷ്ടിച്ചത് അമ്മയുടെ സ്നേഹമാണ്' എന്നിങ്ങനെ രാജന്റെ ആത്മകഥ തുടങ്ങുന്നു.

ചുരുക്കത്തിൽ മേൽപ്പറഞ്ഞ അഞ്ചുകൃതികൾ ഞങ്ങളുടെ പ്രസാ ധകസംഘത്തിനും പുസ്തകശാലക്കും ഉണ്ടാക്കിത്തന്ന പ്രശസ്തിയെയും ലാഭവിഹിതങ്ങളെയും കുറിച്ച് വിവരിക്കേണ്ടതില്ലല്ലോ. റോയൽറ്റിക്ക് ബഹളം കൂട്ടിയ എല്ലാ എഴുത്തുകാർക്കും ഒപ്പുവച്ചു വാങ്ങിയശേഷം ഞങ്ങൾ പണം കൊടുത്തു തീർത്തു. 'നിങ്ങളുടെ പുസ്തകങ്ങൾ ഞങ്ങൾക്കിനി വേണ്ടാ...'യെന്ന് ഒരാട്ടു കൊടുക്കാനും അതുവഴി കഴിഞ്ഞു.

ഇതാ, ഇപ്പോൾ തന്നെ അകത്ത് അടിച്ചുകൊണ്ടിരിക്കുന്നത് 'ഒരു മോഷ്ടാവിന്റെ ആത്മകഥ'യുടെ രണ്ടാം പതിപ്പാണ്. എത്ര പെട്ടെന്നാണ് അതിന്റെ ആദ്യത്തെ രണ്ടായിരം കോപ്പികൾ വിറ്റുപോയത്. സാവിത്രിയുടെ ആത്മകഥ(ശിവാണ്ണന്റെയും), രാമചന്ദ്രന്റെ ആത്മകഥ, വെള്ളിയുടെ ആത്മകഥ എന്നീ പുസ്തകങ്ങളുടെയാവട്ടെ മൂന്നാം പതിപ്പാണ് ഇപ്പോൾ വിൽപ്പനയിലുള്ളത്. എന്നാൽ വിപണനത്തിൽ സർവകാല റെക്കോർഡും ഭേദിച്ച ഞങ്ങളുടെ പുസ്തകം ഇതൊന്നുമല്ല. ഗുസ്തിക്കാരൻ 'ഉസ്മാന്റെ ആത്മകഥ' യാണത്. അതിന്റെ പതിനൊന്നാം പതിപ്പ് 'ഒരു മോഷ്ടാവിന്റെ ആത്മകഥ' അടിച്ചു തീർന്നയുടൻ ഈ പ്രസിൽ അച്ചടിച്ചു തുടങ്ങും.

**ഉസ്മാന്റെ ആത്മകഥ' എന്ന ഞങ്ങളുടെ ആദ്യകൃതി തന്നെ നോക്കുക. ഏറെ വ്യത്യസ്തമായിരുന്നു ആ പുസ്തകം. ഇവിടെ കോഴിക്കോട്ടുകാരനായ ഉസ്മാൻ എന്ന ഫയൽവാന്റെ അചിന്ത്യവും ഐതിഹാസികവുമായ ജീവിതം ഹൃദ്യമായി ആവിഷ്ക്കരിച്ചിരിക്കുന്നു. 'എല്ലാ ഫയൽവാന്മാരും ആദ്യം തോൽക്കുന്നത് ഭാര്യമാരുടെ ഗോദയിലാ'ണെന്ന് ഇതിൽ ഉസ്തുമാൻ എഴുതുന്നുണ്ട്.**

തീർന്നില്ല. നവീനമായ അഞ്ചു പുസ്തകങ്ങൾ ഉൾപ്പെട്ട ഒരു പുതിയ ആത്മകഥാപരമ്പരയുടെ പ്രൊജക്ടിലാണ് ഞങ്ങളിപ്പോൾ. ഇരുപത് വയസ്സിനിടക്ക് കീപ്ഗേളായി ജീവിതം ഹോമിച്ചു തീർക്കേണ്ടി വന്ന സുലേഖയുടെയും തട്ടിപ്പുകൾ നടത്തി മന്ത്രിസ്ഥാനം ഒഴിയേണ്ടിവന്ന മോഹനൻ പിള്ളയുടെയും സംസ്ഥാനത്തെ ഏഴു മുഖ്യ മന്ത്രിമാരുടെയും പാചകക്കാരനായിരുന്ന ലോനപ്പൻ ചേട്ടന്റെയും മണ്ണ് തിന്ന് ജീവിക്കുന്ന, ഓട്ടുകഷണങ്ങൾ ചോക്കലേറ്റുപോലെ നുണയുന്ന തോമസ് എന്ന യുവാവിന്റെയും ആത്മകഥകൾ ഇങ്ങനെ പുസ്തകരൂപത്തിൽ വരാൻ പോകുന്നു. എന്നാൽ ഇതിൽ ഏറെ ശ്രദ്ധയാകർഷിക്കുക ഒരുപക്ഷേ, സുഭാഷ് എന്ന ചെറുപ്പക്കാരന്റെ ആത്മകഥയാവും. കേരളത്തിലെ വിവിധ പട്ടണങ്ങളിലായി നൂറോളം കാമുകിമാർ സ്വന്തമായുള്ള ഒരു കാമുകന്റെ ജീവിതമാണിതിൽ വരിക. ഉദാഹരണമായി ഒരിടത്ത് സന്തോഷ്:

'മലബാർ എക്സ്പ്രസിന്റെ പതിഞ്ഞ താളത്തിലാണ് രേഖയെ ഞാൻ പരിചയപ്പെടുന്നത്. ഞങ്ങൾ കണ്ണുകൾക്കൊണ്ട് സംസാരിച്ചു തുടങ്ങിയിരുന്നു. എന്നാൽ മുഷിഞ്ഞമോന്തയുള്ള അവളുടെ പപ്പ ചിലപ്പോഴൊക്കെ ഞങ്ങളുടെ നയനഭാഷണം മുടക്കി. എന്നിട്ടും തീവണ്ടിയിറങ്ങുന്നതിനുമുമ്പ് അഡ്രസ് എഴുതിയ ഒരു കടലാസുകഷണം അവളുടെ ചിരിയിലേക്ക് ചുരുട്ടിയെറിഞ്ഞുകൊടുക്കാൻ എനിക്കു കഴിഞ്ഞു' എന്നെഴുതുന്നു. ഈ വിധത്തിൽ പ്രണയ മുഹൂർത്തങ്ങൾക്കൊണ്ട് അനുഗൃഹീതമാവും ഈ പുസ്തകം. പ്രണയിക്കുന്നവർക്ക് ഒരു പ്രോത്സാഹനപുസ്തകവും കൂടിയായി ഈ ആത്മകഥ മാറുമെന്നാണ് ഞങ്ങളിപ്പോൾ കണക്കുകൂട്ടുന്നത്.

ഇങ്ങനെ അത്യന്തം ജുഗുപ്സാവഹമായി ഈ കാര്യങ്ങളൊക്കെ എങ്ങനെ നടന്നുപോകുന്നു എന്നറിയാൻ നിങ്ങൾക്ക് ആഗ്രഹമുണ്ടാ

വും. ശരിയാണ്. ദാ... അപ്പുറമുള്ള മുറിയിലിരുന്ന് നിശബ്ദമായി എഴുതുന്ന യുവതീയുവാക്കളെ ശ്രദ്ധിക്കൂ. ഞങ്ങളുടെ സർഗാത്മകരായ എഴുത്തുകാരാണവർ. മാറിനിൽക്കുന്ന ഓരോ ജീവിതത്തെയും അടയാളപ്പെടുത്തി ആത്മകഥാരൂപത്തിൽ പകർത്താൻ സഹായിക്കുക വഴി ഇവർ വലിയൊരു സേവനമാണ് ലോകത്തോട് ചെയ്യുന്നത്. വലതു ഭാഗത്ത് വെളുത്തതാടി തടവിക്കൊണ്ട് എഴുതുന്നയാളെ നോക്കുക. അതാണ് രാമസ്വാമി അയ്യർ.

**കുറിപ്പുരാജൻ എന്ന ഇരട്ടപ്പേരിൽ അറിയപ്പെടുന്ന മോഷ്ടാവിന്റെ ജീവിതസമസ്യകൾ ഇതൾനിവർത്തുന്നതാണ് ഇതിലെ ഓരോ താളും. മോഷ്ടിച്ചു കഴിഞ്ഞശേഷം വീട്ടുകാരെ സമാശ്വസിപ്പിച്ചുകൊണ്ട് 'സ്നേഹപൂർവം, രാജൻ' എന്ന പേരിൽ ഒരു കുറിപ്പെഴുതി വക്കുന്ന ഈ മനുഷ്യൻ യഥാർഥത്തിൽ മനുഷ്യസ്നേഹിയായ ഒരു തസ്ക്കരനാണ്. 'ആദ്യമായി മോഷ്ടിച്ചത് അമ്മയുടെ സ്നേഹമാണ്' എന്നിങ്ങനെ രാജന്റെ ആത്മകഥ തുടങ്ങുന്നു.**

'സാവിത്രിയക്കയുടെ ആത്മകഥ (ശിവാ ണ്ണന്റെയും)' എന്ന ഞങ്ങളുടെ പുസ്തകം തമിഴിൽനിന്ന് മലയാളത്തിലേക്ക് വിവർത്തനം ചെയ്തു തയ്യാറാക്കിയത് ആ മാന്യദേഹമാണ്.

ഇതിനിടയിൽ നിങ്ങളുടെ തൊണ്ടയിൽ കുരുങ്ങിക്കിടക്കുന്ന ഒരു സംശയം ഞാൻ തീർക്കാം. ഞങ്ങൾക്ക് പ്രശസ്തരുടെ ആത്മകഥകൾ ആവശ്യമില്ല. ഇല്ലെങ്കിൽ നിങ്ങൾ വിചാരിച്ചതുപോലെ വീരപ്പനെയും വേലുപ്പിള്ള പ്രഭാകരനെയും ബിൻലാദനെയുമൊക്കെ ആത്മകഥാ രൂപത്തിൽ ഞങ്ങൾക്കവതരിപ്പിക്കാമായിരുന്നു. പക്ഷേ,




ഞങ്ങൾ തേടുന്നത് ചെറിയ ജീവിതത്തിന്റെ വലിയ കാര്യങ്ങൾ മാത്രമാണ്. ഈ സമീപനമാണ് ഞങ്ങളുടെ പുസ്തകശാലയുടെ റേറ്റിംഗ് ഉയർത്തുന്നത്.

ഇതാ, നിങ്ങളിപ്പോൾ ചോദിച്ചത് ഞാൻ കേട്ടിരിക്കുന്നു. 'എന്നാൽ നിങ്ങളെന്താണ് സ്വന്തം കഥ ആത്മകഥയായി ഇറക്കാത്തതെന്ന്' അല്ലേ. എന്റെ പൊന്നു കൂട്ടുകാരാ... അതിനുമാത്രമായി ഈ ലോകത്ത് ഞാൻ ഇനിയും എത്രയോ ജീവിച്ചുപഠിക്കേണ്ടിയിരിക്കുന്നു.

ഇത്രയും പറഞ്ഞുകേട്ടതിൽ നിന്നെല്ലാം ഞങ്ങളുടെ പുസ്തകശാലയെക്കുറിച്ചും അതുവഴി പ്രസിദ്ധീകരിച്ചു വിൽക്കുന്ന പുസ്തകങ്ങളെക്കുറിച്ചും നിങ്ങൾക്ക് ഒരേകദേശ ധാരണ കൈവന്നു കാണുമല്ലോ.

ഇനി പറയൂ എന്റെ സുഹൃത്തേ, മേൽ പറഞ്ഞതിൽ നിന്നെല്ലാം വ്യത്യസ്തമായ ഏതു ജീവിതകഥയാണ് നിങ്ങൾ പുസ്തകരൂപത്തിൽ ഞങ്ങൾക്ക് പ്രസിദ്ധീകരിക്കാൻ തരുന്നത്?

NRS PAY

# TAP, DIP, SWIPE OR KEY!



## ACCEPTING CREDIT CARDS SHOULDN'T BE A JUGGLING ACT!

Simplify your payment acceptance.




## अपने हाई क्रेडिट कार्ड प्रोसेसिंग बिलों में कटौती करें।

- ✔ **FREE** Credit Card Reader
- ✔ **NO** Long-Term Contracts
- ✔ **NO** Hidden Fees
- ✔ **NO** Early Termination Fee

**GET STARTED TODAY!**
Call **(877) 202-8112**
or visit **nrspay.com**

NRS Pay is a service of National Retail Solutions, Inc. Contract required. Certain features are non-standard and may require additional charges. Terms subject to change. National Retail Solutions, Inc. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN, and a registered ISO of Wells Fargo Bank, N.A., Concord, CA. IDT Telecom Canada Corp. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN.

സിനിമ

**അമ്മ അറിയാൻ /ജോൺ എബ്രഹാം**




# അവധൂതന്റെ രണ്ടാം വരവ്




**ജോൺ എബ്രഹാമിന്റെ അവസാനരചനയായ അമ്മ അറിയാൻ എന്ന സിനിമയാണ് സംവിധായകന്റെ മരണാനന്തരം മുപ്പത്തിയൊമ്പത് വർഷങ്ങൾക്കുശേഷം ലോകസിനിമയുടെ ചരിത്രത്തിലേക്ക് വീണ്ടെടുക്കപ്പെട്ടത്. സിനിമയിലെ നായകൻ ജോയ് മാത്യുവിനും ഫിലിം എഡിറ്റർ ബീനാ പോളിനും കാൻമേളയിൽ ലഭിച്ച റെഡ് കാർപ്പെറ്റ് വരവേൽപ്പ് ജോൺ എബ്രാഹമിനുതന്നെയുള്ള ലോകസിനിമയുടെ ആദരമായിരുന്നു.**


ഒ.കെ. ജോണി

**ചിത്രങ്ങൾക്ക് സർഗ്ഗാൽമക ആവിഷ്ക്കാരം : പ്രശസ്ത സംവിധായകൻ കൃഷ്ണേന്ദു കലേശ്**

നാല് പതിറ്റാണ്ടുകൾക്കുമുമ്പ് നിർമ്മിക്കപ്പെട്ട ഒരു മലയാള സിനിമ വിശ്രുതമായ കാൻ ഫിലിം ഫെസ്റ്റിവലിലെ ക്ലാസിക് വിഭാഗത്തിൽ ആദരിക്കപ്പെടുക എന്നത് മലയാളത്തിനെന്നതിനേക്കാൾ ഇന്ത്യൻ സിനിമയ്ക്കുതന്നെ് ലഭിച്ച പരമോന്നത ബഹുമതിയായിവേണം കരുതാൻ. ജീവിതകാലത്തുടനീളം പിന്തുടർന്ന ബൊഹീമിയൻ രീതികളും അരാജകത്വവുംകൊണ്ട് അക്കാലത്തെ തലമുറയ്ക്കിടയിൽ ഒരു കൾട്ടായി മാറിയ ജോൺ ഏബ്രഹാമിന്റെ അവസാനരചനയായ അമ്മ അറിയാൻ എന്ന സിനിമയാണ് സംവിധായകന്റെ മരണാനന്തരം മുപ്പ






ത്തിയൊമ്പത് വർഷങ്ങൾക്കുശേഷം ലോകസിനിമയുടെ ചരിത്രത്തിലേക്ക് വീണ്ടെടുക്കപ്പെട്ടത്.

സിനിമയിലെ നായകൻ ജോയ് മാത്യുവിനും ഫിലിം എഡിറ്റർ ബീനാ പോളിനും കാൻമേളയിൽ ലഭിച്ച റെഡ് കാർപ്പെറ്റ് വരവേൽപ്പ് ജോൺ ഏബ്രാഹമിനുതന്നെയുള്ള ലോകസിനിമയുടെ ആദരമായിരുന്നു. മുമ്പൊരിക്കലും ഒരു ദക്ഷിണേന്ത്യൻ സംവിധായകനും ഇതുപോലെ ഒരാദരം ലഭിച്ചിട്ടുമില്ല. 2026-ൽ കാൻമേള ക്ലാസിക് പദവി നൽകി ആദരിച്ച ഏക ഇന്ത്യൻ സിനിമയും അമ്മ അറി

**കച്ചവട സിനിമയെയും കലാസിനിമയെയും ഒരുപോലെ നിയന്ത്രിക്കുന്ന കമ്പോളമൂലധനത്തിൽനിന്ന് സ്വതന്ത്രമായ ഒരു സിനിമാനിർമ്മിതി സാദ്ധ്യമാണെന്ന് ഒഡേസ എന്ന സമാനമനസ്കരുടെ കൂട്ടായ്മയുടെ പിന്തുണയോടെ നിർമ്മിക്കപ്പെട്ട അമ്മ അറിയാനിലൂടെ ജോൺ ഏബ്രഹാം തെളിയിക്കുകയായിരുന്നു. പരിപൂർണ്ണമായും ജനപങ്കാളിത്തത്തിൽ നിർമ്മിക്കുകയും ഗ്രാമങ്ങൾതോറും തിയേറ്ററുകൾക്ക് പുറത്ത് പ്രദർശിപ്പിക്കുകയുംചെയ്ത ആദ്യ സിനിമയുമാണിത്.**






യാൻ ആയിരുന്നു.

വിപുലമായ ജനകീയ പങ്കാളിത്തത്തോടെ ഇന്ത്യയിലാദ്യമായി നിർമ്മിക്കപ്പെട്ട ഒരേയൊരു സിനിമ ഒരുപക്ഷെ, ജോൺ എബ്രഹാമിന്റെ അമ്മ അറിയാൻ (1986) ആയിരിക്കാം. ബംഗാളിയിലെന്നപോലെ കമ്പോള സിനിമയുടെ ചിട്ടവട്ടങ്ങളിൽനിന്ന് മുക്തമായതും നവസിനിമയെന്നും ആർട്ട് സിനിമയെന്നും വിശേഷിപ്പിക്കപ്പെട്ടതുമായ വ്യത്യസ്തസിനിമകൾ കന്നടയിലും മലയാളത്തിലും സജീവമായ എഴുപതുകളിൽത്തന്നെ പല മാനങ്ങളിൽ വായിക്കാവുന്ന അഗ്രഹാരത്തിൽ കഴുതൈ എന്ന തമിഴുസിനിമയിലൂടെ ദേശീയശ്രദ്ധയാകർഷിച്ച ജോൺ എബ്രഹാമിന്റെ

**കലയിലും സാഹിത്യത്തിലുമെന്നപോലെ സിനിമയിലും ആധുനികതയെന്ന് വിശേഷഷിപ്പിക്കാവുന്ന പ്രവണതകൾ മലയാള സിനിമയിലും ചലനങ്ങളുണ്ടാക്കിയ എഴുപതുകളിലും എൺപതുകളിലും കേരളത്തിൽ സജീവമായ തീവ്ര ഇടതുപക്ഷ രാഷ്ട്രീയത്തോട് ആഭിമുഖ്യമുള്ളവരായിരുന്നു ഈ സിനിമാനിർമ്മിതിയിൽ ജോണിന്റെ പങ്കാളികൾ.**

നാലാമത്തെ ഫീച്ചർ സിനിമയായിരുന്നു അമ്മ അറിയാൻ. കച്ചവട സിനിമയെയും കലാസിനിമയെയും ഒരുപോലെ നിയന്ത്രിക്കുന്ന കമ്പോളമൂലധനത്തിൽനിന്ന് സ്വതന്ത്രമായ ഒരു സിനിമാനിർമ്മിതി സാദ്ധ്യമാണെന്ന് ഒഡേസ എന്ന സമാനമനസ്കരുടെ കൂട്ടായ്മയുടെ പിന്തുണയോടെ നിർമ്മിക്കപ്പെട്ട അമ്മ അറിയാനിലൂടെ ജോൺ ഏബ്രഹാം തെളിയിക്കുകയായിരുന്നു. പരിപൂർണ്ണമായും ജനപങ്കാളിത്തത്തിൽ നിർമ്മിക്കുകയും ഗ്രാമങ്ങൾതോറും തിയേറ്ററുകൾക്ക് പുറത്ത് പ്രദർശിപ്പിക്കുകയുംചെയ്ത ആദ്യ സിനിമയുമാണിത്.

കലയിലും സാഹിത്യത്തിലുമെന്നപോലെ സിനിമയിലും ആധുനികതയെന്ന് വിശേഷഷിപ്പിക്കാവുന്ന പ്രവണതകൾ മലയാള






സിനിമയിലും ചലനങ്ങളുണ്ടാക്കിയ എഴുപതുകളിലും എൺപതുകളിലും കേരളത്തിൽ സജീവമായ തീവ്ര ഇടതുപക്ഷ രാഷ്ട്രീയത്തോട് ആഭിമുഖ്യമുള്ളവരായിരുന്നു ഈ സിനിമാനിർമ്മിതിയിൽ ജോണിന്റെ പങ്കാളികൾ. നഗരസ്ഥിതരായ ആ മദ്ധ്യവർഗ്ഗ ബുദ്ധിജീവികളുടെതന്നെ രാഷ്ട്രീയവും അവരുടെ ദാർശനികവും വൈയക്തികവുമായ സമസ്യകളുമായിരുന്നു അമ്മ അറിയാൻ എന്ന സിനിമയുടെ പ്രമേയവും. ഒരു ഡോക്യു ഫിക്ഷന്റെ സ്വഭാവമുള്ള ഈ സിനിമയിൽ അക്കാലത്ത് കേരളത്തിലുണ്ടായ ഏതാനും ജനകീയപ്രക്ഷോഭങ്ങളും സാർവ്വദേശീയ ഇടതുപക്ഷത്തിന്റെ കലാപങ്ങളുമെല്ലാമാണ് സാന്ദർഭികമായി പരാമർശിക്കപ്പെടുന്നത്. പൊലീസ് പീഡനത്തിൽ മരിച്ച സമാനമനസ്കനായ ഒരു യുവാവിന്റെ അമ്മയെ വിവരമറിയിക്കാൻ പോകുന്ന ഒരുകൂട്ടം ഇടതുപക്ഷ ബുദ്ധിജീവികളുടെ കാഴ്ച്ചപ്പാടിലാണ് ഈ സംഭവങ്ങളെല്ലാം ആവിഷ്കരിക്കപ്പെടുന്നത്. പ്രേക്ഷകരിൽ ഉദ്വേഗംവളർത്തുന്ന ആദിമദ്ധ്യാന്തപ്പൊരുത്തമുള്ള ഒരു ഇതിവൃത്തവും പതിവ് നായികാ നായകന്മാരുമില്ലാത്ത ഈ സിനിമയിൽ പ്രതിനായകസ്ഥാനത്തുള്ളത് സാധാരണമനുഷ്യരെ ചൂഷണം ചെയ്യുകയും അടിച്ചമർത്തുകയും ചെയ്യുന്ന ഭരണകൂടം എന്ന പ്രത്യയശാസ്ത്രയന്ത്രമാണെന്നതാണ് ശ്രദ്ധേയം. ഈ രാഷ്ട്രീയത്തെ അന്തർദ്ദേശിയ രാഷ്ട്രീയചലനങ്ങളുടെ പശ്ചാത്തലത്തിൽ പ്രതിഷ്ഠിക്കുക വഴി രാഷ്ട്രീയ സിനിമ എന്ന സങ്കൽപ്പത്തിലേക്ക് മുതിരുവാനായിരുന്നു ജോണും സിനിമയിൽ പങ്കാളികളായ സഹപ്രവർത്തകരും ആഗ്രഹിച്ചത്. സാദൃശ്യമില്ലെങ്കിലും, ഇടതുപക്ഷ ബുദ്ധിജീവികളുടെ സാമൂഹികവും വൈയക്തികവുമായ സംഘർഷങ്ങൾ ആവിഷ്കരിക്കുന്ന പി.എ. ബക്കറിന്റെ കബനീനദി ചുവന്നപ്പോൾ, ചിന്ത രവീന്ദ്രന്റെ ഇനിയും മരിച്ചിട്ടില്ലാത്ത നമ്മൾ എന്നീ സിനിമകൾക്കുശേശേഷം കേരളത്തിലുണ്ടാവുന്ന പ്രധാനപ്പെട്ട രാഷ്ട്രീയ സിനിമയാണ് അമ്മ അറിയാൻ.

**പ്രേക്ഷകരിൽ ഉദ്വേഗംവളർത്തുന്ന ആദിമദ്ധ്യാന്തപ്പൊരുത്തമുള്ള ഒരു ഇതിവൃത്തവും പതിവ് നായികാ നായകന്മാരുമില്ലാത്ത ഈ സിനിമയിൽ പ്രതിനായകസ്ഥാനത്തുള്ളത് സാധാരണമനുഷ്യരെ ചൂഷണംചെയ്യുകയും അടിച്ചമർത്തുകയുംചെയ്യുന്ന ഭരണകൂടം എന്ന പ്രത്യയശാസ്ത്രയന്ത്രമാണെന്നതാണ് ശ്രദ്ധേയം.**

വ്യവസ്ഥാപിത രാഷ്ട്രീയപ്പാർട്ടികളുടെ ജനവിരുദ്ധനയങ്ങളോട് വിയോജിക്കുകയും അപ്രായോഗികമായ തീവ്ര വിപ്ലവരാഷ്ട്രീയാശയങ്ങളാൽ പ്രചോദിതരാവുകയും ചെയ്ത യൂറോപ്യൻ-ലാറ്റിനമേരിക്കൻ വിപ്ലവസാഹിത്യവത്തിന്റെ ആരാധകരും അഭ്യസ്തവിദ്യരുമായ നാഗരിക മദ്ധ്യവർഗ്ഗ യുവാക്കളുടെ സങ്കീർണ്ണ വ്യക്തിത്വവും മനോഭാവങ്ങളുമാണ് അമ്മ അറിയാൻ പ്രത്യക്ഷപ്പെടുത്തുന്നത്. പൊലീസ് പീഡനത്തിൽ കൊല്ലപ്പെട്ട അജ്ഞാത യുവാവിന്റെ ജഡം തന്റെ സഖാക്കളിലൊരാളാണെന്ന് തിരിച്ചറിയുന്ന നായകൻ അതാരെന്നുറപ്പിക്കുവാൻ പ്രസ്ഥാനത്തിലെ കൂട്ടുകാരിലോരോരുത്തരെയായി ജഡം കാണിക്കുകയും അത് തബലവാദകനായ തങ്ങളുടെ സുഹൃത്തും സഖാവുമായ ഹരിയുടേതാണെന്ന് തിരിച്ചറിയുകയുമാണ്.

ഈ സുഹൃത്തുക്കളെല്ലാം ചേർന്ന് ഒരു വാടകവണ്ടിയിൽ ഹരിയുടെ അമ്മയെ വിവരമറിയിക്കാൻ കൊച്ചിയിലേക്ക് നടത്തുന്ന ദീർഘയാത്രക്കിടയിലെ സംഭാഷണങ്ങളിലൂടെയും അവർ കാണാനും കേൾക്കാനുമിടയായ സമരങ്ങളെസ്സംബന്ധിച്ച വിവരണങ്ങളിലൂടെയുമാണ് ഹരിയെയും സുഹൃത്തുക്കളെയും കേരളത്തിലെ സാമൂഹിക-രാഷ്ട്രീയ




കാലാവസ്ഥയെയും കുറിച്ച് സിനിമ പ്രതിപാദിക്കുന്നത്. ഹരിയുടെ ജഡം ആദ്യം കാണാനിടയായ നായകൻ തന്റെ യാത്രയ്ക്കിടയിലുണ്ടായ അനുഭവങ്ങൾ അമ്മയ്ക്കെഴുതുന്നമട്ടിലുള്ള ഒരു രൂപഘടനയാണ് ചിത്രത്തിനുള്ളത്. ഫിക്ഷന്റെയും ഡോക്യുമെന്ററിയുടെയും ആവിഷ്കാരസങ്കേതങ്ങൾ ഒരുപോലെ ഉപയോഗപ്പെടുത്തുന്ന ഒരു പരിചരണരീതിയാണ് ഈ സിനിമയ്ക്കുള്ളത്.

നിത്യജീവിത സംഭാഷണങ്ങളിൽപ്പോലും ലാറ്റിനമേരിക്കൻ വിപ്ലവകവിതകൾ ഉദ്ധരിക്കുന്ന ഇതിലെ കഥാപാത്രങ്ങൾ ശരിക്കും വിപ്ലവകാരികളുടെ കാരിക്കേച്ചറായി തോന്നിപ്പിക്കുന്നവയാണെന്ന ഒരു വിമർശനം ഇതെഴുതുന്നയാൾ സിനിമയുടെ ആദ്യപ്രദർശനം കണ്ടയുടനെ എഴുതിയ ഒരു നിരൂപണക്കുറിപ്പിൽ ഉന്നയിച്ചിരുന്നു. കാനിലെ സ്വീകരണം ഏറ്റുവാങ്ങി മടങ്ങിയെത്തിയ ചിരകാലസ്നേഹിതനായ ജോയ് മാത്യു ഒരു തമാശമട്ടിൽ അതെന്നെ ഓർമ്മിപ്പിക്കുകയുംചെയ്യുകയുണ്ടായി. അക്കാലത്ത് കേരളത്തിൽ സജീവമായിരുന്ന തീവ്ര ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ സാംസ്കാരിക പ്രവർത്തനങ്ങളിൽ ആഭിമുഖ്യമുണ്ടായിരുന്ന ഒരാളെന്ന നിലയിൽ, ആദർശശാലികളായ ആ യുവാക്കളെ ഇത്രത്തോളം പരിഹാസ്യരായി ചിത്രീകരിക്കേണ്ടതില്ലായിരുന്നുവെന്ന തോന്നലിലായിരുന്നു എന്റെ വിമർശനം. എന്നാൽ, ജോണിന്റെ മരണശേഷം ആ സിനിമ ആവർത്തിച്ചുകാണാ

**വ്യവസ്ഥാപിത രാഷ്ട്രീയപ്പാർട്ടികളുടെ ജനവിരുദ്ധനയങ്ങളോട് വിയോജിക്കുകയും അപ്രായോഗികമായ തീവ്ര വിപ്ലവരാഷ്ട്രീയാശയങ്ങളാൽ പ്രചോദിതരാവുകയും ചെയ്ത യൂറോപ്യൻ – ലാറ്റിനമേരിക്കൻ വിപ്ലവസാഹിത്യവത്തിന്റെ ആരാധകരും അഭ്യസ്തവിദ്യരുമായ നാഗരിക മദ്ധ്യവർഗ്ഗ യുവാക്കളുടെ സങ്കീർണ്ണ വ്യക്തിത്വവും മനോഭാവങ്ങളുമാണ് അമ്മ അറിയാൻ പ്രത്യക്ഷപ്പെടുത്തുന്നത്.**








നിടയായപ്പോഴാണ്, കേരളത്തിലെ മദ്ധ്യവർഗ്ഗ വിപ്ലവകാരികളുടെ യാന്ത്രികതയെ പ്രത്യക്ഷപ്പെടുത്തുവാൻതന്നെയാണ് ജോൺ ഈ ചിത്രത്തിൽ മുതിർന്നിട്ടുള്ളതെന്ന വാസ്തവത്തിലേക്ക് ഞാനുണർന്നത്. എഴുപത് എൺപതുകളിൽ കേരളത്തിലെ ഉന്നത വിദ്യാഭ്യാസം നേടിയ ആത്മാർത്ഥതയും സാമൂഹികപ്രതിബദ്ധതയുമുള്ള മദ്ധ്യവർഗ്ഗ യുവാക്കളെ ആകർഷിച്ച നക്സലൈറ്റ് പ്രസ്ഥാനത്തിന്റെ ആന്തരികവൈരുദ്ധ്യങ്ങളെയും യാന്ത്രികതയെയും അപ്രായോഗികമായ വിപ്ലവസങ്കൽപ്പത്തെയും അതിനെ അടിച്ചമർത്തുന്ന ഭരണകൂടത്തിന്റെ ഹിംസാത്മകതയെയുമെല്ലാം യഥാതഥമായി പകർത്തിക്കൊണ്ടാണ് അമ്മ അറിയാൻ ആ കാലത്തിന്റെ ഒരു സിനിമാറ്റിക് രേഖയായിത്തീർന്നത്. ഒരിയ്ക്കലും നക്സലൈറ്റ് ആയിരുന്നിട്ടില്ലാത്ത ദാർശനികനും കോമാളിയും സത്യസന്ധനുമായ ജോൺ എബ്രഹാം, തന്റെ സിനിമയിൽ പങ്കാളികളായവരുടെതന്നെ യഥാർത്ഥസ്വരൂപത്തെ ഒരു മായക്കണ്ണാടിയിലെന്നപോലെ പ്രതിഫലിപ്പിക്കുകയായിരുന്നുവെന്ന് തിരിച്ചറിയാതെയായിരുന്നു എന്റെ വിമർശനം.


എന്നാൽ, സിനിമ പുറത്തുവന്ന വർഷം കേരളത്തിലെ അവാർഡ് കമ്മിറ്റി അച്ചടക്കമില്ലാത്ത സിനിമയെന്ന് വിശേഷിപ്പിച്ചുകൊണ്ടായിരുന്നു അതിനെ അവഗണിച്ചത്. പരമ്പരാഗത സിനിമയുടെ ചിട്ടകളെയും അച്ചടക്കങ്ങളെയും ബോധപൂർവ്വം ലംഘിക്കുന്നവയായിരുന്നു ജോൺ ഏബ്രഹാമിന്റെ മുൻ രചനകളായ അഗ്രഹാരത്തിൽ കഴുതൈയും ചെറിയാച്ചന്റെ ക്രൂരകൃത്യങ്ങളും പോലെ അമ്മ അറിയാനും. കമ്പോളസിനിമയിലൂടെ ആർജ്ജിച്ച സിനിമാധാരണകൾ മാത്രമുള്ള പ്രേക്ഷകരെപ്പോലെ ഈ അവാർഡ് കമ്മിറ്റിയും ജോണിന്റെ സിനിമകളുടെ മൗലികതയെ അച്ചടക്കമില്ലാത്തവയാണെന്ന് തെറ്റിദ്ധരിച്ചതിൽ അത്ഭുതപ്പെടാനുമില്ല. ഇതിവൃത്തവും പ്രമേയവും ആവശ്യപ്പെടുന്ന വ്യത്യസ്തമായൊരു സിനിമാറ്റിക് പരിചരണരീതിയാണ് അമ്മ അറിയാനിൽ കാണാനാവുക. അതുകൊണ്ടാണ്, നാൽപ്പത് വർഷങ്ങൾക്കുശേഷം അമ്മ അറിയാൻ ഒരു ഇന്ത്യൻ ഫിലിം ക്ലാസിക്കായി ലോകസിനിമാവേദിയിൽ പ്രതിഷ്ഠിക്കപ്പെട്ടതും. നിർമ്മിക്കപ്പെട്ട കാലത്ത് സ്വന്തം നാട്ടിൽ തിരിച്ചറിയപ്പെടാതെപോയ, നല്ല സിനിമയുടെ സുവിശേഷകനായിരുന്ന ജോൺ ഏബ്രഹാം എന്ന അരാജകവാദി അമ്മ അറിയാൻ എന്ന തന്റെ അവസാനരചനയിലൂടെ ഒരവധൂതനെപ്പോലെ പതിറ്റാണ്ടുകൾക്കുശേഷം ലോകസിനിമയുടെ വെള്ളിവെളിച്ചത്തിൽ പ്രത്യക്ഷപ്പെടുകയാണ്. ഗുരുവായ ഋത്വിക് ഘട്ടിനെപ്പോലെ മരണാനന്തരം ജോൺ ഏബ്രഹാം എന്ന ഇന്ത്യൻ സിനിമയിലെ അവധൂതന്റെയും രണ്ടാംവരവാണിത്. എഴുപതുകളിലെയും എൺപതുകളിലെയും മലയാളത്തിലെ കലാസിനിമയെ മലയാളികൾ പുതിയ കണ്ണുകൾകൊണ്ട് വീണ്ടും കാണേണ്ടതുണ്ടെന്നുകൂടി ഓർമ്മപ്പെടുത്തുന്നതാണ് നാൽപ്പതുവർഷങ്ങൾക്കുശേഷം ലോകോത്തരമായ കാൻ ഫെസ്റ്റിവലിൽ ജോൺ എബ്രഹാമിന്റെ ഒരു മലയാള സിനിമയക്ക് ലഭിച്ച ഈ അപൂർവ്വമായ അംഗീകാരം.

> **സിനിമ പുറത്തുവന്ന വർഷം കേരളത്തിലെ അവാർഡ് കമ്മിറ്റി അച്ചടക്കമില്ലാത്ത സിനിമയെന്ന് വിശേഷിപ്പിച്ചുകൊണ്ടായിരുന്നു അതിനെ അവഗണിച്ചത്. ഇതിവൃത്തവും പ്രമേയവും ആവശ്യപ്പെടുന്ന വ്യത്യസ്തമായൊരു സിനിമാറ്റിക് പരിചരണരീതിയാണ് അമ്മ അറിയാനിൽ കാണാനാവുക. അതുകൊണ്ടാണ്, നാൽപ്പത് വർഷങ്ങൾക്കുശേഷം അമ്മ അറിയാൻ ഒരു ഇന്ത്യൻ ഫിലിം ക്ലാസിക്കായി ലോകസിനിമാവേദിയിൽ പ്രതിഷ്ഠിക്കപ്പെട്ടതും**





ഡോ ഐ രാജൻ



# ഓർമ്മകളിൽ വീണ്ടും ജോൺ

തിളയ്ക്കുന്ന വേനലിൽ
ദൂരെത്തെളിയുന്ന
മൃഗതൃഷ്ണ പോലെ

മദ്യശാലകൾ പുറന്തള്ളുന്ന
ഉന്മാദരാത്രികളുടെ
വിജനയാമങ്ങൾ പോലെ

കലാപത്തിന്റെ  അച്ചുകൂടത്തിലെ
ഒരു അച്ചിലും അടങ്ങാത്ത
ചില്ലക്ഷരം പോലെ

അരാജകത്വത്തിന്റെ തെരുവിൽ
ഒറ്റയ്ക്ക്  പന്തം പിടിച്ചു
ചുവടുറയ്ക്കാതെ നൃത്തം ചെയ്യുന്ന
തെയ്യക്കോലം പോലെ..

ഉത്തരങ്ങളെ
പിന്നിൽ നിന്നും പരിഹസിക്കുന്ന
തലതിരിഞ്ഞ ചോദ്യം പോലെ


ഇരുളിൽ മുങ്ങിയ നഗരത്തിന്റെ
വൈദ്യുത വേലികളിൽ കുരുങ്ങി
തലകീഴായി തൂങ്ങിക്കിടക്കുന്ന
ഇരുണ്ട നിഴലിന്റെ
അനാഥത്വം പോലെ

ഒരു ബോഹീമിയൻ ഗാനത്തിനും
പൂർണ്ണ നിശ്ശബ്ദതയ്ക്കുമിടയിലെ
അനാദിയായ
സാന്ത്വനം പോലെ

ലക്ഷ്യവും മാർഗ്ഗവും
വേവലാതിപ്പെടുത്താത്ത
നിർമ്മമതയുടെ മഹാസമാധി പോലെ

ഞാൻ കയറിയിറങ്ങുന്ന
എന്റെ തന്നെ ഗോവണിപ്പടികളിൽ,
ഓരോ പടിയിലും
ക്ഷുഭിതനായ ഒരു
ജോൺ രൂപം
വിരൽ ചൂണ്ടിപ്പറയുന്നു
''ഇത് ഞാനാണ്, പക്ഷേ ഞാനല്ല.''

*--ജോണിന് സ്നേഹപൂർവ്വം*
**ഐ രാജൻ**




**ഡോ ഐ രാജനും ജോയ് മാത്യുവും
അമ്മ അറിയാനിൽ**



● സംഗീതം /ഓർമ്മക്കുറിപ്പുകൾ

**സാഹിത്യത്തിളക്കവും സംഗീതഗരിമയും ഉത്തമ കലാസൃഷ്ടികളുടെ വിജയം ആസ്വാദനക്ഷമതയുടെ നിലവാരത്തെ ആശ്രയിച്ചിരിക്കുന്നുവെന്ന യാഥാർത്ഥ്യത്തിന് അടിവരയിടുന്നതാണ് ഈ അനുഭവം. എന്നാൽ ആസ്വാദനക്ഷമത ഉയർത്തും വിധം ആസ്വാദകനെ കൈപിടിച്ചുയർത്തേണ്ട ധാർമ്മിക കടമ ഇന്നു കലാപ്രവർത്തകൻ മറന്നിരിക്കുന്നു.**

# സാഹിത്യത്തിളക്കവും സംഗീതഗരിമയും

എന്റെ സംഗീത വഴികൾ–16

◉ എസ് രാജേന്ദ്ര ബാബു

ഏറ്റവും മികച്ച പത്ത് മലയാള ഗാനങ്ങൾ തെരഞ്ഞെടുത്താൽ അതിൽ അഞ്ചും കെഎസ് സേതുമാധവൻറെ ചിത്രങ്ങളിലെ ഗാനങ്ങളാകും. ഇതെങ്ങനെ സംഭവിക്കുന്നു, ഒരിക്കൽ ഞാൻ അദ്ദേഹത്തോട് ചോദിച്ചു. എൻറെ ചിത്രത്തിലെ ഗാനങ്ങളുടെ രചനയും സംഗീതവും ഏറ്റവും മികച്ചതായിരിക്കണമെന്ന് എനിക്ക് നിർബന്ധമുണ്ട്.

എനിക്കാണെങ്കിൽ സംഗീതത്തെക്കുറിച്ച് വേണ്ടത്ര അവബോധവുമില്ല. എളുപ്പമാർഗം ഒന്നേയുള്ളു. ഏറ്റവും മികച്ച ഗാനരചയിതാവിനെയും ഗാനസംവിധായകനെയും തെരഞ്ഞെടുക്കുക.



ദേവരാജനും പി ഭാസ്കരനും



സേതുമാധവൻ



എം ബി ശ്രീനിവാസൻ

എൻറെ ചിത്രങ്ങളിൽ ഭൂരിഭാഗവും വയലാറും ദേവരാജനുമാണ് ഇത് നിർവഹിച്ചിട്ടുള്ളത്. അവർക്ക് ഗാനസന്ദർഭം വിശദീകരിച്ചു കൊടുത്താൽ എൻറെ ചുമതല കഴിഞ്ഞു. പാട്ടുകൾ നന്നായിരിക്കുമെന്ന് ഉറപ്പ്. റെക്കോഡിംഗ് സ്റ്റുഡിയോയിലാവും പിന്നെ ഞാൻ പാട്ട് കേൾക്കുക, സേതു സാർ പറഞ്ഞു നിർത്തി.

ഒരു ചിത്രത്തിൻറെ ഗാനസംവിധാനച്ചുമതല എന്നെ ഏൽപിച്ചു കഴിഞ്ഞാൽ പിന്നെ സംഗീതത്തിൻറെ പരിപൂർണ ഉത്തരവാദിത്തം എനിക്കായിരിക്കും. അതു പരമാവധി നന്നാക്കുക മാത്രമാണ് എൻറെ ലക്ഷ്യം, അതാണ് ദേവരാജൻ മാസ്റ്ററുടെ നിലപാട്.

ഇങ്ങനെ അർപ്പണബോധമുള്ള ചലച്ചിത്ര പ്രവർത്തകരുടെ ഒരു കാലമുണ്ടായിരുന്നു. മലയാള ചലച്ചിത്രങ്ങളുടെ സുവർണകാലഘട്ടം അങ്ങനെയാണ് നാം അടയാളപ്പെടുത്തിയിട്ടുള്ളത് മനശ്ശാസ്ത്ര സംബന്ധമായ ഒരു വിഷയം ആസ്പദമാക്കി 1972-ൽ പുറത്തു വന്ന 'പുനർജന്മം'എന്ന ചലച്ചിത്രം മലയാളത്തിൽ അതുവരെ നിലനിന്നിരുന്ന സിനിമാ സങ്കൽപത്തേയും സംസ്കാരത്തേയും ആസ്വാദനത്തേയും അടിമുടി ഇളക്കി മറിക്കുകയും പരന്ന ചർച്ചയ്ക്ക് വിധേയമാക്കുകയും ചെയ്തിരുന്നു.

ഇങ്ങനെ സംഭവിക്കാനുള്ള പ്രേരണ സമൂഹത്തിലെ ഒരു സാധാരണ വായനക്കാരനായ സിനിമാ ആസ്വാദകനിൽ നിന്നായിരുന്നത്രെ! അക്കാലത്തെ മഞ്ഞിലാസിൻറെ ചിത്രങ്ങൾക്ക് ഉയർന്ന നിലവാരവും മികച്ച ഗാനങ്ങളും എന്തെങ്കിലും പുതുമയുമൊക്കെ പ്രേക്ഷകർക്ക് അനുഭവപ്പെട്ടിരുന്നു. അസാധാരണമായ ഒരു പ്രമേയം എന്തുകൊണ്ട് അടുത്ത സിനിമയ്ക്കു സ്വീകരിച്ചുകൂടാ എന്നു ചോദിച്ചു കൊണ്ട് ആ ഇടയ്ക്കു മാതൃഭൂമി ആഴ്ചപ്പതിപ്പിൽ മനശ്ശാസ്ത്രജ്ഞനായ പ്രൊഫസർ എടി കോവൂർ എഴുതിയ ഒരു ലേഖനത്തിൻറെ കോപ്പി ഒരു സഹൃദയൻ എനിക്കയച്ചു തന്നു.

> എന്റെ ചിത്രത്തിലെ ഗാനങ്ങളുടെ രചനയും സംഗീതവും ഏറ്റവും മികച്ചതായിരിക്കണമെന്ന് എനിക്ക് നിർബന്ധമുണ്ട്. എനിക്കാണെങ്കിൽ സംഗീതത്തെക്കുറിച്ച് വേണ്ടത്ര അവബോധവുമില്ല. എളുപ്പമാർഗം ഒന്നേയുള്ളൂ. ഏറ്റവും മികച്ച ഗാനരചയിതാവിനെയും ഗാനസംവിധായകനെയും തെരഞ്ഞെടുക്കുക. എൻറെ ചിത്രങ്ങളിൽ ഭൂരിഭാഗവും വയലാറും ദേവരാജനുമാണ് ഇത് നിർവഹിച്ചിട്ടുള്ളത്. അവർക്ക് ഗാനസന്ദർഭം വിശദീകരിച്ചു കൊടുത്താൽ എൻറെ ചുമതല കഴിഞ്ഞു , കെ എസ് സേതുമാധവൻ പറഞ്ഞു

ഒഴുക്കിനെതിരെയുള്ള നീന്തലാകും എന്നു പ്രതീക്ഷിച്ചു കൊണ്ടു തന്നെ ആ പ്രമേയത്തെ അധികരിച്ചുള്ള ചിത്രനിർമ്മാണത്തിന് നിർമ്മാതാവ് എംഒ ജോസഫും ഞാനും തയാറായി. തോപ്പിൽ ഭാസിയുടെ തിരക്കഥ എനിക്കു കരുത്തേകി.

അങ്ങനെയാണ് 'പുനർജന്മം'യാഥാർത്ഥ്യമായത്, ചിത്രത്തിൻറെ സംവിധായകൻ കെ എസ് സേതുമാധവൻ ഒരിക്കൽ എന്നോട് പറഞ്ഞു. ചിത്രത്തിലെ ഗാനങ്ങളെല്ലാം പതിവ് പോലെ മികച്ചവ തന്നെ.



വയലാറും ദേവരാജനും

പ്രേമഭിക്ഷുകീ..., കാമിനീ കാവ്യമോഹിനീ..., സൂര്യകാന്ത കൽപടവിൽ... എന്നീ ഗാനങ്ങൾ ഇന്നും മലയാള മനസ്സുകളിൽ തങ്ങി നിൽക്കു ന്നത് അതുകൊണ്ടാണ്.

ഉത്തമ കലാസൃഷ്ടികളുടെ വിജയം ആസ്വാദനക്ഷമതയുടെ നിലവാരത്തെ ആശ്രയിച്ചിരിക്കുന്നുവെന്ന യാഥാർത്ഥ്യത്തിന് അടിവരയിടുന്നതാണ് ഈ അനുഭവം. എന്നാൽ ആസ്വാദനക്ഷമത ഉയർത്തും വിധം ആസ്വാദകനെ കൈപിടിച്ചുയർത്തേണ്ട ധാർമ്മിക കടമ ഇന്നു കലാപ്രവർത്തകൻ മറന്നിരിക്കുന്നു.

മറിച്ച് ആസ്വാദകൻറെ നിലവാരത്തിലേക്ക് കലാപ്രവർത്തകൻ ഇറങ്ങിച്ചെല്ലുന്നതാണ് പൊതുവെ കണ്ടുവരുന്നത് കഥാതന്തുവിലും ആവിഷ്കാരത്തിലും സംഗീതത്തിലും ഇതരഭാഷാ ചിത്രങ്ങളെ ആശ്രയിച്ചിരുന്ന പതിവു രീതിയിൽ നിന്ന് മലയാള സിനിമയെ അക്ഷരാർത്ഥത്തിൽ പുനഃപ്രതിഷ്ഠിച്ച ചിത്രം പി ഭാസ്കരനും രാമു കാര്യാട്ടും ചേർന്ന് സംവിധാനം ചെയ്ത 'നീലക്കുയിൽ'ആണല്ലോ - ഉറൂബിൻറെ 'നീലക്കുയിൽ'എന്ന ചെറുകഥയെ ആസ്പദമാക്കി മലയാളത്തിൻറെ ചൂടും ചൂരും പ്രേക്ഷകനിൽ സന്നിവേശിപ്പിച്ച ആദ്യ ചിത്രം.

സമൂഹത്തിൽ നിലനിന്നിരുന്ന ജന്മി കുടിയാൻ ബന്ധവും തൊട്ടുകൂടായ്മയും ചതിയും ചൂഷണവും ഒക്കെ പ്രേക്ഷക ഹൃദയങ്ങളിൽ ആഴത്തിൽ പതിപ്പിച്ച ആ ചിത്രം ദേശീയ പുരസ്കാരം നേടിയ ആദ്യത്തെ മലയാള ചിത്രം കൂടിയായി.

പാട്ടുകൾക്ക് ഇതരഭാഷാ ചിത്രങ്ങളിൽ നിന്ന് ഈണങ്ങൾ കടം കൊണ്ടിരുന്ന പതിവിനു വിപരീതമായി മലയാളത്തിൻറെ രുചിയും മണവുമുള്ള ഗാനങ്ങളും ഈ ചിത്രത്തിൻറെ പ്രത്യേകതയായിരുന്നു.

**പി ഭാസ്കരനും കെ രാഘവനുമായിരുന്നു അതിൻറെ ശിൽപികൾ. 1954 – ൽ പുറത്തിറങ്ങിയ 'നീലക്കുയിൽ'എന്ന ചിത്രത്തിൽ തുടങ്ങുന്നു മലയാള സിനിമയിലെ സാഹിത്യവും സംഗീതവും തമ്മിലുള്ള പൊക്കിൾക്കൊടി ബന്ധം. സാഹിത്യസംബന്ധിയായ ചലച്ചിത്രങ്ങൾ മലയാളത്തിൽ നിരവധിയുണ്ടായപ്പോൾ അത്തരമൊരു ചലച്ചിത്ര സംസ്കാരം മലയാളത്തിൽ വളർത്തിയെടുത്തതിൽ സംവിധായകൻ കെഎസ് സേതുമാധവനുള്ള പങ്ക് വളരെ വലുതാണ്**

'എല്ലാരും ചൊല്ലണ്, എല്ലാരും ചൊല്ലണ്','കുയിലിനെത്തേടി കുയിലിനെത്തേടി'മാനെന്നും



ശ്രീകുമാരൻ തമ്പിയും അർജുനനും

വിളക്കില്ല'';കായലരികത്ത് വളയെറിഞ്ഞപ്പൊ വളകിലുക്കിയ സുന്ദരീ'തുടങ്ങിയ ഗാനങ്ങൾ ഒരിക്കലെങ്കിലും മൂളാത്ത മലയാളി ഉണ്ടാവില്ല.

പി ഭാസ്കരനും കെ രാഘവനുമായിരുന്നു അതിൻറെ ശിൽപികൾ. 1954–ൽ പുറത്തിറങ്ങിയ 'നീലക്കുയിൽ'എന്ന ചിത്രത്തിൽ തുടങ്ങുന്നു മലയാള സിനിമയിലെ സാഹിത്യവും സംഗീതവും തമ്മിലുള്ള പൊക്കിൾക്കൊടി ബന്ധം.

സാഹിത്യസംബന്ധിയായ ചലച്ചിത്രങ്ങൾ മലയാളത്തിൽ നിരവധിയുണ്ടായപ്പോൾ അത്തരമൊരു ചലച്ചിത്ര സംസ്കാരം മലയാളത്തിൽ വളർത്തിയെടുത്തതിൽ സംവിധായകൻ കെഎസ് സേതുമാധവനുള്ള പങ്ക് വളരെ വലുതാണ്.

സിനിമ എന്നിൽ യാദൃഛികമായി സംഭവിച്ചതാണെങ്കിലും സ്വയം വെട്ടിത്തെളിച്ച പാതയിലൂടെ സഞ്ചരിക്കാനായിരുന്നു എനിക്ക് കൂടുതൽ ഇഷ്ടം, അദ്ദേഹം ഒരു സംഭാഷണമധ്യേ സൂചിപ്പിച്ചു.

മദ്രാസ് പ്രസിഡൻസി കോളെജിൽ വിദ്യാർത്ഥി ആയിരിക്കുമ്പോൾ ഹോസ്റ്റലിന് അടുത്തുള്ള തിയേറ്ററിൽ സുഹൃത്തുക്കൾക്കൊപ്പം ഇംഗ്ലീഷ് സിനിമകൾ കാണാൻ നിർബന്ധിതനായതാണ് തുടക്കം. സഹപാഠിയും പിൽക്കാലത്ത് സംഗീത സംവിധായകനായി പ്രശസ്തനുമായ എംബി ശ്രീനിവാസ

നായിരുന്നു ഇംഗ്ലീഷ് സിനിമകൾ കാണാൻ പ്രേരിപ്പിച്ചത്.

മുമ്പു കണ്ട സിനിമകളുടെ പുസ്തകങ്ങൾ അടുത്തുള്ള പുസ്തകക്കടയിൽ നിന്ന് വായിക്കാൻ കിട്ടിയപ്പോൾ സാഹിത്യവും സിനിമയും താരതമ്യം ചെയ്ത് ഏതാണു മികച്ചു നിൽക്കുന്നതെന്ന് പരിശോധിച്ചു വിലയിരുത്തുക ഒരു ശീലമായി.

പിൽക്കാലത്ത് മലയാള സാഹിത്യത്തിലെ പ്രധാന കൃതികൾ പലതും ചലച്ചിത്രമാക്കാനുള്ള പ്രേരണ അങ്ങനെയാവണം ലഭിച്ചിരിക്കുകയെന്ന് അദ്ദേഹം സമ്മതിക്കുന്നു.


'ഓടയിൽ നിന്ന്' (കേശവദേവ്), 'യക്ഷി'(മലയാറ്റൂർ),'കടൽപ്പാലം'(കെടി മുഹമ്മദ്),'അടിമകൾ'(പമ്മൻ), 'വാഴ്വേമായം' (അയ്യനേത്ത്), 'അരനാഴിക നേരം' (പാറപ്പുറത്ത്), 'കരകാണാക്കടൽ' (മുട്ടത്തു വർക്കി),'അനുഭവങ്ങൾ പാളിച്ചകൾ'(തകഴി), 'പുനർജന്മം '; (എടി കോവൂർ), 'അച്ഛനും ബാപ്പയും' (കെടി മുഹമ്മദ്), 'പണിതീരാത്ത വീട്'(പാറപ്പുറത്ത്), 'കന്യാകുമാരി' (എംടി),'ചട്ടക്കാരി' (പമ്മൻ),';നക്ഷത്രങ്ങളേ കാവൽ' (പത്മരാജൻ), 'ഓപ്പോൾ'(എംടി) തുടങ്ങിയ അദ്ദേഹത്തിൻറെ ചലച്ചിത്രങ്ങൾ നിത്യഹരിതങ്ങളായി.



മുട്ടത്തു വർക്കി

**സഹപാഠിയും പിൽക്കാലത്ത് സംഗീതസംവിധായകനായി പ്രശസ്തനുമായ എംബി ശ്രീനിവാസനായിരുന്നു ഇംഗ്ലീഷ് സിനിമകൾ കാണാൻ പ്രേരിപ്പിച്ചത്. മുമ്പു കണ്ട സിനിമകളുടെ പുസ്തകങ്ങൾ അടുത്തുള്ള പുസ്തകക്കടയിൽ നിന്ന് വായിക്കാൻ കിട്ടിയപ്പോൾ സാഹിത്യവും സിനിമയും താരതമ്യം ചെയ്ത് ഏതാണു മികച്ചു നിൽക്കുന്നതെന്ന് പരിശോധിച്ചു വിലയിരുത്തുക ഒരു ശീലമായി. പിൽക്കാലത്ത് മലയാള സാഹിത്യത്തിലെ പ്രധാന കൃതികൾ പലതും ചലച്ചിത്രമാക്കാനുള്ള പ്രേരണ അങ്ങനെയാവണം ലഭിച്ചിരിക്കുകയെന്ന് സേതുമാധവൻ സമ്മതിക്കുന്നു**

ഇവയിലെ ഗാനങ്ങളാകട്ടെ എക്കാലത്തെയും മികച്ച ഹിറ്റുകളുമായി. സാമൂഹിക പ്രതിബദ്ധതയുള്ള, ശക്തമായ കഥയും തിരക്കഥയുമാണ് ഉൾക്കരുത്തുള്ള സിനിമയ്ക്കാവശ്യം എന്നു തിരിച്ചറിഞ്ഞ നിർമ്മാതാവും സംവിധായകനുമായ പി സുബ്രഹ്മണ്യം അദ്ദേഹത്തിൻറെ സ്വന്തം നിർമ്മാണക്കമ്പനിയായ മെരിലാൻറിൻറെ



എസ് എൽ പുരം

ബാനറിൽ 1957-ൽ തകഴിയുടെ 'രണ്ടിടങ്ങഴി' സിനിമയാക്കി. ചിത്രം വേണ്ടത്ര പ്രദർശന വിജയം കണ്ടില്ലെങ്കിലും അദ്ദേഹം ആത്മവിശ്വാസം കൈവിടാതെ മുട്ടത്തു വർക്കിയുടെ 'പാടാത്ത പൈങ്കിളി'എന്ന നോവൽ സിനിമയാക്കി. സാധാരണക്കാരൻറെ നൊമ്പരങ്ങളും വികാര വിചാരങ്ങളും പകർത്തിയ പ്രശസ്തമായ നോവൽ സിനിമാ രൂപത്തിൽ എത്തിയപ്പോൾ പ്രേക്ഷകർ ആവേശത്തോടെ സ്വീകരിച്ചു.

ആ ചിത്രത്തിലെ അതേ ടീമിനെ വച്ചു തന്നെ അദ്ദേഹം 'മറിയക്കുട്ടി'സിനിമയാക്കി. തുടർന്ന് 'ജയിൽപ്പുള്ളി'. ഇവയെല്ലാം ജനങ്ങൾ നെഞ്ചോടു ചേർത്ത ചിത്രങ്ങളാണ്. മികച്ച ഗാനങ്ങളാണ് ഈ ചിത്രങ്ങൾക്കായി ഒരുക്കിയിരുന്നത്.

തുടർന്ന് മലയാളത്തിലെ അതിശക്തമായ ചില നാടകങ്ങളും സിനിമയ്ക്കു പ്രമേയങ്ങളായി. കെടി മുഹമ്മദിൻറെ 'കണ്ടം ബച്ച കോട്ട്'എന്ന സാമൂഹിക പ്രസക്തിയുള്ള നാടകം ടിആർ സുന്ദരത്തിൻറെ സംവിധാനത്തിൽ 1961-ൽ പുറത്തിറങ്ങി.

തോപ്പിൽ ഭാസിയുടെ രചനയിൽ കെപിഎസി അവതരിപ്പിച്ചു വിജയിപ്പിച്ച 'മുടിനായ പുത്രൻ'; സിനിമയായതും ഇതേ വർഷം തന്നെ. ചിത്രം സംവിധാനം ചെയ്തത് രാമു കാര്യാട്ട്. അടുത്ത വർഷം കെ പി എ സിയുടെ 'പുതിയ ആകാശം പുതിയ ഭൂമി'യും സിനിമയായി. തുടർന്ന് സിനിമയായത് വൈക്കം ചന്ദ്രശേഖരൻ നായർ രചിച്ച 'ഡോക്ടർ' ആണ്. കാളിദാസ കലാകേന്ദ്രം കേരളത്തിൽ അങ്ങോളമിങ്ങോളം അവതരിപ്പിച്ച നാടകമാണ്'ഡോക്ടർ'അരങ്ങിൽ തകർത്താടിയ നാടകം എന്തുകൊണ്ടോ തിരശ്ശീലയിൽ തിളങ്ങിയില്ല. എസ്കെ പൊറ്റെക്കാട്ടിൻറെ';മൂടുപടം'രാമു കാര്യാട്ടിൻറെ സംവി

ധാനത്തിൽ സിനിമയായപ്പോൾ മുസ്ലിം സമൂഹത്തിൽ നിലനിന്നിരുന്ന സാമുദായിക അനീതികളെയാണ് ചോദ്യം ചെയ്തത്.

മധുവിൻറെ അരങ്ങേറ്റ ചിത്രം കൂടിയായി';മൂടുപടം' തുടർന്ന് പല സാഹിത്യ രചനകളും സിനിമയുടെ രൂപത്തിൽ വിജയപരാജയങ്ങൾ ഏറ്റുവാങ്ങി. എന്നാൽ മലയാള സിനിമയ്ക്ക് എക്കാലവും പൊൻതൂവൽ ചാർത്തുന്ന ചില ചിത്രങ്ങളുടെ വരവറിയിച്ച വർഷങ്ങളാണ് തുടർന്നു വന്നത്. വൈക്കം മുഹമ്മദ് ബഷീർ രചിച്ച 'നീലവെളിച്ചം'എന്ന ചെറുകഥ 1964-ൽ പ്രശസ്ത ക്യാമറാമാൻ വിൻസൻറിൻറെ സംവിധാനത്തിൽ ';ഭാർഗവീനിലയം'എന്ന സിനിമയായി. 'താമസമെന്തേ വരുവാൻ'';പൊട്ടിത്തകർന്ന കിനാവു കൊണ്ടൊരു', 'ഏകാന്തതയുടെ അപാര തീരം', തുടങ്ങിയ ഗാനങ്ങൾ മലയാളിക്ക് ഒരിക്കലും മറക്കാനാവാത്തതായി. തൊട്ടടുത്ത വർഷം തകഴിയുടെ 'ചെമ്മീൻ'രാമു കാര്യാട്ട് സംവിധാനം ചെയ്തു.

ചിത്രം ദേശീയാംഗീകാരം നേടി. തകഴിയുടെ നോവലിന് എസ്എൽ പുരത്തിൻറെ അതിശക്തമായ തിരക്കഥ തിളക്കമേറ്റി. ചിത്രത്തിലെ പാട്ടുകളും ഷോട്ടുകളും നിത്യവിസ്മയങ്ങളായി. വയലാറാകട്ടെ സിനിമയുടെ ഇതിവൃത്തം തന്നെ ചിപ്പിക്കുള്ളിലെ മുത്തുപോലെ അതിലെ ഒരു ഗാനത്തിൻറെ നാലുവരികളിൽ ഒതുക്കി - പണ്ടൊരു മുക്കുവൻ മുത്തിനു പോയി, പടിഞ്ഞാറൻ കാറ്റത്തു മുങ്ങിപ്പോയി. അരയത്തിപ്പെണ്ണ് തപസ്സിരുന്നു, അവനെ കടലമ്മ കൊണ്ടുവന്നു.

അടുത്ത ചരണത്തിൽ അരയത്തിപ്പെണ്ണ് പെഴച്ചുപോയി, അവനെ കടലമ്മ കൊണ്ടുപോയി. 1965-ൽ കെഎസ് സേതുമാധവൻറെ സംവിധാനത്തിൽ ചലച്ചിത്രമായ പി കേശവദേവിൻറെ'ഓട



ഒ എൻ വി

യിൽ നിന്ന്' നിത്യവൃത്തിക്കുള്ള അന്നം അന്നന്നു കണ്ടെത്തുന്ന പാവപ്പെട്ടവൻറെ സ്വപ്നവും നിരാശയും പ്രതിഫലിപ്പിക്കുന്നതായി. ഈ ചിത്രത്തിൽ പി സുശീല പാടിയ 'കാറ്റിൽ ഇളംകാറ്റിൽ ഒഴുകി വരും ഗാനം' ഒരിക്കലും മലയാളിക്ക മറക്കാനാവില്ലല്ലോ. എന്നാൽ വായനക്കാരെ അങ്ങേയറ്റം ആകർഷിച്ച കേശവദേവിൻറെ 'റൗ

**വൈക്കം മുഹമ്മദ് ബഷീർ രചിച്ച 'നീലവെളിച്ചം'എന്ന ചെറുകഥ 1964 – ൽ പ്രശസ്ത ക്യാമറാമാൻ വിൻസൻറിൻറെ സംവിധാനത്തിൽ ';ഭാർഗവീനിലയം'എന്ന സിനിമയായി. 'താമസമെന്തേ വരുവാൻ'';പൊട്ടിത്തകർന്ന കിനാവു കൊണ്ടൊരു', 'ഏകാന്തതയുടെ അപാര തീരം', തുടങ്ങിയ ഗാനങ്ങൾ മലയാളിക്ക് ഒരിക്കലും മറക്കാനാവാത്തതായി. തൊട്ടടുത്ത വർഷം തകഴിയുടെ ';ചെമ്മീൻ'; രാമു കാര്യാട്ട് സംവിധാനം ചെയ്തു. ചിത്രം ദേശീയാംഗീകാരം നേടി. വയലാറാകട്ടെ സിനിമയുടെ ഇതിവൃത്തം തന്നെ ചിപ്പിക്കുള്ളിലെ മുത്തുപോലെ അതിലെ ഒരു ഗാനത്തിൻറെ നാലുവരികളിൽ ഒതുക്കി**



മെഹബൂബ്

ഡി'തിരശ്ശീലയിൽ തിളങ്ങിയില്ല. കരുത്തും നെഞ്ചൂക്കും ആകാര സൗഷ്ഠവവുമുള്ള സത്യനെ ഒരു തികഞ്ഞ ഭീരുവായി സങ്കൽപിക്കാൻ പ്രേക്ഷകനു കഴിയാതെ പോയതാണ് ചിത്രം പരാജയപ്പെടാൻ കാരണം.

സത്യനു പകരം അടൂർ ഭാസിയെ ആയിരുന്നു നായകനായി ഞാൻ ആദ്യം നിശ്ചയിച്ചിരുന്നത്.

ചില കാരണങ്ങളാൽ അതു നടന്നില്ല, സംവിധായകൻ സേതുമാധവൻ ഒരിക്കൽ വ്യക്തമാക്കി. 1966-ൽ എംടിയുടെ'ഇരുട്ടിൻറെ ആത്മാവ്'പി ഭാസ്കരൻ അനശ്വരമാക്കി.

അതാകട്ടെ പ്രേംനസീറിൻറെ അഭിനയ ജീവിതത്തിലെ നാഴികക്കല്ലായി മാറി. ജഗതി എൻകെ ആചാരിയുടെ രചനയിൽ കലാനിലയം രംഗത്തവതരിപ്പിച്ചു ജനഹൃദയത്തിൽ ഇടംപിടിച്ച നാടകം 'കായംകുളം കൊച്ചുണ്ണി'പിഎ തോമസിൻറെ സംവിധാനത്തിൽ അതേ വർഷം ചലച്ചിത്രമായി. കെ പത്മനാഭൻ നായരുടെ 'കുഞ്ഞാലി മരയ്ക്കാർ'; എന്ന കൃതി എസ്എസ് രാജൻറെ സംവിധാന മികവിൽ ചലച്ചിത്രമാവുകയും പ്രസിഡൻറിൻറെ വെള്ളി മെഡൽ നേടുകയുമുണ്ടായി.

ചിദംബരനാഥിൻറെ സംഗീത

**1965 – ൽ കെഎസ് സേതുമാധവൻറെ സംവിധാനത്തിൽ ചലച്ചിത്രമായ പി കേശവദേവിൻറെ'ഓടയിൽ നിന്ന്' നിത്യവൃത്തിക്കുള്ള അന്നം അന്നന്നു കണ്ടെത്തുന്ന പാവപ്പെട്ടവൻറെ സ്വപ്നവും നിരാശയും പ്രതിഫലിപ്പിക്കുന്നതായി. ഈ ചിത്രത്തിൽ പി സുശീല പാടിയ 'കാറ്റിൽ ഇളംകാറ്റിൽ ഒഴുകിവരും ഗാനം' ഒരിക്കലും മലയാളിക്ക മറക്കാനാവില്ലല്ലോ**

ത്തിൽ പി ജയച്ചന്ദ്രൻ അരങ്ങേറ്റം കുറിച്ച ചിത്രം കൂടിയായി 'കുഞ്ഞാലി മരയ്ക്കാർ.'(കളിത്തോഴ



പൂവച്ചൽ ഖാദർ

നിലെ മഞ്ഞലയിൽ മുങ്ങിത്തോർത്തി... രണ്ടാമത് റെക്കോഡ് ചെയ്ത ചിത്രമാണ്. പക്ഷെ ആ ചിത്രമാണ് ആദ്യം പുറത്തു വന്നത്).

തുടർന്നുള്ള വർഷങ്ങളിലെ കലാമൂല്യവും പ്രദർശന വിജയവും നേടിയ ചിത്രങ്ങൾ മിക്കതും മികച്ച സാഹിത്യസൃഷ്ടികളെ അവലംബിച്ചുള്ളതാണ്. 'അഗ്നിപുത്രി' (എസ് എൽ പുരം), 'അസുരവിത്ത്' (എംടി)'; തുലാഭാരം'; (തോപ്പിൽ ഭാസി), 'ഏഴു രാത്രികൾ; (കാലടി ഗോപി), 'കള്ളിച്ചെല്ലമ്മ'ജി വിവേകാനന്ദൻ),'ഓളവും തീരവും', (എംടി), ';കുട്ട്യേടത്തി&'എംടി), 'നെല്ല്' (പി വൽസല), ';ശ്രീകൃഷ്ണപ്പരുന്ത്'(പിവി തമ്പി) എന്നിങ്ങനെ ഉത്തമ സാഹിത്യ രചനകളുടെ പിൻബലത്തിൽ തിളങ്ങിയ ചിത്രങ്ങൾ നിരവധി. ഇവയിലെ ഗാനങ്ങളെല്ലാം നിത്യഹരിതങ്ങളായി. സിവി ശ്രീരാമൻറെ കൃതികളായ '; ചിദംബര''വാസ്തുഹാര'യും അരവിന്ദൻറെ മികച്ച ചിത്രങ്ങളിൽ പ്രമുഖ സ്ഥാനത്തുള്ളവയാണ്. വൈക്കം മുഹമ്മദ് ബഷീറിൻറെ 'മതിലുകളും സക്കറിയയുടെ 'വിധേയനും' തകഴിയുടെ ചെറുകഥകളിൽ നിന്നു കടംകൊണ്ട വിവിധ സ്ത്രീ കഥാപാത്രങ്ങളെ സമന്വയിപ്പിച്ചുള്ള'നാലു പെണ്ണുങ്ങ'ളും അടൂരിൻറെ സംവിധാന മികവിൻറെ സുവർണ മുദ്രകളാണ്.

ടിപി രാജീവൻറെ കൃതിയായ'പാലേരി മാണിക്കം ഒരു പാതിരാ കൊലപാതകം'രഞ്ജിത്തിൻറെ സംവിധാനത്തിൽ മികച്ച അനുഭവമായി.


എന്നാൽ ഇവയുടെ സാഹിത്യത്തിളക്കം അവയിലെ സംഗീതത്തിൽ നിലനിർത്താനായില്ല. മലയാള സിനിമയുടെ സാഹിത്യ ബന്ധം നോവലുകളിലും ചെറുകഥകളിലും തിരക്കഥകളിലും മാത്രം ഒതുങ്ങി നിൽക്കുന്നതല്ല. അത്രത്തോളം തന്നെ സമ്പന്നമാണ് നമ്മുടെ ഗാനരചനാശാഖയും. ജി ശങ്കരക്കുറുപ്പ്, പുത്തൻകാവ് മാത്തൻ തരകൻ തുടങ്ങിയ മഹാകവികളായിരുന്നല്ലോ നമ്മുടെ ആദ്യകാല ഗാനരചയിതാക്കൾ. ആ പാരമ്പര്യമൂല്യം ഒട്ടും ചോർന്നു പോകാതെ ഗാനമേഖലയെ സമ്പന്നമാക്കിയത് പി ഭാസ്കരൻ, വയലാർ, ഒഎൻവി, ശ്രീകുമാരൻ തമ്പി, യൂസഫലി കേച്ചേരി തുടങ്ങിയവരാണ്. പിന്നീട് പൂവച്ചൽ ഖാദർ, മങ്കൊമ്പ് ഗോപാലകൃഷ്ണൻ, ബിച്ചു തിരുമല തുടങ്ങിയവർക്കു ശേഷം ഗാനശാഖ കൈതപ്രം, ഗിരീഷ് പുത്തഞ്ചേരി, അനിൽ പനച്ചൂരാൻ എന്നിവരിലൂടെ വയലാർ ശരശ്ചന്ദ്ര വർമ്മ, റഫീക്ക് അഹമ്മദ്, ഹരിനാരായണൻ തുടങ്ങിയ യുവനിരയിൽ എത്തി നിൽക്കുന്നു.

പ്രഭാവർമ്മയെ പോലുള്ളവരെ വിസ്മരിക്കാതെ തന്നെ പറയട്ടെ, ഇന്നത്തെ ഗാനരചനയുടെ പ്രൗഢിയും സൗന്ദര്യവും എവിടെയെത്തി നിൽക്കുന്നുവെന്നത് ഗൗരവമേറിയ ചർച്ചയ്ക്കു വിധേയമാകേണ്ട വിഷയമാണ്. സംഗീത സംവിധാന മേഖലയും ആഴത്തിൽ പരിശോധിക്കപ്പെടേണ്ടതു തന്നെ.

**മലയാള സിനിമയുടെ സാഹിത്യ ബന്ധം നോവലുകളിലും ചെറുകഥകളിലും തിരക്കഥകളിലും മാത്രം ഒതുങ്ങി നിൽക്കുന്നതല്ല. അത്രത്തോളം തന്നെ സമ്പന്നമാണ് നമ്മുടെ ഗാനരചനാശാഖയും. ജി ശങ്കരക്കുറുപ്പ്, പുത്തൻകാവ് മാത്തൻ തരകൻ തുടങ്ങിയ മഹാകവികളായിരുന്നല്ലോ നമ്മുടെ ആദ്യകാല ഗാനരചയിതാക്കൾ. ആ പാരമ്പര്യമൂല്യം ഒട്ടും ചോർന്നു പോകാതെ ഗാനമേഖലയെ സമ്പന്നമാക്കിയത് പി ഭാസ്കരൻ, വയലാർ, ഒഎൻവി, ശ്രീകുമാരൻ തമ്പി, യൂസഫലി കേച്ചേരി തുടങ്ങിയവരാണ്.**


ചെറുകഥ

# ചിത്രം വരയ്ക്കുന്ന കുട്ടികൾ



ശ്രീലേഖ എൽ കെ

വര:
മറിയം ജാസ്മിൻ



'ഒരു വട്ടവും അയിന്റെ നടുവിലൂടെ ഒരു വരയും. അപ്പൊ ഭൂമിയായി '

' വര ചെരിച്ചു വരക്കണമെന്ന് മാഷ് പറഞ്ഞിട്ടില്ലേ'

' ന്നിട്ട്? അയിന്റെ മേലെ പാർക്കുന്ന മ്മളൊക്കെ വീഴൂല്ലേ '

' ഭൂഗുരുത്വബലം ന്നുള്ള ...'

' ന്റെ ബാപ്പാന്റെ പീട്യലെ പണിക്കാരനാ ന്റെ അച്ഛൻ. ഞാ പറയുന്നത് കേട്ടാൽ മതി യ്യ് '

പറഞ്ഞു വന്നത് അവന് പൂർത്തിയാക്കാൻ കഴിഞ്ഞില്ല. അവളുടെ കടുത്ത ചില വാക്കുകളിൽ അവൻ പലപ്പോഴും തോറ്റു പോകുക പതിവാണ്.

തർക്കം നിന്നു. അവൻ നിശബ്ദനായി.

തബ്സീന മുഹമ്മദ് സി കെ തട്ടം വലിച്ചിട്ട് ചേലിൽ ഒന്ന് ചിരി

ച്ചു. അമ്പിളി വട്ടം പോലെ മുഖം തിളങ്ങി.

' ഈ ഭൂമിന്റെ ഒത്ത നടുക്ക് ആണ് ന്റെ വലിയ പൊര. '

തബ്സീന വട്ടത്തിനകത്ത് ഒരു വലിയ കുത്തിട്ടു.

' ഉപ്പാന്റെ ഉമ്മ ആ വലിയ കോലായീലെ കസേരയിലിരുന്ന് കഥ പറേന്നുണ്ട്. കണ്ടാ യ്യ്?'

അവന്റെ ചെവിക്കടുത്തേക്ക് അവൾ മുഖം അടുപ്പിച്ചു.

'നിക്കൊരു രഹസ്യം കേൾക്കണോ?'

ഏതോ സെന്റിന്റെ മണം. അവനത് മൂക്കിലേക്ക് വലിച്ചു. ഇല്ല, ഇന്നാട്ടിൽ ആർക്കും ഈ മണമില്ല.

' എന്റെ ഉമ്മുമ്മാന്റെ ഉപ്പ സുൽത്താൻ ആയിരുന്നു. '

അവന് ബഷീറിന്റെ ഉപ്പുപ്പാന്റെ ആനയുടെ കഥ ഓർമ്മ വന്നു.പക്ഷേ ചിരിച്ചില്ല. താൻ പറയാതെ ചിരിക്കാൻ പാടില്ലെന്നാണ് അവളുടെ നിയമം.

അഥവാ അങ്ങനെ ഉണ്ടായാൽ തബ്സീന  കൂർത്ത നഖം കൊണ്ട് നുള്ളി വേദനിപ്പിക്കും. അവന് കരച്ചിൽ വരും. നഖം കൊണ്ട് വാണ്ടു പോയ തൊലി തുപ്പല് കൂട്ടി തടവുമ്പോൾ അവൾ പിന്നെയും കളിയാക്കും.

' കെട്ട ചെക്കൻ. ഇന്റെ തുപ്പൽ മണത്തിട്ട് നിക്കാൻ പറ്റുന്നില്ല. പോയി കുളി'

അവൻ ഒന്നൂടെ കരിയും.

തിരിച്ചു വേദനിപ്പിക്കാൻ കഴിയാഞ്ഞിട്ടല്ല. പക്ഷേ അച്ഛൻ അവരുടെ പണിക്കാരനാണ് എന്ന ഓർമ്മ വരും. അത് വല്ലാതെ അങ്ങ് തളർത്തിക്കളയും.

' എന്റെ ഉമ്മുമ്മാന്റെ നെഞ്ചത്തുന്നാണ് ആയിരത്തൊന്ന് കഥകളുണ്ടായത്.നിയ്ക്ക് അത് വല്ലോം അറിയാമോ മണ്ടാ '

തബ്സീനയുടെ ഉപ്പ അടക്കം ഒമ്പത് പേർ നുണഞ്ഞ ഉണങ്ങിയ ആ അമ്മിഞ്ഞകൾ അവളും ചെറുപ്പത്തിൽ നുണഞ്ഞിട്ടുണ്ട്.

മധുരക്കഥകൾ ഊറ്റി കുടിച്ചിട്ടുണ്ട്.

ആ നെഞ്ചിലെ പാൽ മുഴുവൻ അവർ പറയുന്ന കഥകൾ ആണെന്ന് അവൾ പറയും.

രാത്രിയിലെ നക്ഷത്രങ്ങൾ ഹൂറി മാരുടെ കണ്ണുകൾ ആണെന്നും അവർ ഭൂമിയിലെ മനുഷ്യരെ എപ്പോഴും കണ്ടു കൊണ്ടിരിക്കുകയാണെന്നും അങ്ങനെയാണത്രെ അവൾ അറിഞ്ഞത്.

**ന്റെ ബാപ്പാന്റെ പീട്യലെ പണിക്കാരനാ ന്റെ അച്ഛൻ. ഞാ പറയുന്നത് കേട്ടാൽ മതി യ്യ്' പറഞ്ഞു വന്നത് അവന് പൂർത്തിയാക്കാൻ കഴിഞ്ഞില്ല. അവളുടെ കടുത്ത ചില വാക്കുകളിൽ അവൻ പലപ്പോഴും തോറ്റു പോകുക പതിവാണ്. തർക്കം നിന്നു. അവൻ നിശബ്ദനായി.**

ഉമ്മൂമ്മയേക്കാൾ അറിവൊന്നും ഭൂമിയിൽ ആർക്കും ഇല്ലെന്ന് തബ്സീന വിശ്വസിക്കുന്നു. സ്കൂളിലെ മാഷമ്മാർ വരെ ഉമ്മൂമ്മയുടെ മുന്നിൽ ഒന്നുമല്ല. അവർ ആകാശത്തിലെ നക്ഷത്രങ്ങളെ വരെ എണ്ണിക്കഴിഞ്ഞുവത്രെ.

ജിന്നുകളും മലക്കുകളുമടക്കം കോടാനു കോടി ജീവജാലങ്ങൾ നിറഞ്ഞ ഒരു അത്ഭുതലോകം.

ഉറക്കത്തിൽ കണ്ട ആ ലോകത്തിലെ കാഴ്ചകളുടെ കഥകൾ ഉച്ച നേരങ്ങളിൽ അവൾ കൂട്ടുകാർക്ക് പറഞ്ഞുകൊടുത്തു.

അവൾക്ക് ചുറ്റിലും എപ്പോഴും കുട്ടികൾ ആരാധനയോടെ കൂട്ടം കൂടി.

അവൾ കൊണ്ട് വന്ന ബദാം പരിപ്പുകളുടെ പച്ച കൊറിക്കാൻ കുട്ടികൾ എല്ലാരും വരി വരിയായി കാത്തിരുന്നു.

അസൂയ മൂത്ത ചില ചെക്കന്മാർ അവളെ കളിയാക്കാനായി സുൽത്താന്റെ മോളെ എന്ന് ഉറക്കെ കൂവും.

'ഇബിലീസുങ്ങള്. ന്റെ മൂമ്മ് മാനോട് പറഞ്ഞ് എല്ലാറ്റിനേം ഞാ വട്ടം കറക്കുന്നുണ്ട്. ഉമ്മൂമ്മക്ക് ജാല വിദ്യ അറിയാലോ.'

അവൾ തട്ടം വലിച്ചിട്ട് ഉന്നം തെറ്റിയ കല്ലുകൾ അവർക്ക് നേരെ എറിയും.

മാഷമ്മാര് വരെ തബ്സീന മുഹമ്മദിനെ ഒന്നും പറയാറില്ല. അവളുടെ അച്ഛൻ പി ടി എ പ്രസിഡന്റ് ആണ്. ഇടയ്ക്ക് അയാൾ കൊണ്ട് വരുന്ന പെരുത്ത സമ്മാനങ്ങൾ എല്ലാവർക്കും തുല്യമായി പങ്കിടാൻ മാത്രം ഉണ്ടാവും.

അപ്പോൾ ഓളുടെ ഭൂമി ചില പ്പോൾ പരന്നോ അതിന്റെ അച്ചുതണ്ട് കുത്തനയോ ഒക്കെ തന്നെ ആവും.ആരും ചോദ്യം ചെയ്യാനില്ല.

അവനു കരച്ചിൽ വന്നു. ക്ലാസ്സിൽ അവളാണ് ലീഡർ. മാർക്ക് കൂടുതൽ കിട്ടിയിട്ട് പോലും അവനത് ആവാൻ പറ്റിയില്ല. അവന്റെ അച്ഛൻ പീടികയിലെ തൊഴിലാളി ആണ്. അവളുടെ ഉപ്പ മുതലാളിയും.

സ്കൂളിനപ്പുറത്തെ ലൈബ്രറിയിൽ വർഗ്ഗസമരവും സോഷ്യലിസവും പറയുന്ന പുസ്തകങ്ങൾ ഉണ്ട്. അവിടെ ഇരിക്കുന്നവരിൽ ചിലരുടെ സംസാരത്തിൽ തുല്യമായി ജീവിക്കാനുള്ള അവകാശങ്ങളെ പറ്റി പറയുന്ന കാര്യങ്ങൾ കേൾക്കുമ്പോൾ, താനും ക്ലാസ്സ് ലീഡർ ആവുന്ന ഒരു ദിവസത്തെ കുറിച്ചാണോ ഇവർ പറയുന്നതെന്ന് അവനു തോന്നും.

തബ്സീന ഫ്യൂഡലിസ്റ്റ് ആണെന്ന് വിളിച്ചു പറഞ്ഞ് അവളുടെ മൈലാഞ്ചി ഇട്ട കൈയിൽ നുള്ളുന്നതും, ഭൂമിടെ അച്ചുതണ്ട് ചരിഞ്ഞതാണെനന്ന് അവളെക്കൊണ്ട് കൊണ്ട് പറയിക്കുന്നതുമായ ഒരു ദിവസമാണ് യഥാർത്ഥ സോഷ്യ

ലിസം വരൂ എന്നും അവൻ കരുതു ന്നുണ്ട്.

ബെല്ലടിച്ചപ്പോൾ അവൻ ക്ലാസ്സി ലേക്ക് പതുക്കെ നടന്നു. സാമൂ ഹ്യപാഠം ക്ലാസ്സിൽ ഇന്ത്യയുടെ മാപ്പിൽ അയൽ രാജ്യങ്ങൾ അടയാ ളപ്പെടുത്താൻ പറഞ്ഞിട്ടുണ്ട്.

അവന് അതൊക്കെ അറിയാം. പച്ച മലകൾ കടന്നാൽ ഹിമാലയം. അതിനപ്പുറം പല രാജ്യങ്ങൾ.

ഒറ്റ ഭൂമിയായ രാജ്യം ചോര കൊണ്ട് അതിരിട്ട് രണ്ടുമൂന്നു കഷ ണങ്ങൾ ആയതു പറഞ്ഞത് രാത്രി ആയുധ പരിശീലനം നടത്തുന്ന ചേട്ടന്മാരാണ്. ഭൂമി തൊട്ട് വണ ങ്ങി, തലങ്ങും വിലങ്ങും മറിഞ്ഞ്,

**' എന്റെ ഉമ്മുമ്മാന്റെ നെഞ്ചത്തു ന്നാണ് ആയിരത്തൊന്ന് കഥക ളുണ്ടായത്. നിയ്ക്ക് അത് വല്ലോം അറിയാമോ മണ്ടാ ' തബ്സീന യുടെ ഉപ്പ അടക്കം ഒമ്പത് പേർ നുണഞ്ഞ ഉണങ്ങിയ ആ അമ്മി ഞ്ഞകൾ അവളും ചെറുപ്പത്തിൽ നുണഞ്ഞിട്ടുണ്ട്. മധുരക്കഥകൾ ഊറ്റി കുടിച്ചിട്ടുണ്ട്. ആ നെഞ്ചിലെ പാൽ മുഴുവൻ അവർ പറയു ന്ന കഥകൾ ആണെന്ന് അവൾ പറയും.**




അവർ മണിക്കൂറുകൾ ചിലവാ ക്കും. ചിലപ്പോൾ പഠനക്ലാസുകൾ ആവും നടക്കുക.

ഇരുന്നിരുന്ന് അവനോട് ഉറ ങ്ങിപോകും. ഒടുക്കം ആരെങ്കിലും ചിലർ ഉണർത്തി, വീട്ടിലേക്ക് ഓടു മ്പോഴാണ് കേട്ടതിൽ പല കാര്യങ്ങ ളും അവൻ പുനരാലോചിക്കുക.

ആക്കൂട്ടത്തിൽ തബ്സീന മുഹ മ്മദ് എന്ന പെൺകുട്ടിയെ വട്ടം കറ ക്കാനുള്ള ചിലത് അവന് കിട്ടും. പിറ്റേന്നത് പൊട്ടിച്ചിരിക്കുള്ള വക യാകും എന്നോർത്ത് അവനന്ന് ഉറക്കം വരില്ല.

അവൾ വരച്ച വട്ടം പോലുള്ള ഭൂമിയിൽ നിന്ന് പൊട്ടു പോലുള്ള ആ വീട്ടിൽ നിന്ന്, ഇടിഞ്ഞു പൊ ളിഞ്ഞ അവളുടെ കഥകൾ പെറു ക്കിക്കൂട്ടി ' ഞ്ഞി പോടാ ഇബിലീ സേ ' എന്ന കരച്ചിലോടെ അവൾ തല കുമ്പിടുന്നത് ഓർത്ത് അവന് സന്തോഷം തോന്നി.

ഉറക്കത്തിൽ അവൻ നാലാം ക്ലാസ്സിലെ ക്ലാസ്സ് ലീഡർ ആയി. ബോർഡിൽ തബ്സീന മുഹമ്മദ് എന്ന പേര് ക്ലാസ്സിൽ വർത്തമാനം പറഞ്ഞവരുടെ കൂട്ടത്തിൽ ആദ്യം എഴുതി. കണക്ക് മാഷിന്റെ വലിയ ചൂരലിൽ ഒന്ന് അവളെ ആദ്യമായി തൊട്ടു. അവൾ പിന്നെയും കര ഞ്ഞു.

ഉറക്കം ഉണർന്നപ്പോൾ അവ

**ഉറക്കത്തിൽ അവൻ നാലാം ക്ലാസ്സിലെ ക്ലാസ്സ് ലീഡർ ആയി. ബോർഡിൽ തബ്സീന മുഹമ്മ ദ് എന്ന പേര് ക്ലാസ്സിൽ വർത്തമാ നം പറഞ്ഞവരുടെ കൂട്ടത്തിൽ ആദ്യം എഴുതി. കണക്ക് മാഷിന്റെ വലിയ ചൂരലിൽ ഒന്ന് അവളെ ആദ്യമായി തൊട്ടു. അവൾ പിന്നെ യും കരഞ്ഞു.**

ന് ചിരി വന്നു. തൊട്ട് മുകളിലെ വീട്ടിൽ അവളുണ്ട്. കിതാബ് പഠിപ്പിക്കുന്നത് ഉസ്താദ് നേരിട്ട് വീട്ടിൽ വന്നാണ്. അതിന്റെ അഹങ്കാരം കൂടി അവൾക്കുണ്ട്.

അവൻ സാമൂഹ്യപാഠം പുസ്തകത്തിൽ വിട്ടു പോയത് കൂട്ടിച്ചേർക്കുക എന്ന ഹോം വർക്കിൽ ഇന്ത്യയുടെ ഭൂപടത്തിലെ അതിരുകൾ എഴുതി.

വരച്ചു വെച്ച വരകൾക്ക് അപ്പുറത്ത് മിന്നുന്ന തട്ടമിട്ട് തബ്സീന നിൽക്കുന്നു.

‘ ഞാൻ അങ്ങോട്ട് വന്നോട്ടെ?? ‘

അവൾ ചോദിച്ചു.

അവന് പിന്നിൽ അപ്പോഴേക്കും ആളുകൾ

നിറഞ്ഞു. കൂട്ടത്തിൽ രാത്രി ക്ലാസ്സിലെ ചേട്ടന്മാരുണ്ട്. അത് ഒരു ആരവമാകുന്നു. ആരവം അവളോട് ചോദിക്കുന്നു

‘ രേഖകൾ?? ‘

വരച്ച വട്ടത്തിലെ ഭൂമിയിൽ അവൾ അവളുടെ വീടിന്റെ അടയാളമായ കറുത്ത കുത്ത് കാണിച്ചു കൊടുക്കുന്നു.

ആരവങ്ങളുടെ ശ്രുതി പരിഹാസത്തിന്റെ ഉച്ചസ്ഥായിൽ എത്തുന്നു.

‘ ന്റെ ഉമ്മുമ്മടെ ഉപ്പൂപ്പന്റെ വലിയ പുരയാണിത്. ന്റെ ഉമ്മൂമ്മ ന്റെ ഉപ്പൂപ്പ സുൽത്താൻ ആയിരുന്നു. ‘






തബ്സീന കരയുന്നു.

അവന് സങ്കടം വരുന്നുണ്ടായിരുന്നു. കൂട്ടുകാരിയാണ്. അവൾ തന്ന കുപ്പായമാണ് തനിക്കുള്ള

തിൽ ഏറ്റവും നല്ലതിൽ ഒന്ന്. അവളുടെ ഉമ്മ തരുന്ന കോഴിക്കറിയെക്കാൾ രുചിയിൽ അവൻ വേറൊന്നും രുചിച്ചിട്ടില്ല.

എന്നാലും അവൾക്കിവിടെ അവകാശമില്ലാത്ത മണ്ണാണെന്ന് മറ്റുള്ളവർ പറയുമ്പോൾ വിശ്വസിക്കാതെ എങ്ങനെ.

പർവതങ്ങൾ കടന്നാൽ അവളുടെ രാജ്യമാണ്. അവിടെ ചിലപ്പോൾ തബ്സീന മുഹമ്മദ് രാജകുമാരിമാരെപ്പോലെ ജീവിക്കാനുള്ള മഹലുകൾ ഉണ്ടാവും. കൈയിൽ മൈലാഞ്ചി ചുവപ്പിച്ച്, ബദാം പരിപ്പുകൾ കൊറിച്ച് അവൾ കഥ കേൾക്കും.

കർപ്പൂരം പുകച്ച് ദാസിമാർ അവളുടെ കറുത്ത മുടിയിഴകളെ സുഗന്ധപൂരിതമാക്കും. അവൾക്കവിടെ സുഖമായിരിക്കും.

അതിരുകൾ പൂരിപ്പിച്ചു കഴിയുന്നതിന് മുൻപ് തൊട്ടടുത്ത് വലിയ ഒച്ചയിൽ അവന്റെ പെൻസിൽ കൈയിൽ നിന്ന് മുറ്റത്തേക്ക് തെറിച്ചു വീണു.

ആ ചെറിയ പുരയെ മറയ്ക്കുന്ന തബ്സീനയുടെ വലിയ വീട് ജേ സീ ബി കൈകൾ കൊണ്ട് കോരിയെടുക്കുന്നു.

അതിന്റെ തുമ്പിൽ അതിശയത്തോടെ അവൾ. പിന്നേയത് വലിയ നിലവിളിയാകുന്നു. അവൾ കൈയിൽ എടുത്ത ചിലതിൽ അവനുള്ള എന്തോ പലതുണ്ട്.

അവനത് എത്തി പിടിക്കാൻ ശ്രമിച്ചു. കണ്ണീരു മൂടി ഒന്നും കാണാൻ പറ്റുന്നില്ല. അവൾ തട്ടം കൊണ്ട് കണ്ണു തുടയ്ക്കുന്നു.

കോലായിൽ വലിയ വർത്തമാനം പറഞ്ഞ് കൊണ്ടിരുന്ന വല്യമ്മൂമ്മ കഥ മറന്ന് അവളെ നെഞ്ചോട് ചേർക്കുന്നുണ്ട്.

അവളുടെ മലയാളപുസ്തകം പേജുകളായി ചിതറി കിടക്കുന്നു. അതിൽ അവൾ ഈണത്തിൽ പാടുന്ന പദ്യമുണ്ട് .

' ഒന്നാനം പൈങ്കിളി
ഓരടി പൈങ്കിളി....'

അവൾ കവിത ചൊല്ലാൻ മിടുക്കിയാണ്. ബാലകലോത്സവത്തിന് അവൾക്കാണ് എപ്പോഴും അതിന് സമ്മാനം കിട്ടുക.

കട്ടിയുള്ള മിനുസമുള്ള കടലാസ്സിൽ തബ്സീന മുഹമ്മദ് സി കെ, സ്ഥാനം ഒന്ന്, കവിതാപാരായണം എന്നത് അവന് കാട്ടി കൊടുക്കുമ്പോൾ അവൾ അഭിമാനത്തോടെ ചിരിക്കും.

' ഡാ. എന്റെ ഉമ്മുമ്മടെ ചോരായാ ഇത്. സായിപ്പൻമാരെ ഇദ്ദേശത്തുന്ന് ഓടിച്ച ഉപ്പുപ്പന്റെ മോള്. ന്റെ ഉമ്മൂമ്മ. അവരുടെ മാപ്പിള പാട്ട് കേട്ടാണത്രേ ഉപ്പൂപ്പ നിക്കാഹ് ചെയ്തേ '

പർവതങ്ങൾ കടന്നാൽ അവളുടെ രാജ്യമാണ്. അവിടെ ചിലപ്പോൾ തബ്സീന മുഹമ്മദ് രാജകുമാരിമാരെപ്പോലെ ജീവിക്കാനുള്ള മഹലുകൾ ഉണ്ടാവും. കൈയിൽ മൈലാഞ്ചി ചുവപ്പിച്ച്, ബദാം പരിപ്പുകൾ കൊറിച്ച് അവൾ കഥ കേൾക്കും. കർപ്പൂരം പുകച്ച് ദാസിമാർ അവളുടെ കറുത്ത മുടിയിഴകളെ സുഗന്ധപൂരിതമാക്കും. അവൾക്കവിടെ സുഖമായിരിക്കും.



അവളുടെ നുണക്കുഴികൾ തെളിയും.

' നിക്കല്ലാതെ ആർക്ക് കിട്ടാനാ ഒന്നാം സ്ഥാനം.ഞാൻ ന്നെ ക്ലാസ്സ് ലീഡറും '

വലിയ ബുൾഡൊസർ പൊടി പരത്തി കൊണ്ട് അവന് മുന്നിലൂടെ പോയി. ആളുകളുടെ കോലാഹലം നിലയ്ക്കുന്നതും ചിലർ ആഘോഷത്തോടെയും മറ്റു ചിലർ നിസ്സഹായതയുടെയും പിരിയുന്നു.

അവന്റെ അച്ഛൻ ഇനി മുതൽ ആരുടെയും പണിക്കാരനല്ല. തബ്സീനയ്ക്ക് ഇനിയും അവനെ പരിഹരിക്കാൻ പറ്റുകയുമില്ല.

' പീടികേലെ പണി പോയി. ഇനിയിപ്പോ ങ്ങനെ ജീവിക്കും. നിയ്ക്ക് വേറെ പണി അറിയൂല്ലല്ലോ മുത്തപ്പാ '

എന്ന് അച്ഛൻ പിറുപിറുക്കുന്നു.

തബ്സീനയുടെ ഉപ്പ നാളുകൾക്കു മുൻപേ പോയികഴിഞ്ഞിരുന്നു എന്നോ, ജയിലിൽ ആണെന്നോ ആർക്കോ അറിയാവുന്ന രഹസ്യമായികഴിഞ്ഞിരുന്നു.

പൊടിപടലങ്ങൾ അടങ്ങിയപ്പോൾ,

അവൾ അതിരുകൾ കടന്ന് പോകുന്നതും, നാലാം ക്ലാസ്സിലെ പാഠങ്ങളിൽ ചോര പുരണ്ടതും അവൻ കണ്ടു.

' എനിക്ക് ക്ലാസ്സ്ലീഡർ ആവണമെന്നില്ല. അത് തബ്സീന മുഹമ്മദ് തന്നെ ആവട്ടെ. അവൾക്കാണ് ആരേക്കാൾ അതിന് കൊതി. ആ കൊതിയേക്കാൾ വലുതായി ഒന്നുമില്ല'

അത്തവണ തബ്സീന മുഹമ്മദ് സി കെ എന്ന പെൺകുട്ടി ക്ലാസ് രജിസ്റ്ററിൽ നിന്ന് പേര് വെട്ടി പോയത് അവൻ മറന്നു പോയിരുന്നു.

ചരിഞ്ഞു പോയ ചില അച്ചുതണ്ടുകൾ ഉറപ്പിക്കാൻ അവൻ ശ്രമിക്കുകയായിരുന്നു, അപ്പോഴും.



# Save $894.* Combine Home & Auto.

**Michael Tharian, Agent**

1855 Victory Blvd
Staten Island, NY 10314

**Toll Free:**
**888-644-7222**

My State Farm agency's products and services are available. Call me for Auto, Home & Life Insurance quotes.

**We Serve These States NY, NJ, PA, & CT.**

**StateFarm®**

***Average household savings based on 2016 national survey of new policyholders who reported savings by switching to State Farm®.**

State Farm Mutual Automobile Insurance Company
State Farm Indemnity Company
State Farm Fire and Casualty Company
State Farm General Insurance Company
Bloomington, IL

1601489




● പ്രത്യേക അഭിമുഖം

**ഇന്ദുലേഖ. കെ/ പ്രദീപ് പനങ്ങാട്**






# കാലത്തിന്റെ കാവ്യപാഠാവലി

**കവിത ഇല്ലാതെ ജീവിക്കാൻ പറ്റാത്ത കുറേ മനുഷ്യരുണ്ട്. അതിലൊരാളാണ് ഇന്ദുലേഖ. ഇന്ദുലേഖ. കെ യുമായി പ്രദീപ് പനങ്ങാട് സംസാരിക്കുന്നു**

*ഇന്ദുലേഖക്ക് കവിത അതിജീവനമാണ്. വർത്തമാനത്തിൽ നിന്നും അനുഭവങ്ങളിൽ നിന്നുമുള്ള മോചനം. ഭാഷയുടെ സൂക്ഷ്മ സാധ്യതകളും ഭാവനയുടെ ജൈവ വിതാനങ്ങളും ആഖ്യാനത്തിന്റെ വൈവിധ്യ സാന്നിധ്യവും ഈ കവിതകളെ സമകാലികവും സവിശേഷവുമാക്കുന്നു. പെൺ കവിത എന്ന സങ്കൽപ്പത്തിന്റെ സാധാരണ അതിരുകളെ ലംഘിക്കാനും പെൺ സ്വത്വത്തിന്റെ വിഭിന്ന തലങ്ങളെ ആവിഷ്ക്കരിക്കാനും കഴിയുന്നു. കവിതക്ക് കാലത്തിലേക്ക് പടർന്നു കയറാനും ചരിത്രത്തെ ആഖ്യാനം ചെയ്യാനും സാധിക്കുന്നു.*

**? തൊണ്ണൂറുകൾ മുതൽ എഴുതുന്നുണ്ടല്ലോ സ്വന്തം രചനകളിൽ നിന്ന് കണ്ടെത്തുന്നത് എന്താണ്?**

തൊണ്ണൂറുകളുടെ മധ്യം മുതൽ എഴുത്തിൽ ഉണ്ട്. എന്നാൽ ഇക്കാലമത്രയും കവിതയിൽ

> **എഴുതുമ്പോൾ ജീവിതത്തിന്റെ ചില തുള്ളികൾ കവിതയിൽ കലർന്നു പോകുമെന്നതാണ് യാഥാർത്ഥ്യം . ജീവിതത്തിന്റെ ആകുലതകളെ,ആനന്ദങ്ങളെ, പുറംലോകവുമായി സമരസപ്പെടാത്ത ഭ്രാന്തുകളെ ഒക്കെ കവിത കണ്ടെടുക്കുന്നു.**

തുടർന്നിട്ടും എഴുത്തിൽ ആത്മവിശ്വാസം അധികമില്ലാത്ത ആളാണ് ഞാൻ.ആദ്യകാലത്തെ കഥകളും ഇന്നും തുടരുന്ന എണ്ണത്തിൽ കുറവായ ലേഖനങ്ങളും ഒഴിച്ചാൽ എഴുതിയതത്രയും കവിതയിലാണ്. കവിത ഇല്ലാതെ ജീവിക്കാൻ പറ്റാത്ത കുറേ മനുഷ്യരുണ്ട്.അതിലൊരാളാണ് ഇന്ദുലേഖ എന്ന് പുതുകവിതയുടെ ലഘുചരിത്രം എന്ന കവിതാ സാഹിത്യ ചരിത്രത്തിൽ എസ് ജോസഫ് എഴുതിയത് വായിച്ചപ്പോൾ അക്ഷരാർത്ഥത്തിൽ അത് ശരിയാണെന്ന് എനിക്കും തോന്നി. കാരണം കവിതയും ഞാനുമായി അത്രയും ഇഴമുറുക്കം ഉണ്ട്.പക്ഷേ ആ കവിതകളിൽ എന്തെങ്കിലും ഉണ്ടോ എന്ന് അല്ലെങ്കിൽ അതിൽ

നിന്ന് എന്തെങ്കിലും മുങ്ങിയെടുക്കാനുണ്ടോ എന്ന് പറയേണ്ടത് വായനക്കാർ ആണ്.

**❓ കഥയിൽ തുടങ്ങി കവിതയിൽ എത്തുമ്പോൾ കവിത എന്ന മാധ്യമത്തിന്റെ സാധ്യത എങ്ങനെ തിരിച്ചറിയുന്നു?**

പത്തനംതിട്ട ജില്ലയിലെ നരിയാപുരം സെന്റ് പോൾസ് ഹൈസ്ക്കൂളിൽ ആയിരുന്നു സ്കൂൾ വിദ്യാഭ്യാസം.അവിടെ ഏഴാം ക്ലാസിൽ പഠിക്കുമ്പോൾ ആദ്യത്തെ കഥ എഴുതിയാണ് എഴുത്തിലേക്ക് വരുന്നത്.പിന്നീട് എം ജി യൂണിവേഴ്സിറ്റി യുവജനോത്സവത്തിൽ കഥയ്ക്ക് ഒന്നാംസ്ഥാനം കിട്ടിയതോടെ കഥ പ്രസിദ്ധീകരിക്കാൻ കൊടുത്തു തുടങ്ങി.കന്യകയിലും മനോരമ പത്രത്തിന്റ വിശേഷാൽ പതിപ്പിലും ഒക്കെ അങ്ങനെ കഥ പബ്ലിഷ് ചെയ്തു വന്നു.എങ്ങനെയോ പിന്നെ കവിതയിലേക്ക് മാറി.എനിക്ക് കവിത തരുന്ന സ്വാസ്ഥ്യവും അസ്വാസ്ഥ്യവും മറ്റൊന്നിനും തരാൻ കഴിയില്ല എന്ന് തിരിച്ചറിയാൻ തുടങ്ങി.

**❓ കവിതയും ജീവിതവും തമ്മിൽ എങ്ങനെ സന്ധിക്കുന്നു?**

എഴുത്തും ജീവിതവും തമ്മിൽ സന്ധിയില്ലായ്മയാണ് ഉള്ളത്.എങ്കിലും ഏതൊക്കെയോ ഇടങ്ങളിൽ ഇവ തമ്മിൽ കൂട്ടിമുട്ടും.. ജീവിതത്തിന് പുറത്ത് ഓരോ കവിയും കവിതയിൽ മറ്റൊരു ജീവിതം ജീവിക്കുന്നുണ്ട്.ആ സമാന്തര ജീവിതം അശാന്തിയുടേതു കൂടിയാണ്. എഴുതുമ്പോൾ ജീവിതത്തിന്റെ ചില തുള്ളികൾ കവിതയിൽ കലർന്നു പോകുമെന്നതാണ് യാഥാർത്ഥ്യം . ജീവിതത്തിന്റെ ആകുലതകളെ,ആനന്ദങ്ങളെ,പുറംലോകവുമായി സമരസപ്പെടാത്ത ഭ്രാന്തുകളെ ഒക്കെ കവിത കണ്ടെടുക്കുന്നു.




> **പുറം ലോകത്തിനൊപ്പം ചേർന്ന് ജീവിക്കുമ്പോഴും ഒച്ചയില്ലാത്ത ഒരു ആന്തരികലോകം സൂക്ഷിക്കാറുണ്ട്. അതാകാം എഴുത്തിലേക്ക് എന്നെ എല്ലായ്പ്പോഴും വലിച്ചടുപ്പിക്കുന്നത്.**

**❓ കവിതക്കുള്ളിൽ എപ്പോഴും ഒരു നിശബ്ദസഞ്ചാരിയുണ്ട് ? ഏകാന്തതയാണോ പ്രചോദനവും പ്രേരണയും ?**

ബഹളങ്ങളിൽ നിന്ന് ഇടയ്ക്കിടെ രക്ഷപെടാൻ കൊതിക്കുന്ന ഒരു ഏകാകി എന്റെ ഉള്ളിൽ ഉണ്ട്. പുറം ലോകത്തിനൊപ്പം ചേർന്ന് ജീവിക്കുമ്പോഴും ഒച്ചയില്ലാത്ത ഒരു ആന്തരികലോകം സൂക്ഷിക്കാറുണ്ട്.അതാകാം എഴുത്തിലേക്ക് എന്നെ എല്ലായ്പ്പോഴും വലിച്ചടുപ്പിക്കുന്നത്.

**❓ കവിതയും സംവേദന സാധ്യതയും,എഴുതുന്ന വേളയിൽ ആലോചിക്കാറു ണ്ടോ...?**

എഴുതുമ്പോൾ അങ്ങനെ ചിന്തിക്കാറില്ല.എഴുതിയത് വീണ്ടും വായിക്കുമ്പോൾ മാത്രം ചിലപ്പോൾ അത്തരം പ്രശ്നങ്ങളെ കുറിച്ച് ആലോചിക്കാറുണ്ട്.ആഖ്യാനത്തിൽ പുതുമ വേണമെന്ന് ആഗ്രഹിക്കാറുണ്ട്.സംവേദനക്ഷമത ഉണ്ടോ എന്ന് വായനക്കാരാണ് തീരുമാനിക്കേണ്ടത്.

**❓ ഭാഷയുടെ സൂക്ഷ്മ വിനിയോഗം കവിതകളിൽ കണ്ടെത്താം. ഭാഷയും ഭാവനയും തമ്മിൽ എങ്ങനെ ബന്ധപെടുന്നു?**

ഭാവനയും ഭാഷയും അത്രത്തോളം കണകൂഡാണ്.തീർച്ചയായും.എഴുത്തുകാരന്റെ ടൂൾ ഭാഷയാണല്ലോ.എത്ര ഗംഭീരമായ ഭാവനയാണെങ്കിലും അത് ആവിഷ്കരിക്കാൻ എടുക്കുന്ന ഭാഷയും പ്രധാനമാണ്.വരേണ്യ ഭാഷ /മോശം ഭാഷ എന്നല്ല.മറിച്ച്

ആവിഷ്കരിക്കുന്ന ആശയത്തിന് ഏറ്റവും യോജിച്ച ഭാഷ എന്നാണ് ഉദ്ദേശിച്ചത്.എത്രയോ പൂർവ്വകവികൾ എടുത്തുപയോഗിച്ച അതേ ഭാഷയെ  അവരവരുടെ ശില്പമായി പണിതെടുക്കുമ്പോഴാണ് ഭാഷ പുതുക്കപ്പെടുന്നത്.

കുട്ടിക്കാലം മുതൽ അച്ഛൻ എല്ലാ ദിവസവും ഭാഗവതം വായിക്കുന്നത് കേട്ടാണ് വളർന്നത്.അച്ഛൻ നല്ല സംഗീതബോധം ഉള്ള ആളായിരുന്നു.മനോഹരമായി നല്ല ഈണത്തിൽ അച്ഛൻ ഭാഗവതം വായിക്കുമ്പോൾ അർഥമറിയാതെയാണെങ്കിലും അതിൽ ലയിച്ചിരിക്കാൻ ഇഷ്ടമായിരുന്നു. .എനിക്ക് തോന്നുന്നു അങ്ങനെയൊക്കെയുള്ള അനുഭവങ്ങൾ എന്റെ ഭാഷയെ സ്വാധീനിച്ചുവെന്ന്.പദങ്ങളുടെ ഒരു കലവറ ഉള്ളിൽ സൃഷ്ടിക്കപ്പെടാൻ ഇതൊക്കെ സഹായിച്ചു.

**❓ സ്ത്രീ ജീവിതത്തിന്റെ സന്ദിഗ്ധതകളിൽ നിന്നാണല്ലോ എഴുതുന്നത് - സ്ത്രീയെ അഭിസംബോധന ചെയ്യുന്നത് ഏത് സാഹചര്യത്തിൽ നിന്നുകൊണ്ടാണ്?**

പുതിയൊരു സാംസ്കാരിക പരിസരത്ത് നിന്നുകൊണ്ടാണ് ഞാൻ ഉൾപ്പെടുന്ന സ്ത്രീകൾ ഇന്ന് എഴുതുന്നത്.ആ പൊതുസമൂഹത്തിൽ നിന്ന് കൊണ്ട് സ്ത്രീയെന്ന നിലയിൽ ജീവിതത്തോടും സമൂഹത്തോടും ഉള്ള പ്രതികരണം, കിട്ടുന്ന അനുഭവങ്ങൾ, ഇതെല്ലാം എഴുത്തുകാരി എന്ന നിലയിൽ ആവിഷ്കരിക്കാൻ ശ്രമിക്കാറുണ്ട്.

**❓ ഓരോ ചെറിയ കവിതയിൽ ചോലും അനുഭവങ്ങളുടെ തീഷ്ണ ജ്വാലകൾ കാണാം. കവിത ഒരു അതിജീവനമാണോ?**

**ആവിഷ്കരിക്കുന്ന ആശയത്തിന് ഏറ്റവും യോജിച്ച ഭാഷ . എത്രയോ പൂർവ്വകവികൾ എടുത്തുപയോഗിച്ച അതേ ഭാഷയെ അവരവരുടെ ശില്പമായി പണിതെടുക്കുമ്പോഴാണ് ഭാഷ പുതുക്കപ്പെടുന്നത്.**

തീർച്ചയായും.പലപ്പോഴും കേവലം എഴുത്ത് എന്നതിനേക്കാൾ എനിക്ക് എല്ലാ സങ്കടങ്ങളിൽ നിന്നും ഓടിക്കയറാനുള്ള ഒരു തുരുത്ത് തന്നെയാണത്.ഒരു കവിത എഴുതി തീരുമ്പോൾ കിട്ടുന്ന സ്വാസ്ഥ്യം പ്രധാനമാണ്.അത് യുക്തികൾക്ക് വഴങ്ങാത്തത്ര ആനന്ദം തരുന്നുണ്ട്.

**❓ സമകാലിക കവിത യുടെ ഗതി ക്രമങ്ങളെ എങ്ങനെ വിലയിരുത്തുന്നു ?**

ഭാഷയിലും  ആശയത്തിലും രൂപത്തിലും ഒക്കെ തന്നെ ജനാധിപത്യപരമായ ഒരിടം ഇന്ന് കവിതയിലുണ്ട്.പ്രസ്ഥാനമായി നിയത രൂപം പ്രാപിക്കാത്ത , ഒരു പുതിയ ദിശാപരിണാമത്തിലാണ് ഇന്ന് കവിത.അതിന് അതിന്റേതായ ബഹുസ്വര സ്വഭാവം ഉണ്ട്.അത് പ്രതീക്ഷാവഹമാണ്.


**❓ കവിതയുടെ കാത്തിരിപ്പ്, അതിന്റെ സന്നിഗ്ധത,എങ്ങനെ നേരിടുന്നു?**

മിക്കപ്പോഴും യാത്രകളിൽ എനിക്ക് ഒരു വരിയോ വാക്കോ ആശയമോ ഉള്ളിൽ തടയാറുണ്ട്.അത് പിന്നീട് എപ്പോഴെങ്കിലും കവിതയായി രൂപപ്പെടും.എഴുതിത്തുടങ്ങിയാൽ അത് പൂർണ്ണമാകുന്നത് വരെയുള്ള ഒരു പിടച്ചിൽ പല കവിതകളുടെയും രചനയ്ക്ക് പിന്നിൽ ഞാൻ അനുഭവിച്ചിട്ടുണ്ട്.എഴുതിക്കഴിഞ്ഞ് കുറച്ചു നാൾ കഴിഞ്ഞു വീണ്ടും വായിച്ചാൽ ഇത് വേറൊരു മട്ടിൽ ആകാമായിരുന്നു എന്ന ഒരു അതൃപ്തിയും തോന്നും.കവിത ഒരേസമയം അഭയവും അസ്വസ്ഥതയും തരും.









'indescribable yet truthful'
Lord Shiva's
Visit to a Home
In Edison, New Jersey, USA
Abhishek Mishra
inspires people to recognize
the existence of a 'Divine Power'
The Mishra Family welcomes visitors to learn about and
experience the spiritual miracle. Contact 1-732-690-0404

● ചെറുകഥ



ശ്രീകുമാർ ഭാസ്കരൻ



വര:
പി ആർ രാജൻ

# രണ്ട് പെൺകുട്ടികളുടെ അച്ഛൻ

"ഹലോ. ഗിരീഷ് കുമാർ, കാവുള്ളത്തിൽ"

വർഷങ്ങൾക്ക് ശേഷം കണ്ട എന്റെ സുഹൃത്തിനെ ഞാൻ പെട്ടെന്ന് തിരിച്ചറിഞ്ഞു. അവൻ ആര്യഭവന്റെ ഫാമിലി റൂമിലെ ഒരു മൂലയിൽ ആരേയും ശ്രദ്ധിക്കാതെ ഒറ്റക്കിരുന്നു സാവകാശം ചായ കുടിക്കുകയായിരുന്നു. ശബ്ദംകേട്ട് അവൻ തല ഉയർത്തി നോക്കി. ഒരു നിമിഷം. അവന്റെ മുഖത്ത് സംശയം നിഴലിച്ചു. പിന്നെ അത്ഭുതത്തോടെ വിളിച്ചു.

"എടാ  അളിയാ"

പഴേ വിളി. ഇരുപത്തിയേഴ് വർഷം മുൻപുള്ള അതേ വിളി. ഞങ്ങളുടെ ഡിഗ്രി കാലഘട്ടത്തിൽ ഞങ്ങൾ പരസ്പരം സംബോധന ചെയ്തിരുന്ന അതേ പദം.

"നീ ഇവിടെ?"

"കൊല്ലം നിനക്കു തീറെഴുതി തന്നിട്ടൊന്നുമില്ലല്ലോ." കിട്ടിയ അവ



സരത്തിൽ ഞാനവനെ ഒന്നു കുത്തി.

''അതില്ല. എങ്കിലും പിടികിട്ടാപ്പു ള്ളികളെ അപ്രതീക്ഷിതമായി കാണുമ്പോഴുള്ള ഒരു അമ്പരപ്പുണ്ടല്ലോ. അതുകൊണ്ടു ചോദിച്ചതാ.''

ഞാൻ അവന്റെ ടേബിളിന് എതിരായിരുന്നു. അപ്പോൾ എന്റെ വാരിയെല്ലിന് ഒരു കുത്തു കിട്ടി. അപ്പോഴാണ് ഓർത്തത് ഞാൻ മാത്രമല്ല. പെട്ടെന്ന് ഞാനവനോടു പറഞ്ഞു.

''അളിയാ ഇത് എന്റെ ഭൈമി ശുഭാ സൂസൻ ജേക്കബ്. ഇപ്പോൾ ശുഭാ സൂസൻ വൈശാഖ്.''

''പിന്നെ അളിയാ കാവുള്ളത്തിൽ അല്ല കാവുള്ളതിൽ.''അവൻ എന്നെ തിരുത്തി.

''അഞ്ചു പൈസയുടെ എത്ര കാർഡാണ് നീ എനിക്ക് ആ അഡ്രസ്സിലേക്ക് അയച്ചിട്ടുള്ളത്. പെട്ടെന്ന് അഡ്രസ് മറന്നോ''. അവൻ ചോദിച്ചു.

''ഇരുപത്തെട്ടു വർഷമായില്ലേ സഹോദരാ. തെറ്റ് സ്വാഭാവികം. ക്ഷമീ. ഹ്ഞാ, അത് വിട്. നിന്നെ ഈ രൂപത്തിലും ഞാൻ പെട്ടെന്ന് തിരിച്ചറിഞ്ഞല്ലോ.''

പരിപൂർണ്ണമായി കഷണ്ടി കയറിയ അവൻറെ മൊട്ടത്തല നോക്കി ഞാൻ പറഞ്ഞു. കോഴിമുട്ടയുടെ സൈഡിൽ പേന കൊണ്ട് വരച്ച പോലുള്ള ഏതാനും ചില മുടികൾ മാത്രമാണ് അവൻറെ തലയിൽ ഇനിയും അവശേഷിച്ചിട്ടുള്ളത്. വർഷങ്ങൾക്ക് മുമ്പ് ഡിഗ്രി കാലഘട്ടത്തിൽ അവന് സമൃദ്ധമായി മുടിയുണ്ടായിരുന്നു. ഞങ്ങൾ അമ്പിള്ളേർക്ക് അസൂയ ഉണ്ടാക്കത്തക്ക നിലയിൽ മുടിയുള്ളവൻ. അത് കുരുവിക്കൂട് പോലെ മുന്നിൽ ഒരു ദ്വാരമിട്ട് ചീകി ഒതുക്കി അവൻ നടന്നിരുന്നു. കുരുവിക്കൂടായിരുന്നു അന്നത്തെ ഫാഷൻ.

> **'എന്താടാ ഇത്ര വൈകിയത്.'' ശുഭയുടെ സീമന്ത രേഖയിലെ ചുവപ്പ് നോക്കി അവൻ എന്നോടു ചോദിച്ചു. ''ഒട്ടും വൈകിയില്ല. ശരിയായ സമയത്ത് തന്നെ. ഒരുപാട് പെണ്ണുങ്ങളുടെ കൂടെ കിടന്നു മടുത്തപ്പോൾ. ഒന്നിനെ സ്ഥിരമായി വേണമെന്ന് തോന്നി. ഇവളെ ഞാൻ പൊക്കി. പിന്നെ നീ ഉദ്ദേശിക്കുന്നത് പ്രായമാണെങ്കിൽ അതൊരു പ്രശ്നമല്ല. കാര്യക്ഷമതയാണ് പ്രധാനം''. സമീപത്തു നിന്നും 'ശ്ശൊ' എന്നൊരു ശബ്ദം. ഒപ്പം ചന്തിക്ക് ഒരു നുള്ളും. അത് ഒരു മുന്നറിയിപ്പാണ്. ഡീസന്റ് ആവാനുള്ള മുന്നറിയിപ്പ്.**

''സ്ഥിരമായി തൊപ്പി വെക്കുന്നതുകൊണ്ടാകാം. പിന്നെ ജോലിയുടെ ടെൻഷൻ. തലയിൽ എപ്പോഴും ചൂട് തന്നെ. പിന്നെ അല്പം പാരമ്പര്യവും ഉണ്ടല്ലോ''. അവൻ പറഞ്ഞു.

ശരിയാണ്. അവന്റെ അച്ഛൻ കൊച്ചുനാരായണൻ സാറിന്റെ തലയിൽ ഞാൻ കാണുമ്പോൾ മുടി അധികം ഇല്ല. അതുകൊണ്ട് ഭാഷാ അദ്ധ്യാപകനായ അദ്ദേഹത്തെ, അദ്ദേഹത്തിന്റെ ശിഷ്യ ഗണങ്ങൾ 'ബൾബ്' എന്ന് സംബോധന ചെയ്തുപോന്നു.

''എന്താടാ ഇത്ര വൈകിയത്.'' ശുഭയുടെ സീമന്ത രേഖയിലെ ചുവപ്പ് നോക്കി അവൻ എന്നോടു ചോദിച്ചു.

''ഒട്ടും വൈകിയില്ല. ശരിയായ സമയത്ത് തന്നെ. ഒരുപാട് പെണ്ണുങ്ങളുടെ കൂടെ കിടന്നു മടുത്തപ്പോൾ. ഒന്നിനെ സ്ഥിരമായി വേണമെന്ന് തോന്നി. ഇവളെ ഞാൻ പൊക്കി. പിന്നെ നീ ഉദ്ദേശിക്കുന്നത് പ്രായമാണെങ്കിൽ അതൊരു പ്രശ്നമല്ല. കാര്യക്ഷമതയാണ് പ്രധാനം''.

സമീപത്തു നിന്നും 'ശ്ശൊ' എന്നൊരു ശബ്ദം. ഒപ്പം ചന്തിക്ക് ഒരു നുള്ളും. അത് ഒരു മുന്നറിയിപ്പാണ്. ഡീസന്റ് ആവാനുള്ള മുന്നറിയിപ്പ്.

''എന്തു ചെയ്യാം അളിയാ ചിലപ്പോൾ ഞാൻ ആ പഴയ സുവോളജിക്കാരൻ ആവാറുണ്ട്.''

ഗിരീഷ് ഒന്ന് ചിരിച്ചു.

''ശുഭാ സൂസനും, വൈശാഖും. ഒരു കോമ്പിനേഷന്റെ കുറവുണ്ടോ?'' അവൻ എന്നോട് ചോദിച്ചു.

തികച്ചും യാഥാസ്ഥിതികനും പാരമ്പര്യ വാദിയുമായിരുന്ന വൈശാഖ്

എന്ന ഡിഗ്രിക്കാരനെ അവൻ പെട്ടെന്ന് ഓർമ്മിച്ച് ചോദിച്ചു.

''ഇല്ല. ഒട്ടും ഇല്ല.'' ഞാൻ പറഞ്ഞു.

''മാറ്റമില്ലാത്തതായി ഉള്ളത് മാറ്റം മാത്രമാണ് എന്ന് ഡാർവിൻ പറഞ്ഞിട്ടില്ലേ. അത് എനിക്കും സംഭവിച്ചു എന്നു കരുതിയാൽ മതി. അല്ലെങ്കിലും കുടയുടെ കാര്യത്തിലും പെണ്ണിന്റെ കാര്യത്തിലും നോക്കേണ്ടതായി ഒന്നേയുള്ളൂ. ശീലഗുണം. ഞാൻ അമ്പലത്തിലും അവൾ പള്ളിയിലും പോകാറില്ല. പിന്നെ കുട്ടികൾ. അതു വേണ്ടെന്ന് നേരത്തെ തീരുമാനിച്ചു.'' ഞാൻ പറഞ്ഞു.

''നല്ല തീരുമാനം''. അവൻ പറഞ്ഞു.

'കാരണം എന്റെ പ്രാഗത്ഭ്യം എന്റെ മക്കൾക്ക് ഉണ്ടാകണമെന്നില്ല'. പറഞ്ഞത് ഞാനല്ല. സാക്ഷാൽ ഹിറ്റ്ലർ ആണ്. എന്തുകൊണ്ട് സന്തതികൾ വേണ്ട എന്ന് തീരുമാനിച്ചു എന്ന് സുഹൃത്ത് ചോദിച്ചപ്പോൾ ഹിറ്റ്ലർ പറഞ്ഞ മറുപടിയാണ് ഞാൻ എനിക്ക് വേണ്ടി അവനോട് പറഞ്ഞത്.

പിന്നെ സൂസൻ പ്രഗ്നന്റ് ആവുമ്പോൾ പഴയപോലെ എനിക്ക് ബാംഗ്ലൂർ പോകേണ്ടിവരും. കൂട്ടുകിടപ്പുകാരികളെ അന്വേഷിച്ച്.

പഴയ പോലെയല്ലളിയാ ഇപ്പോൾ. ഒന്നിനും ഒരു ഒളിവും മറയുമൊന്നുമില്ല. നല്ല ചൊങ്കൻ പെൺപിള്ളാർ രണ്ടും കല്പിച്ചു രംഗത്ത് ഇറങ്ങിയിരിക്കുകയാ. ജീവിക്കുന്നെങ്കിൽ സുഖിച്ചു ജീവിക്കുക. അല്ലെങ്കിൽ സുഖിക്കാൻ വേണ്ടി ജീവിക്കുക. അതാണവരുടെ നയം. പിന്നെ നല്ല റേറ്റും ചോദിക്കും. നല്ല ബ്ലാങ്കറ്റിന് ഇപ്പോൾ എന്താ റേറ്റ്. ഒരു കോളേജ് അധ്യാപകന് താങ്ങാൻ കഴിയില്ല. കൂട്ടുകിടപ്പ് ഇപ്പോൾ ഒരു ബിസിനെസ്സ് ആണ്. താൽക്കാലിക വൈഫ് എന്ന ഓമനപ്പേരിൽ നമുക്ക് ഒരിത്തിയെ കൂടെക്കൂട്ടാം. ടൂർ പോകാം. മെട്രോ സിറ്റിയുടെ ഒരു മെച്ചമേ. ജീവിക്കുക. സുഖിക്കുക. അത്ര തന്നെ.''

''അതല്ലാതെയും ചില സാധ്യതകളുണ്ട്.'' എൻറെ മസിൽ മുഴുപ്പുള്ള ശരീരം നോക്കിക്കൊണ്ട് അവൻ പറഞ്ഞു. ബിരുദ കാലഘട്ടത്തിൽ വെയിറ്റ് ലിഫ്റ്റിങ് ടീം ക്യാപ്റ്റനായ എൻറെ ശരീരമാണ് അവൻ ലക്ഷ്യം വെച്ചത്.

''സുഖം കിട്ടും. നല്ല പൈസയും കിട്ടും.''അവൻ പറഞ്ഞു.

''ഗിഗൊലോ'' ഞാൻ ചോദിച്ചു.

സൂസൻ എന്നെ ഒന്ന് നോക്കി.

''ആൺ വേശ്യ'' ഞാൻ പറഞ്ഞു.

അവൾക്ക് കാര്യം വ്യക്തമായി. അതിന്റെ വക ഒരു കുത്തുകൂടി എന്റെ വാരിയെല്ലിന് കിട്ടി. കൂടെ കിടന്നുള്ള ശീലം കൊണ്ടാവാം കോസ്റ്റൽ പേശികളുടെ സ്ഥാനം അവൾക്ക് ഇപ്പോൾ നന്നായി അറിയാം.

> **"പിന്നെ ഞങ്ങൾ ഒരു ധാരണയിലെത്തി. മുപ്പത്തിയാറെ ദശാംശം ഒൻപത് ഡിഗ്രി സെൽഷ്യസ് ഊഷ്മസ്ഥിതിയിലുള്ള ഒരു ശരീരം, അതേ ഊഷ്മസ്ഥിതിയിലുള്ള മറ്റൊരു ശരീരത്തിന് കേവലം ഒരു വികാര വസ്തു മാത്രം. അവിടെ മതമില്ല, പാരമ്പര്യമില്ല, പണമില്ല. ആ സിദ്ധാന്തം സമ്മതമാണോ എന്ന് ഞാൻ അവളോട് ചോദിച്ചു. അവൾ സമ്മതിച്ചു. ഇനിയും പാരമ്പര്യം പറയത്തില്ല. എങ്കിൽ കൂടെ കൂടിക്കോളാൻ ഞാൻ പറഞ്ഞു.**

ഞാൻ വിഷയം മാറ്റി.

''എന്റെ വിവാഹം കാര്യമായി ഒന്നുമുണ്ടായിരുന്നില്ല. അതുകൊണ്ടാണ് ഞാൻ നിന്നെ അറിയിക്കാതിരുന്നത്. സൂസൻ എൻറെ ശിഷ്യ കൂടിയാണ്. എന്റെ പി. ജി. സ്റ്റുഡന്റ്. ഞങ്ങൾ തമ്മിൽ കേവലം പന്ത്രണ്ട് വയസ്സിന്റെ വ്യത്യാസം മാത്രം''. ഞാൻ പറഞ്ഞു.

''വീരഭോഗ്യാ വസുന്ധര എന്നാണല്ലോ പണ്ട് വിവരമുള്ളവർ പറഞ്ഞിട്ടുള്ളത്''. അടുത്ത കുത്ത് കിട്ടുന്നതിന് മുമ്പ് ഞാൻ വിഷയം അവസാനിപ്പിച്ചു.

''പിന്നെ സൂസന്റെ കാര്യം പറഞ്ഞാൽ, അവളിപ്പോഴും ബ്രാഹ്മണ്യ പാരമ്പര്യത്തിൽ ഊറ്റം കൊള്ളുന്നു. അതും എനിക്ക് ഒരു സപ്പോർട്ടാണ്.'' ഞാൻ പറഞ്ഞു.

''മനസ്സിലായില്ല''അവന് വ്യക്തമായില്ല.


''തൊലി വെളുത്ത എല്ലാ നസ്രാണികളും പറയുന്ന ഒരു പതിവു പല്ലവി ഉണ്ടല്ലോ. എൻറെ അപ്പൂപ്പന്റെ അപ്പൂപ്പന്റെ അപ്പൂപ്പന്റെ അപ്പൂപ്പൻ ബ്രാഹ്മണൻ ആയിരുന്നു എന്ന കാര്യം. പണ്ട് മാർഗ്ഗം കൂടിയ സപ്തബ്രാഹ്മണ്യ പാരമ്പര്യത്തിൽ പെടുന്നതാണ് ഞാനും എന്ന പൊങ്ങച്ചം പറച്ചിൽ. ഇവളും അതുതന്നെ എന്നോടു പറഞ്ഞു. കോട്ടയത്ത് ഇറങ്ങി ഏത് ക്രിസ്ത്യാനിയോട് ചോദിച്ചാലും കണ്ടത്തിൽ കുടുംബക്കാരനാണെന്ന് പറയുന്ന പോലെ ഒരു പറച്ചിൽ. നമ്മുടെ ഫൈമി ഒരു ചോദ്യത്തിൽ ഒതുങ്ങി. ഇപ്പോൾ സൂസന് പാരമ്പര്യ വാദമില്ല.''

വാരിയെല്ലിന് ഒരു കുത്തുകൂടി ഞാൻ പ്രതീക്ഷിച്ചു. പക്ഷേ അതുണ്ടായില്ല. ഞാൻ തുടർന്നു.

''പിന്നെ ഞങ്ങൾ ഒരു ധാരണയിലെത്തി. മുപ്പത്തിയാറെ ദശാംശം ഒൻപത് ഡിഗ്രി സെൽഷ്യസ് ഊഷ്മസ്ഥിതിയിലുള്ള ഒരു ശരീരം, അതേ ഊഷ്മസ്ഥിതിയിലുള്ള മറ്റൊരു ശരീരത്തിന് കേവലം ഒരു വികാര വസ്തു മാത്രം. അവിടെ മതമില്ല, പാരമ്പര്യമില്ല, പണമില്ല. ആ സിദ്ധാന്തം സമ്മതമാണോ എന്ന് ഞാൻ അവളോട് ചോദിച്ചു. അവൾ സമ്മതിച്ചു. ഇനിയും പാരമ്പര്യം പറയത്തില്ല. എങ്കിൽ കൂടെ കൂടിക്കോളാൻ ഞാൻ പറഞ്ഞു.

പിന്നെ രണ്ടാഴ്ചയ്ക്ക് ശേഷം ഒരു വ്യാഴാഴ്ച അഭിജിത്ത് മുഹൂർത്തത്തിൽ രജിസ്റ്റർ ഓഫീസിൽ വെച്ചു വിവാഹം. ഒരു താലി. രണ്ടു മോതിരം. പിന്നെ രണ്ട് മുല്ലമാല. കഴിഞ്ഞു ചടങ്ങ്. അതുകൊണ്ടാണ് നിന്നെ വിവരം അറിയിക്കാതിരുന്നത്.'' ഞാൻ പറഞ്ഞു

''കുട്ടികൾക്ക് വേണ്ടെങ്കിൽ വയസ്സാംകാലത്ത് ആരു നോക്കുമെടാ'' ഗിരീഷ് ചോദിച്ചു. അവനങ്ങനെയാണ്. ഭാവി കാര്യങ്ങൾ മുൻകൂട്ടി പ്ലാൻ ചെയ്യും. പക്ഷേ എനിക്കു ചിരിയാണ് വന്നത്.



ഒരു മനുഷ്യന്റെ ആയുർദൈർഘ്യം എത്ര എന്ന് ചോദിച്ചാൽ നമുക്കുറപ്പിച്ചു പറയാവുന്നത് ദശാംശം എട്ടു സെക്കൻഡാണ്. അതായത് ഏതാണ്ടു മുക്കാൽ സെക്കൻഡ്. അല്ലെങ്കിൽ ഹൃദയം ഒന്ന് അമങ്ങിയുണരുന്ന സമയം. അത്ര മാത്രം. അത് ഒരു സെക്കൻഡ് തികച്ചില്ലതാനും.

എന്നിട്ടും നമ്മൾ മുപ്പത് അല്ലെങ്കിൽ നാല്പതു വർഷം കഴിഞ്ഞുള്ള കാര്യം പ്ലാൻ ചെയ്യുന്നു.

ചുമ്മാതല്ല പണ്ട് യുധിഷ്ഠിരൻ യക്ഷനായി വന്ന യമനോട് ലോകത്തിലെ ഏറ്റവും വലിയ അത്ഭുതം മനുഷ്യനാണ് എന്ന് പറഞ്ഞത്. രൂപം കൊണ്ടല്ല പിന്നയോ അവന്റെ ഭാവം കൊണ്ട്. വനവാസകാലത്ത് വെള്ളം അന്വേഷിച്ച് പോയ തന്റെ നാല് അനുജന്മാരേയും കൊന്നിട്ടു നിൽക്കുന്ന യക്ഷന്റെ മുന്നിൽ അവസാനം യുധിഷ്ഠിരൻ എത്തപ്പെട്ടു. അപ്പോൾ യക്ഷൻ, യുധിഷ്ഠിരനോട് പറഞ്ഞു 'എൻറെ ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം തന്നാൽ ഇവരിൽ ഒരാളുടെ ജീവൻ മടക്കി നൽകാം'. യുധിഷ്ഠിരൻ സമ്മതിച്ചു. യക്ഷൻ പല ചോദ്യങ്ങൾ ചോദിച്ചു. യുധിഷ്ഠിരൻ എല്ലാത്തിനും ഉത്തരം പറഞ്ഞു. അതെല്ലാം യക്ഷന് ബോധ്യപ്പെടുകയും ചെയ്തു. അവസാനം ലോകത്തിലെ ഏറ്റവും വലിയ അത്ഭുതം ഏത് എന്നായി ചോദ്യം. യുധിഷ്ഠിരൻ ഒട്ടും താമസിച്ചില്ല. മനുഷ്യൻ എന്ന് ഉത്തരം പറഞ്ഞു. പിന്നെ വിശദീകരിച്ചു. അടുത്ത നിമിഷം ജീവിച്ചിരിക്കും എന്ന് യാതൊരു ഉറപ്പും ഇല്ലാതിരുന്നിട്ടും മനുഷ്യൻ ഭാവിയെ കരുതി ചെയ്യുന്ന കാര്യങ്ങളാണ് ലോകത്തിലെ ഏറ്റവും വലിയ അത്ഭുതം. യമൻ തൃപ്തനായി.

**അവസാനം പറഞ്ഞത് അല്പം കടന്നു പോയി. അവൻ എന്നെ നോക്കി ഒരു ചിരി ചിരിച്ചു. ആ ചിരിയിൽ ഞാൻ വെന്തു പോയി. ഞങ്ങൾ രണ്ടും ആ സമയം ചിന്തിച്ചത് ഒരേ കാര്യമാണ്. ഞങ്ങളുടെ ഡിഗ്രി കാലം. അന്ന് ഡേ സ്കോളർ ആയിരുന്ന എനിക്ക് മിക്ക ദിവസവും ചായയും ഉഴുന്നു വടയും വാങ്ങി തന്നിരുന്നത് അവനായിരുന്നു. ഒരിക്കൽ പോലും എന്നോട് ഒരു ചായ വാങ്ങി താടാ എന്ന് പറഞ്ഞ് അവൻ എന്നെ ബുദ്ധിമുട്ടിച്ചിട്ടില്ല. മഹാമനസ്കത കാണിക്കുന്നതായും അവൻ ഭാവിച്ചില്ല.**

അപ്പോഴാണ് ഇവിടെ ഗിരീഷ് ചോദിക്കുന്നത് വയസ്സാകുമ്പോൾ എന്ത് ചെയ്യും എന്ന്.

''ഡാ. അത് വയസ്സാകുമ്പോഴല്ലെ. അത് അപ്പോൾ ആലോചിക്കാം. ഗുരുവായൂരിൽ തൊഴാൻ പോകുമ്പോൾ വീട്ടിൽ നിന്നേ തൊഴുതു പിടിച്ചു പോകേണ്ട കാര്യമില്ലല്ലോ. ക്ഷേത്രത്തിൽ ചെന്നിട്ടു തൊഴുതാൽ പോരേ.''

അവന് ആ ഉത്തരം ബോധിച്ചില്ല എന്ന് തോന്നി. അവനങ്ങനെയാണ്. എന്നും ഭാവിയെപ്പറ്റി ചിന്തിക്കും. പ്ലാൻ ചെയ്യും. അതെല്ലാം വിജയിച്ചോ എന്ന് ചോദിച്ചാൽ അതിനുള്ള ഉത്തരം അവന്റെ ശരീരം തന്നെയാണ്. പെട്ടി ത്രാസ്സിൽ നിർത്തി തൂക്കി നോക്കിയാൽ കഷ്ടിച്ച് നാല്പത്തെട്ട് കിലോമാത്രം വരുന്ന അവന്റെ ശരീരം.

അവൻ ചായ കുടിക്കുമ്പോൾ ഞാൻ പറഞ്ഞു

''ഒരു മസാല ദോശ പറയട്ടെ. കഴിക്കുമ്പോൾ നമുക്ക് കൂടുതൽ കാര്യങ്ങൾ സംസാരിക്കാം. പൈസ ഞാൻ കൊടുത്തോളാം.''

അവസാനം പറഞ്ഞത് അല്പം കടന്നു പോയി. അവൻ എന്നെ നോക്കി ഒരു ചിരി ചിരിച്ചു. ആ ചിരിയിൽ ഞാൻ വെന്തു പോയി. ഞങ്ങൾ രണ്ടും ആ സമയം ചിന്തിച്ചത് ഒരേ കാര്യമാണ്. ഞങ്ങളുടെ ഡിഗ്രി കാലം.

അന്ന് ഡേ സ്കോളർ ആയിരുന്ന എനിക്ക് മിക്ക ദിവസവും ചായയും ഉഴുന്നു വടയും വാങ്ങി തന്നിരുന്നത് അവനായിരുന്നു. ഒരിക്കൽ പോലും എന്നോട് ഒരു ചായ വാങ്ങി താടാ

എന്ന് പറഞ്ഞ് അവൻ എന്നെ ബുദ്ധി മുട്ടിച്ചിട്ടില്ല. മഹാമനസ്കത കാണിക്കുന്നതായും അവൻ ഭാവിച്ചില്ല.

അവൻറെ ശരീരം നന്നാക്കാൻ അവൻറെ അമ്മ കൊടുത്തുവിട്ട ലേഹ്യം മുഴുവൻ  തിന്നു തീർത്തത് ഞാനായിരുന്നു. തിരുനെൽവേലി ഹലുവ പോലെ കുഴമ്പ് രൂപത്തിൽ നല്ല മധുരമുള്ള ലേഹ്യം.  അന്ന് ഗിരീഷ് ഹോസ്റ്റലിൽ നിന്നു പഠിക്കുകയായിരുന്നു. ആ ലേഹ്യം തീരുന്നതു വരെ രാത്രി എട്ടു മണിക്ക് കംപെയിൻ സ്റ്റഡി എന്ന് പറഞ്ഞു ഞാൻ അവന്റെ മുറിയിൽ ചെല്ലുമായിരുന്നു. ലേഹ്യം തീർന്നു കഴിഞ്ഞപ്പോൾ ഞങ്ങളുടെ കംപെയിൻ സ്റ്റഡി യും നിന്നു.

എന്നും ഞാൻ അവനെ ഊറ്റിയിട്ടേയുള്ളൂ. അതൊക്കെ അവൻ അപ്പോൾ ഒന്ന് ഉറക്കെ സ്മരിച്ചിരുന്നു എങ്കിൽ അവിടെ തീരുമായിരുന്നു ഞാനെന്ന ചീട്ടു കൊട്ടാരം.

പക്ഷേ അവനത് ചെയ്തില്ല. എന്റെ വിവരക്കേട് ക്ഷമിച്ച് അവൻ എന്റെ മാനം കാത്തു.

''നിൻറെ ഓഫർ ഞാൻ സ്വീകരിക്കുന്നു. ഒന്നല്ല. മൂന്നു മസാല ദോശ. ഞാനും മക്കളും കൂടി വരാം. ഇപ്പോഴല്ല പിന്നെ''.  ഗിരീഷ് പറഞ്ഞു.

''നീ ഇപ്പോൾ''ഞാൻ അർദ്ധോക്തിയിൽ നിർത്തി.

''ഡി. വൈ. എസ്. പി.  നീ വിചാരിക്കും പോലെയല്ല. കൈക്കൂലി വാങ്ങാത്ത അപൂർവ്വം ജനുസിൽ പെട്ട ഒരാളാണ് ഞാൻ.'' അവൻ പറഞ്ഞു.

എനിക്ക് അതിൽ അത്ഭുതമില്ല. ഭാഷാഅധ്യാപകനായ കൊച്ചുനാരായണൻ സാറിൻറെ മകൻ അങ്ങനെ ആയില്ലെങ്കിലേ അത്ഭുതമുള്ളൂ.

''മക്കൾ?''

''രണ്ടു പെൺകുട്ടികൾ. മൂത്തവൾ സംഗീത സങ്കീർത്തന. ആംഗലേയ സാഹിത്യത്തിൽ എം. ഫിൽ  ചെയ്യുന്നു. അവൾക്ക് നിന്നെപ്പോലെ ഒരു കോളേജ് അധ്യാപിക ആവാനാണ് മോഹം.''

''എന്നെപ്പോലെ''. ഞാൻ ചോദിച്ചു.

''നിന്നെപ്പോലെയല്ല. വളരെ ഡീസന്റ് ആയ അധ്യാപിക. രണ്ടാമത്തെയാൾ സാഹിത്യാ സങ്കീർത്തന. ബി. എസ്. സി. സൈക്കോളൊജി. ഫൈനൽ ഇയർ. അവൾക്ക് നിംഹാൻസിൽ നിന്നും ക്ലിനിക്കൽ സൈക്കോളജിയിൽ എം. ഫിൽ കഴിഞ്ഞു ക്ലിനിക്കൽ സൈക്കോളജിയിൽ പ്രാക്ടീസ് ചെയ്യാനാണ് താല്പര്യം.''

''സങ്കീർത്തന?''

ഒരു നിമിഷം ഗിരീഷ് മൂകനായി. പിന്നെ അവൻ പതുക്കെപ്പറഞ്ഞു.

സങ്കീർത്തന പോയിട്ട് നാലു വർഷമായി. ക്യാൻസർ ആയിരുന്നു. സ്റ്റൊമക്കിൽ.  അവൾ ഒരു ഡോക്ടറായിരുന്നിട്ടും സമയത്ത് ഡയഗ്നോസ് ചെയ്യാൻ പറ്റിയില്ല. അവൾ തന്നെ കാര്യം തിരിച്ചറിഞ്ഞപ്പോഴേക്കും വളരെ വൈകി. അപ്പോഴേക്കും ടെർഷറി സ്റ്റേജ്  കഴിഞ്ഞിരുന്നു. പരമാവധി ശ്രമിച്ചു. പക്ഷേ രക്ഷപ്പെട്ടില്ല.''

**''സമയം പോയി. മക്കളു മാത്രമേയുള്ളൂ വീട്ടിൽ. സത്യസന്ധനായതു കൊണ്ട് ശത്രുക്കളുടെ എണ്ണം എനിക്ക് ഒട്ടും കുറവല്ല. ക്വാറി മുതലാളി മുതൽ മണൽകടത്ത് ഗുണ്ട വരെ. പിന്നെ സ്ഥിരം ശത്രുക്കളായ രാഷ്ട്രീയക്കാർ വേറേയും. പോലീസുകാരന് ഒരു പ്രശ്നമുണ്ടായാൽ പിന്നെ പോലീസ് കൂടെ നിൽക്കില്ല. അതാണ് പോലീസിന്റെ വർഗ്ഗബോധം. നമുക്കെന്തെങ്കിലും തട്ടുകേട് ഉണ്ടായാൽ തീർന്നു. ഇപ്പോൾ കൊലപാതകം മാത്രമല്ലല്ലോ ബലാത്സംഗവും ക്വട്ടേഷൻ അല്ലേ. മക്കൾ പേടിച്ചിരിക്കുകയായിരിക്കും.''**

പിന്നെ പതുക്കെ അവൻ പറഞ്ഞു.

''സങ്കീർത്തന ഉള്ളപ്പോൾ ഒന്നും പേടിക്കേണ്ടായിരുന്നു. ഇപ്പോൾ അങ്ങനെയല്ല.''  പിന്നെ വാച്ച് നോക്കിയിട്ട് അവൻ പറഞ്ഞു.

''സമയം പോയി. മക്കളു മാത്രമേയുള്ളൂ വീട്ടിൽ. സത്യസന്ധനായതു കൊണ്ട് ശത്രുക്കളുടെ എണ്ണം എനിക്ക് ഒട്ടും കുറവല്ല. ക്വാറി മുതലാളി മുതൽ മണൽകടത്ത് ഗുണ്ട വരെ. പിന്നെ സ്ഥിരം ശത്രുക്കളായ രാഷ്ട്രീയക്കാർ വേറേയും. പോലീസുകാരന് ഒരു പ്രശ്നമുണ്ടായാൽ പിന്നെ പോലീസ് കൂടെ നിൽക്കില്ല. അതാണ് പോലീസിന്റെ വർഗ്ഗബോധം. നമുക്കെന്തെങ്കിലും തട്ടുകേട് ഉണ്ടായാൽ തീർന്നു. ഇപ്പോൾ കൊലപാതകം മാത്രമല്ലല്ലോ ബലാത്സംഗവും ക്വട്ടേഷൻ അല്ലേ. മക്കൾ പേടിച്ചിരിക്കുകയായിരിക്കും.''

''സുരക്ഷയ്ക്ക് ഒരു പട്ടിയെ വളർത്തിക്കൂടെ.'' ഞാൻ അവനോടു ചോദിച്ചു.  അവൻ ഒന്ന് ചിരിച്ചു. പിന്നെ പറഞ്ഞു.

''നായേക്കാട്ടിലും വിശേഷബുദ്ധിയുള്ള മൃഗമാണ് മനുഷ്യൻ.''

പെട്ടെന്ന് പൂന്താനത്തിന്റെ വരികൾ ഞാനോർത്തു.

'നരി ചത്തു നരനാകുന്നു.'

അത് പണ്ട്. ഇപ്പോൾ ആ വരികൾ ഒന്ന് മാറ്റിപ്പറഞ്ഞാൽ യാഥാർത്ഥ്യം വ്യക്തമാകും. നരൻ ചത്തു നരിയാകുന്നു. പിന്നെ അത് ഇരകളെ കടിച്ചു കീറുന്നു. കസേരയിൽ നിന്നും എണീറ്റുകൊണ്ടവൻ പറഞ്ഞു.

''ഇരുട്ടും മുമ്പ് വീട്ടിലെത്തണം. ഞാൻ പോട്ടെ.''

ഗിരീഷ് ധൃതിയിൽ പുറത്തേക്കു നടന്നു.  അവൻ പോകുമ്പോൾ സൂസൻ പരിഹാസത്തോടെ പറഞ്ഞു.

''പോലീസ് ഡിവൈഎസ്പി.''

അവളുടെ പരിഹാസത്തിന്റെ മുന എനിക്ക് മനസ്സിലായി.

നടന്നു പോകുന്ന ഗിരീഷിനെ നോക്കി ഞാൻ പറഞ്ഞു.

''പോലീസ് ഡിവൈഎസ്പി അല്ല. രണ്ടു പെൺകുട്ടികളുടെ അച്ഛൻ. പ്രായമെത്തിയ രണ്ടു പെൺകുട്ടികളുടെ അച്ഛൻ.''

പിന്നെ ഞാൻ കൂട്ടിച്ചേർത്തു.

''അതു പറഞ്ഞാൽ നിനക്ക് മനസ്സിലാവില്ല''

സൂസന്റെ മുഖത്ത് ഉരുണ്ടുകൂടുന്ന കാർമേഘത്തെ ഗൌനിക്കാതെ ഞാൻ ബില്ലുമെടുത്ത് കൌണ്ടറിലേക്ക് നടന്നു.

# 'Making Memorials all over the USA, Canada and India'








# MUKKUT MONUMENTS INC.

**Tel: 1-972-342-0041**

**www.mukkutmonuments.com**

**eMail: mukkutmonuments@gmail.com**




അധ്യായം 6

# ഒരു രാജവംശത്തിന്റെ പിറവി, രാജ്യത്തിന്റെയും

◉ സുഭാഷ് വലവൂർ

സിക്കിം പ്രദേശം പതിനേഴാം നൂറ്റാണ്ടിന്റെ മദ്ധ്യത്തോളം ഏകീകൃതമായിരുന്നില്ല. 'ലെപ്ച' എന്ന വിഭാഗമാണ് തദ്ദേശീയരായി ഇപ്പോൾ സിക്കിം എന്നു വിളിക്കപ്പെടുന്ന പ്രദേശത്തുണ്ടായിരുന്നത്. ലെപ്ചകൾ സിക്കിം പ്രദേശത്തുമാത്രമല്ല ഉണ്ടായിരുന്നത്. ഭൂട്ടാൻ, നേപ്പാൾ എന്നീ പ്രദേശങ്ങളിലും അവർ ഉണ്ടായിരുന്നു. ഡാർജീലിങ് ഒക്കെ സിക്കിമിന്റെ ഭാഗമായിരുന്നു. നാംഗ്യാൽ രാജവംശം പിൽക്കാലത്ത് ബ്രിട്ടീഷുകാർക്ക് വിട്ടുകൊടുത്ത പ്രദേശമാണ് ഡാർജീലിങ്. ലെപ്ചകൾക്ക് ഒരു ഏകീകൃത ഭരണമോ രാജ്യമോ ഉണ്ടായിരുന്നില്ല.

വലിയ ജനനിബിഡമല്ലാതിരുന്ന ഈ ഹിമാലയ പർവ്വത പ്രദേശത്തേക്ക് എട്ടാം നൂറ്റാണ്ടുമുതൽ തന്നെ ടിബറ്റിലേയും നേപ്പാളിലേയും തദ്ദേശീയ ജനതയിൽ നിന്ന് ചെറിയതോതിൽ കുടിയേറ്റം തുടങ്ങിയിരുന്നു എന്നു കരുതാം. അങ്ങനെയാണ് ലെപ്ചകൾക്കു പുറമേ 'ലിംബു' വിഭാഗക്കാരും 'ബൂട്ടിയാ' വിഭാഗക്കാരും ഇവിടെ പ്രബലമായത്. ബൂട്ടിയ എന്നു കേൾക്കുമ്പോൾ നമുക്കാദ്യം ഓർമ്മവരിക ഇന്ത്യയിലെ പ്രഗത്ഭ ഫുട്ബോൾ കളിക്കാരനായ ബൈചുങ് ബൂട്ടിയയെ ആയിരിക്കും.

അദ്ദേഹം ഈ ഗോത്രത്തിൽ പെട്ടയാളാണ്. ഗാങ്ടോക്കിൽ കാറിൽ സഞ്ചരിക്കുമ്പോൾ ബൂട്ടിയയുടെ പേരിലുള്ള ഒരു കളിസ്ഥലം കണ്ടതായോർക്കുന്നു. ലിംബു വിഭാഗക്കാർ അനിമിസം എന്ന സമ്പ്രദായം പുലർത്തുന്നവരായിരു



ന്നു. ടിബറ്റൻ പ്രദേശത്തെ ബോൺ മതത്തോട് സാമ്യമുള്ള രീതികളാണ് ഇവരുടേത്. ലിംബു വിഭാഗക്കാരും സിക്കിമിലെ ആദിമ ജനതപോലെ മാറിക്കഴിഞ്ഞവരാണ്.

എന്നാൽ ബൂട്ടിയ വിഭാഗക്കാരാകട്ടെ ടിബറ്റൻ പ്രദേശങ്ങളിൽ നിന്നും കുടിയേറി പാർത്തവരാണ്. അവരുടെ രീതികളിൽ പ്രകടമായ വ്യത്യസ്തത ഉണ്ടായിരുന്നു.

ഒരു ഭരണസംവിധാനത്തിലേയ്ക്ക് നയിക്കുന്ന രാഷ്ട്രീയ നേതൃത്വം ഇവർക്കാർക്കുമുണ്ടായിരുന്നില്ല. ഈ സാഹചര്യത്തിൽ ടിബറ്റൻ ബുദ്ധമതവിശ്വാസികളുടെ ഐതിഹ്യകഥകളെ പിൻപറ്റി ഈ പ്രദേശത്ത് ഒരു മതരാഷ്ട്രം സ്ഥാപിക്കുന്നതിന് ടിബറ്റിൽ നിന്നു കുടിയേറിയ ലാമമാർ ആലോചിക്കുകയും യോഗ്യനായ ഒരാളെ കണ്ടെത്താൻ നിശ്ചയിക്കുകയും ചെയ്തു. അങ്ങനെ ലാമമാർ ഗാങ്ടോക്കിൽ നിന്ന് കണ്ടെത്തിയ ഫൺസോഗ് എന്ന ടിബറ്റൻ വംശജനെ മൂന്നു ലാമമാർ ചേർന്ന് ആദ്യത്തെ രാജാവായി അഭിഷേകം ചെയ്തു.

യുക്സോം എന്ന സ്ഥലത്തുവെച്ചാണ് കിരീടധാരണം നടന്നത്. നോർബുഗാങ് എന്നാണ് ഈ സ്ഥലം അറിയപ്പെടുന്നത്. നിധിയുടെ കുന്ന് അല്ലെങ്കിൽ 'രത്നഗിരി' എന്ന അർത്ഥത്തിലാണ് നോർബുഗാങ് എന്ന് ഈ സ്ഥലത്തെ വിശേഷിപ്പിക്കാൻ തുടങ്ങിയത്.

സിക്കിമിന്റെ വടക്കൻ പ്രദേശത്തേയും തെക്കൻ പ്രദേശത്തേയും പടിഞ്ഞാറൻ പ്രദേശത്തേയും പ്രതിനിധീകരിക്കുന്ന ഓരോ ലാമമാർ ചേർന്നാണ് രാജാവിന്റെ കിരീടധാരണം നിർവ്വഹിച്ചത്. ഇത് ഭൂമിശാസ്ത്രപരമായ പ്രതിനിധാനത്തെയും മതപരമായ അംഗീകാരത്തിന്റെയും സൂചകങ്ങളായി കണക്കാക്കാം.

ഏതാണ്ട് കിഴക്കൻ അതിർത്തിയോടു ചേർന്നാണ് ഈ ചടങ്ങു നടന്നതെന്നതുകൊണ്ടാകാം മറ്റു മൂന്നു ദിക്കുകളിൽ ചുരുക്കിയത്. 1642 ലാണ് ഈ സംഭവം നടക്കുന്നത്. ഫൺസോഗ് നാംഗ്യാൽ എന്ന പേരിൽ ഫൺസോഗ് സിക്കിമിലെ ആദ്യ രാജവംശത്തിലെ ആദ്യ രാജാവായി. മുന്നൂറുവർഷത്തിലധികം ഈ രാജവംശം സിക്കിം ഭരിച്ചു.


മരങ്ങൾ ഇടതൂർന്നു നിന്നിരുന്ന പ്രവേശന ഭാഗത്തുനിന്ന് ചെറിയ ആരാധനാ മന്ദിരം ചുറ്റിയാണ് ഞാൻ ഈ കിരീടധാരണ മേടയിലേക്കെത്തിയത്. ഒരു വലിയ പൈൻ മരത്തിന്റെ ചുവട്ടിൽ നമ്മുടെ നാട്ടിലെ നാഗത്തറ പോലെ കെട്ടിയുയർത്തിയ കരിങ്കൽ തിട്ടയിൽ ശിലാപാളികൾ കൊണ്ട് ഇരിപ്പും ചാരും തീർത്ത ഇരിപ്പിടങ്ങൾ കാണാം.

തീർത്തും ലളിതമായ സംവിധാനം. അക്കാലത്തും ഇപ്പോൾ അവശേഷിച്ചിട്ടുള്ള ഇരിപ്പിടമേ ഉണ്ടായിരുന്നുള്ളുവെന്ന് കരുതുന്നു. കാരണം അന്ന് സാമ്പത്തിക കേന്ദ്രീകരണം ഉണ്ടായിരുന്നില്ലല്ലോ. ചുറ്റും ലഭ്യമായ കല്ലും മണ്ണും വെച്ച് കെട്ടിയ സംവിധാനമാണിത്. ടിബറ്റൻ പ്രാർത്ഥനാ പതാകകൾ എല്ലാവശത്തേയ്ക്കും വലിച്ചുകെട്ടിയിട്ടുണ്ട്.

അന്നത്തെ മൂന്നു ലാമമാരെ

**സിക്കിമിന്റെ വടക്കൻ പ്രദേശത്തേയും തെക്കൻ പ്രദേശത്തേയും പടിഞ്ഞാറൻ പ്രദേശത്തേയും പ്രതിനിധീകരിക്കുന്ന ഓരോ ലാമമാർ ചേർന്നാണ് രാജാവിന്റെ കിരീടധാരണം നിർവ്വഹിച്ചത്. ഇത് ഭൂമിശാസ്ത്രപരമായ പ്രതിനിധാനത്തെയും മതപരമായ അംഗീകാരത്തിന്റെയും സൂചകങ്ങളായി കണക്കാക്കാം. ഏതാണ്ട് കിഴക്കൻ അതിർത്തിയോടു ചേർന്നാണ് ഈ ചടങ്ങു നടന്നതെന്നതുകൊണ്ടാകാം മറ്റു മൂന്നു ദിക്കുകളിൽ ചുരുക്കിയത്. 1642 ലാണ് ഈ സംഭവം നടക്കുന്നത്. ഫൺസോഗ് നാംഗ്യാൽ എന്ന പേരിൽ ഫൺസോഗ് സിക്കിമിലെ ആദ്യ രാജവംശത്തിലെ ആദ്യ രാജാവായി. മുന്നൂറുവർഷത്തിലധികം ഈ രാജവംശം സിക്കിം ഭരിച്ചു.**

**താഴെയിറങ്ങിയാൽ ’താങ് ടോങ് ഗ്യാൽപോ’ എന്ന സന്യാസിയുടെ പേരിലുള്ള ക്ഷേത്രം കാണാം. ഇദ്ദേഹം പ്രശസ്തനായത് മറ്റൊരു പേരിലാണ്. ചക്സാമ്പാ അഥവാ ’ഇരുമ്പു പാല ശില്പി’ എന്നാണ് ആ പേര്. ടിബറ്റിലും ചുറ്റുവട്ടങ്ങളിലുമായി മലയിടുക്കുകളും നീർച്ചോലകളും കടക്കാനായി വ്യാപകമായി ഇരുമ്പുകൊണ്ടുള്ള പാലം നിർമ്മിയ്ക്കുന്നതിനു നേതൃത്വം കൊടുത്തതുകൊണ്ടാണ് ആ പേര് കിട്ടിയത്. അദ്ദേഹത്തിന്റെ ഒരു പ്രതിമ ഏറ്റവും മുകളിലെ നിലയിൽ സ്ഥാപിച്ചിട്ടുണ്ട്. അതിനടുത്തുള്ള ടെറസിൽ നിന്നു നോക്കിയാൽ താഴ്വരയുടെ നല്ല കാഴ്ച്ച കാണാം.**



ഓർക്കുന്നതിനും പ്രാർത്ഥനകൾ നടത്തുന്നതിനുമായി നോർബുഗാങ് ചോർട്ടൻ എന്ന പേരിൽ സ്ഥാപിച്ചിട്ടുള്ള സ്തൂപം ഈ പരിസരത്ത് കാണാം. അല്പം മാറി ഒരു ചെറിയ തടാകവുമുണ്ട്.

നോർബു ഗാങ് കോറോണേഷൻ ത്രോണിന്റ അൽപ്പം താഴെയായി നേരത്തേ സൂചിപ്പിച്ച പ്രാർത്ഥനാ മന്ദിരമുണ്ട്, എന്നാൽ അവിടെനിന്ന് ഒരു ചെറിയ പടിക്കെട്ടുവഴി താഴെയിറങ്ങിയാൽ ’താങ് ടോങ് ഗ്യാൽപോ’ എന്ന സന്യാസിയുടെ പേരിലുള്ള ക്ഷേത്രം കാണാം. ഇദ്ദേഹം പ്രശസ്തനായത് മറ്റൊരു പേരിലാണ്. ചക്സാമ്പാ അഥവാ ’ഇരുമ്പു പാല ശില്പി’ എന്നാണ് ആ പേര്. ടിബറ്റിലും ചുറ്റുവട്ടങ്ങളിലുമായി മലയിടുക്കുകളും നീർച്ചോലകളും കടക്കാനായി വ്യാപകമായി ഇരുമ്പുകൊണ്ടുള്ള പാലം നിർമ്മിയ്ക്കുന്നതിനു നേതൃത്വം കൊടുത്തതുകൊണ്ടാണ് ആ പേര് കിട്ടിയത്. അദ്ദേഹത്തിന്റെ ഒരു പ്രതിമ ഏറ്റവും മുകളിലെ നിലയിൽ സ്ഥാപിച്ചിട്ടുണ്ട്. അതിനടുത്തുള്ള ടെറസിൽ നിന്നു നോക്കിയാൽ താഴ്വരയുടെ നല്ല കാഴ്ച്ച കാണാം.



താങ് ടോങ് ഗ്യാൽപോയുടെ ക്ഷേത്രത്തിൽ ഒരു സ്വർണ്ണ സ്തൂപമുണ്ട്. പ്രതിമയിരിക്കുന്ന ക്ഷേത്രമന്ദിരത്തിന്റെ ഏറ്റവും താഴെയുള്ള ഹാളിലാണ് സ്വർണ്ണസ്തൂപം പ്രതിഷ്ഠിച്ചിട്ടുള്ളത്.

> **താങ് ടോങ് ഗ്യാൽപോയുടെ ക്ഷേത്രത്തിൽ ഒരു സ്വർണ്ണ സ്തൂപമുണ്ട്. പ്രതിമയിരിക്കുന്ന ക്ഷേത്രമന്ദിരത്തിന്റെ ഏറ്റവും താഴെയുള്ള ഹാളിലാണ് സ്വർണ്ണസ്തൂപം പ്രതിഷ്ഠിച്ചിട്ടുള്ളത്. സ്തൂപത്തിന്റെ പിറകിലെ ഭിത്തിയോട് ചേർന്നുള്ള തട്ടിൽ ഒരറ്റം മുതൽ മറ്റേ അറ്റം വരെ വെണ്ണക്കല്ലിലുള്ള ഇടത്തരം വലിപ്പമുള്ള അനേകം ബുദ്ധന്മാരെ പല അടുക്കുകളിലായി നിരത്തി വെച്ചിട്ടുണ്ട്.**





സ്തൂപത്തിന്റെ പിറകിലെ ഭിത്തിയോട് ചേർന്നുള്ള തട്ടിൽ ഒരറ്റം മുതൽ മറ്റേ അറ്റം വരെ വെണ്ണക്കല്ലിലുള്ള ഇടത്തരം വലിപ്പമുള്ള അനേകം ബുദ്ധന്മാരെ പല അടുക്കുകളിലായി നിരത്തി വെച്ചിട്ടുണ്ട്.

ഞാനവിടെ ചെല്ലുമ്പോൾ ക്ഷേത്രത്തിൽ ചില ചടങ്ങുകളൊക്കെ നടക്കുന്നുണ്ടായിരുന്നു. അതിന്റെ ഭാഗമായി 'ടോർമ്മ' എന്ന അലങ്കാര ഭക്ഷണം തയ്യാറാക്കുന്നത് കാണാൻ കഴിഞ്ഞു. വെണ്ണയും ബാർലി വറുത്തു പൊടിച്ചതും കൊണ്ട് വിവിധ രൂപങ്ങളിൽ നിറങ്ങൾ ചേർത്താണ് ടോർമ്മ തയ്യാറാക്കുന്നത്.

അവ ദേവതാ സങ്കൽപ്പത്തിലോ ഏതെങ്കിലും സമർപ്പണ വസ്തുവിന്റെ രൂപത്തിലോ ആയുധങ്ങളുടെ രൂപത്തിലോ ഒക്കെ ആകാം. താന്ത്രിക ബുദ്ധമതത്തിൽ ആരാധനയുടെ ഭാഗമായി ടോർമ ഉപയോഗിക്കുന്നു.

സിക്കിമിലെ ആദ്യത്തെ മൊണാസ്റ്ററിയായ ഡുബ്ഡി മൊണാസ്റ്ററിയിൽ നിന്ന് ഇവിടേക്കെത്താൻ മൂന്നു കിലോമീറ്ററേ ഉള്ളൂ.

അധ്യായം 7

# ഭാഗ്യപരീക്ഷണം പോലെ വടക്കൻ സിക്കിമിലേയ്ക്ക്

സിലിഗുരിയിൽ നിന്ന് ഗാങ്ടോക്കിലേക്കുള്ള വഴികളും സിക്കിമിൽ പൊതുവെ സഞ്ചരിക്കുന്ന എല്ലാ വഴികളും ഏതുസമയത്തും മണ്ണിടിച്ചിൽ വരാവുന്നവ തന്നെയാണെന്ന് അവിടെയെത്തുമ്പോൾ മനസ്സിലാകും. എന്നാൽ സിക്കിമിന്റെ വടക്കൻ പ്രദേശം സ്ഥിരമായ യാത്രാപ്രശ്നങ്ങൾ ഉണ്ടാവുന്ന പ്രദേശമാണ്. ഞാൻ ഗാങ്ടോക്കിൽ താമസിക്കുമ്പോൾ നോർത്ത് സിക്കിം യാത്ര ഒഴിവാക്കണമെന്നാണ് മൗണ്ടനീറിങ് ഇൻസ്റ്റിട്യൂട്ടിൽ ഉണ്ടായിരുന്ന പലരും അഭിപ്രായപ്പെട്ടത്. ഇന്റലിജൻസ് ബ്യൂറോയിൽ നിന്നുള്ള ഒരാളും അതുതന്നെ പറഞ്ഞു.

നോർത്ത് സിക്കിം പോകാതെ എന്തു സിക്കിം? എന്ന ചിന്തയിൽ അപായഭീതിയെ നേരിടാൻ മനസ്സു പാകപ്പെടുത്തി. സിക്കിമിൽ ഞാൻ ഒറ്റയ്ക്കാണ് പോയിരുന്നത്. അതുകൊണ്ട് ഒരു കൈനോക്കാം എന്നു വിചാരിച്ചു.





നോർത്ത് സിക്കിമും നാഥുലാ പാസും പോലെയുള്ള ദുർഘട മായ ഉയരപ്പാതകളിലേയ്ക്ക് കാറു കൾക്ക് അനുവാദമില്ല. അതി നാൽ വലിയ വണ്ടിയുമായി ദീപൻ എന്നൊരു പുതിയ ഡ്രൈവറാണ് വന്നത്. അയാളും ചെറുപ്പക്കാരനാ യിരുന്നു. നമുക്കു നോക്കാം ഇല്ലെ ങ്കിൽ തിരിച്ചുവരാം എന്ന് അയാൾ പറഞ്ഞു. അങ്ങനെ അതിരാവിലെ പുറപ്പെട്ടു.

ഗാങ്ടോക്കിൽ നിന്ന് വനമേ ഖലയിലൂടെ സഞ്ചരിച്ച് ആദ്യം ഒരു ചെറു പട്ടണത്തിലെത്തി. ചായ കുടിച്ച് വീണ്ടും യാത്രതുട ങ്ങി. അധികം വൈകാതെ 'റേറ്റ് ചു' എന്ന ചെറിയ അരുവിയുടെ കുറുകെയുള്ള പാലം കടന്ന് കബി

**നോർത്ത് സിക്കിം പോകാതെ എന്തു സിക്കിം? എന്ന ചിന്തയിൽ അപായഭീതിയെ നേരിടാൻ മന സ്സു പാകപ്പെടുത്തി. സിക്കിമിൽ ഞാൻ ഒറ്റയ്ക്കാണ് പോയിരുന്ന ത്. അതുകൊണ്ട് ഒരു കൈനോ ക്കാം എന്നു വിചാരിച്ചു. നോർത്ത് സിക്കിമും നാഥുലാ പാസും പോലെയുള്ള ദുർഘടമായ ഉയര പ്പാതകളിലേയ്ക്ക് കാറുകൾക്ക് അനുവാദമില്ല. അതിനാൽ വലിയ വണ്ടിയുമായി ദീപൻ എന്നൊരു പുതിയ ഡ്രൈവറാണ് വന്നത്. അയാളും ചെറുപ്പക്കാരനായിരു ന്നു. നമുക്കു നോക്കാം ഇല്ലെ ങ്കിൽ തിരിച്ചുവരാം എന്ന് അയാൾ പറഞ്ഞു. അങ്ങനെ അതിരാവി ലെ പുറപ്പെട്ടു.**

എന്ന സ്ഥലത്തെത്തി. കബിയ്ക്കടു ത്താണ് ബാക്ക്ചാ പാലം. വടക്കൻ സിക്കിമിലേക്കുള്ള ഹൈവേ 10 ലെ ഒരു പാലമാണിത്.

പാലത്തിനു സമീപമുള്ള പ്രകൃ തിഭംഗിയാണ് ഈ പാലത്തെ സഞ്ചാരികളുടെ ശ്രദ്ധയിലേക്ക് കൊണ്ടുവരുന്നത്. ഡിക് ചു എന്ന നദിയാണ് കാതിന് ഇമ്പമേകിക്കൊ ണ്ട് താഴെ ഒഴുകുന്നത്. കിഴക്കുപ ടിഞ്ഞാറായാണ് ഇതൊഴുകുന്നത്. അതുകൊണ്ട് ഗാങ്ടോക്കിൽ നിന്ന് നോർത്ത് സിക്കിമിലേക്കുള്ള പ്ര ധാന പാലമായി ഇതിനെ കണ ക്കാക്കുന്നു. ഡിക് ചു കുറേ ദൂരം ചെല്ലുമ്പോൾ നമ്മൾ നേരത്തെ കണ്ട റേറ്റ് ചു അതിലേക്ക് വന്നു ചേരുന്നുണ്ട്. അതുപോലെ മറു

വശത്തുനിന്നും സെവൻ സിസ്റ്റേഴ്സ് വെള്ളച്ചാട്ടവും ഡിക് ചുവിലേക്ക് ഒഴുകിയെത്തുന്നുണ്ട്. ഒടുവിൽ ഈ നീരൊഴുക്ക് ചെന്നെത്തുന്നത് ടീസ്റ്റാ നദിയിലേക്കാണ്.

ദേശീയ പാതയ്ക്ക് പകരം ഗാങ്ടോക്ക്-ചുങ്താങ് റോഡിലൂടെയാണ് യാത്രയെങ്കിൽ നമുക്ക് ടീസ്റ്റാ നദിയുടെ തൊട്ടു സമാന്തരമായി യാത്രചെയ്യാം. മാത്രവുമല്ല ഡിക് ചു ടീസ്റ്റയിലെത്തിച്ചേരുന്ന സംഗമസ്ഥാനത്തിന്റെ ഭാഗത്ത് പാലത്തിലൂടെ സഞ്ചരിക്കാം. എന്നാൽ ആ വഴി പലപ്പോഴും അടച്ചിടുന്ന പതിവുണ്ട്. എനിക്കു പോകേണ്ട ദിവസവും ആ വഴി അടയ്ക്കുന്നതായി അറിയിപ്പു വന്നിരുന്നു.

അധികസമയം ബാക്ക്ചാ പാലത്തിൽ ചെലവഴിച്ചില്ല. അതൊരു നഷ്ടമായിപ്പോയി എന്ന് പിന്നീട് തോന്നി. എന്നാൽ ലാചുങ് എത്തുക എന്നതാണ് തൽക്കാലം സുപ്രധാനമെന്നതുകൊണ്ട് അപ്പോൾ ആ തീരുമാനമേ എടുക്കാനാവുമായിരുന്നുള്ളൂ.

അവിടുന്ന് അങ്ങോട്ടുള്ള വഴിയിൽ മണ്ണിടിച്ചിൽ മൂലം മൂന്നു മണിക്കൂർ കിടന്നുപോയപ്പോൾ തീരുമാനത്തിൽ തെറ്റില്ല എന്ന് തോന്നി. ടൂങ് എന്ന സ്ഥലത്തെ ചെക്ക് പോസ്റ്റിലാണ് ഞങ്ങളെ തടഞ്ഞത്. അതിനടുത്ത് ചെറിയൊരു ചായക്കടയുണ്ടായിരുന്നതുകൊണ്ട് മാഗ്ഗി കഴിച്ച് വിശപ്പടക്കാൻ കഴിഞ്ഞു.


മണ്ണിടിച്ചിൽ ഭാഗത്ത് ചെറിയതോതിൽ മണ്ണുമാറ്റിയപ്പോൾ തന്നെ ചെറുവാഹനങ്ങൾ പൊയ്ക്കൊള്ളാൻ പട്ടാളത്തിന്റെ അനുമതി വന്നു. ലാചുങ് പട്ടാള സാന്നിധ്യമുള്ള പ്രദേശമായതുകൊണ്ട് അവരുടെ അനുമതിയില്ലാതെ സഞ്ചരിക്കാൻ കഴിയില്ല. ഞങ്ങൾ മംഗൻ എന്ന സ്ഥലം കടന്ന് ചുങ്താങ് എത്തി. മംഗൻ കഴിഞ്ഞ് കുറച്ചുദൂരം കഴിയുമ്പോൾ മുതൽ ലാചുങ് നദിയുടെ ഒഴുക്കിന് എതിരെ ഹൈവേയിലൂടെയാണ് നമ്മുടെ സഞ്ചാരം.


**അധികസമയം ബാക്ക്ചാ പാലത്തിൽ ചെലവഴിച്ചില്ല. അതൊരു നഷ്ടമായിപ്പോയി എന്ന് പിന്നീട് തോന്നി. എന്നാൽ ലാചുങ് എത്തുക എന്നതാണ് തൽക്കാലം സുപ്രധാനമെന്നതുകൊണ്ട് അപ്പോൾ ആ തീരുമാനമേ എടുക്കാനാവുമായിരുന്നുള്ളൂ. അവിടുന്ന് അങ്ങോട്ടുള്ള വഴിയിൽ മണ്ണിടിച്ചിൽ മൂലം മൂന്നു മണിക്കൂർ കിടന്നുപോയപ്പോൾ തീരുമാനത്തിൽ തെറ്റില്ല എന്ന് തോന്നി. ടൂങ് എന്ന സ്ഥലത്തെ ചെക്ക് പോസ്റ്റിലാണ് ഞങ്ങളെ തടഞ്ഞത്. അതിനടുത്ത് ചെറിയൊരു ചായക്കടയുണ്ടായിരുന്നതുകൊണ്ട് മാഗ്ഗി കഴിച്ച് വിശപ്പടക്കാൻ കഴിഞ്ഞു.**

ഇടയ്ക്ക് നമ്മൾ നദി കടക്കുമെന്ന് മാത്രം. ലാചുങ്ങിൽ നിന്നു വരുന്ന നദി അവിടെ നിന്നു വരുമ്പോൾ മംഗൻ എത്തുന്നതിനു മുൻപ് ടീസ്റ്റയിൽ ചെന്നു ചേരും. ചുങ്താങ് എന്നു പറയുന്നത് ഒരു കവലയാണ്. വടക്കൻ സിക്കിമിലെ രണ്ടു പ്രധാന സ്ഥലങ്ങളായ ലാചുങ്, ലാചെൻ എന്നീ സ്ഥലങ്ങളിലേക്ക് തിരിയുന്ന സ്ഥലം. ഞാൻ പോയ സമയത്ത് ലാചെൻ പൂർണ്ണമായും അടച്ചിട്ട അവസ്ഥയിലായിരുന്നു. റോഡ് ഗതാഗതം നിർത്തിവെച്ചിട്ട് ആഴ്ചകളോ മാസങ്ങളോ ആയിരുന്നു.

വൈകി ലാചുങ്ങിൽ എത്തി ഹോട്ടലിൽ ചെക്കിൻ ചെയ്തു. മുൻപെപ്പോഴോ മണ്ണിടിച്ചിൽ ഉണ്ടായ ഒരു ഭാഗത്ത് ലാചുങ് നദിയ്ക്കു കുറുകെ കെട്ടിയ ചെറുപാലം കടന്നായിരുന്നു ഹോട്ടലിലേക്കെത്തിയത്.

പാലം കടന്ന ഉടനെത്തന്നെ ഒരു ചെറിയ പ്രാർത്ഥനാ മന്ദിരം കണ്ടിരുന്നു. അതിന്റെ ഭിത്തിയിൽ ഷാർചോക്കിലേക്കു സ്വാഗതം എഴുതിയിരുന്നു. നേരം വൈകിയതുകൊണ്ട് പുറത്തേക്കിറങ്ങിയില്ല. തെക്കേയിന്ത്യയിൽ ചെറിയൊരുകാലം ജോലിചെയ്തിരുന്ന ഒരാളാണ് അടുക്കളയുടെ ചുമതലക്കാരൻ. എന്തുവേണമെങ്കിലും പറഞ്ഞാൽ മതിയെന്ന് സന്തോഷത്തോടെ അയാൾ പറഞ്ഞു. കാര്യമൊന്നുമില്ല. ഹിമാലയൻ






പ്രദേശങ്ങളിൽ അരിമാവ് പുളിക്കാത്തതുകൊണ്ട് പൊതുവെ ദോശ ഏർപ്പാടൊന്നുമില്ല. പെല്ലിങ്ങിൽ മാത്രമേ തെക്കേയിന്ത്യൻ വിഭവങ്ങൾ ഏതാണ്ട് നാട്ടിലെ സ്വാദോടെ കിട്ടിയുള്ളൂ.

രാവിലെ നേരത്തേയെഴുന്നേറ്റു പുറത്തിറങ്ങി. ഹിമാലയ പ്രദേശങ്ങളിൽ അതിരാവിലെ എഴുന്നേറ്റ് നേരം പുലരുന്നത് കാണുന്നത് ആഹ്ലാദകരമായ അനുഭവമാണെന്നതുകൊണ്ട് അതൊഴിവാക്കാറില്ല. പരിചയമില്ലാത്ത വഴികളിലൂടെ നടന്നു നടന്ന് ലാചുങ് നദിയുടെ കുറുകെയുള്ള ഒരു ചെറുപാലത്തിൽ എത്തി. ഏറെനേരം നദിയെ കണ്ടും കേട്ടും ഇരുന്നശേഷം മടങ്ങുമ്പോൾ ഒരമ്മ ചിരിച്ചുകൊണ്ട് വന്ദനം പറഞ്ഞു. അറിയാവുന്ന ഭാഷയിൽ അവരോട് സംസാരിച്ചു. രാവിലെ പശുവിനെ മേയ്ക്കാൻ ഇറങ്ങിയതാണവർ. ഫോട്ടോയെടുക്കണ്ടേ എന്നിങ്ങോട്ട് ചോദിച്ചു. സെൽഫി എടുക്കാനായി തുടങ്ങിയപ്പോൾ അവർ അടുത്തുവന്നു ചേർന്നുനിന്നു. അമ്മയുടെ അടുത്തുനിന്നും അൽപ്പം കൂടി നടന്ന് കുത്തിയൊഴുകുന്ന മറ്റൊരു നീർച്ചോലയുടെ സമീപം നിൽക്കുമ്പോൾ എന്നെ നോക്കി നിന്ന രണ്ടു കുഞ്ഞുങ്ങൾക്ക് മിഠായി നൽകി. അവരെയും ചേർത്തുനിർത്തി ഒരു ചിത്രമെടുത്തു. അങ്ങനെ മനോഹരമായ ഒരനുഭവത്തോടെ വടക്കൻ സിക്കിമിലെ കാഴ്ചകൾക്കു തുടക്കമായി.

**രാവിലെ നേരത്തേയെഴുന്നേറ്റു പുറത്തിറങ്ങി. ഹിമാലയ പ്രദേശങ്ങളിൽ അതിരാവിലെ എഴുന്നേറ്റ് നേരം പുലരുന്നത് കാണുന്നത് ആഹ്ലാദകരമായ അനുഭവമാണെന്നതുകൊണ്ട് അതൊഴിവാക്കാറില്ല. പരിചയമില്ലാത്ത വഴികളിലൂടെ നടന്നു നടന്ന് ലാചുങ് നദിയുടെ കുറുകെയുള്ള ഒരു ചെറുപാലത്തിൽ എത്തി. ഏറെനേരം നദിയെ കണ്ടും കേട്ടും ഇരുന്നശേഷം മടങ്ങുമ്പോൾ ഒരമ്മ ചിരിച്ചുകൊണ്ട് വന്ദനം പറഞ്ഞു. അറിയാവുന്ന ഭാഷയിൽ അവരോട് സംസാരിച്ചു. രാവിലെ പശുവിനെ മേയ്ക്കാൻ ഇറങ്ങിയതാണവർ. ഫോട്ടോയെടുക്കണ്ടേ എന്നിങ്ങോട്ട് ചോദിച്ചു. സെൽഫി എടുക്കാനായി തുടങ്ങിയപ്പോൾ അവർ അടുത്തുവന്നു ചേർന്നു നിന്നു.**

ചെറുകഥ



വര:
പി ആർ രാജൻ



വിശ്വനാഥൻ പി വി

# രാജൻ പുല്ലമ്പലം എഴുതിയ കത്ത്

"രാജൻ പുല്ലമ്പലം" അയച്ച
മാത്രമല്ല, അടുത്തടുത്ത
കിട്ടിയ രാജന്റെ നാലഞ്ചു കൂട്ടു
അനുഭവം. ദേവൻ നാലാമത്
"സുഹൃത്തെ, പലപ്പോ
യിരത്തി ഇരുന്നൂറു രൂപ
സാധിച്ചിട്ടില്ല. നിനക്കുമാ
ഗോപൻ.....ഇവരുടെയൊ
ഇപ്പോഴത്തെ അവസ്ഥ
സാധിക്കുമെന്നും തോന്നു
നായി ഇങ്ങനെ തുടരുന്ന
കൊണ്ട്, ഈ വരുന്ന പതിന

കത്ത് കണ്ടു ദേവൻ ഞെട്ടി. ദേവൻ
ദിവസങ്ങളിലായി കത്തുകൾ
കാർക്കും അതുതന്നെയായിരുന്നു
ഒരിക്കൽ കൂടി കത്ത് വായിച്ചു
ഴായി നീ സഹായിച്ചിട്ടുള്ള മൂവാ
എനിക്കിതുവരെ മടക്കിത്തരുവാൻ
ത്രമല്ല, രാജേഷ്, സോമൻ, ജയൻ,
ന്നും കടം വീട്ടാൻ എനിക്കായില്ല.
യിൽ നിങ്ങളുടെ കടം വീട്ടാൻ
ന്നില്ല. എന്നെന്നും ഒരു കടക്കാര
തിൽ യാതൊരർത്ഥവുമില്ല. അതു
ഞ്ചാം തീയതി വ്യാഴാഴ്ച ഞാൻ

ആത്മഹത്യ ചെയ്യുകയാണ്. കടം പറ്റിയ തുക ബാക്കി നിൽക്കുമെങ്കിലും മനസ്സിലെ സ്നേഹം പതിന്മടങ്ങ് മടക്കി നൽകിയാണ് ഞാൻ പോകുന്നത് എന്ന് വിശ്വസിക്കുമല്ലോ.

സ്കൂൾ കാലം മുതൽ എന്നെ ചേർത്തുപിടിച്ച കൂട്ടുകാരാണ് നിങ്ങൾ. പലപ്പോഴായി എന്നിലേക്ക് വന്നു പോയ മറ്റുള്ളവരെപ്പോലെ അല്ല. എന്തെങ്കിലും തെറ്റ് എന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ടെങ്കിൽ നിങ്ങൾ എന്നോട് ക്ഷമിക്കണം.''

ആത്മഹത്യാ കുറിപ്പ് എന്ന് കേട്ടിട്ടുണ്ടെങ്കിലും, ഇങ്ങനെയൊന്ന്, ഏഴെട്ടു ദിവസം മുമ്പേ ഒരുവന്റെ ആത്മഹത്യാ വിവരം അറിയിക്കുന്നത്, ദേവന് ചിന്തിക്കാൻ പോലുമായില്ല. അതും പലപ്പോഴായി, തിരികെ പ്രതീക്ഷിക്കാതെ, അഞ്ഞൂറും ഇരുന്നൂറുമെല്ലാമായി അറിഞ്ഞു സഹായിച്ചിട്ടുള്ളതു സൂചിപ്പിച്ചുകൊണ്ട്. മൂവായിരത്തി ഇരുന്നൂറു രൂപ എന്നൊരു കണക്ക് ദേവന്റെ മനസ്സിൽ പോലുമില്ല. സോമനും ജയനുമൊന്നും ഒരിക്കലും അങ്ങിനെ ചിന്തിക്കില്ല എന്നും ദേവനറിയാം. എങ്കിലും കത്തെഴുതിയത് പുല്ലമ്പലം ആയതുകൊണ്ട് ദേവൻ ഭയന്നു.

പുല്ലമ്പലം പാതി വട്ടനാണെന്ന് നാട്ടുകാർക്കെല്ലാമറിയാം. മുഴുവട്ടാണെന്നും ചിലർ പറയാറുണ്ട്. അതുകൊണ്ടുതന്നെ എട്ടു പത്ത് ദിവസം കഴിഞ്ഞ് ആത്മഹത്യ ചെയ്യും എന്നവൻ എഴുതിയതിൽ ഞെട്ടിയെങ്കിലും, ദേവന് അത്ഭുതം തോന്നിയില്ല.

രാജന്റെ സ്കൂൾ കാലം തൊട്ടുതന്നെ കൂട്ടുകാർ അവന്റെ പ്രത്യേക സ്വഭാവം അറിയുന്നതാണ്. ഒന്നും പ്രവചിക്കാനാവാത്ത ഒരുവൻ.

പഠിത്തത്തിൽ കേമനല്ലെങ്കിലും സുന്ദരമായ കയ്യക്ഷരം. ചിത്രം വരക്കുന്നതുപോലെ. നാടൻ പാട്ടുകളും കവിതകളും മറ്റൊരു ഭ്രമം. എന്നിട്ടും സ്കൂൾ കാലം ഒമ്പതാം ക്ലാസ്സോടെ നിറുത്തി. വീട്ടിലെ ചുറ്റുപാടെന്നു കാരണം പറയാമെങ്കിലും അവന്റെ

**ആത്മഹത്യാ കുറിപ്പ് എന്ന് കേട്ടിട്ടുണ്ടെങ്കിലും, ഇങ്ങനെയൊന്ന്, ഏഴെട്ടു ദിവസം മുമ്പേ ഒരുവന്റെ ആത്മഹത്യാ വിവരം അറിയിക്കുന്നത്, ദേവന് ചിന്തിക്കാൻ പോലുമായില്ല. അതും പലപ്പോഴായി, തിരികെ പ്രതീക്ഷിക്കാതെ, അഞ്ഞൂറും ഇരുന്നൂറുമെല്ലാമായി അറിഞ്ഞു സഹായിച്ചിട്ടുള്ളതു സൂചിപ്പിച്ചുകൊണ്ട്. മൂവായിരത്തി ഇരുന്നൂറു രൂപ എന്നൊരു കണക്ക് ദേവന്റെ മനസ്സിൽ പോലുമില്ല.**

താല്പര്യങ്ങളും വേറെ പലതുമായിരുന്നു.

തീരെ പ്രതീക്ഷിക്കാതെ അവന്റെ അവതാരം പുതിയ വഴികളിലായത് പെട്ടെന്നായിരുന്നു. നാട്ടിലുള്ള ഒരു ക്ലൂബ്ബ്കാരാണ് അവനെ ഉത്സവപ്പറമ്പിലെ ഒരു നാടകത്തിനു ആദ്യം കൂടെകൂട്ടിയത്. ചെറുകിട നാടക രചനയും നാടൻ കവിതയുമൊക്കെയായി നാട്ടിൽ പല കൂട്ടുകളിലും പെട്ടെങ്കിലും ഒരു സുപ്രഭാതത്തിൽ പുല്ലമ്പലം നാട് വിടുകയായിരുന്നു.

പലതരം ചെറുകിട ദിവസപ്പണികളുമായി നാട്ടിൽ തുടർന്ന കാലമെല്ലാം അവനെ പഴയ കൂട്ടുകാർ കൂടെക്കൂട്ടി. പ്രത്യേകിച്ചും ദേവൻ ഉൾപ്പെടുന്ന ചെറു സംഘം. നല്ല നിലയിൽ എത്തിയിട്ടും അവരെല്ലാം ''പുല്ലമ്പല''ത്തിനെ അവരിലൊരുവനായിത്തന്നെ ചേർത്തുപിടിച്ചു. അവൻ ചോദിക്കാതെ അവനെ പലവട്ടം സഹായിച്ചു..

പിന്നീടുള്ളകാലം ഇടയ്ക്കു പ്രത്യക്ഷപ്പെടുകയും അപ്രത്യക്ഷമാവുകയും ചെയ്യുന്ന പുല്ലമ്പലത്തിന്റെ ഓരോ വരവും അവർ ഒരുമിച്ച് ആഘോഷിച്ചു. അവന്റെ മാറി മറിയുന്ന ചിന്തകൾക്കിടയിൽ ചൊല്ലുന്ന നാടൻ കവിതകളും പാട്ടുകളും പലവട്ടം ആസ്വദിച്ചു. രാജൻ പുല്ലമ്പലം എന്ന പേരിൽ അവന്റെ കവിതകൾ ഒരു നാൾ പുസ്തകമായി വരും എന്ന് അവൻ പാതി കാര്യമായും പാതി തമാശയായും പറയുമ്പോൾ, അവൻ എല്ലാവർക്കും അത്ഭുതം തന്നെയായിരുന്നു.

കഴിഞ്ഞ കുറച്ച് വർഷങ്ങളായി ഗ്രാമത്തിലെ ഉത്സവകാലത്ത് മാത്രമാണ് തുടർച്ചയായി പുല്ലമ്പലത്തിനെ ഗ്രാമത്തിൽ കാണുന്നത്. വയസ്സായ, ബുദ്ധി കുറവുള്ള അമ്മയും, അലഞ്ഞു തിരിയുന്ന പുല്ലമ്പലത്തിനെ ഒരിക്കലും പ്രതീക്ഷിച്ചിരുന്നില്ല. ഉത്സവത്തിന് അമ്പലത്തിലെ രാത്രി വിളക്കിനു വലിയ തീവെട്ടി പിടിക്കുന്നതിനായി ഏതു നാട്ടിലാണെങ്കിലും മീനം ഒന്നിന് അവൻ നാട്ടിൽ എത്തും, ഒരവകാശം പോലെ.

ഉത്സവം കഴിയുമ്പോഴേക്കും തീവെട്ടിയിൽ നിന്നൊലിച്ചിറങ്ങിയ എണ്ണയും, ചൂടുമെല്ലാം അവനെ ഒന്ന് കൂടി കറുപ്പിക്കും. ഒരു കൈ ഇടുപ്പിൽ കുത്തി, തീവെട്ടിയുടെ ചുവടുഭാഗം തന്റെ കാലിൽ ഉടക്കി മേളം കണ്ടു നിൽക്കുന്ന പുല്ലമ്പലം ഉത്സവ സമയത്തെ സ്ഥിരം കാഴ്ചയാണ്. ഉത്സവം കഴിയുന്നതോടെ വന്നപോലെ തന്നെ പുല്ലമ്പലം അപ്രത്യക്ഷനാവും. കഴിഞ്ഞ കുറച്ചു വർഷങ്ങളായി അവന്റെ വരവിനുള്ള ചിട്ട അതാണ്.

അപ്രതീക്ഷിതമായി വന്ന കത്ത് ദേവനെ ഞെട്ടിച്ചത് അവന്റെ പ്രവചനാതീതമായ സ്വഭാവം കൊണ്ടുതന്നെയാണ്. അവൻ എല്ലാക്കാലവും അങ്ങിനെയായിരുന്നുവെന്നും ദേവനറിയാം. സ്കൂളിൽ പഠിക്കുന്നകാലത്ത് ശ്രീരാമനെ ഭജിച്ചു കൈ വിരിച്ച് ചാടിയാൽ പറക്കാനാവും എന്ന് ഒരുത്തൻ പറഞ്ഞത് കേട്ട് മരത്തിനു മുകളിൽനിന്നു 'പറന്നു' താഴെ വീണതും,

സ്ഥിരമായി ഒരു കാലിനു ചട്ടുണ്ടായതും കൂട്ടുകാർക്കെല്ലാം ഓർമയുള്ള പഴയ കഥയാണ്. പിന്നീട് ഒരിക്കൽ അതിനെക്കുറിച്ച് കവിത എഴുതിയും അവൻ അവരെയെല്ലാം

അത്ഭുതപ്പെടുത്തിയിട്ടുണ്ട്.

ഒന്ന് രണ്ടു വർഷം മുമ്പേ ഉത്സവത്തിന് സോപാന സംഗീതം അരങ്ങിൽ നടക്കുമ്പോൾ സ്റ്റേജിൽ കലാകാരനെ തടഞ്ഞതും അതേ പാട്ട് അതിലും നന്നായി പാടി തുടങ്ങിയതും അടുത്തകാലത്തെ ഭ്രാന്ത്. അന്ന് കമ്മറ്റിക്കാരുടെ ഉന്തും തള്ളും മാത്രമായി അതവസാനിച്ചത് അവനെ ഇഷ്ടപ്പെട്ടിരുന്ന കൂട്ടുകാരുടെ സ്നേഹം കൊണ്ടു മാത്രമാണ്.

ഇതെല്ലാമാണെങ്കിലും അവനെ ഇഷ്ടപ്പെടാതിരിക്കാൻ ദേവനുൾപ്പടെയുള്ള കൂട്ടുകാർക്ക് സാധിച്ചിരുന്നില്ല. താടിയും മുടിയും വളർത്തിയ പ്രാകൃതനായും, ഒരു രോമം പോലും ഇല്ലാതെ തല മുണ്ഡനം ചെയ്തു കാവി വസ്ത്രത്തിലും, കൈലി ഉടുത്ത് ഷാപ്പിലും അവൻ പലപ്പോഴും പ്രത്യക്ഷപ്പെടുമ്പോൾ കൂടെയുള്ളവരുടെ നിമിഷങ്ങൾ സന്തോഷിപ്പിച്ചാണ് അവൻ പിന്നീട് അപ്രത്യക്ഷമാവുക. അവൻ എങ്ങിനെ ജീവിക്കുന്നു, എവിടെ മറയുന്നു എന്നതെല്ലാം അവനു മാത്രം അറിയുന്ന രഹസ്യമാക്കി...

ഒന്ന് കൈ നീട്ടിയാൽ ഭക്ഷണത്തിനോ എന്തെങ്കിലും അത്യാവശ്യത്തിനോ എന്നറിഞ്ഞ് കൂട്ടുകാർ അവനെ പലപ്പോഴും സഹായിച്ചു. ഓരോ വട്ടവും, അതുവരെയുള്ള അവരുടെ സഹായത്തോടു കൂടി അതും കൂടി ചേർത്ത് അവന്റെ മനസ്സിലുള്ള കണക്കുപുസ്തകത്തിലെ തുക അവരോടു പറയുമ്പോൾ ആരും അത് കാര്യമാക്കിയിരുന്നില്ല.

അവസാനം അമ്പത് രൂപ നൽകുമ്പോൾ അവൻ പറഞ്ഞത് ദേവൻഒരിക്കൽക്കൂടി ഓർത്തു ' ഇപ്പൊ മൂവായിരത്തി ഇരുന്നൂറായി...എന്നെങ്കിലും പുല്ലമ്പലം അത് തിരിച്ചു തരും'' എന്ന്. കഴിഞ്ഞ പത്തിരുപതു വർഷം കൊണ്ട് കടംകൊണ്ട തുകയുടെ കണക്കാണ് അവൻ തെറ്റിക്കാതെ പറയുന്നത്. അതും ഒരു കണക്കു ബുക്ക് പോലുമില്ലാതെ എന്നത് ദേവൻ ചിരിച്ചു തള്ളുകയായിരുന്നു.

ഒരു ഭ്രാന്തൻ മനസ്സിൽ നിന്നുമുള്ള കത്താണ് എന്നതാണ് ദേവനെ പരിഭ്രമിപ്പിച്ചത്. അവനെ അവസാനം നേരിട്ട് കണ്ടത് ഉത്സവ നാളിലാണ്.

എവിടെയെങ്കിലും ഉത്സവപ്പറമ്പിലോ വെടിക്കെട്ടുകാരുടെ കൂടെയോ കറങ്ങുകയാവും എന്നും ദേവൻ ഊഹിച്ചു. അവനെഴുതിയ കത്തുപ്രകാരം അവനിനി നാല് ദിവസം കൂടിയേ ജീവിച്ചിരിക്കൂ എന്നതാണ് ദേവനെ കൂടുതൽ അലട്ടിയത്. 'ഇവനെ എവിടെ പോയി തിരക്കും ? ആരോടെങ്കിലും കത്ത് വന്ന കാര്യം പറയാൻ പറ്റുമോ ? ഇതേ പോലെ വേറെ ആർക്കെങ്കിലും കത്ത് കിട്ടിയിരിക്കുമോ ? പോലീസിനോടെങ്ങനെ പറയണം?' നൂറു കൂട്ടം ചിന്തകളാണ് ദേവന്റെ മനസ്സിൽ ഉയർന്നത്.

രാജേഷിന്റെ തമാശയോടെയുള്ള സംസാരമാണ് തനിക്കു കിട്ടിയതുപോലുള്ള കത്ത് അടുത്ത കൂട്ടുകാർക്കെങ്കിലും കിട്ടിയിട്ടുണ്ട് എന്നത് ദേവനെ ബോധ്യപ്പെടുത്തിയത്. ''നിനക്ക് തരാനുള്ള അറുനൂറ്ററുപത് നൽകാൻ പുല്ലമ്പലത്തിനാവില്ല. ക്ഷമിക്കണം. ഒരു കടക്കാരനായി പുല്ലമ്പലം മടങ്ങുകയാണ്, കൂടുതൽ കടക്കാരനാവാതെ. വരുന്ന പതിനഞ്ചാം തീയതി ഞാൻ ആത്മഹത്യ ചെയ്യും. പൈസയുടെ കടം ബാക്കി നിൽക്കുമെങ്കിലും മനസ്സിൽ സ്നേഹം മാത്രം കൂടെ കൊണ്ട് പോകും. എന്നോട് നിങ്ങൾ എല്ലാവരും ക്ഷമിക്കണം''. പുല്ലമ്പലത്തിന്റെ ഭാഷയിൽ ''കടം''കൊണ്ട തുകയൊഴിച്ച് രാജേഷിനുള്ള കത്തിൽ എല്ലാം തനിക്കു കിട്ടിയ കത്ത് പോലെയെന്ന് അതോടെ ദേവന് ബോദ്ധ്യമായി.

താമസിയാതെ അടുത്ത കൂട്ടുകാരെല്ലാം പരസ്പരം പറഞ്ഞു വിവരം അറിഞ്ഞു. പുല്ലമ്പലം ആത്മഹത്യ ചെയ്യുമെന്നും അത് പതിനഞ്ചാം തീയതിയെന്നതും അവർ ഭയന്നു. എന്ത് ചെയ്യണം എന്നറിയാതെ കൂട്ടുകാർ കുഴങ്ങി. അവനെ കണ്ടുപിടിക്കാനുള്ള വഴി എല്ലാവരും ചിന്തിച്ചു.

പുല്ലമ്പലത്തിന്റെ സ്വഭാവം നന്നായറിയുന്ന അവരുടെ മുന്നിലേക്ക് ഒരു വഴിയും തെളിഞ്ഞില്ല. എങ്കിലും പല ഇടങ്ങളിലും രഹസ്യമായും പരസ്യമായും അവർ അന്വേഷിച്ചു. പോലീസിൽ സൂചിപ്പിക്കാം എന്ന് ചിലരെങ്കിലും അഭിപ്രായപ്പെട്ടു.

ഒന്ന് രണ്ടു ദിവസങ്ങൾ നീങ്ങി. പക്ഷെ പുല്ലമ്പലത്തതിനെ ആരും കണ്ടെത്തിയില്ല. പുല്ലമ്പലം ആരുടെ മുന്നിലും പ്രത്യക്ഷപ്പെട്ടില്ല.

ബുധനാഴ്ചയായതോടെ ഒരു കൂട്ടായ തീരുമാനം പോലെ കത്തു കിട്ടിയ രണ്ടുപേർ പഞ്ചായത്ത് പ്രെസിഡണ്ടിനെ വിവരം അറിയിച്ചു. ''നിങ്ങൾക്കും അവന്റെ ഭ്രാന്തു പകർന്നോ?'' എന്ന അയാളുടെ ചോദ്യത്തോടെ അവർ അടുത്ത ദിവസത്തിനായി മനസ്സിനെ തയ്യാറാക്കി. ഒറ്റക്കും ഒളിഞ്ഞും കേട്ടറിഞ്ഞ ഗ്രാമവാസികളും ആ വാർത്ത ഉൾക്കൊള്ളുവാൻ തയ്യാറായി.

പതിനഞ്ചാം തീയതി രാവിലെ അമ്പലത്തിൽ നിർമാല്യത്തിന് തൊഴുതു നിൽക്കുന്ന പുല്ലമ്പത്തെ ആദ്യം കണ്ടത് മാരാര് വേണുവാണ്.

**അപ്രതീക്ഷിതമായി വന്ന കത്ത് ദേവനെ ഞെട്ടിച്ചത് അവന്റെ പ്രവചനാതീതമായ സ്വഭാവം കൊണ്ടുതന്നെയാണ്. അവൻ എല്ലാക്കാലവും അങ്ങിനെയായിരുന്നുവെന്നും ദേവനറിയാം. സ്കൂളിൽ പഠിക്കുന്നകാലത്ത് ശ്രീരാമനെ ഭജിച്ചു കൈ വിരിച്ച് ചാടിയാൽ പറക്കാനാവും എന്ന് ഒരുത്തൻ പറഞ്ഞത് കേട്ട് മരത്തിനു മുകളിൽനിന്നു 'പറന്നു' താഴെ വീണതും, സ്ഥിരമായി ഒരു കാലിനു ചട്ടുണ്ടായതും കൂട്ടുകാർക്കെല്ലാം ഓർമയുള്ളൂ**



അതോടെ അവന്റെ ഫോണിലൂടെ അടുത്ത കൂട്ടുകാർക്കെല്ലാം സന്ദേശങ്ങൾ പാഞ്ഞു.

സൂര്യൻ ഉദിച്ചതോടെ ആൽത്തറയിൽ ബീഡി വലിച്ച് താടിയും തടവി ഒരു സന്യാസിയെപ്പോലെ വിശ്രമിച്ചിരുന്ന പുല്ലമ്പലത്തിനു മുന്നിൽ അവരിൽ ചിലർ എത്തി.

തന്നെക്കാണാൻ എത്തിയ കൂട്ടുകാരുടെ മുന്നിൽ ഒന്നും സംഭവിക്കാത്തതുപോലെ പുല്ലമ്പലം ലോഹ്യം പറഞ്ഞു. ചില കവിതകൾ ഈണത്തിൽ ചൊല്ലി. കൂട്ടത്തിൽ താനയച്ച കത്ത് കിട്ടിയിരുന്നുവോ എന്നും മുഖത്ത് യാതൊരു ഭാവമാറ്റവുമില്ലാതെ അവൻ കൂട്ടുകാരോട് ചോദിച്ചു.

എല്ലാവർക്കും കടക്കാരനായുള്ള ജീവിതത്തിനെക്കുറിച്ച് അവൻ എഴുതിയ കവിതയിലെ രണ്ടു വരികൾ–

തീരാത്ത കടമാ
ണ് ജീവിതം, തീർ
ക്കാനെനിക്കായി സമയം– ഓരോരുത്തർ വരുമ്പോഴും ഉറക്കെ ചൊല്ലി.

അതോടെ അവൻ പറഞ്ഞത് ചെയ്യും എന്ന് എല്ലാവരും ഉറപ്പിച്ചു. അവനെ എങ്ങിനെ അതിൽ നിന്നും തടയാം എന്നത് അവരവരുടെ രീതിയിൽ ചിന്തിച്ചു. അവനെ കെട്ടിയിട്ടാലോ എന്നുപോലും ചിലർ അഭിപ്രായം പറഞ്ഞു.

അവന്റെ മുന്നിലെത്തിയ ഓരോരുത്തരും അവരുടേതായ രീതിയിൽ അവനോട് ഭ്രാന്തു ചിന്തിക്കരുതെന്ന് പറഞ്ഞു. അവൻ വെറുതെ പറഞ്ഞതല്ലേ എന്നും പ്രതീക്ഷയോടെ അവനോടു ചോദിച്ചു. എന്തെന്ന് മനസ്സിലാക്കാനാവാത്ത ചിരിയായിരുന്നു അവന്റെ മറുപടി. ഇടയ്ക്കു ''തീരാത്ത കടമാണ് ജീവിതം'' അവൻ ആവർത്തിച്ചു.

അവർ നൽകിയ തുകയൊന്നും അവരുടെ ഒരു കണക്കു പുസ്തകത്തിലും ഒരിക്കലും സ്ഥലം

പിടിച്ചിട്ടില്ല എന്നും അതെല്ലാം അവനോടുള്ള ഇഷ്ടം മാത്രമാണെന്നും എത്തിയവരെല്ലാം അവർക്കറിയാവുന്ന രീതിയിൽ അവനെ പറഞ്ഞു ബോധിപ്പിക്കുവാൻ ശ്രമിച്ചു. ചിലപ്പോഴൊക്കെ അവൻ നിറകണ്ണുകളോടെ അവർ പറയുന്നത് സ്വീകരിച്ചു. അടുത്ത നിമിഷം, അവിടെ എത്തിയിട്ടില്ലാത്ത ഓരോ പേരുകൾ പറഞ്ഞു അവരോടെല്ലാം നൂറു രൂപയുടെയും മുന്നൂറു രൂപയുടെയും കടക്കാരനാണ് താൻ എന്നത് ആവർത്തിച്ചു. ആരുടയും കടക്കാരനായി ജീവിതം തുടരരുതെന്ന അവന്റെ പുതിയ തത്വവും കവിതയും വീണ്ടും വീണ്ടും അവൻ പാടി.

പലതും ഭയന്നും, അവൻ അസുഖകരമായ കാഴ്ച തങ്ങൾക്കു നൽകും എന്ന് ഉറപ്പായതോടെയും, എല്ലാവർക്കും വേണ്ടി ദേവൻ മുന്നിട്ടിറങ്ങി. എല്ലാ കടങ്ങളും ഒരിക്കലും ആരും മടക്കി ചോദിക്കുകയില്ലായെന്നും, എല്ലാ കണക്കും അവനു മറക്കാം എന്നും, അവരോടു സ്നേഹമുണ്ടെങ്കിൽ പറയുന്നത് ഉൾക്കൊള്ളണം എന്നും ഉള്ളിന്റെ ഉള്ളിൽ നിന്നും അവന്റെ ഏറ്റവും അടുത്ത സുഹൃത്തായ ദേവൻ പറയുമ്പോൾ പുല്ലമ്പലം ഒരു കൊച്ചു കുട്ടിയെപ്പോലെ കരഞ്ഞു.

തങ്ങളുടെ കടം ഓർത്ത് ജീവിതം അവസാനിപ്പിക്കരുതെന്നും, ഇനിയും തങ്ങൾ കൂടെയുണ്ടാവുമെന്നും, അത് തങ്ങളുടെ സ്നേഹമാണെന്നും എല്ലാവർക്കും വേണ്ടി ദേവൻ അവനോട് പറഞ്ഞു. അവൻ ഏറെ നേരം അവരുടെ മുന്നിൽ കണ്ണുനീരോടെ നിന്നു.

അവന്റെ മനസ്സിൽ എന്തെല്ലാം ചിന്തകളാവും എന്ന് കൂട്ടുകാർ ഭയന്നു. മുഖത്തുനിന്ന് ഒന്നും വായിച്ചെടുക്കാനാവുന്നില്ലെങ്കിലും അവർ പറഞ്ഞത് അവൻ സ്വീകരിച്ചു എന്നവരുടെ മനസ്സു വിശ്വസിച്ചു. അന്നേ ദിവസം അവന്റെ ചിന്തകളെ പൂർണമായി മാറ്റാതെ അവനെ ഒറ്റയ്ക്ക് വിടാൻ കൂട്ടുകാർ ഭയന്നു.

അവർ മാറി മാറി അവന്റെ കൂടെ നിന്നു. കടയിൽ നിന്നും ചായയും വടയും ഭക്ഷണവുമൊക്കെ അവന്റെ മുന്നിൽ എത്തി.

വൈകുന്നേരത്തോടെ, അവന്റെ ഓർമയിലെ കണക്കുപുസ്തകത്തിലെ എല്ലാ കടക്കാരുടെയും കടം സ്നേഹം മാത്രമാണെന്നും അതൊന്നും ഒരിക്കലും ആരും തിരിച്ചു പ്രതീക്ഷിക്കുന്നില്ല എന്നും അവനെ

**തന്നെക്കാണാൻ എത്തിയ കൂട്ടുകാരുടെ മുന്നിൽ ഒന്നും സംഭവിക്കാത്തതുപോലെ പുല്ലമ്പലം ലോഹ്യം പറഞ്ഞു. ചില കവിതകൾ ഈണത്തിൽ ചൊല്ലി. കൂട്ടത്തിൽ താനയച്ച കത്ത് കിട്ടിയിരുന്നുവോ എന്നും മുഖത്ത് യാതൊരു ഭാവമാറ്റവുമില്ലാതെ അവൻ കൂട്ടുകാരോട് ചോദിച്ചു. എല്ലാവർക്കും കടക്കാരനായുള്ള ജീവിതത്തിനെക്കുറിച്ച് അവൻ എഴുതിയ കവിതയിലെ രണ്ടു വരികൾ – തീരാത്ത കടമാണ് ജീവിതം, തീർക്കാനെനിക്കായി സമയം – ഓരോരുത്തർ വരുമ്പോഴും ഉറക്കെ ചൊല്ലി.**

അവർ ഒരു വിധം ബോദ്ധ്യപ്പെടുത്തി. സൂര്യാസ്തമയത്തോടെ തന്റെ കൂട്ടുകാരുടെ നിറഞ്ഞ സ്നേഹമായിരുന്നു ഓരോ സഹായവും എന്ന് പുല്ലമ്പലം സ്വയം അറിഞ്ഞു.

അവന്റെ മനസ്സു നിറഞ്ഞു. അവരോടെല്ലാമുള്ള നന്ദി ഒരു കവിതയിലൂടെ അവൻ ഉറക്കെ ചൊല്ലി. അവന്റെ മനസ്സ് സന്തോഷം കൊണ്ട് നിറഞ്ഞിരുന്നുവന്ന് അവന്റെ മുഖം അവർക്കു തെളിവ് നൽകി.

നാളുകളായി ഒറ്റക്കുകഴിയുന്ന അമ്മയുടെ അടുത്തേക്ക് അവരെല്ലാവരും അവനെ നിർബന്ധിച്ച് പറഞ്ഞയച്ചു.

വെള്ളിയാഴ്ച ഗ്രാമത്തിൽ വീണ്ടും സൂര്യോദയമുണ്ടായി. കിഴക്കുദിച്ച സൂര്യരശ്മികൾ പുല്ലമ്പലത്തിന്റെ വീട്ടു മുറ്റത്തും അരിച്ചരിച്ചു കയറി.

മനസ്സിലെ ആകാംഷ ദേവനെയും കൂട്ടരെയും രാവിലെതന്നെ പുല്ലമ്പലത്തിന്റെ വീട്ടു മുറ്റത്തെത്തിച്ചു. പാതി ബോധത്തിൽ കിടക്കുന്ന അമ്മയല്ലാതെ വേറാരും അവിടെയുണ്ടായിരുന്നില്ല. തങ്ങൾക്കെന്നപോലെ പോലെ പുല്ലമ്പലത്തിന്റെ വടിവൊത്ത കരികൊണ്ടുള്ള അക്ഷരം ചുമരിൽ അവർ കണ്ടു .

''ഇന്നെനിക്ക് ഏറ്റവും സന്തോഷമുള്ള ദിവസം. ആരോടും ഒരു ബാദ്ധ്യതയുമില്ലാതെ പുല്ലമ്പലത്തിന്റെ ജീവിതത്തിലെ ആദ്യ ദിവസം.

ഇനിയും ഇത് തുടർന്നാൽ പുതിയ കടങ്ങളും ബാധ്യതകളും ഉറപ്പായും എന്നെ തേടിവരും. ഒരു കടക്കാരനാവാതെ, ആരോടും ബാദ്ധ്യതയില്ലാതെ പുല്ലമ്പലത്തിനു മടങ്ങുവാൻ ഏറ്റവും നല്ല ദിവസം. പ്രിയ സുഹൃത്തുക്കളെ പുല്ലമ്പലം മടങ്ങുന്നു. ഒരു കടവും ബാക്കി ഇല്ലാതെ, ഉള്ളു നിറയെ എല്ലാവരുടെയും സ്നേഹത്തോടെ...'

വീടിനു മുന്നിലെ ഇടവഴിയിലൂടെ പുല്ലമ്പലം എവിടെക്കായിരിക്കും രാത്രിയുടെ ഏതോ യാമത്തിൽ നടന്നു മറഞ്ഞത് എന്നറിയാതെ കൂട്ടുകാർ വിങ്ങി.

മീനം ഒന്നിന് പുല്ലമ്പലം വീണ്ടും പ്രത്യക്ഷപ്പെടുമെന്ന് അവരിൽ ചിലർ വിശ്വസിച്ചു. പുല്ലമ്പലത്തിന്റെ യാത്രാമൊഴി ആവില്ല അവൻ കുറിച്ചതെന്ന് അവർ മനസ്സിനെ വിശ്വസിപ്പിച്ചു...

മീനം ഒന്നിന് വേണ്ടി കണ്ണുകളെയും പുല്ലമ്പലത്തിന്റെ നാടൻ പാട്ടുകൾക്കും കവിതകൾക്കുമായി കാതുകളെയും അവർ കാത്തിരിക്കാൻ സമാധാനിപ്പിച്ചു...

അപ്പോഴും ഒരു വിങ്ങൽ പോലെ ''തീരാത്ത കടമാണ് ജീവിതം, തീർക്കാനെനിക്കായി സമയം'' എന്ന അവന്റെ ശബ്ദം ചിലരുടെയെങ്കിലും ഉള്ളിന്റെ ഉള്ളിൽ ഒരു നോവായി മുഴങ്ങിക്കൊണ്ടിരുന്നു.

# Blue Ocean Wealth Solutions

A member of the MassMutual Financial Group

## PHILIPOSE SAMUEL

### 30 Years of Service

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals.



## BUSINESS NEEDS

**EMPLOYEE BENEFITS PRODUCTS**

Group Term Life Insurance

Group Whole Life Insurance

Short-term and Long-term Disability Insurance

Health Insurance*

MassMutual Leaders Conference: 2022, 2021,2019, 2018
MetLife Leaders Conference: 2015, 2014, 2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference: 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award: 1998

## PHILIPOSE SAMUEL (SAM)

30 Years of Service

Financial Services Representative Financial Advisor

O: (516) 326-7028 | C: (516) 312-2902

psamuel@financialguide.com | www.blueocean.us.com

Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its aliated US insurance companies. Registered Representative of and securities and investment advisory services oered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its aliated companies. *Property & Casualty insurance is oered through a variety of quality insurance companies that are not aliated with MassMutual or MML Investors Services, LLC. Some health insurance products oered by unaliated insurers. **Not practicing on behalf of MassMutual or its aliates. CRN202501-1659414.

നോവൽ



# നിഗൂഢതകളുടെ തടവറ

പി എസ് ജോസഫ്

## അധ്യായം ആറ്

## അജയും അതുലും

അമ്മയുടെ മുലപ്പാൽ കുടിച്ച ആരും ഇത്തരം ക്രൂരതക്ക് കൂട്ട്നിൽക്കില്ല ,അജയ് അവനെ കുറ്റപെടുത്തി .അജയ് ഒരു യു എൻ സംഘത്തിൽ ജോലി ചെയ്യ്കയായിരുന്നു അപ്പോൾ .സരാജെവോയിൽ വെച്ചു സുഹൃത്തിനെ കണ്ടപ്പോൾ അജയ് ഞെട്ടിപ്പോയി .എന്തിനാണ് ഇവരുമായി ചങ്ങാത്തം അയാൾ ചോദിച്ചു.

യു എന്നോ ലോക സംഘടനകളോ എത്താത്ത ഒരു ഇടം എന്ന ആശയം അങ്ങനെയാണ് അതുലിന്റെ തലയിൽ കയറിയത്. .രാഷ്ട്രത്തിനും സമൂഹത്തിനും എതിരെ നില്ക്കുന്നവർക്കു രാഷ്ട്രത്തിന്റെ സംരക്ഷണം എന്തിനാണ്?, അതുല്യ ചോദിച്ചു .''അങ്ങനെ അവരെ കൊന്നൊടുക്കുമ്പോൾ ചിലർ ഇടയിൽ കൊല്ലപ്പെടും സ്വാഭാവികമാണ് അത്'', അതുല്യ ന്യായികരിച്ചു .

പിന്നെ അജയിനെ കാണുന്നത് റവാണ്ടയിൽ വെച്ചാണ് അവിടെയും ഇത്തരമൊരു സാഹചര്യത്തിൽ . കൊലവെറി പൂണ്ട ഒരു സമൂഹത്തെ സഹായിക്കുന്ന വൾച്ചർ എന്ന സംഘടനയുടെ ഉപദേഷ്ടാവായി .

''നിന്റെ കയ്യിൽ , നിറച്ചു ചോരയാണ്. അതുൽ, നിനക്ക് എങ്ങനെയാണ് ഇങ്ങനെ ചെയ്യാനാകുന്നത് ?'', അജയ് ചോദിച്ചു .''കുറഞ്ഞ പക്ഷം നീ ഒരു സന്യാസിയുടെ മകനല്ലേ?''.

ഹൃദയത്തിൽ കൊള്ളുന്നതായിരുന്നു ആ ചോദ്യം

മിലാൻ സർവകലാശാലയിൽ പഠിക്കുമ്പോൾ ആദ്യം പരിചയപ്പെട്ട വ്യക്തിയായിരുന്നു അജയ്.ഇന്ത്യക്കാരൻ . സംസ്കൃതം നന്നായി അറിയാവുന്ന ആൾ എന്നതെല്ലാം അതിനു ഒരു പ്രധാന കാരണമായിരുന്നു. അജയ് സാംസ്ക്കാരിക പഠനത്തിൽ ശ്രദ്ധ ഊന്നിയപ്പോൾ അതുല്യ മധ്യകാല ഭരണത്തിലാണ് ശ്രദ്ധിച്ചത് അത് തന്നെ ഒരു കവർ ആയിരുന്നു .ബ്ലാക്ക് ബുക്ക് കണ്ടെത്താനുള്ള കവർ .അതിനിടക്ക് അന്നത്തെ പീഡന സമ്പ്രദായങ്ങൾ അയാൾ പഠിച്ചു .ഒളിഗാർക്കി വ്യക്തികളുടെ നാശമാണെന്ന് മധ്യകാല ചരിത്രം

അയാളെ പഠിപ്പിച്ചു കുറച്ചു പേർക്ക് വേണ്ടി മറ്റെല്ലാവരും അധ്വാനിക്കുകയും പാടുപെടുകയും ചെയ്യുന്ന ദയനീയ ഭരണം .അതുല്യ ഓർത്തു .

അതുൽ എന്തായിരുന്നോ അതിനു നേരെ വിപരീതമായിരുന്നു അജയ് . വളരെ കർക്കശമായ ഒരു വൈദിക കുടുംബത്തിൽ നിന്ന് വന്ന വ്യക്തി .ആചാരങ്ങളും അനുഷ്ഠാനങ്ങളും അയാളെ നിയന്ത്രിച്ചു പക്ഷെ നാൾക്കു നാൾ അയാൾ മാറി .അയാളുടെ ജീവിതം തന്നെ തന്നെ നിരന്തരമായ ആശയ പരിവർത്തങ്ങളുടെതായിരുന്നു .അതുല്യ ആ മലക്കം മറിച്ചിലുകൾ കണ്ടു രസിച്ചു .

മിലാനിലെ പഠനകാലത്ത് അതുല്യക്കു ലഭിച്ച അപൂർവ്വ സൌഹൃദമായിരുന്നു നിവേദിത .എന്ത് കൊണ്ടു നിവേദിത തന്നെ ഇഷ്ടപ്പെട്ടു എന്നത് ഇന്നും അയാൾക്ക് ഒരു പ്രഹേളികയായിരുന്നു .എല്ലാ വിധത്തിലും അജയ് ആയിരുന്നു അവളുടെ അടുത്ത സുഹൃത്ത് ആകേണ്ടിയിരുന്നത് . .സൌമ്യൻ, സുമുഖൻ , വ്യക്തമായ ആദർശങ്ങൾ ഉള്ള ആൾ .അതിനെല്ലാം നേരെ വിപരീത സ്വഭാവമുള്ള തന്നിൽ നിവേദിത എങ്ങനെ ആകൃഷ്ടയായി എന്ന് അതുൽ ഇന്നും ആലോചിക്കും .

മധുരമായ ഒരു ആനന്ദമായിരുന്നു നിവേദിത എന്നും അവനു മുന്നിൽ .അവനെ നിഷ്ക്കരുണം തള്ളിപ്പറയുമ്പോഴും അവസാന നിമിഷം പോലും അവളിൽ നിറഞ്ഞിരുന്ന സ്നേഹത്തിന്റെ അംശം അതുലിൽ നൈമിഷികമായെങ്കിലും വിഷമം സൃഷ്ടിച്ചു . .

നിവേദിതയുമായി ബന്ധം വേറൊരു ദിശയിലേക്കു പോകുന്നത് അതുല്യ തന്നെ വൈകിയാണ് അറിഞ്ഞതു .എന്ത് കൊണ്ടോ പ്രണയം എന്നതിനെ വിളിക്കാൻ അതുല്യ ഇഷ്ടപ്പെട്ടില്ല . ഒരു മധുരതരമായ വികാരം മാത്രമായിരുന്നു



**'നിന്റെ കയ്യിൽ , നിറച്ചു ചോരയാണ്. അതുൽ, നിനക്ക് എങ്ങനെയാണ് ഇങ്ങനെ ചെയ്യാനാകുന്നത് ?" , അജയ് ചോദിച്ചു ." കുറഞ്ഞ പക്ഷം നീ ഒരു സന്യാസിയുടെ മകനല്ലേ?". ഹൃദയത്തിൽ കൊള്ളുന്നതായിരുന്നു ആ ചോദ്യം**

അതുലിനു അത് .

എന്നാൽ പഠനം കൊണ്ടു മുന്നിൽ ആണെങ്കിലും ഒരു സാധാരണ സ്ത്രീയെ പോലെയായിരുന്നു നിവേദിത .

അത് കൊണ്ടു തന്നെ അതുലുമായി ഇനി ജീവിതം എന്ന സ്വപ്നം അവൾ പങ്കു വെച്ചു. ജീവിതത്തിൽ വലിയൊരു മാറ്റം സംഭവിക്കുന്നത് പോലെ ആണ് അന്ന് അതുലിനു തോന്നിയത് . വിശാലമായ ബെല്ലസിയാവോ കഫേയിൽ വെച്ചു അവൾ തന്നെ ഉമ്മ വെയ്ക്കുകയും സ്നേഹപരിചരണങ്ങൾ നടത്തുകയും ചെയ്തപ്പോൾ കിടിലത്തോടെയാണ് അവനത് വ്യക്തമായത് . തനിക്കു പൌരുഷം ഇല്ല

നിവേദിതക്കും അത് വലിയൊരു തിരിച്ചറിയലായിരുന്നു .എങ്ങോ എവിടെയോ ഇല്ലാതായ ഒരു പാഴ്ജന്മം . അതിൽ അവളും പെട്ടു .

പിന്നിട് പലപ്പോഴും നിവേദിതയെ കണ്ടുവെങ്കിലും അത്ര അടുപ്പം അവർ തമ്മിൽ കാണിച്ചില്ല

പിന്നിട് അവർ രണ്ടു വഴികളിൽ തിരിഞ്ഞു. അപ്പോഴായിരുന്നു അതുല്യ തൻറെ അമ്മയെക്കുറിച്ചു ആലോചിച്ചത് .

## അദ്ധ്യായം ഏഴ്

# അറിയാത്ത അമ്മ , കടങ്കഥയായ ജീവിതം

### അതുല്യയുടെ ജനനം

അതുല്യയുടെ ഓർമ്മകളിൽ അമ്മ ഇല്ല.ആ കാലത്തെ പറ്റി ഒരു ചിത്രം പോലും ഇല്ല എന്നതിൽ അയാൾ ദു:ഖിതനായി .പച്ച കണ്ടു പശു പോകുന്നത് പോലെ ഏതൊരു സ്ത്രീയെ കണ്ടാലും അത് പോലെയായിരുന്നില്ലേ തൻറെ അമ്മ എന്നയാൾ ഓർത്തു.അമ്മയെ കണ്ടിട്ടില്ലെങ്കിലും അയാൾക്ക് അവരെ കുറിച്ചു നല്ല ബോധമുണ്ട് .മുല കുടിക്കാൻ പതുങ്ങി പതുങ്ങി നിൽക്കുന്ന താൻ .ഭക്ഷണത്തിനു അലമുറയിടുന്ന കുട്ടി .ലാളനത്തിനു കൊതിക്കുന്ന കുഞ്ഞ്.അയാളുടെ ഓരോ സ്വപ്നത്തിലും അമ്മ നിറഞ്ഞു നിന്നു.സാരി ഉടുത്ത അമ്മ.
തുടുത്ത കവിളും പ്രകാശം പോലെ ചിരി തൂവുന്ന പല്ലുകളും ഉള്ള അമ്മ. ആ കണ്ണുകളിൽ എത്ര ദീപ്തിയാണ് .ലോകത്തെ എല്ലാ സ്നേഹവും ഉള്ളിൽ ഒതുക്കിയ പോലെ പുഞ്ചിരിക്കുന്ന സ്ത്രീ .പക്ഷെ അയാൾക്ക് ഒരിക്കലും അങ്ങനെയൊരു സ്ത്രീയെ കാണാൻ കഴിഞ്ഞില്ല .ഒരു പക്ഷെ എവിടെയെങ്കിലും അവർ ഉണ്ടാകും എന്നയാൾ കരുതി.ഹിരണ്യനോട് അമ്മയെ കുറിച്ചു പറഞ്ഞപ്പോൾ അയ്യാളുടെ ചുണ്ടിൽ ചിരി പൊട്ടി .പക്ഷെ അയാൾ സ്വയം നിയന്ത്രിച്ചു .അമ്മയെ കുറിച്ചു അയാൾ ഒരിക്കലും പറയില്ലെന്ന് അതുലിനു ബോധ്യമായി .പ്രായമാകുകയും ലോക പരിചയം നേടുകയും ചെയ്തപ്പോൾ അതുലിനു ഹിരണ്യന്റെ മൗനത്തിന്റെ അർഥം മനസ്സിലായി. ഒന്നുകിൽ ഹിരണ്യൻ അത് പറയാൻ ആഗ്രഹിക്കുന്നില്ല അല്ലെങ്കിൽ അമ്മ ഈ ഭൂലോകത്തിലില്ല .

ഇത്ര അറിവും വിവരങ്ങളിൽ നിന്ന് സത്യം തുറന്നെടുക്കാനുള്ള കഴിവും ഉള്ള ഒരു വ്യക്തി ഒരു ചെറിയ

> **അതുലുമായി ഇനി ജീവിതം എന്ന സ്വപ്നം അവൾ പങ്കു വെച്ചു. ജീവിതത്തിൽ വലിയൊരു മാറ്റം സംഭവിക്കുന്നത് പോലെ ആണ് അന്ന് അതുലിനു തോന്നിയത് . വിശാലമായ ബെല്ല സിയാവോ കഫേയിൽ വെച്ചു അവൾ തന്നെ ഉമ്മ വെയ്ക്കുകയും സ്നേഹപരിചരണങ്ങൾ നടത്തുകയും ചെയ്തപ്പോൾ കിടിലത്തോടെയാണ് അവനത് വ്യക്തമായത് . തനിക്കു പൌരുഷം ഇല്ല**

അന്വേഷണത്തിൽ എന്ത് കൊണ്ടു പരാജയപ്പെടുന്നുവെന്നു അയാൾ അതിശയിച്ചു .ഒരിക്കൽ ഹിരണ്യനുമായി തന്നെ അതുൽ ഇതേകുറിച്ചു സംഭാഷണത്തിൽ ഏർപ്പെട്ടു. അറിവിൻറെയും ജ്ഞാനത്തിൻറെയും പരിമിതികളെ കുറിച്ചാണ് അന്ന് ഹിരണ്യൻ പറഞ്ഞത് .''ഒരു കാലത്ത് ഞാനും എല്ലാം അറിയുമെന്ന് കരുതിയിരുന്നു .ലോകം എൻറെ കൈപ്പിടിയിൽ ആണെന്നു കരുതിയിരുന്നു എൻറെ കണക്കു കൂട്ടലുകളിൽ ഞാൻ വല്ലാതെ ഭ്രമിച്ചു. അച്ഛനെ പോലെ ഞാൻ കരുതിയിരുന്ന പരമാചാര്യനെ ഞാൻ ധിക്കരിച്ച് ഞാൻ ആശ്രമം വിട്ടു ജന്മപാശങ്ങളിൽ നിന്ന് മുക്തി നേടിയിരുന്നു എന്ന് കരുതിയിരുന്ന ആചാര്യൻ ഒരു കളിപ്പാട്ടം നഷ്ടപ്പെട്ട കുട്ടിയെ പോലെ കരഞ്ഞു .ആശ്രമത്തിന്റെ തേജസ് ഇല്ലാതായി ''ഹിരണ്യൻ അതുലിനോടു പറഞ്ഞു .യാതൊരു വികാരവുമില്ലാതെ അതുൽ ആ കഥ കേട്ടിരുന്നു .ഹിരണ്യനാകട്ടെ ആ കഥ എത്ര പറഞ്ഞാലും മതിയാകില്ല. ജന്മാന്തരങ്ങളുടെ കടങ്ങളിൽ നിന്ന് അയാൾക്ക് മോചനമില്ല .

അറിവിൻറെ അഗോരമായ മായാസഞ്ചയികയിൽ ഊളിയിട്ടിറങ്ങാനും സത്യത്തിൻറെ ചെറിയൊരു കണിക ഉണ്ടെങ്കിൽ പോലും അത് കണ്ടെത്താനും അതുലിനു കഴിയും .പക്ഷെ സ്വന്തം അമ്മ .അത് ഒരു പ്രഹേളികയായി എന്നും അതുലിന്റെ മനസ്സിൽ തുടർന്നു .

ഏതെല്ലാം പേരുകളിൽ ആണ് നീ അറിയപ്പെടുന്നത് ?

മാ ആയും ആയിയായും അമ്മയായും ഓരോ ദേശങ്ങളിൽ

മാരിയായും അമ്മനായും തായി ആയും ഓരോ ജന്മങ്ങൾ

സർവം സഹയും സർവ രക്ഷകയുമായ സ്ത്രീ ജന്മങ്ങൾ ...

പക്ഷെ അതുലിനു മാത്രം ആ അമ്മ ജന്മം അപ്രാപ്യയായി തുടർന്നു .

## അദ്ധ്യായം എട്ട്

# രഹസ്യങ്ങളുടെ മതിൽ

ഹിരണ്യൻ ആശങ്കാകുലനായി .അതുൽ എന്തിന്റെ പുറകെയാണ് .രഹസ്യങ്ങളുടെ മതിൽ അവൻ ഭേദിക്കുമോ ?എവിടെ നിന്നാണ് അവൻ അമ്മയെ കു

റിച്ചു ചിന്തിച്ചു തുടങ്ങിയത് ?ആശ്രമത്തിൽ ഒരു സ്ത്രീയുടെ പോലും ചിത്രമുണ്ടായിരുന്നില്ല .അയാൾ ഒരിക്കലും അതുലിനോടു അമ്മയെ കുറിച്ചു സംസാരിക്കാറില്ലായിരുന്നു.അല്ലെങ്കിൽ തന്നെ ആശ്രമബാലന് എവിടെയാണ് ജന്മ പാശങ്ങൾ? മാത്രമല്ല ,സാധാരണ മനുഷ്യനെ പോലെ അതുലിനു മറ്റുള്ളവരുമായി ഇടപെടാൻ കഴിയുമോ ?ഹിരണ്യൻ ആലോചിച്ചു .

അതുല്യയുടെ ജനനത്തിൽ ഒരു രഹസ്യം ഉണ്ടായിരുന്നു.

അതുല്യ അത് അറിഞ്ഞില്ല .അത് അറിഞ്ഞാൽ പോലും അവൻ കാര്യമാക്കില്ലായിരുന്നു . ഋഷിയായ ഹിരണ്യൻ അവനെ തന്റെ മകനെപ്പോലെ പരിപാലിച്ചതിനാൽ, അവൻ ഒരിക്കലും ഒരു വിഷമവും അറിഞ്ഞില്ല .പണ്ടത്തെ യക്ഷിക്കഥകളിൽ എന്ന പോലെ,ഏതോ ഒരു രഹസ്യ ബാന്ധവത്തിന്റെ ഒരു സന്യാസിയുടെ വീഴ്ചയുടെ തെളിവാണ് താൻ എന്നവൻ കരുതി.എന്നിട്ടും തന്നെ ഹിരണ്യൻ കാത്തു പരിപാലിക്കുന്നത് കണ്ടു അവന്റെ മനസ്സു നിറഞ്ഞു .

രാജ്യത്തിന്റെ അതിർത്തിയിലുള്ള ആശ്രമത്തിൽ സന്യാസിയായി വളർന്ന അതുല്യ, ബൈബിളും പൗരസ്ത്യ മത ഗ്രന്ഥങ്ങളും പഠിച്ചു, ഭാവിയിൽ, അവൻ പല വിജാതീയരുമായും ഇടപെട്ടേക്കാം.അതിനാൽ അനിവാര്യമായിരുന്നു അത്തരം പഠനങ്ങൾ .

അതുല്യ ബൈബിളിൽ മുഴുകി . പ്രത്യേകിച്ച് നിറം പിടിപ്പിച്ച വർണനകളുള്ള, ഭക്തിനിർവിശേഷമായ വിശുദ്ധ ലൂക്കായുടെ സുവിശേഷത്തിൽ. പഠനത്തിൽ സുവിശേഷങ്ങളിലെ പൊരുത്തക്കേടുകൾ അയാൾക്ക് മനസ്സിലായി. വിശുദ്ധ ഗ്രന്ഥങ്ങൾ അന്ധമായി അനുസരിക്കാൻ ആവശ്യപ്പെട്ടതിനാൽ, തന്റെ ആത്മീയ ഗുരുവായ ഹിരണ്യനോട് ചോദ്യങ്ങൾ ചോദിക്കാതെ അവ തന്നിലൊതുക്കി .

**അതുല്യയുടെ ഓർമ്മകളിൽ അമ്മ ഇല്ല. ആ കാലത്തെ പറ്റി ഒരു ചിത്രം പോലും ഇല്ല എന്നതിൽ അയാൾ ദു:ഖിതനായി . പച്ച കണ്ടു പശു പോകുന്നത് പോലെ ഏതൊരു സ്ത്രീയെ കണ്ടാലും അത് പോലെയായിരുന്നില്ലേ തൻറെ അമ്മ എന്നയാൾ ഓർത്തു. അമ്മയെ കണ്ടിട്ടില്ലെങ്കിലും അയാൾക്ക് അവരെ കുറിച്ചു നല്ല ബോധമുണ്ട് . മുല കുടിക്കാൻ പതുങ്ങി പതുങ്ങി നിൽക്കുന്ന താൻ . ഭക്ഷണത്തിനു അലമുറയിടുന്ന കുട്ടി . ലാളനത്തിനു കൊതിക്കുന്ന കുഞ്ഞ്. അയാളുടെ ഓരോ സ്വപ്നത്തിലും അമ്മ നിറഞ്ഞു നിന്നു. സാരി ഉടുത്ത അമ്മ . തുടുത്ത കവിളും പ്രകാശം പോലെ ചിരി തൂവുന്ന പല്ലുകളും ഉള്ള അമ്മ . ആ കണ്ണുകളിൽ എത്ര ദീപ്തിയാണ് . ലോകത്തെ എല്ലാ സ്നേഹവും ഉള്ളിൽ ഒതുക്കിയ പോലെ പുഞ്ചിരിക്കുന്ന സ്ത്രീ . പക്ഷെ അയാൾക്ക് ഒരിക്കലും അങ്ങനെയൊരു സ്ത്രീയെ കാണാൻ കഴിഞ്ഞില്ല . ഒരു പക്ഷെ എവിടെയെങ്കിലും അവർ ഉണ്ടാകും എന്നയാൾ കരുതി.**

അതുല്യയ്ക്ക് അവന്റെ കുട്ടിക്കാലത്തെക്കുറിച്ചും അവൻ എങ്ങനെ വളർന്നുവെന്നതിനെക്കുറിച്ചും ഓർമ്മയില്ലായിരുന്നു .അവൻ തന്റെ ബാല്യകാല സുഹൃത്തുക്കളെ മറന്നതായി തോന്നുന്നു, അല്ലെങ്കിൽ അവ അവന്റെ ഓർമ്മയിൽ നിന്ന് മായ്ച്ചതായി തോന്നുന്നു. മസ്തിഷ്ക്കം വളർന്നു വരുന്ന കുട്ടിക്കാലത്ത് പലതും മറക്കാനിടയുണ്ട് എന്നും പഴയ സുഹൃത്തുക്കളെ ഓർക്കാതിരിക്കാൻ സാദ്ധ്യതയുണ്ടെന്നും പറഞ്ഞു തന്റെ ചോദ്യങ്ങൾ അവഗണിച്ച ഹിരണ്യനുമായി അതുല്യ ഒരിക്കൽ അത് ചർച്ച ചെയ്തു. ആ ചെറുപ്രായത്തിലെ ഒരു കാര്യവും ഓർമ്മയിൽ ഇല്ല .താമസിച്ച സ്ഥലമോ പഠിപ്പിച്ച അധ്യാപകരോ സഹപാഠികളോ ഒന്നും ഓർമ്മയില്ല.

ഗവേഷണം നടത്തുമ്പോൾ, സർവ്വകലാശാല അത് വലിയ പ്രശ്നമാക്കിയെങ്കിലും അതുലിനു യഥാർത്ഥ ജനനസർട്ടിഫിക്കറ്റു കൈമാറാൻ കഴിഞ്ഞില്ല. ലൈബ്രറിയിൽ അതീവ രഹസ്യ സ്വഭാവമുള്ള നിരവധി രേഖകൾ ഉണ്ടായിരുന്നതിനാൽ, അവർ അദ്ദേഹത്തിന് പ്രവേശനം നിഷേധിച്ചു. എന്നാൽ ഹിരണ്യൻ അവിടെ ഇടപെട്ടു, പെട്ടെന്ന് എല്ലാ വാതിലുകളും അതുലിന്റെ മുന്നിൽ തുറന്നു. മധ്യകാലഘട്ടത്തിലെ രഹസ്യജീവിതത്തെക്കുറിച്ച് താൻ പഠനം നടത്തിയിരുന്ന സർവകലാശാലയിലെ ചാൻസലറുമായി ഹിരണ്യന് നല്ല ബന്ധമുണ്ടെന്ന് അതുലിനു മനസ്സിലായി .അദ്ദേഹത്തെ അത്ഭുതപ്പെടുത്തിയത് ഹിരണ്യന്റെ ഇറ്റാലിയൻ ഭാഷാപ്രാവീണ്യമായിരുന്നു. അദ്ദേഹത്തിന്റെ ഭാഷ അൽപ്പം വിചിത്രമാണെന്നും സ്വയം പഠിച്ചതുപോലെ അതിൽ നിരവധി പുരാതന പദങ്ങൾ കാണാമെന്നും ചാൻസലർ പറഞ്ഞു. ഹിരണ്യനിൽ അനുദിനം പുതിയ കഴിവുകൾ കണ്ടെത്തുകയായിരുന്നു അദ്ദേഹം.

ശാന്തിഭവനിലെ ഉന്നത തസ്തികയിലേക്ക് റിക്രൂട്ട് ചെയ്തപ്പോഴും ബോസ് അതുലിനോടു പറഞ്ഞു. ''നിങ്ങളുടെ കഴിവുകളിൽ എനിക്ക് വലിയ വിശ്വാസമുണ്ട്. നിങ്ങൾ ഒരു സാധാരണ മനുഷ്യനല്ല. അവിടെ താമസിക്കുന്നവരുടെ മനസ്സ് നിങ്ങൾക്ക് അറിയാൻ കഴിയും ''ബോസ് ഉദ്ദേശിച്ചത് മറ്റെന്തോ ആണെന്ന് അതുല്യ ഊഹിച്ചു. മറ്റുള്ളവരെ അപേക്ഷിച്ച് അവൻ എങ്ങനെ അസാധാരണനാകും?


ഉപബോധമനസ്സിൽ സൂക്ഷിച്ചിരുന്ന അഞ്ചാമത്തെ ചോദ്യം അവന്റെ മനസ്സിൽ ഉയർന്നു . അത് അവനെ വല്ലാതെ അസ്വസ്ഥനാക്കിയതിനാൽ അത് ഹിരണ്യനോടോ

ബോസിനോടോ വെളിപ്പെടുത്തിയില്ല. അവൻ ചോദ്യങ്ങൾക്ക് ഉത്തരം നൽകുക മാത്രമാണ് ചെയ്യുന്നതെന്നും മറ്റൊന്നിനെക്കുറിച്ചും ചിന്തിക്കുന്നില്ലെന്നും അവർ കരുതട്ടെ ..

ഹിരണ്യനുമായോ ബോസുമായോ പൊക്കിൾക്കൊടി ബന്ധമില്ലാത്തതിനാൽ, ആ സംശയം മനസ്സിൽ നിന്നു.. എക്സിലെ ചതിക്കുഴിയിൽ ഒരു സുരക്ഷാ വല ഉണ്ടായിരിക്കേണ്ടത് പ്രധാനമാണെന്ന് അതുൽ കരുതി. ശാന്തിഭവനു , നിത്യമായ ആ തടവറക്ക് , അത്തരമൊരു അന്വർത്ഥമായ വാക്ക് കണ്ടെത്തിയതിന് ബോസിനെ അഭിനന്ദിക്കണം

അന്ന് അവിടെ , പുതിയ തടവുകാർ എത്തിയിരുന്നു . രാജ്യരഹിതരായ ഒരു കൂട്ടം കുട്ടികൾ. തടവറയുടെ ചരിത്രത്തിലാദ്യമായിരുന്നു അത് അവർ എങ്ങനെ ഉപേക്ഷിക്കപ്പെട്ടു എന്നോ ഭരണകൂടം അവരെ എങ്ങനെ പിടികൂടിയെന്നോ സൂചിപ്പിക്കുന്ന വിവിധ സൂചകങ്ങൾ രഹസ്യമായി ലാപ് ടോപ്പിൽ എത്തി. കൊച്ചുകുട്ടികൾക്ക് വീടിനെക്കുറിച്ചോ അവർ എന്തിനാണ് അവിടെയെത്തിയതെന്നോ ഒരു അറിവും ഉണ്ടായിരുന്നില്ല. അവർക്കു നിശ്ചയിച്ചിട്ടുള്ള അക്കങ്ങളിൽ ആയിരിക്കും അവർ അറിയപ്പെടുക . സ്വയം ഇല്ലാതാകുന്നതുവരെ അവർ ആ അക്കങ്ങളുടെ പേരിലാകും അറിയപ്പെടുക .

ആദ്യം രൂപകല്പന ചെയ്തത് പ്രായപൂർത്തിയായവർക്കായിട്ടായിരുന്നതിനാൽ, കുട്ടികൾക്കുള്ള ക്യൂബിക്കിളുകൾ ഇല്ലായിരുന്നു. അന്തേവാസികളുടെ സഹായത്തോടെ, അതുല്യ ചില മുറികൾ അവർക്ക് വേണ്ടി ചില്ലറ മാറ്റങ്ങൾ വരുത്തി. ലാളിക്കാനും ആലിംഗനം ചെയ്യാനും മറ്റു അന്തേവാസികളുമായി ഇടപഴകുന്നതിനും അവരെ തടയുന്നത് അദ്ദേഹത്തിന് ബുദ്ധിമുട്ടായിരുന്നു. തൽ അത്തരം അടുപ്പങ്ങൾ അനുവദനീയമായിരുന്നില്ല .എണ്ണമാണ്



എല്ലാം .അവരുടെ മരണത്തോടെ അവ എല്ലാ ഓർമ്മകളിൽ നിന്നും റെക്കോർഡുകളിൽ നിന്നും മായ്ച്ചു കളയുന്നു.

എന്നാൽ ഇവിടെ മറ്റൊരു പ്രശ്നം അതുല്യയെ നേരിട്ടു. ഡയാന, സോണിയ, നടാഷ, രാധിക, സരോജ, ശോഭന എന്നൊക്കെ അയാൾ അവരെ വിളിക്കാൻ തുടങ്ങി.അവർക്ക് എങ്ങനെ പേരിടാൻ തുടങ്ങി എന്ന് അയാൾക്കറിയില്ല. അയാളുടെ ഓർമ്മയിൽ ആ പേരുകൾ കൊത്തിവെച്ചിരുന്നു, അതിൽ നിന്ന് മുക്തി നേടാനായില്ല. അവർക്ക് തെറ്റായ പേരുകൾ നൽകുന്നതിൽ തെറ്റില്ല .അത് ഒറിജിനലുമായി പൊരുത്തപ്പെടാത്തിടത്തോളം കാലം .എന്നാൽ അവർ എങ്ങനെ അഭിസംബോധന ചെയ്യപ്പെടുന്നുവെന്ന് കുട്ടികൾ ഓർത്ത് വെച്ചാൽ അധികൃതർ ഒഴിവാക്കാൻ ആഗ്രഹിക്കുന്ന അസ്തിത്വപരമായ ചില പ്രശ്നങ്ങൾ സൃഷ്ടിക്കും.

അതുല്യ ഡയാനയെയും സോണിയയെയും നോക്കി. അസ്ഥിയിലേക്ക് തുളച്ചു കയറുന്ന ഈ തണുപ്പിൽ യാതൊരു സൌകര്യവുമില്ലാതെ അവർ എത്രനാൾ ഇവിടെ ജീവിക്കാൻ പോകുന്നു എന്ന ഭീതി മനസ്സിൽ നിറഞ്ഞു .അത്തരമൊരു കാലാവസ്ഥയിൽ ഒരു കുട്ടി ആറു മാസത്തിൽ കൂടുതൽ ജീവിച്ചിരിക്കില്ല.ഇതേ പോലൊരു ജയിലിൽ പതിനൊന്ന്-പന്ത്രണ്ട് മാസങ്ങൾ കഴിഞ്ഞിട്ടും രക്ഷപെട്ട പ്രിമോ ലെവി ആയിരുന്നു ഒരു അപവാദം . വർഷങ്ങൾക്ക് ശേഷം ആ ക്രൂരതകളുടെ ഓർമ്മയിൽ അയാൾ ജീവനൊടുക്കി .അയാളുടെ മനസ്സു ആയിരുന്നു വലിയ തടങ്കൽപ്പാളയം.



## അദ്ധ്യായം ഒൻപത്

# മിലാനിൽ എ പുസ്തകത്തിന്റെ സ്ഥാനം കണ്ടെത്തുന്നു

സ്വപ്ന പദ്ധതി പിന്തുടരാൻ ഒരു ഇറ്റാലിയൻ സർവകലാശാലയിലേക്ക് പോയപ്പോൾ താൻ  ഹിരണ്യനു സാധിക്കാതെ പോയ ഗവേഷണങ്ങൾ നടത്തി അവശ്യമായ ഉത്തരങ്ങൾ കണ്ടെത്തുമെന്നു അതുല്യ കരുതി .അതെ പോലെ എവിടെയോ രഹസ്യമായി ഒളിപ്പിച്ചിരിക്കുന്ന കറുത്ത പുസ്തകവും .

എന്നാൽ അതുല്യയ്ക്ക് ഈ വിഷയത്തിൽ ദൈവശാസ്ത്ര പണ്ഡിതന്മാരുമായും ചരിത്രകാരന്മാരുമായും ഇടപഴകാൻ കഴിഞ്ഞില്ല.നിരീശ്വരവാദിയായ അദ്ദേഹത്തിന്റെ സമീപനം ആർക്കും ഇഷ്ടമായില്ല  .ആർക്കൈവുചെയ്ത ഗ്രന്ഥങ്ങളെക്കുറിച്ചുള്ള പഠനം പോലും തടസ്സപ്പെട്ടു .

ഗ്രന്ഥശാലയുടെ പ്രധാന ഭാഗത്തേക്ക് ഗവേഷകർക്ക് തടസ്സം കൂടാതെ അനുമതി നൽകിയിരുന്നുവെങ്കിലും ആർക്കൈവുകളും മ്യൂസിയവും അവരുടെ  പരിധിക്ക് പുറത്തായിരുന്നു .അതിനു വലിയ തുക നൽകി പ്രൊഫസ്സറിൽ നിന്ന് പ്രത്യേക അനുമതിവാങ്ങണം. അവിടെയുള്ള പല പുരാവസ്തുക്കളുടെയും ഒരു പകർപ്പും അവരുടെ കൈവശമില്ലായിരുന്നു. പഴയകാലത്തെപ്പോലെ വലിയ പണ്ഡിതന്മാരോ പകർത്തെഴുത്തുകാരോ  അവിടെ ഉണ്ടായിരുന്നില്ല. നവീന  സാങ്കേതിക വിദ്യ അവരുടെ സഹായത്തിനെത്തിയിരുന്നില്ല. അതിനാൽ, ദശലക്ഷക്കണക്കിന് ലിറകൾ വിലവരുന്ന ഓരോ പുസ്തകവും നന്നായി അടച്ച  പെട്ടികളിലായിരുന്നു സൂക്ഷിച്ചിരുന്നത്., ഇടയ്ക്കിടെ നന്നായി എണ്ണ പുരട്ടിയ പെട്ടികളും അലമാരകളും രാസവസ്തുക്കൾ ഉപയോഗിച്ച് വൃത്തിയാക്കി സൂക്ഷിച്ചു.

ഒരു വ്യക്തിയെന്ന നിലയിൽ അതുലിനു തന്റെ ജീവിതത്തിലെ ആദ്യത്തെ വെല്ലുവിളിയായിരുന്നു ഈ അന്വേഷണം .ഗവേഷണ പദ്ധതിയിൽ തന്നെ സഹായിക്കുന്ന ഹിരണ്യന്റെ  നിർബന്ധത്തിന് വഴങ്ങി അതുല്യ  കൈയെഴുത്തുരീതി  ശാസ്ത്രം പഠിച്ചു, അത് മനസ്സിലാക്കി. സൂചികയിലോ ഉള്ളടക്കത്തിലോ അയാൾക്ക് ഇപ്പോൾ തിരച്ചിൽ നടത്താം . .അൽഗരിത അധിഷ്ഠിത തിരയലിന് രഹസ്യരൂപത്തിലുള്ള ടെക്സ്റ്റിന്റെ സൂക്ഷ്മമായ പകർപ്പ് അദ്ദേഹത്തിനു ലഭിച്ചതിനാൽ, അതുല്യയ്ക്ക് പഴയ കൃതികൾ ഇഷ്ടാനുസരണം എളുപ്പത്തിൽ മറിച്ചുനോക്കാൻ കഴിയും.അദ്ദേഹം അത് പകർത്തി ഉള്ളടക്കം ക്രമീകരിച്ചു.

ബ്ലാക്ക് ബുക്കിൽ ഭീകരമായ കുറ്റകൃത്യങ്ങൾ  ചെയ്തവരുടെ പേരുകൾ ഉണ്ടെന്നും അത് ആരെങ്കിലും മനസ്സിലാക്കിയാൽ അവരെയും സമൂഹം ഇല്ലാതാക്കുമെന്നും അതുല്യ  മനസ്സിലാക്കി. അതിനാൽ പേര് വെളിപ്പെടുത്താത്ത  രഹസ്യ സംവിധാനം ഉപയോഗിക്കണം അല്ലെങ്കിൽ അവർക്ക് പുതിയ കോഡ് നൽകണം  .ഉദാഹരണത്തിന് ജൂലിയസ് സീസർ

അലക്സാണ്ട്രിയയിലെ ലൈബ്രറി നശിപ്പിച്ചതിനെക്കുറിച്ച് പുസ്തകം പറയുന്നു .അത് ക്രിസ്ത്യൻ, യഹൂദ മതഭ്രാന്തന്മാരോ ഒമർ രാജാവിനെ പോലെയുള്ളവരോ ആകാം. എന്നാൽ, സോവിയറ്റ് യൂണിയന്റെയും കമ്മ്യൂണിസത്തിന്റെ ഈസ്റ്റേൺ ബ്ലോക്കിന്റെയും പിളർപ്പിന് ശേഷം പുറത്തു വന്ന ചാരന്മാരുടെ പുസ്തകത്തിലെ പോലെ ജീവിച്ചിരിക്കുന്ന ആളാണെങ്കിൽ, നിങ്ങളുടെ ഭാര്യ പോലും പ്രത്യയശാസ്ത്രത്തിൻറെ പേരിൽ നിങ്ങളെ ഒറ്റിഎന്നത് പോലെയുള്ള ഭയാനകമായ സത്യങ്ങൾ നിങ്ങൾ അറിയേണ്ടി വരും .ഇരട്ട വഞ്ചന ആഴത്തിലുള്ള മുറിവുകൾ ഉണ്ടാക്കും ., ഒരിക്കലും ഉണങ്ങാത്ത മുറിവുകൾ . രണ്ടാമതായി, പുസ്തകം തന്നെ പൈശാചികമാണെങ്കിൽ? ഭരണാധികാരിയെ എതിർത്തവരെ വ്യാജരേഖ ചമച്ചു പ്രതികാരം ചെയ്യാൻ ശ്രമിക്കുന്ന ഒരു ഭ്രാന്തനായ വിദഗ്ദ ശില്പിയുടെ കയ്യാണ് അതിനു പിന്നിലുള്ളതെങ്കിൽ?.

അതിനാൽ, ഉള്ളടക്കം പ്രധാനമല്ല . വായനയിലാണ് കാര്യം. എന്നാൽ വായനയെ വ്യക്തവും നേരായതുമായ ഉപപാഠങ്ങളായി കണക്കാക്കരുത്, കവറിന് കീഴിൽ അതിനോട് ഉപോൽബലകമായ അർത്ഥങ്ങൾ ചേർക്കും, യഥാർത്ഥത്തിൽ, വായന ഒരു അനുഭവപരിചയമുള്ള ഒരു കൈനോട്ടക്കാരൻ കൈപ്പത്തി വായിക്കുന്നത് പോലെയാണ് .അത് നിങ്ങളുടെ അനുഭവമാണ്. .അവന് ഹൃദയരേഖയും വിധിരേഖയും അഭിവൃദ്ധി അടയാളങ്ങളും അറിയാമായിരുന്നു, പക്ഷേ അയാൾ വ്യക്തിയെ കാണാതെ കൈയാണ് ആശ്രയിക്കുന്നതെങ്കിൽ തെറ്റായ നിഗമനങ്ങളിൽ എത്തും . നിങ്ങളുടെ മുൻഗണനകൾക്കനുസരിച്ച് മാറുന്ന വരികളല്ല അനുഭവപരിചയമുള്ള ഒരു വായനക്കാരൻ കാണുന്ന കൈയും കൈയും. എന്നാൽ ശരീരത്തോടോ

**അതുല്യയുടെ ജനനത്തിൽ ഒരു രഹസ്യം ഉണ്ടായിരുന്നു. അതുല്യ അത് അറിഞ്ഞില്ല . അത് അറിഞ്ഞാൽ പോലും അവൻ കാര്യമാക്കില്ലായിരുന്നു . ഋഷിയായ ഹിരണ്യൻ അവനെ തന്റെ മകനെപ്പോലെ പരിപാലിച്ചതിനാൽ, അവൻ ഒരിക്കലും ഒരു വിഷമവും അറിഞ്ഞില്ല . പണ്ടത്തെ യക്ഷിക്കഥകളിൽ എന്ന പോലെ,ഏതോ ഒരു രഹസ്യ ബാന്ധവത്തിന്റെ ഒരു സന്യാസിയുടെ വീഴ്ചയുടെ തെളിവാണ് താൻ എന്നവൻ കരുതി. എന്നിട്ടും തന്നെ ഹിരണ്യൻ കാത്തു പരിപാലിക്കുന്നത് കണ്ടു അവന്റെ മനസ്സു നിറഞ്ഞു**

കൈയ്യോടോ ഉള്ള വാത്സല്യമോ വെറുപ്പോ മനസ്സ് നിങ്ങളെ വഞ്ചിക്കും. നിങ്ങൾക്ക് സൂക്ഷ്മമായത് പറയാനാകില്ല, അതിനാൽ നിങ്ങൾ



സൃഷ്ടിച്ച വലയിൽ നിങ്ങൾ കുടുങ്ങിയേക്കാം .നിങ്ങൾ സൃഷ്ടിക്കുന്ന കോഡുകളുടെ കാര്യത്തിലും അങ്ങനെ തന്നെയാണ്.

ഒരു പക്ഷേ കറുത്ത പുസ്തകം അക്ഷരമാലയെ ആശ്രയിച്ചിരിക്കുന്നതാകാം ..ചോദ്യങ്ങൾ മൂർച്ചയേറിയതാണ്, ഏത് രീതിയിൽ വലത്തോട്ടോ ഇടത്തോട്ടോ ആണോ അത് എഴുതപ്പെട്ടിരിക്കുന്നത് ?എത്ര അക്ഷരങ്ങൾ? .കൈയ്യെഴുത്ത് അല്ലെങ്കിൽ അലങ്കാരപ്പണി ചെയ്തതോ അല്ലെങ്കിൽ ശബ്ദം കൊണ്ടു സൃഷ്ടിച്ചതോ? ലളിതമായ ഉത്തരം കണ്ടെത്താൻ നിങ്ങൾ നിരവധി പാളികളിലൂടെ പോകേണ്ടതുണ്ട്. അത് റോമൻ അക്ഷരങ്ങൾ ആയിരിക്കാം, എന്നാൽ അക്ഷരങ്ങളുടെയും അക്കങ്ങളുടെയും കാര്യമോ?പൂജ്യം ഉൾപ്പെട്ടിട്ടുണ്ടോ? ഇത് കിഴക്കൻ സമ്പ്രദായത്തിൽ ആണെങ്കിൽ പൂജ്യം ഉൾപ്പെടുത്താനും തുക വ്യത്യസ്തമാകാനും സാധ്യതയുണ്ട്. ആധുനിക ഗണിതമാണെങ്കിൽ, മറ്റ് സമവാക്യങ്ങൾ ഒരു പ്രശ്നം സൃഷ്ടിക്കുന്നു . അല്ലെങ്കിൽ ഡോട്ട് അല്ലെങ്കിൽ ഡാഷ്, ഹൈഫൻ അല്ലെങ്കിൽ ഫുൾ സ്റ്റോപ്പ് എന്നിവയുടെ ബൈനറിയാണ്.

അതുല്യയ്ക്ക് വാക്കുകളും കണക്കുകളും ഭയാനകമായ വേഗതയിൽ പ്രോസസ്സ് ചെയ്യാൻ കഴിയും, പക്ഷേ അദ്ദേഹത്തിന് അനുഭവപരിചയത്തിൽ കുറവുണ്ട്. ചരിത്രപരമായ അറിവും ആശയങ്ങളും ഉദ്ദേശവും, പക്ഷേ പീഡനത്തെക്കുറിച്ചുള്ള ഉള്ളടക്കം പ്രദർശിപ്പിക്കുമ്പോൾ അയാൾ വളരെ സജീവമായി മാറുന്നു, ഒരാളെ എങ്ങനെ സൂചികൊണ്ട് കൊല്ലാമെന്ന് അറിയാനുള്ള ഒരു അഭിനിവേശം.മരണത്തിൽ പോലും ഒരാൾ അപമാനിക്കപ്പെടാം. മരണം തന്നെ അപമാനമായി മാറുന്നു. യഥാർത്ഥത്തിൽ, ജീവിതം നിർണ്ണയിക്കുന്നത് പീഡനം അല്ലെങ്കിൽ അതിന്റെ അഭാവം ആണ്.

അധ്യായം പത്ത്

# അതിജീവന വഴികാട്ടി

അതിജീവനത്തിന്റെ ബോധം എല്ലാ മൃഗങ്ങളിലും ഉൾച്ചേർന്നിരിക്കുന്നു, അവയിൽ മിടുക്കരായ മനുഷ്യർ. അവരുടെ അസ്തിത്വത്തിന്റെ തുടക്കം മുതൽ, അതിജീവനത്തിന്റെ കല അവനെ പഠിപ്പിക്കുന്നു. രാത്രിയുടെ അന്ത്യത്തിൽ, ശാന്തിഭവനിൽ കാവൽ നിൽക്കുന്ന അതുല്യ, അത്തരം നിരവധി അതിജീവന കഥകൾ കാണുകയും കേൾക്കുകയും ചെയ്തിട്ടുണ്ട് .ഇവിടെ തടവിലാക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്യുന്ന മനുഷ്യർക്ക് എന്തുകൊണ്ടാണ് ആ നരകത്തിൽ നിന്ന് രക്ഷപ്പെടാൻ കഴിയാത്തതെന്ന് അയാൾ ആശ്ചര്യപ്പെട്ടു.

അതിനു പല കാരണങ്ങൾ ഉണ്ട് . ആദ്യം നിങ്ങൾ തടവിലാണ്, എന്നാൽ മറ്റുള്ളവർ നിങ്ങളെക്കാൾ ബുദ്ധിയുള്ളവരാണ് അല്ലെങ്കിൽ അവരുടെ അതിജീവന സഹജാവബോധം നിങ്ങളെ തടവുകാരനാക്കുന്നു. നിങ്ങളെ കൊലപ്പെടുത്താൻ രാജാവ് ഭയപ്പെടുന്നു. രാജാക്കന്മാർ നിങ്ങളുടെ നിശബ്ദത പോലും കേൾക്കാൻ അനുവദിക്കില്ല. രണ്ടാമതായി, നിങ്ങൾ അപമാനിക്കപ്പെടുകയും നിങ്ങളുടെ മാനുഷിക അന്തസ്സ് നിഹനിക്കുകയും ചെയ്യുന്നു. അവസാനമായി, ശാരീരികമായി നിങ്ങളെ സാവധാനം വധിക്കുന്നു, ഒരു തുമ്പു പോലും അവശേഷിപ്പിക്കാതെ

അതിജീവനത്തിന്റെ കളി എങ്ങനെ മാറ്റാം എന്നായിരുന്നു അവന്റെ ചോദ്യം. അതുല്യ ബുദ്ധിമാനും വിവരങ്ങളുടെ നിധിയുമായിരുന്നു, പക്ഷെ തിണ്ണമിടുക്ക് പോര., അവനെ ഏൽപ്പിച്ച ദൗത്യത്തെക്കുറിച്ച് അവനറിയില്ലെങ്കിലും, ബോസിന്റെ മുഖം കണ്ട്, അവൻ പരിഭ്രാന്തനായി.പക്ഷേ നോ എന്ന് പറയാൻ അവനു കഴിയുന്നില്ല.അതോ ഒരു അപൂർവ ബന്ധം തങ്ങളെ കൂട്ടി യോജിപ്പിക്കുന്നത് പോലെ . ശാന്തിഭവനിലേക്ക് കൊണ്ടുപോകുന്ന 'രാജ്യദ്രോഹികളെ' അറിയുന്നവരോ അവരുമായി എന്തെങ്കിലും ബന്ധം പുലർത്തുന്നവരോ ആയ വ്യക്തികളെ ബോസ് ഉന്മൂലനം ചെയ്യുമെന്ന് പിന്നിട് വളരെ വൈകി അയാൾ അറിഞ്ഞു.

ശാന്തിഭവനിലെ അതുലിന്റെ താമസം കുടുതൽ വിവരങ്ങൾ നൽകി . ബോസിനും ഹിരണ്യനും



**ശാന്തിഭവനു , നിത്യമായ ആ തടവറക്ക് , അത്തരമൊരു അന്വർത്ഥമായ വാക്ക് കണ്ടെത്തിയതിന് ബോസിനെ അഭിനന്ദിക്കണം അന്ന് അവിടെ , പുതിയ തടവുകാർ എത്തിയിരുന്നു . രാജ്യരഹിതരായ ഒരു കൂട്ടം കുട്ടികൾ. തടവറയുടെ ചരിത്രത്തിലാദ്യമായിരുന്നു അത് അവർ എങ്ങനെ ഉപേക്ഷിക്കപ്പെട്ടു എന്നോ ഭരണകൂടം അവരെ എങ്ങനെ പിടികൂടിയെന്നോ സൂചിപ്പിക്കുന്ന വിവിധ സൂചകങ്ങൾ രഹസ്യമായി ലാപ്ടോപ്പിൽ എത്തി . കൊച്ചുകുട്ടികൾക്ക് വീടിനെക്കുറിച്ചോ അവർ എന്തിനാണ് അവിടെയെത്തിയതെന്നോ ഒരു അറിവും ഉണ്ടായിരുന്നില്ല. അവർക്കു നിശ്ചയിച്ചിട്ടുള്ള അക്കങ്ങളിൽ ആയിരിക്കും അവർ അറിയപ്പെടുക . സ്വയം ഇല്ലാതാകുന്നതുവരെ അവർ ആ അക്കങ്ങളുടെ പേരിലാകും അറിയപ്പെടുക .**

പൈശാചിക സ്വഭാവമുണ്ട് എന്ന് അയാൾക്ക് അറിയാമായിരുന്നെങ്കിലും, അവർ ഒരുതരം സയാമീസ് ഇരട്ടകളെ പോലെയാണ് എന്നത് അവനെ അതിശയിപ്പിച്ചു . അവർ പരസ്പരം രക്തം കുടിച്ചു ജീവിക്കുന്നവരെപ്പോലെ തോന്നി .

മിലാനിൽ അവരെ ആദ്യം കണ്ട കാലത്തെ അനുഭവങ്ങൾ അപ്പോഴും അതുല്യയെ വേട്ടയാടുന്നുണ്ടായിരുന്നു .അവൻ ആർക്കൈവുകളിൽ പുസ്തകം തിരയുന്നതിനിടയിൽ, എന്തോ അവനിൽ നിന്ന് മറച്ചു വെച്ചു കൊണ്ടു ബോസും ഹിരണ്യനും യൂണിവേഴ്സിറ്റിക്ക് ചുറ്റുമുള്ള പഴയ കെട്ടിടങ്ങളിലേക്കും നദികളിലേക്കും നോക്കുകയായിരുന്നു. .പതിമൂന്നാം നൂറ്റാണ്ടിൽ എഴുതപ്പെട്ട ആ പുസ്തകം കണ്ടെത്താൻ ബോസിന്റെ വിചിത്രമായ അവബോധമോ ദിവ്യ

ദൃഷ്ടിയോ ഹിരണ്യന്റെ കമ്പ്യൂട്ടിംഗ് പരിജ്ഞാനമോ പര്യാപ്തമായിരുന്നില്ല.

ഫ്ലോറൻസിലെ ഏറ്റവും മികച്ച കലാകാരന്മാർ, പൗരസ്ത്യ രാജ്യങ്ങളിലെ ഭരണാധികാരികൾ, ഒടുവിൽ പരമാചാര്യൻ എന്നിവരുൾപ്പെടെ പലരെയും അത് നശിപ്പിച്ചു. പുസ്തകം തന്റെ പക്കലുണ്ടെന്ന് അദ്ദേഹം തുറന്ന് പറഞ്ഞില്ലെങ്കിലും അതിന്റെ പ്രാധാന്യം വായിക്കുന്നതിൽ അദ്ദേഹം പരാജയപ്പെട്ടു. മാലിനി അത് ഒരു വിദേശിക്കു നൽകി . അമേരിക്കയുടെ ഭരണാധികാരിയാകും എന്ന് ബോസ് പ്രവചിച്ച അതെ മനുഷ്യൻ . അങ്ങനെ, പുസ്തകം അതിന്റെ പ്രാധാന്യം അറിയാത്ത ഒരു യുഎസ് പ്രസിഡന്റിന്റെ സ്വകാര്യ ശേഖരത്തിൽ എത്തി . അത് ടാഗ്



ചെയ്യുകയും ലക്ഷ്യസ്ഥാനങ്ങൾ പ്രദർശിപ്പിക്കുകയും ചെയ്തതിനാൽ, അതുല്യയ്ക്ക് പുസ്തകത്തിന്റെ റൂട്ട് പിന്തുടരാനും ഇപ്പോൾ സൂക്ഷിച്ചിരിക്കുന്ന സ്ഥലം തിരിച്ചറിയാനും കഴിഞ്ഞു.

പുസ്തകം കണ്ടെത്തിയ കാര്യം വെളിപ്പെടുത്താൻ അതുല്യ ആഗ്രഹിച്ചുവെങ്കിലും അത് കണ്ട നിമിഷം, അത് ഹിരണ്യനാണോ അതോ ബോസിനാണോ നൽകേണ്ടത് എന്ന കാര്യത്തിൽ മനസ്സിൽ സംശയമുണ്ടായി . ബോസിന് അത് ഉപയോഗിച്ചു തൻറെ ലക്ഷ്യം സാധിക്കണമെന്ന ദുരുദ്ദേശ്യമുണ്ടായിരുന്നു, ഹിരണ്യൻ അയാൾ പറയുന്നത് അനുസരിക്കും .അവർ ഇതിനകം ക്രൂരമായ നരക യന്ത്രങ്ങൾ ഉപയോഗിച്ചു ബന്ദികളാക്കിയവരിൽ നിന്ന് വിവരങ്ങൾ പിഴിഞ്ഞെടുക്കുകയായിരുന്നു, അതിൽ നിർഭാഗ്യവശാൽ അവനും പങ്കാളിയായി .ഇനി അവൻ അത്തരമൊരു പദ്ധതിയിൽ ഏർപ്പെടില്ല, സ്വയം അതിൽ നിന്ന് മോചിക്കാൻ ആഗ്രഹിച്ചു. അതിനു പുസ്തകത്തെക്കുറിച്ചുള്ള അറിവ് തന്നെ സഹായിക്കുമെന്ന് അദ്ദേഹം കരുതി. പുസ്തകം കണ്ടുപിടിച്ചെങ്കിലും ഒരു തടസ്സം ഉണ്ടായിരുന്നു. ഒരുപാട് പേരുടെ ജീവൻ അപഹരിച്ച ഒരു തടസം . ശരിയായ പാസ്‌വേഡോ കീയോ കോഡോ നൽകിയില്ലെങ്കിൽ ചെമ്പ് പ്ലേറ്റ് തുറക്കില്ല.

ചിലർ അത്യാധുനിക ഉപകരണങ്ങൾ ഉപയോഗിച്ച് അത് തുറക്കാൻ ശ്രമിച്ചു, പക്ഷേ പിന്നീട് അവരെ നദിയിലോ കടലിലോ കിണറിലോ മരിച്ച നിലയിൽ കണ്ടെത്തി, എല്ലായ്പ്പോഴും ചില ജലാശയങ്ങളിൽ., അവർ വായിച്ച ഉള്ളടക്കത്തെക്കുറിച്ച് അവർ തയ്യാറാക്കിയ ചെറിയ കുറിപ്പുകളുണ്ടായിരുന്നു, അതിൽ കൊലപാതകങ്ങളെയും യും ദുരൂഹ പദ്ധതികളെയും കുറിച്ച് പരാമർശങ്ങൾ ഉണ്ടായിരുന്നു . രാജാവിനെ അട്ടിമറിക്കാൻ ഉള്ള പദ്ധതികളായിരുനു അതിൽ കുടുതൽ ഉണ്ടായിരുന്നത്. യഥാർത്ഥത്തിൽ അത് ഒരു ചെസ്സ് കളിയായിരുന്നു .ചെസ്സ് ചലനങ്ങളിൽ കമ്പ്യൂട്ടർ പ്രാവീണ്യമുള്ള ചിലരെ നിയമിച്ചാൽ, അവർ എന്താണ് ഉദ്ദേശിച്ചതെന്ന് മനസ്സിലാക്കാം. എന്നാൽ അത് തുറന്നാലും ചിത്രങ്ങൾ മാറി മറിയും ., അവരുടെ കാഴ്ചപ്പാടിന്റെ എതിർവശത്തുള്ള കാലാൾ ഇന്റെ സ്ഥാനം മാറും .


ജ്യോതിശാസ്ത്ര ഭൂപടം പോലെ രാവും പകലും വ്യത്യസ്തമായി ചിത്രീകരിച്ചിരിക്കുന്നതും ആളുകളെ കുടുക്കും അതൊരു അനുഗ്രഹവും ശാപവുമാണ്. അത്യാഗ്രഹമുള്ളവർ വീഴുകയോ അത്യാഗ്രഹികളെ സഹായിക്കുന്നവർ അപകടത്തിൽ പെടുകയോ ചെയ്യും .സദുദ്ദേശ്യമുള്ളവരും മരിക്കും പക്ഷേ പുസ്തകത്തിന്റെ അടുത്ത താക്കോൽ അടുത്തയാൾക്കു കൊടുക്കാം .ഹിരണ്യൻ ബോസിന്റെ ആശ്രിതൻ ആണെന്ന് അവനു തോന്നി ബോസോ ഹിരണ്യനോ അത് തുറന്നാൽ, നിലവിലുള്ള രാജാവിനെ അട്ടിമറിച്ച് സ്വയം രാജാവായോ സഹായിയോ ആയി അഭിഷേകം ചെയ്യാനാകും . ബോസിനായിരിക്കും കുടുതൽ പ്രയോജനം . തന്റെ യജമാനന് വേണ്ടി മരിക്കുന്ന അനുസരണയുള്ള ആശ്രിതനായിരിക്കും ഹിരണ്യൻ . ഓരോ വ്യക്തിക്കും പുസ്തകത്തിന്റെ ഒരു അദ്ധ്യായം മാത്രമേ തുറക്കാൻ കഴിയൂ, അയാൾ അത് മറ്റൊരാൾക്ക് കൈമാറണം.

(തുടരും )



NEW CAR KEYS
ARE KEY TO SAVING ON CAR INSURANCE
Call me today to see
How much you can save with
Allstate's New Car Discount
Allstate®
You're in good hands.
CALL
718 831 6500
Joseph V Thomas
(റജി വലിയകാല)
256-10 Union Turnpike
Floral Park, NY 11004
josephthomas@allstate.com
www.jvtassociates.com
30 Plus years
in Insurance
Business
We Offer 6 Hours Defensive Driving Course in NY/NJ

● കവിത



**സോയ നായർ**
**ഫിലാഡൽഫിയ**




# അരുതാത്തൊരിടം

അന്ന് നാം കണ്ട നാൾ മുതൽ
നമ്മുടേതല്ലാത്ത പൂന്തോട്ടത്തിൽ
നമ്മളറിയാതെ ഒരു ചുവന്ന പുഷ്പം
മനസ്സും ശരീരവും കവർന്ന്
പടർന്ന് പന്തലിച്ചു.
പിന്നീട് പലനേരങ്ങളിൽ, പല ഭാവങ്ങളിൽ
മിഴിമുനകൾ കൈമാറി
ഉടൽ വഴികളിലൂടെ യാത്രയായ്
നമ്മളറിഞ്ഞ് നമുക്കുള്ളിലെ
പ്രേമവസന്തത്തെ സ്വതന്ത്ര്യരാക്കി.
ഭയത്തിന്റെ നിഴൽപ്പടങ്ങൾ വരച്ച
രണ്ട് മുഖങ്ങളുമായ്
വെയിലേറ്റ് വാടാതെ നാം
ആ മരത്തണലിൽ ഒന്നിച്ചിരിക്കുമ്പോഴും
നമ്മളുടെ ഉള്ളിൽ ഉത്തരം മുട്ടിയ തിരമാലകളുമായ്
ഇരമ്പുന്ന ഒരു കടലുണ്ട്.
കണ്ണും കാതും വായും തുറന്നിരിക്കും
ഒരായിരം മനുഷ്യർക്കിടയിലൂടെ
ഓട്ടപ്രദക്ഷിണം ചെയ്യുമ്പോൾ
പരസ്പരം പറയാനാകാതെ വിങ്ങുന്ന
മൗനവുമുണ്ട്.

ചുറ്റിലും 'പാപമാണീ പ്രണയം'
എന്ന് പറഞ്ഞ്
കൂച്ചുവിലങ്ങിടുന്നൊരു നിയമമുണ്ട്.
പിടിക്കപ്പെടുമോ എന്നോർത്തോർത്ത്
വേവും മനവുമായ്
കൈചേർത്ത് പിടിച്ച് നടക്കുമ്പോൾ
നിന്റെ കണ്ണിലും എന്റെ കണ്ണിലും
നിസഹായതയുടെ മിന്നലുണ്ട്,
അവഗണനയുടെ പൊള്ളലുണ്ട്.
എങ്കിലും, പിരിയാൻ  ആകാതെ
പെയ്തു തോരാത്ത മഴ പേറി
അവിശുദ്ധമെങ്കിലും
ഇണ ചേർന്നിരിക്കുവാൻ
കൊതിച്ച് നിനക്കൊപ്പം
നീ പോകും ഇടങ്ങളിലൊക്കെ ഞാനുമുണ്ട്.
എന്നെയും നിന്നെയും
അടക്കം ചെയ്ത ആ കല്ലറച്ചുറ്റിപ്പിണഞ്ഞ്
ചുംബിക്കും ചെമ്പനീർപ്പൂവുകൾ
പരസ്പരം മന്ത്രിക്കുന്ന സ്നേഹമന്ത്രം
അതുകൊണ്ടാകാം നമുക്ക് മാത്രം
മനസ്സിലാവുന്നത്..!

# ആര് നീ ?



വക്കം
ജയചന്ദ്രൻ



തീമഴ കോരിച്ചൊരിയുമ്പോഴും ഉള്ളിൽ
പൂവർഷമാകുന്നു നീയേ......
എന്റെ ആകാശത്ത് ഇന്ദ്രചാപംതീർത്ത്
ഏഴ് വർണ്ണങ്ങളിൽ നീയേ .....

സത്യമായാൽ സ്വപ്ന സൗന്ദര്യം നഷ്ടമാം.
ആ ഗണ സ്വപ്നമായ് നീയേ..
വിരസമാണാവർത്തനം ഏതുമെങ്കിലും..
മതിവരാത്തമൃതവും നീയേ...

ഒന്നുറങ്ങാൻ കൊതി പൂണ്ട് കിടക്കവേ.
'സുഗത' യുടെ രാത്രിമഴ നീയേ...
കുളിർ വിരൽ മെല്ലെ തലോടി
ഉറക്കുന്ന സാന്ത്വന സംഗീതം നീയേ.

പോയകലൂ! ഞാൻ പരുഷം പറയവേ..
ഉണരുന്നു ഉദയമായ് നീയേ...
ഇവളെനിക്കന്യയെന്നറിയുമ്പൊഴും...
നെഞ്ചിൻ തുടിതാളമാവുന്നു നീയേ.

കാവ്യതാപസനായ് നിളയുടെ പുളിനത്തിൽ..
നിറനിലാ നോക്കിക്കിടക്കേ...
തണു കിരണങ്ങളായ് ഹൃദയതടങ്ങളിൽ..
പനിനീർ തളിക്കുന്നു നീയേ....

ചിന്തകൾ വറ്റിവരണ്ടു വിഷണ്ണനായ്...
ഭാവനാശൂന്യം തപിക്കേ....
പ്രണയാക്ഷരങ്ങളുടെ സുധ നിറച്ചുള്ളൊരീ
തൂലിക ആയതും നീയേ.....

നീയെനിക്കാരെന്നറികയില്ലെങ്കിലും...
നീയെന്റെ ജീവാംശമായി..
മാത്രയോരോന്നിലും ഉൾത്തുടിപ്പെന്നപോൽ..
ഉണ്ടെന്ന നേരത് നേരേ....
നേരില്ലാ നേരത്തും നീയേ....



ശ്രീമദ് ഭഗവത് ഗീത
അദ്ധ്യായം 8

# അക്ഷരബ്രഹ്മയോഗം

സുധീർ പണിക്കവീട്ടിൽ

*ഉപനിഷത്തുക്കളിൽ വിശദീകരിച്ചിട്ടുള്ള ആശയങ്ങളും പാഠങ്ങളും ചുരുക്കമായി പറഞ്ഞു അർജുനന്റെ ചോദ്യങ്ങൾക്ക് മറുപടി നൽകുകയാണ് ഭഗവാൻ ഈ അധ്യായത്തിൽ. എന്ത് ചെയ്യുമ്പോഴും നമ്മളിൽ ഈശ്വരചിന്ത ഉണ്ടാകണം. ഈശ്വരനെ അങ്ങനെ സ്മരിക്കുന്നവർ മരിക്കുമ്പോൾ ഭഗവാനെ പ്രാപിക്കുന്നു. ഭൗതിക തലത്തിൽനിന്നും ആത്മീയതലത്തിൽ എത്തിച്ചേരാൻ ഈശ്വരനാമം ചൊല്ലുന്നത് സഹായകമാകുന്നു. സൃഷ്ടിയുടെ ചക്രം ഉരുണ്ടുകൊണ്ടിരിക്കുന്നു അനവധി പേര് ജനിക്കുന്നു മരിക്കുന്നു. ഈശ്വരചിന്തയുള്ളവർ ഭഗവാനിൽ വിലയം പ്രാപിക്കുന്നു. എന്നാൽ അങ്ങനെയല്ലാത്തവർ മുക്തി ലഭിക്കാതെ ജനന മരണ രൂപമായ സംസാരത്തിലേക്ക് വന്നും പോയുമിരിക്കുന്നു.*

**ഇനി വിശദമായി.**

അർജുനൻ ചോദിച്ചു. എന്താണ് ബ്രഹ്മം? എന്താണ് അധ്യാത്മം? എന്താണ് കർമ്മം? ഓ പുരുഷോത്തമാ എന്താണ് അധിഭൂതം? എന്താണ് അധിദൈവം? ഇവിടെ ശരീരത്തിൽ ഉള്ള ആരാണ് അധിയജ്ഞൻ? ദൃഢചിത്തതയുള്ളവർ മരണസമയത്ത് നിന്നെ എങ്ങനെയറിയുന്നു,?

**ഒരാൾ ശരീരം വിടുന്ന സമയത്ത് എന്തോർക്കുന്നുവോ അയാൾക്കത് കിട്ടുന്നു. ഓ അർജുനാ നിരന്തരമായി ഓർക്കുന്ന വസ്തു അയാൾക്ക് കിട്ടുന്നു, അതുകൊണ്ട് ഭഗവാനെ എപ്പോഴും ഓർക്കുന്നവൻ ഭഗവാനിൽ ലയിച്ച് ചേരുന്നു. അതുകൊണ്ട് എപ്പോഴും എന്നെ ഓർക്കുക. യുദ്ധം ചെയ്യുക. (യുദ്ധം ചെയ്യുക എന്നുദ്ദേശിക്കുന്നത് സ്വധർമ്മാനുഷ്ഠാനം തുടരുക എന്നർത്ഥത്തിലാണ്).**

പ്രഭു പറഞ്ഞു. ഉത്കൃഷ്ടവും അനശ്വരവുമാണ് ബ്രഹ്മം. ബ്രഹ്മത്തിന്റെ സ്വഭാവത്തെ അദ്ധ്യാത്മം എന്ന് പറയുന്നു. എല്ലാ ജീവികളും സൃഷ്ടിക്കപ്പെടുന്ന സൃഷ്ടിപരമായ പ്രവർത്തിയെയാണ് കർമ്മം എന്ന് പറയുന്നത് എന്റെ നശ്വരമായ രൂപമാണ് ശരീരം. മനോബുദ്ധികളിൽ വർത്തിക്കുന്ന ശക്തി വിശേഷത്തെ അധിദൈവമെന്നു പറയുന്നു. ആ ദേഹത്തിൽ അധിയജ്ഞനായിട്ടുള്ളത് ഞാനാണ്. മരണസമയത്ത് എന്നെ ഓർക്കുന്നവൻ എന്റെ അവസ്ഥയെ പ്രാപിക്കുന്നു. ഇതിൽ യാതൊരു സംശയവുമില്ല ഒരാൾ ശരീരം വിടുന്ന സമയത്ത് എന്തോർക്കുന്നുവോ അയാൾക്കത് കിട്ടുന്നു. ഓ അർജുനാ നിരന്തരമായി ഓർക്കുന്ന വസ്തു അയാൾക്ക് കിട്ടു

ന്നു, അതുകൊണ്ട് ഭഗവാനെ എപ്പോഴും ഓർക്കുന്നവൻ ഭഗവാനിൽ ലയിച്ച് ചേരുന്നു. അതുകൊണ്ട് എപ്പോഴും എന്നെ ഓർക്കുക. യുദ്ധം ചെയ്യുക. (യുദ്ധം ചെയ്യുക എന്നുദ്ദേശിക്കുന്നത് സ്വധർമ്മാനുഷ്ഠാനം തുടരുക എന്നർത്ഥത്തിലാണ്). നിന്റെ മനസ്സും ബുദ്ധിയും എന്നിൽ കേന്ദ്രീകരിക്കുമ്പോൾ നിനക്ക് തീർച്ചയായും എന്നെ ലഭിക്കുന്നു. യോഗാഭ്യാസത്തിലൂടെയുള്ള പരിശീലനത്തിൽ ദൃഢചിത്തതയോടെ എന്നെ ധ്യാനിക്കുന്നവൻ പരമോന്നതമായ ദിവ്യാത്മത്വം നേടുന്നു.

യോഗബലത്താൽ അചഞ്ചലമായ മനസ്സോടെ ഭക്തിയോടെ പ്രാണനെ പുരികങ്ങളുടെ ഇടയിൽ നിർത്തിയിട്ട്, സൂര്യനെ പോലെ പ്രകാശമുള്ളവനും കാലങ്ങളെ അതിജീവിച്ചവനും അണുവിനേക്കാൾ അണുവായവനും നിരൂപിക്കാനാവാത്ത രൂപത്തോടുകൂടിയവനും തമസ്സിനു (അജ്ഞാനത്തിനു) അതീതതനുമായ പരമാണുവിനെ സദാ സ്മരിക്കുന്നവൻ ആ പരമാണുവിനെ തന്നെ പ്രാർത്ഥിക്കുന്നു. വേദങ്ങളറിയുന്നവർ അനശ്വരമെന്നു പറയുന്നതും, ആസ്കതികൾ വെടിഞ്ഞ യോഗിമാർ പ്രവേശിക്കുന്നതും ബ്രഹ്മചര്യം അനുഷ്ഠിക്കുന്നവർ ആഗ്രഹിക്കുന്നതുമായ ആ പരമപദത്തെപ്പറ്റി ഞാൻ നിനക്ക് പറഞ്ഞുതരാം. ശരീരത്തിലെ നവദ്വാരങ്ങളും (ഇന്ദ്രിയങ്ങൾ) അടച്ച്, മനസ്സിനെ ഹൃദയത്തിൽ ബന്ധിച്ച് പ്രാണനെ ശിരസ്സിൽ ഉറപ്പിച്ച് യോഗാഭ്യാസത്തിൽ മുഴുകുക. ബ്രഹ്മവാക്യമായ ഓം എന്നുച്ചരിച്ചുകൊണ്ട് എന്നെ സദാ സ്മരിച്ചുകൊണ്ട് ആർ ശരീരം വിട്ടുപോകുന്നുവോ അവൻ പരമപദത്തിൽ എത്തുന്നു. ഏകാഗ്രമായ മനസ്സോടെ നിരന്തരം എന്നെ ഓർക്കുന്ന, എപ്പോഴും എന്നോട് ബന്ധപ്പെട്ടിരിക്കുന്നു അത്തരം യോഗികൾ പ്രയാസമില്ലാതെ എന്നെ പ്രാപിക്കും. മഹാത്മാക്ക.ൾ എന്നെ പ്രാപിച്ചിട്ട് പരമോന്നത പൂർണ്ണത കൈവരിക്കുന്നു. അവർ വീണ്ടും ജനിക്കുന്നില്ല. ബ്രഹ്മലോകം വരെയുള്ള ലോകങ്ങൾ പുനർജന്മമുള്ളവയാണ്. എന്നാൽ എന്നെ പ്രാപിച്ചവൻ ജനിമൃതികളിൽ നിന്ന് മുക്തി നേടുന്നു ബ്രഹ്മാവിന്റെ ഒരു ദിവസം ആയിരം യുഗങ്ങളും ഒരു രാത്രിയും അത്ര തന്നെ എന്നറിയുന്നവർ പകലും രാത്രിയും അറിയുന്നവനാകുന്നു.അതായത് അവയ്ക്കെല്ലാം പുനരാവൃത്തിയുണ്ട് എന്നാൽ ഭഗവാനെ പ്രാപിച്ചവർ പിന്നെ ജനിമൃതികളിൽപെടുന്നില്ല. ബ്രഹ്മാവിന്റെ ദിവസം വരുമ്പോൾ അവ്യക്തതയിൽ നിന്ന് സർവ്വചരാചരങ്ങളും വ്യക്തമായ ഭാവം കൈവരിക്കുന്നു. രാത്രി വരുമ്പോൾ അവയെല്ലാം തന്നെ അവ്യക്തതയിലേക്ക് തിരിച്ചു പോകുന്നു. ഈ ജീവജാലങ്ങളൊക്കെയും ഓ പാർത്ഥാഃ പൂർവകർമ്മങ്ങൾക്കനുസരണമായി വീണ്ടും ജനിക്കുന്നു. രാത്രി വരുമ്പോൾ ലയത്തെ പ്രാപിക്കുന്നു.എന്നാൽ മുൻപറഞ്ഞ അവ്യക്തത്തിൽ നിന്ന് അന്യമായി ഉത്തമവും അനശ്വരവുമായ ഏതൊന്നു അവ്യക്തഭാവമായിട്ടുണ്ടോ അത് (അതായത് ബ്രഹ്മം) മറ്റ് ജീവികൾ കെട്ടുപോവുമ്പോൾ കെട്ടുപോകുന്നില്ല അവ്യക്തമെന്നും, നശിക്കാത്തത് എന്നും പറയുന്ന അതാണ് ഉന്നതമായലക്ഷ്യം. അത് നേടുന്നവർക്ക് അവിടെ നിന്നും പിന്നെ മടക്കമില്ല. അതാണ് എന്റെ പരമോന്നതമായ വാസസ്ഥലം ഈ പരമപുരുഷനെ അനന്യഭക്തികൊണ്ട് ഏകാന്ത ഭക്തികൊണ്ട് പ്രാപിക്കാം. ഇവനിൽ എല്ലാ ജീവികളും വസിക്കുന്നു. ഇവൻ എല്ലായിടത്തും പരന്നിരിക്കുന്നു ഏതു കാലത്ത് ദേഹം ഉപേക്ഷിച്ചപോകുന്ന യോഗികൾ പുനർജന്മമില്ലാതെ പരമപദത്തെ പ്രാപിക്കുന്നുവോ, ഏതു കാലത്ത് പോകുന്നവർ വീണ്ടും ജനിക്കുന്നുവോ ആ കാലത്തെപ്പറ്റി ഞാൻ പറഞ്ഞു തരാം. തീ ജ്വലിക്കുമ്പോഴും വെളിച്ചമുള്ളപ്പോഴും പകൽ സമയത്തും വെളുത്തപക്ഷത്തിലും, ഉത്തരായണകാലമായ ആറുമാസവും ഈ സമയത്ത് ശരീരം വിട്ടുപോകുന്ന ബ്രഹ്മജ്ഞാനികൾ ബ്രഹ്മത്തെ പ്രാപിക്കും. പുകപരക്കുമ്പോഴും, രാത്രിയിലും കറുത്തപക്ഷത്തിലും ദക്ഷിണായനകാലമായ ആറുമാസവും ഈ സമയത്ത് ശരീരം വിട്ടുപോകുന്ന യോഗി ചന്ദ്രന്റെ ജ്യോതിസിനെ പ്രാപിച്ച് തിരിച്ചു വരുന്നു. യോഗികളുടെ രണ്ടു തരമായ മരണാനന്തര യാത്രയെ ദേവയാനം പിതൃയാനം എന്നറിയപ്പെടുന്നു. ഈ വഴികൾ രണ്ടും പ്രകാശമാനവും (ശുക്ലഗതി) അന്ധകാരവും (കൃഷ്ണഗതി) ലോകത്തിൽ എക്കാലവും നിലവിലുള്ളതുമാണ്. ആദ്യത്തെ മാർഗ്ഗത്തിലൂടെ പോകുന്നവർ തിരിച്ചുവരുന്നില്ല.രണ്ടാമത്തെ മാർഗ്ഗത്തിലൂടെ പോകുന്നവർ തിരിച്ചുവരുന്നു. (പ്രകാശം =അറിവ് , ഇരുട്ട് = മൂഢത എന്നർത്ഥമാകാം ) ഈ രണ്ടു വഴികളെ അറിയുന്ന യോഗികൾ മായയിൽ പെടുന്നില്ല. ഓ പാർത്ഥ അതുകൊണ്ട് എല്ലാ സമയത്തും പരമാത്മാവിൽ മനസ്സുറപ്പിക്കുക. മേല്പറഞ്ഞ രണ്ടു മാർഗങ്ങളുടെ രഹസ്യമറിയുന്ന യോഗി വേദപഠനങ്ങൾ കൊണ്ടുള്ള ഫലത്തെയും യാഗങ്ങൾ നടത്തിക്കിട്ടുന്ന ഫലത്തെയും ദാനധർമ്മങ്ങൾ കൊണ്ടുള്ള ഫലത്തെയും അതിക്രമിച്ച് ബ്രഹ്മത്തെ പ്രാപിക്കുന്നു.

എട്ടാം അധ്യായം സമാപ്തം

അടുത്തത് **രാജവിദ്യാരാജഗുഹ്യയോഗം**

ശുഭം

**യോഗികളുടെ രണ്ടു തരമായ മരണാനന്തര യാത്രയെ ദേവയാനം പിതൃയാനം എന്നറിയപ്പെടുന്നു. ഈ വഴികൾ രണ്ടും പ്രകാശമാനവും (ശുക്ലഗതി) അന്ധകാരവും (കൃഷ്ണഗതി) ലോകത്തിൽ എക്കാലവും നിലവിലുള്ളതുമാണ്. ആദ്യത്തെ മാർഗ്ഗത്തിലൂടെ പോകുന്നവർ തിരിച്ചുവരുന്നില്ല. രണ്ടാമത്തെ മാർഗ്ഗത്തിലൂടെ പോകുന്നവർ തിരിച്ചുവരുന്നു. (പ്രകാശം =അറിവ് , ഇരുട്ട് = മൂഢത എന്നർത്ഥമാകാം ) ഈ രണ്ടു വഴികളെ അറിയുന്ന യോഗികൾ മായയിൽ പെടുന്നില്ല.**






**സ്വപ്നങ്ങൾ അപഹരിക്കപ്പെടാനുള്ളതല്ല**
**ലേഖനങ്ങൾ : ഒ കെ ജോണി**
**മാതൃഭൂമി ബുക്സ്**

# നിഷ്പക്ഷനായ ചരിത്രകാരൻ

**അർത്ഥവത്തായ വായന ആഗ്രഹിക്കുന്നവർ ഒ കെ ജോണിയുടെ ഈ പുസ്തകത്തിലൂടെ കടന്നു പോകുക തന്നെ വേണം. വാളെടുത്തവരൊക്കെ വെളിച്ചപ്പാടാകുന്ന നേരത്ത് ശരിയായ പുസ്തകങ്ങൾ കാണാതെ പോകരുത്.**

**എം.കെ നാരായണമൂർത്തി**

ചരിത്രത്തെ വായിച്ചെടുക്കാൻ ചരിത്രകാരന്മാർ വിവിധങ്ങളായ വഴികൾ തേടും. അതിനായി അവർ പല കണ്ണടകൾ വയ്ക്കും. പക്ഷേ ചരിത്രത്തെ വളരെ നിഷ്പക്ഷമായി സമീപിക്കാൻ കുറച്ചു ആളുകൾക്ക് മാത്രമേ കഴിയാറുള്ളൂ. അക്കാഡമിക് ചരിത്രകാരന്മാരിൽ നിന്നും വ്യത്യസ്തമായി ഒ.കെ ജോണിയെന്ന മാധ്യമ പ്രവർത്തകൻ ചരിത്രത്തെ രേഖപ്പെടുത്തുന്നത് അത്തരത്തിൽ നിഷ്പക്ഷമായാണ്. കാവേരിയുടെ കരകളിലൂടെ സഞ്ചരിച്ച് അദ്ദേഹം കാവേരിയുടെ ചരിത്രവും കാവേരി



തടങ്ങളിലെ ജീവിതവും ഇതിനു മുമ്പേ അത്തരത്തിൽ പക്ഷപാതമില്ലാതെ നമുക്ക് കാണിച്ചു തന്നതാണ്. (കാവേരിയോടൊപ്പം എന്റെ യാത്രകൾ-മാതൃഭൂമി ബുക്സ്)ആ പുസ്തകം കാവേരിയെ അതിന്റെ സഞ്ചാരവഴിയിൽ തിരയുകയും അന്വേഷണവഴിയിൽ കണ്ടെത്തുകയും ചെയ്യുന്നുവെന്ന് മുമ്പ് രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്.തലക്കാവേരിയിലെത്തി കാവേരിയുടെ ഉൽഭവം അറിയുന്നതിനേക്കാൾ അവിടെത്തുന്നവർക്ക് പ്രധാനം കാവേരി ഹുണ്ടികയിലെ അർച്ചനയാണെന്ന് ഒ.കെ ജോണി തന്നെ ഒരിക്കൽ എഴുതി. നേരത്തെ സൂചിപ്പിച്ച നിഷ്പക്ഷ രചന സ്വായത്തമാക്കിയവർക്ക് മാത്രമേ അങ്ങനെ പറയാൻ കഴിയൂ. അദ്ദേഹത്തിന്റെ ഏറ്റവും പുതിയ ലേഖന സമാഹാരമായ അപഹരിക്കപ്പെട്ട സ്വപ്നങ്ങൾ വായിക്കുമ്പോഴും ഇതേ അനുഭവമാ

ണ് അനുവാചകന് തോന്നുക.

ദക്ഷിണേന്ത്യയിലെ ശ്രമണ മതങ്ങളെ കുറിച്ച് കഴിഞ്ഞ കാൽ നൂറ്റാണ്ടായി പഠിച്ചു കൊണ്ടിരിക്കുന്നയാളാണ് ഒ.കെ ജോണി. അതിനായി അദ്ദേഹം ഒരുപാട് സഞ്ചരിക്കുകയും ലഭിക്കാവുന്നത്രയും രേഖകൾ പരിശോധിക്കുകയും ചെയ്തു.1986ൽ മൈസൂർ ആർക്കിയോളജിക്കൽ ഡിപ്പാർട്ട്മെന്റ് ആരംഭിച്ചത് അദ്ദേഹത്തിന്റെ വൈജ്ഞാനികാന്വേഷണങ്ങൾക്ക് വലിയ തുണയായി. മൈസൂർ ഗസറ്റിയറുകളുടെ രചയിതാവായ ബെഞ്ചമിൻ ലെവിസ് റൈസിന്റെ എഴുത്തുകളേയും അദ്ദേഹം സമാഹരിച്ച രേഖകളേയും പഠിക്കുകയെന്നത് ചരിത്രകാരന്മാർക്ക് പോലും അതികഠിനമായ ഒരു ജോലിയാണ്.ഇവിടെയാണ് ചരിത്രകുതുകിയായ ഒ.കെ ജോണി അദ്ദേഹത്തെ വായിച്ചെടുത്തതിന്റെ പ്രാധാന്യം. വലിയ സാമ്രാജ്യങ്ങൾ പാഠപുസ്തകഭാഗം മാത്രമായി മാറുന്ന കാലത്താണ് ഒ.കെ ജോണിയെന്ന മാധ്യമ പ്രവർത്തകൻ ചരിത്രം എങ്ങനെ എഴുതണമെന്ന് നമുക്ക് കാണിച്ചു തരുന്നത്.

അദ്ദേഹവുമായി യോജിക്കാം വിയോജിക്കാം. പക്ഷേ നിഷ്പക്ഷമായ വസ്തുതാകഥനത്തെ നിഷേധിക്കാൻ അദ്ദേഹത്തിന്റെ പുസ്തകങ്ങളിലൂടെ കടന്നു പോകുന്ന ആർക്കും സാധിക്കുകയില്ല.

ഭൂതകാലത്തെ നമ്മുടെ കൺമുന്നിൽ കാണിക്കുകയാണ് അപഹരിക്കപ്പെട്ട സ്വപ്നം എന്ന പുസ്തകത്തിലെ ലേഖനങ്ങളിലൂടെ ഒ.കെ ജോണി ചെയ്യുന്നത്. നിരവധിയായ വിധവകളെ സതിയനുഷ്ഠിപ്പിക്കുന്ന സമ്പ്രദായത്തേയും സല്ലേഖനവ്രതത്തിലൂടെ മരണത്തെ പുൽകിയ ജൈനന്മാരുടേയും ജീവിതം വരച്ചു കാണിക്കുന്ന ആദ്യ അധ്യായം തന്നെ നമ്മളെ പുസ്തകത്തിലേക്ക് അടുപ്പിക്കും. ശ്രാവണബലഗോളയെന്ന വിദൂര കർണ്ണാടക ഗ്രാമത്തെ കുറിച്ചും അവിടത്തെ ഗോമടേശ്വര പ്രതിമയെ കുറിച്ചുമൊക്കെ പലയിടത്തായി നമ്മൾ വായിച്ചിട്ടുണ്ട്. പക്ഷേ ആ ഗ്രാമത്തിലേക്ക് ഗ്രന്ഥകാരൻ നമ്മെ കൈപിടിച്ചു നടത്തിക്കുമ്പോൾ നമ്മൾ തൊടുന്നത് ശ്രമണ മതങ്ങളുടെ ഉൾക്കാമ്പിലേക്കാണ്. പരമമായ

**ദക്ഷിണേന്ത്യയിലെ ശ്രമണ മതങ്ങളെ കുറിച്ച് കഴിഞ്ഞ കാൽ നൂറ്റാണ്ടായി പഠിച്ചു കൊണ്ടിരിക്കുന്നയാളാണ് ഒ.കെ ജോണി. അതിനായി അദ്ദേഹം ഒരുപാട് സഞ്ചരിക്കുകയും ലഭിക്കാവുന്നത്രയും രേഖകൾ പരിശോധിക്കുകയും ചെയ്തു.1986ൽ മൈസൂർ ആർക്കിയോളജിക്കൽ ഡിപ്പാർട്ട്മെന്റ് ആരംഭിച്ചത് അദ്ദേഹത്തിന്റെ വൈജ്ഞാനികാന്വേഷണങ്ങൾക്ക് വലിയ തുണയായി. മൈസൂർ ഗസറ്റിയറുകളുടെ രചയിതാവായ ബെഞ്ചമിൻ ലെവിസ് റൈസിന്റെ എഴുത്തുകളേയും അദ്ദേഹം സമാഹരിച്ച രേഖകളേയും പഠിക്കുകയെന്നത് ചരിത്രകാരന്മാർക്ക് പോലും അതികഠിനമായ ഒരു ജോലിയാണ്.ഇവിടെയാണ് ചരിത്രകുതുകിയായ ഒ.കെ ജോണി അദ്ദേഹത്തെ വായിച്ചെടുത്തതിന്റെ പ്രാധാന്യം.**

പാണ്ഡിത്യത്താൽ സിംഹാസനാവരോധിതരായ ജൈന പണ്ഡിതരെ നമ്മൾ വേണ്ട വിധത്തിൽ ഇനിയും മനസ്സിലാക്കിയിട്ടില്ലെന്ന് ഈ പുസ്തകം വായിച്ചു കഴിയുമ്പോൾ നമുക്ക് ബോധ്യമാകും.

പ്രഥമ ജൈനതീർത്ഥങ്കരനായ ആദിനാഥന്റെ മക്കളായ ബാഹുബലിയും ഭരതനും പുരാണകഥാപാത്രങ്ങളായി മാറ്റിയെഴുതിപ്പെടുന്ന പുതിയ ഇന്ത്യയിൽ അങ്ങനെയല്ല ചരിത്രമെന്ന് തെളിവുകൾ നിരത്തിയാണ് ഒ.കെ ജോണിയെഴുതുന്നത്. ഗംഗരാജാവായിരുന്ന രാച്ചല്ല സത്യവാക്യയുടെ സേനാനായകനും എഴുത്തുകാരനും പണ്ഡിതനുമായിരുന്ന ചാമുണ്ഡരായ പതിനാറു നൂറ്റാണ്ടുകൾക്ക് മുമ്പ് പ്രതിഷ്ഠിച്ച ഗോമടേശ്വരന്റെ ഒറ്റക്കല്ലിൽ തീർത്ത പ്രതിമ ഇന്ന് അത്ഭുതത്തോടെ കാണുന്ന പുതിയ തലമുറയ്ക്ക് അതിന്റെ ചരിത്രവും വിവിധങ്ങളായ അർത്ഥതലങ്ങളും പാഠഭേദങ്ങളും ഒട്ടും സങ്കീർണ്ണമല്ലാതെ ഒ.കെ ജോണി എഴുതിയിട്ടുണ്ട്. ഗോമടേശ്വരചരിതം വായിക്കാതെ തന്നെ അന്നത്തെ ജൈന ജീവിത പരിസരങ്ങളെ മനസ്സിലാക്കാൻ ഈ എഴുത്തു വലിയ സഹായമാണ് ചെയ്യുന്നത്.

ജൈന ജീവിത പഠനത്തിൽ ഗ്രന്ഥകർത്താവിനുള്ള താൽപര്യം 'ആത്മകഥയുടെ ആദ്യതാൾ' എന്ന അദ്ധ്യായത്തിലും കാണാം. ജൈന പണ്ഡിതനായ ബനാറസി ദാസിന്റെ (15861643) ആത്മകഥയെ കുറിച്ച് സാമാന്യം വിശദമായി പ്രതിപാദിക്കുന്ന ഈ അദ്ധ്യായം പതിനേഴാം നൂറ്റാണ്ടിലെ ജൈനജീവിത പരിസരങ്ങളെയാണ് കാണിച്ചു തരുന്നത്. ഹിന്ദിയുടെ പ്രാഗ് രൂപമായ ബ്രജ് ഭാഷയിൽ എഴുതപ്പെട്ട അർദ്ധ കഥാനക് എന്ന ഈ ആത്മകഥ, ആത്മകഥാസാഹിത്യശാഖയിലെ ആദ്യകൃതിയായിട്ടാണ് പരിഗണിക്കപ്പെടുന്നത്. അങ്ങനെയായിരിക്കുമ്പോഴും നൂറ്റാണ്ടുകൾക്ക് മുമ്പ് തന്നെ സാഹിത്യ-സാംസ്കാരിക ജീവിതത്തിന് അടിത്തറയിട്ട തമിഴ്,കന്നഡ ഭാഷകളേയും പരിപോഷിപ്പിക്കുന്നതിൽ ജൈനശ്രേഷ്ഠർ വഹിച്ച പങ്കിനെ കുറിച്ചും ഈ അദ്ധ്യായത്തിൽ പറഞ്ഞു പോകുന്നുണ്ട്.തമിഴ് പണ്ഡിതനായ എം.എസ് രാമസ്വാമി അയ്യങ്കാരേയും കന്നഡസാഹിത്യ ചരിത്രമെഴുതിയ ഇ.പി റൈസിനെ പോലുള്ള യൂറോപ്യൻ ഗവേഷകരേയും ഒ.കെ ജോണി ഇവിടെ പരിചയപ്പെടുത്തുന്നുണ്ട്. ജൈനമതസങ്കൽപ്പത്തിൽ ഒരു മനു

ഷ്യായുസ്സ് എന്നത് നൂറ്റിപ്പത്ത് വയസ്സാണ്. ഈ ആത്മകഥ അദ്ദേഹം എഴുതുമ്പോൾ അദ്ദേഹത്തിന്റെ പ്രായം അമ്പത്തഞ്ചായിരുന്നു എന്ന് ഗവേഷകർ കണ്ടെത്തിയിട്ടുണ്ട്. അങ്ങനെ ആയുസ്സിന്റെ പകുതിയിലെഴുതിയ പുസ്തകമായത് കൊണ്ടാണ് പകുതി ജീവിതത്തിന്റെ കഥ എന്ന് അർത്ഥം വരുന്ന അർദ്ധകഥാനക് എന്ന് പേരു നൽകിയത് എന്ന അറിവ്, ചരിത്രത്തെ മനസ്സിലാക്കാൻ ശ്രമിക്കുന്നവർക്കുള്ള വലിയ വെളിച്ചമാണ്. നിത്യവൃത്തിക്കായി കച്ചവടത്തിലേർപ്പെടുകയും അതിൽ കഷ്ടനഷ്ടങ്ങൾ വരുകയും ചെയ്ത ഒരു സാധാരണക്കാരനായ കവിയായിരുന്നു ബനാറസിദാസ്. വലിയ വായനാ സമൂഹം രൂപപ്പെട്ടിട്ടില്ലാതിരുന്ന കാലത്ത് തന്റെ മുന്നിലുള്ളവർക്ക് വേണ്ടി എഴുതിയ ബനാറസിദാസിനെ ഇന്നത്തെ ആത്മാനുരാഗികളായ ആത്മകഥാകാരന്മാർ മനസ്സലാക്കിയെങ്കിൽ എന്ന വിചാരവും ഒ.കെ ജോണി പറഞ്ഞു വയ്ക്കുന്നതിൽ എനിക്കൊട്ടും കൗതുകം തോന്നുന്നില്ല.

വർത്തമാനകാലത്ത് കേരളത്തിൽ ജീവിച്ചിരിക്കുന്ന എഴുത്തുകാരനും മാധ്യമപ്രവർത്തകനും യാത്രികനുമായ മാങ്ങാട് രത്നാകരനെ പറ്റിയുമുണ്ട് ഒരു അദ്ധ്യായം. വേണ്ട വിധത്തിൽ കേരളം മനസ്സിലാക്കാത്ത യാത്രികനാണ് മാങ്ങാട് രത്നാകരൻ.ഞാനും അദ്ദേഹത്തോടൊപ്പം പല യാത്രകളും നടത്തിയിട്ടുണ്ട്. എല്ലാവരും യാത്ര ചെയ്യുമ്പോൾ കാഴ്ചകൾ കാണുകയാണെങ്കിൽ മാങ്ങാട് രത്നാകരൻ കാഴ്ചയെ അനുഭവിക്കുകയാണ് ചെയ്യുന്നത്. കാലിന് തീ പിടിച്ചവനെ പോലെ നിൽക്കക്കള്ളിയില്ലാതെ പുറപ്പെട്ടു പോകുന്നവനാണ് രത്നാകരനിലെ സഞ്ചാരിയെന്ന് ഒ.കെ ജോണി എഴുതിയിരിക്കുന്നത് നൂറ് ശതമാനം സത്യമാണെന്നുള്ളതിന് ഞാൻ തന്നെയാണ് സാക്ഷി. ഈയിടെ കൊൽക്കട്ടയിലും പുരിയിലും കൊണാർക്കിലുമൊക്കെ ഞങ്ങൾ ഒരുമിച്ചാണ് അലഞ്ഞു തിരിഞ്ഞത്. നമ്മൾ കാണുന്ന കാഴ്ചകളെ വളരെ വ്യത്യസ്തമായി കാണുകയും അതേ കുറിച്ച് പിന്നീട് എഴുതുമ്പോൾ ആ സ്ഥലത്തിന്റെ ഗന്ധത്തെ പോലും വായനക്കാരനിലേക്ക് എത്തിക്കുകയും ചെയ്യുന്ന മാങ്ങാടിന്റെ രചനാ കൗശലം ഇപ്പോഴുള്ള യാത്രികർക്കില്ലെന്നത് ഒരു ദു:ഖസത്യമാണ്.വസ്തുതാ വിവരണമല്ല സഞ്ചാര സാഹിത്യമെന്ന് ഇന്നുള്ള യാത്രികർ മനസ്സിലാക്കണമെങ്കിൽ അവർ മാങ്ങാട് രത്നാകരനെ വായിക്കുക തന്നെ വേണം.




**എല്ലാവരും യാത്ര ചെയ്യുമ്പോൾ കാഴ്ചകൾ കാണുകയാണെങ്കിൽ മാങ്ങാട് രത്നാകരൻ കാഴ്ചയെ അനുഭവിക്കുകയാണ് ചെയ്യുന്നത്. കാലിന് തീ പിടിച്ചവനെ പോലെ നിൽക്കക്കള്ളിയില്ലാതെ പുറപ്പെട്ടു പോകുന്നവനാണ് രത്നാകരനിലെ സഞ്ചാരിയെന്ന് ഒ.കെ ജോണി എഴുതിയിരിക്കുന്നത് നൂറ് ശതമാനം സത്യമാണെന്നുള്ളതിന് ഞാൻ തന്നെയാണ് സാക്ഷി.**

ഞങ്ങളെല്ലാം വേണുവേട്ടനെന്ന് വിളിക്കുന്ന ചെലവൂർ വേണുവിനെ കുറിച്ചുള്ള അദ്ധ്യായത്തെ കുറിച്ചു കൂടി സൂചിപ്പിച്ച് ഈ കുറിപ്പ് അവസാനിപ്പിക്കാം. ഒ.കെ ജോണിയുടെ തന്നെ വാക്കുകൾ തന്നെ ഞാനിവിടെ പകർത്തുന്നത് അതെഴുതാൻ ഏറ്റവും യോഗ്യൻ ഒ.കെ ജോണിയായത് കൊണ്ടു തന്നെയാണ്.'എഴുപതുകളുടെ പകുതിയിൽ,ഞാൻ പഠിച്ചിരുന്ന വയനാട്ടിലെ കോളേജിൽ ഒരു ഫിലിം സൊസൈറ്റി രൂപീകരിക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കായി കോഴിക്കോട് ബീച്ചിനടുത്തുള്ള അലങ്കാർ ലോഡ്ജിന്റെ ഭാഗമായിരുന്ന സൈക്കോ ആപ്പീസിലെത്തി പരിചയപ്പെട്ട നാൾ മുതൽ, പ്രസിദ്ധീകരണം നിലച്ചപ്പോഴും സൈക്കോ ആപ്പീസ് എന്നു തന്നെ വിളിക്കപ്പെട്ട വേണുവേട്ടന്റെ മൂന്നോളം സങ്കേതങ്ങളിൽ രണ്ടായിരത്തിന്റെ ആദ്യ പതിറ്റാണ്ടു വരെയും എത്രയോവട്ടം രാപകൽ ചെലവഴിക്കാനിടയായപ്പോഴൊക്കെയും എന്നെ വിഷാദത്തിലാഴ്ത്തിയത് വീടുവിട്ടിറങ്ങിയ വേണുവേട്ടന്റെ സ്വയം തെരഞ്ഞെടുത്ത,'ഒടുവിൽ ഒറ്റയാകുന്ന'ഈ ദ്വിമുഖ ജീവിതമായിരുന്നു.'

ചിന്ത രവീന്ദ്രൻ, പി.എ ബക്കർ,ടി.വി ചന്ദ്രൻ,കെ.ആർ മോഹൻ,കെ.ജി ജോർജ്ജ് തുടങ്ങിയവരുടെയൊക്കെ ആശ്രിത കേന്ദ്രമായിരുന്നു, അഭയമായിരുന്നു അലങ്കാർ ലോഡ്ജിലെ സൈക്കോ എന്നത് ഒ.കെ ജോണി ഈ അദ്ധ്യായത്തിലൂടെ നമ്മളെ ഓർമ്മിപ്പിക്കുന്നത് പലതും മറക്കാതിരിക്കാനാണ്. ആസുരകാലത്ത് ഓർമ്മകൾ ഉണ്ടാകേണ്ട എന്ന കരുതുന്നവർക്ക് ഈ വരികൾ പലതും ഓർമ്മിപ്പിക്കും. അർത്ഥവത്തായ വായന ആഗ്രഹിക്കുന്നവർ ഈ പുസ്തകത്തിലൂടെ കടന്നു പോകുക തന്നെ വേണം. വാളെടുത്തവരൊക്കെ വെളിച്ചപ്പാടാകുന്ന നേരത്ത് ശരിയായ പുസ്തകങ്ങൾ കാണാതെ പോകരുത്.

# BIG ANNOUNCEMENT!
## THE WORLD JUST GOT BIGGER

## 6 BRAND NEW CHANNELS

MediaAppUSA

**NOW STREAMING ON**

THE TABERNACLE CHOIR AT TEMPLE SQUARE | NTD | Harmony Gospel Music TV | Diya TV | THE WALK | NJOY TV 21.2

**Experience a whole new level of global entertainment, news, and culture — now expanded like never before.**

### Why MediaAppUSA?

- Unlimited Global Live Channels
- Premium Video-On-Demand Content
- Integrated News & Media Platforms
- Multi-Device Streaming – Anytime, Anywhere
- Built for the Worldwide Audience

## More Content. More Diversity. More Power.

MediaAppUSA continues to redefine digital broadcasting, bringing the world closer to you.

### WATCH ANYTIME. ANYWHERE. ON ANY DEVICE.

iPhone | android | ROKU TV | Samsung TV | Apple TV | Amazon fireTV | GoogleTV

Panasonic TV | Vizio TV | Sony TV | LGTV


**Available on AppStore | Playstore**

Google play | Download on the App Store

## NO LIMITS. NO BOUNDARIES. JUST GLOBAL STREAMING.

Call North America | UK | Europe: 1-917-900-2123
Gulf Region | India 91 999 561 1116 eMail: info@medialogistics.us

● പുസ്തകലോകം




**കോരപ്പാപ്പന് സ്തുതിയായിരിക്കട്ടെ...**
**നോവൽ**
**ടി ഡി രാമകൃഷ്ണൻ**



# കുന്ദംകുളത്തിന്റെ ഇതിഹാസകാരൻ

**കുന്ദംകുളത്തുകാരനായ ഒരു കുരുമുളക് വ്യാപാരിയിൽ നിന്ന് ലോകക്രമത്തെ തന്നെ നിയന്ത്രിക്കാൻ ശേഷിയുള്ള ഒരു ശക്തിയായി കോരപ്പാപ്പൻ മാറുന്നതാണ് ഈ നോവലിന്റെ കഥാതന്തു.**

**പി എൻ നാസർ**

ഞങ്ങളുടെ നാടിനോട് ഏറ്റവും അടുത്ത് കിടക്കുന്ന പട്ടണം എന്ന നിലയിലും, ബാല്യം മുതൽ അങ്ങോട്ടുള്ള യാത്രകളെ കുറിച്ചുള്ള ഗൃഹാതുരസ്മരണകളും ചേർന്ന് കുന്ദംകുളത്തിനോട് വല്ലാത്തൊരു ആത്മബന്ധം എനിക്കുണ്ട്. എന്നിരുന്നാലും ടി.ഡി. രാമകൃഷ്ന്റെ രണ്ടു നോവലുകൾ (ഫ്രാൻസിസ് ഇട്ടിക്കാര, കോരപ്പാപ്പന് സ്തുതിയായിരിക്കട്ടെ ) വായിക്കുന്നതുവരെ ഈ പ്രദേശം മിത്തുകളുടേയും, വ്യത്യസ്ത മാനവചരിത്രങ്ങളുടേയും സങ്കര ഭൂമികയാണെന്ന് അറിയില്ലായിരുന്നു. ഒരു അസാധാരണത്വവും ഇല്ലാത്ത



ഈ ദേശത്തിന് വിസ്മയങ്ങൾ ഒളിപ്പിച്ച ഒരു പുരാവൃത്തം ഉണ്ടായിരുന്നുവെന്ന് ഈ നോവലുകൾ സാക്ഷ്യപ്പെടുത്തുന്നു.

അതുകൊണ്ട് തന്നെ ഇത്തവണ എനിക്ക് മുന്നോട്ടു വെക്കാനുള്ളത് മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ച 'കോരപ്പാപ്പന് സ്തുതിയായിരിക്കട്ടെ ' എന്ന നോവലിന്റെ വായനാനുഭവമാണ്.


കുന്ദംകുളത്തുകാരനായ ഒരു

**നമ്മുടെ ചിന്താശേഷിക്കപ്പുറമുള്ള കാര്യങ്ങളിലൂടെയാണ് നോവൽ മുന്നോട്ടു പോകുന്നത്. മനുഷ്യന്റെ മാംസവും, ചുടുചോരയും ആസ്വദിച്ച് ഭക്ഷിക്കുന്ന കോരപ്പാപ്പന്റെ നൂറ്റാണ്ടുകൾക്ക് ശേഷമുള്ള ഉയിർത്തെഴുന്നേല്പിലൂടെ വായന പുതിയ മാനങ്ങൾ തേടുന്നു.**

കുരുമുളക് വ്യാപാരിയിൽ നിന്ന് ലോകക്രമത്തെ തന്നെ നിയന്ത്രിക്കാൻ ശേഷിയുള്ള ഒരു ശക്തിയായി കോരപ്പാപ്പൻ മാറുന്നതാണ് ഈ നോവലിന്റെ കഥാതന്തു.

കോരപ്പാപ്പൻ ഒരു കരിമ്പുലിയുടെ കരുത്തോടെ കുന്നംകുളത്തെ പതിനെട്ടാം കൂറ്റുകാരുടെ മുന്നിൽ പ്രത്യക്ഷപ്പെടുന്ന വിഭ്രാത്മകമായ കാഴ്ചയിലൂടെയാണ് നോവൽ ആരംഭിക്കുന്നത്. പുതിയ കാലത്തിന്റെ എല്ലാ കുടിലതകളും , കൗശലങ്ങളും, കച്ചവടതന്ത്രങ്ങളുമായി ലോകം മുഴുവൻ പിടിച്ചടക്കാനുള്ള കരുത്തുമായി കോരപ്പാപ്പൻ ലോകത്തിന്റെ പല ഭാഗങ്ങളിൽ പല ഗ്രൂപ്പുകൾക്ക് രൂപം നല്കുന്നു. നമ്മുടെ ചിന്താശേഷിക്കപ്പുറമുള്ള കാര്യങ്ങളിലൂടെയാണ് നോവൽ മുന്നോട്ടു പോകുന്നത്. മനുഷ്യന്റെ മാംസവും, ചുടുചോരയും ആസ്വദിച്ച് ഭക്ഷിക്കുന്ന കോരപ്പാപ്പന്റെ നൂറ്റാണ്ടുകൾക്ക് ശേഷമുള്ള ഉയിർത്തെഴുന്നേല്പിലൂടെ വായന പുതിയ മാനങ്ങൾ തേടുന്നു.

ഒരേ സമയം കുന്ദംകുളത്തും, പെറുവിലെ എസ്ട്രാപ്പിലും, ഇസ്താംബൂളിലെ തർലബാസിയിലും, പാരീസിലെ സെൻദെനിയിലും കോരപ്പാപ്പനും , കുന്ദംകുളത്തെ പുത്തൻ കൂറ്റുകാരുടെ പുതിയ തലമുറയിലെ പ്രതിനിധികളും ഒത്തു കൂടുന്നു. ലക്ഷ്യം ഈ ലോകം കൈപ്പിടിയിലൊതുക്കാനുള്ള തന്ത്രങ്ങൾ മെനെയുക എന്നതും. സത്യത്തിൽ കോരപ്പാപ്പൻ ഒരു വ്യക്തിയല്ല മറിച്ചൊരു പ്രത്യയ ശാസ്ത്രമാണ്. അതിരുകളില്ലാത്ത അധികാരത്തിനും, ഭോഗാസക്തിക്കും വേണ്ടിയുള്ള മനുഷ്യന്റെ ആദിമ ചോദനകളുടെ ആൾരൂപമെന്ന് വേണമെങ്കിൽ കോരപ്പാപ്പനെ വിശേഷിപ്പിക്കാം. ഒരേ സമയം നായകനായും പ്രതിനായകനായും വായനക്കാരിൽ ആരാധനയും, വെറുപ്പും സൃഷ്ടിക്കാൻ ഈ കഥാപാത്രത്തിന് കഴിയുന്നുണ്ട്.




**ഇദ്ദേഹത്തിന്റെ തന്നെ 'ആണ്ടാൾ നായകി' പോലെയുള്ള മുൻകാല നോവലുകളിലെ കരുത്തുറ്റവരും അപകടകാരികളുമായ നിരവധി സ്ത്രീ കഥാപാത്രങ്ങൾ ഈ നോവലിലും അരങ്ങേറുന്നുണ്ട്. ഒരേ സമയം ഈ സ്ത്രീകൾ അധികാരത്തിന്റെ പങ്കാളികളും , അതിനെ നിയന്ത്രിക്കുന്നവരുമാണ്. പുരുഷനോളം തന്നെ അപകടകാരികളായ നാരികൾ കോരപ്പാപ്പനുമായി സംവേദിക്കുന്ന കാഴ്ച്ചകൾ വായനക്കാരെ വിഭ്രാത്മകമായ ലോകത്തിലേക്ക് കൈ പിടിച്ച് കൊണ്ടു പോകും.**

നരഭോജിയായ കോരപ്പാപ്പനെ തൃപ്തിപ്പെടുത്താൻ പ്രായപൂർത്തിയാവാത്ത പെൺകുട്ടികളെയാണ് പുത്തൻ കൂറ്റുകാർ കാഴ്ച്ച വെക്കുന്നത്. ഈയടുത്ത കാലത്ത് ലോകനേതാക്കളെ മുഴുവൻ സംശയത്തിന്റെ നിഴലിൽ ആക്കിയ എപ്സ്റ്റീൻ ഫയലുകൾ പുറത്തു വരുന്നതിനു മുൻപാണ് ഈ നോവൽ പ്രസിദ്ധീകരിച്ചത്. ഇതിന് സമാനമായ കാര്യങ്ങൾ തന്നെയാണ് ഈ നോവലിൽ നടക്കുന്നത് എന്നത് നമ്മിൽ ഒട്ടൊരു അവിശ്വസനീയത സൃഷ്ടിക്കുന്നു. ഇവിടെയാണ് മുൻപെ പറക്കുന്ന പക്ഷിയായ ടി.ഡി.രാമകൃഷ്ണനെ വായനക്കാർ നമിക്കുന്നത്.

വായന പുരോഗമിക്കും തോറും മലയാള സാഹിത്യം ഇന്നുവരെ ദർശിച്ചിട്ടില്ലാത്ത അനുഭവതലങ്ങളിലൂടെയാണ് നമ്മൾ കടന്ന് പോകുന്നത്. ഇദ്ദേഹത്തിന്റെ തന്നെ ‘ആണ്ടാൾ നായകി ‘ പോലെയുള്ള മുൻകാല നോവലുകളിലെ കരുത്തുറ്റവരും അപകടകാരികളുമായ നിരവധി സ്ത്രീ കഥാപാത്രങ്ങൾ ഈ നോവലിലും അരങ്ങേറുന്നുണ്ട്. ഒരേ സമയം ഈ സ്ത്രീകൾ അധികാരത്തിന്റെ പങ്കാളികളും , അതിനെ നിയന്ത്രിക്കുന്നവരുമാണ്. പുരുഷനോളം തന്നെ അപകടകാരികളായ നാരികൾ കോരപ്പാപ്പനുമായി സംവേദിക്കുന്ന കാഴ്ച്ചകൾ വായനക്കാരെ വിഭ്രാത്മകമായ ലോകത്തിലേക്ക് കൈപിടിച്ച് കൊണ്ടു പോകും.

ഈ നോവലിനെക്കുറിച്ച് ആധികാരികമായി പറയാൻ മാത്രമുള്ള പാണ്ഡിത്യം എനിക്കില്ല. എന്നിരുന്നാലും ഒരു സാധാരണ വായനക്കാരനെ ഈ നോവൽ എങ്ങിനെ സ്വാധീനിച്ചുവെന്നത് കുറിച്ചുവെന്ന് മാത്രം. ചരിത്രത്തേയും, കാലത്തേയും സ്വന്തം കൈപ്പിടിയിലൊതുക്കിവായനക്കാരെ വിസ്മയിപ്പിച്ച ഒരു നോവൽ... അതാണിത്.

***പിൻകുറിപ്പ്:***

ഭ്രമയുഗം എന്ന സിനിമക്ക് സംഭാഷണം എഴുതിയത് ടി.ഡി.രാമകൃഷ്ണനാണ്. മലയാളത്തിന്റെ മഹാനടൻ കൊടുമൺ പോറ്റിയായി പകർന്നാട്ടം നടത്തിയത് നേരിൽ കണ്ടതു കൊണ്ടായിരിക്കാം.... എന്നെങ്കിലും ‘കോരപ്പാപ്പൻ‘ ചലച്ചിത്രമാവുകയാണെങ്കിൽ മമ്മൂട്ടി ആയിരിക്കണം നായകൻ എന്ന് നോവലിസ്റ്റ് ആഗ്രഹിക്കുന്നതായി ഒരു അഭിമുഖത്തിൻ കാണുകയുണ്ടായി.





ഭാനുമതി
– കവിതകൾ
ആൻസി സാജൻ
മാക്ബെത് പബ്ലിക്കേഷൻസ്



**ആൻസി സാജൻറെ കൃതികൾ ജീവിതാർദ്രത നിറഞ്ഞതാണ് . ഭാവനയിൽ പൊതിഞ്ഞു പിടിക്കുന്ന സത്യങ്ങൾ എന്ന് ആൻസി അതിനെ വിശേഷിപ്പിക്കുന്നു . .**

# ജീവിതം തന്നെ എഴുത്ത്

**നിർമ്മല**



'കവിതയെന്നത് നന്മയും സ്നേഹവുമാണ്.' ഭാനുമതി എന്ന കവിത സമാഹാരത്തിന്റെ തുടക്കത്തിൽ ആൻസി സാജൻ ഇങ്ങനെയാണ് തന്റെ കൃതിയെ നിർവ്വചിക്കുന്നത്. ഇതിലും മനോഹരമായി എങ്ങനെയാണ് സാഹിത്യത്തെ കവിതയെ വിലയിരുത്തുന്നത് ? എന്തിനാണ് ഒരാൾ എഴുതുന്നത് എന്ന ചോദ്യത്തിനുള്ള ഉത്തരവും ഈ കൃതിയിലുണ്ട്.

കവിത മാത്രമല്ല ആൻസി കഥയും, ലേഖനങ്ങളും എഴുതാറുണ്ട്. ലേഖനങ്ങളിൽ ഈ എഴുത്തുകാരി പല സാമൂഹിക പ്രശ്നങ്ങളേയും വ്യവച്ഛേദിക്കുകയും, വിമർശിക്കുകയും അതിനൊപ്പം എങ്ങനെ പരിഹരിക്കണമെന്നും വിശദീകരിക്കുകയും ചെയ്യാറുണ്ട്. അത് ആൻസിയുടെ എഴുത്തിൻറെ അടിസ്ഥാനപരമായ ഉദ്ദേശം നന്മയും സ്നേഹവുമായതുകൊണ്ടാണ് . നന്മയും സ്നേഹവും പലതായി പെരുകി വായനക്കാരുടെ ഹൃദയങ്ങളിൽ അത് നിറയുകയും, പരക്കുകയും അവിടെ നിന്നും പുറത്തേക്ക് പറക്കുകയും ചെയ്യുന്നു.

അതാത് കാലത്തെ മനുഷ്യ ജീവിതം തന്നെയാണ് എഴുത്തിൻറെ ആധാര രൂപം എന്ന് ആൻസി ഒരിക്കൽ എഴുതിയിട്ടുണ്ട്. എഴുത്തിൽ ജീവിതത്തെ ചേർത്തു നിർത്തുമ്പോൾ അത് എത്രയും മനോഹരവും വായനക്കാർക്ക് ഹൃദ്യവും തൻറെതന്നെ ജീവിതത്തോട് കൂട്ടി വായിക്കാനാവുകയും ചെയ്യും. അതുകൊണ്ടു തന്നെ അത് നിത്യ ജീവിതത്തിലെ ദുഃഖത്തെയും ക്ലേശത്തെയും ലഘൂകരിക്കാനും ആശ്വസിപ്പിക്കാനുമുള്ള ഉപകരണമായി മാറും. ആൻസി സാജൻറെ കൃതികൾ എല്ലാം ഇത്തരം ജീവിതാർദ്രത നിറഞ്ഞ കൃതികളാണ്. ഭാവനയിൽ പൊതിഞ്ഞു പിടിക്കുന്ന സത്യങ്ങൾ എന്ന് ആൻസി അതിനെ വിശേഷിപ്പിക്കുമ്പോൾ അതിന്റെ അടിസ്ഥാനം സത്യത്തിൽ ഉറച്ചതാണെന്നും നീതിക്കു വേണ്ടിയുള്ളതാണെന്നും വ്യക്തമാണ്.

നമ്മൾ സാധാരണ വായിക്കാറുള്ള കവിതകളിൽ നിന്നും വ്യത്യസ്തമായി, ഭാനുമതിയിലെ കവിതകൾ യേശുവിനെയും ബൈബിളിലെ ബിംബങ്ങളുടെ ഒപ്പം ഊണുമേശപ്പുറത്തെ മൗനങ്ങളിലേക്കും, പുറം ലോകങ്ങളിലെക്കും വീടുകളുടെ ഹൃദയങ്ങളിലേക്കും, സ്ത്രീക്ക് മാത്രം സാധ്യമാകുന്ന വഴികളിലൂടെ തീവണ്ടി കയറിപ്പോകുന്നു. ഭാനുമതി എന്ന കവിത സമാഹാരത്തിൻറെ അവസാനത്തിൽ പ്രൊഫസർ ജെന്നി സാറ പോളിൻറെ അർത്ഥഭാവ സമ്പുഷ്ടമായ പഠനമുണ്ട്. അതിനപ്പുറത്തേക്ക് ഇതിലെ 28 കവിതകളിലൂടെയുള്ള യാത്രയെപ്പറ്റി എനിക്കെന്തെങ്കിലും പറയാൻ കഴിയുംഎന്ന് തോന്നുന്നില്ല.

എഴുതി നിർത്തിയ ഇടങ്ങളിൽ നിന്നും കവിത പൂത്തു തളിർക്കുന്നത് വായനക്കാരുടെ ഹൃദയങ്ങളിലാണ്, ആൻസിയുടെ ഈ വരികൾ എത്ര ശരിയാണ്. ഈ കവിതകൾ താളുകളെ മറികടന്ന് വായനക്കാരുടെ ഹൃദയങ്ങളിൽ പൂത്തുലഞ്ഞു, കായായ് പരിണമിച്ചു പുതു കവിതകൾ കിളിർക്കുന്നതും ഞാൻ കാണുന്നു. വായനക്കാർക്ക് ഭാനുമതിയിലേക്ക് സ്വാഗതം.2022 –ലെ ദേവകി വാര്യർ കഥാ പുരസ്കാരം , 2024 –ലെ ഇ– മലയാളിയുടെ കഥക്കുള്ള ജൂറി അവാർഡ് എന്നിവ ലഭിച്ചിട്ടുള്ള ആൻസി സാജൻറെ ഭാനുമതിയെന്ന ആദ്യ കവിത സമാഹാരം മറ്റൊരു വിജയമാണ്.

# ചിത്രലോകം

**വി കെ രാജൻ**
ശില്പി





**ജോൺ മാത്യു**
ശില്പി






KALYAN SILKS
Dressing up India. Since 1909.
KING OF
KANCHIPURAM


MALABAR
GOLD & DIAMONDS
EXPERIENCE JEWELLERY SHOPPING LIKE NEVER BEFORE
VISIT OUR SHOWROOM
USA
LOS ANGELES
NAPERVILLE
CHICAGO
NEW JERSEY
DALLAS
ATLANTA
CANADA
MISSISSAUGA
OPENING SOON IN SURREY